

വ്യാജവാർത്തകളും ജനാധിപത്യവും: എൻ.പി. രാജേന്ദ്രൻ

ഡി സി ബുക്സ്

# പച്ചക്കുതിര

2020 ജൂൺ | ₹ 20

## സക്കറിയ

### മതവും വൈറസും മലയാളിയും

## യുവാൽ നോവ ഹരാരി


### മരണഭയവും ഭരണകൂടങ്ങളും

കോവിഡ്19 വ്യാപനത്തിനു ശേഷമുള്ള വ്യക്തികളെയും സമൂഹത്തെയും ഭരണകൂടങ്ങളെയും വിശകലനം ചെയ്യുന്ന ഹരാരിയുടെ രണ്ടു ലേഖനങ്ങൾ

## ഘണ്ടർണ്ണകാവ്

കഥ / നിധീഷ്. ജി

കെ. ഷെരീഫ്, എൽ. തോമസ്കുട്ടി, സെബാസ്റ്റ്യൻ, ഡോ. ശ്രീകല മുല്ലശ്ശേരി, പി. കെ. സുരേന്ദ്രൻ, പി. കെ. രാജശേഖരൻ


ടി. പത്മനാഭൻ
കഥയുടെ
പത്മതടാകത്തിലേക്ക്
സ്വാഗതം
ടി. പത്മനാഭൻ
നളിനകാന്തിയും
മറ്റു കഥകളും
2-ാം
പതിപ്പ്
₹
399
നളിനകാന്തി
കഥാകൃത്ത്-സാക്ഷി
മഖൻസിങ്ങിന്റെ മരണം
പുഴകടന്ന് മരങ്ങളുടെ
ഇടയിലേക്ക്
എന്നീ സമാഹാരങ്ങളിലെ കഥകൾ
ടി. പത്മനാഭൻ
പ്രകാശം പരത്തുന്ന
ഒരു പെൺകുട്ടിയും
മറ്റു കഥകളും
2-ാം
പതിപ്പ്
₹
360
പ്രകാശം പരത്തുന്ന
ഒരു പെൺകുട്ടി
ഗുൽമുഹമ്മദ്
വീട് നഷ്ടപ്പെട്ട ഒരു കുട്ടി
സഹൃദയനായ ഒരു
ചെറുപ്പക്കാരന്റെ
ജീവിതത്തിൽനിന്ന്
എന്നീ സമാഹാരങ്ങളിലെ കഥകൾ
അച്ചടിയിൽ
ടി. പത്മനാഭൻ
കാലഭൈരവനും
മറ്റു കഥകളും
കാലഭൈരവൻ
കടൽ
ഹാരിസൺ
സായ്‌വിന്റെ നായ
പെരുമഴപോലെ
എന്നീ സമാഹാരങ്ങളിലെ കഥകൾ
ടി. പത്മനാഭൻ
ഗൗരിയും
മറ്റു കഥകളും
ഗൗരി
നിങ്ങളെ എനിക്കറിയാം
മരയ
എന്നീ സമാഹാരങ്ങളിലെ കഥകൾ
DC BOOKS
For online purchase, visit www.dcbookstore.com
DC Books, DC Kizhakemuri Edam, Good Shepherd Street, Kottayam, Kerala
98461 33336/ 0481-2563114
Email: customercare@dcbooks.com | Follow us on /dcbooks


# പച്ചക്കുതിര

ഡി സി ബുക്സ് പ്രസിദ്ധീകരിക്കുന്ന മാസിക

2020, ജൂൺ








**24** വ്യാജവാർത്തകളിൽ ജനാധിപത്യം മുങ്ങിച്ചാവരുത്
എൻ. പി. രാജേന്ദ്രൻ

**17** ഭരണകൂടങ്ങളും നമ്മൾ ഒരോരുത്തരും
യുവാൽ നോവാ ഹരാരി

**04** മതവും വൈറസും മലയാളിയും
സക്കറിയ

**50** ക്ലാസ്സിക്കുകളിലെ സ്ത്രീപക്ഷം
ഡോ. ശ്രീകല മുല്ലശ്ശേരി





**12** മരണത്തോടുള്ള മനോഭാവങ്ങൾ
യുവാൽ നോവാ ഹരാരി


ഇപ്പോഴത്തെ മഹാമാരി മനുഷ്യന് മരണത്തോടുള്ള മനോഭാവത്തിൽ മാറ്റമുണ്ടാക്കുമോ? ഇല്ലെന്നാണ് തോന്നുന്നത്. നേരേ വിപരീതമാകും സംഭവിക്കുക. കോവിഡ് 19 മനുഷ്യജീവനെ സംരക്ഷിക്കുവാനുള്ള നമ്മുടെ ശ്രമങ്ങളെ മിക്കവാറും ഇരട്ടിപ്പിക്കുകയേ ഉള്ളൂ. എന്തെന്നാൽ കോവിഡ് 19 നോടുള്ള പ്രത്യക്ഷമായ സാംസ്കാരിക പ്രതികരണം വിധിക്കു കീഴടങ്ങലല്ല.


**38** ശരീരംതന്നെ മാധ്യമം
സപ്ന ഭാവ്നാനി / പി. കെ. സുരേന്ദ്രൻ




ഈ ചലച്ചിത്രത്തിൽ സപ്ന ചരിത്രത്തിന്റെ ഒരു ചലിക്കുന്ന മ്യൂസിയം ആയിത്തീരുന്നു. പച്ചകുത്തൽ ഭൂതത്തെ വർത്തമാനവുമായി ബന്ധിപ്പിക്കുന്ന കണ്ണിയായിത്തീരുന്നു. വലതുകാൽ സപ്നയുടെ കുടുംബക്കാരുടെ സിന്ധിലെ ജീവിതവും വിഭജനത്തിന്റെ ദുരിതങ്ങളും അവതരിപ്പിക്കുമ്പോൾ ഇടതുകാലിൽ സപ്ന ജനിച്ചു വളർന്ന മുംബൈ നഗരമാണ്.


**30** ഘണ്ടർണ്ണകാവ്
കഥ / നിധീഷ് ജി.





**56** അച്ചുകളുടെയും പുസ്തകത്തിന്റെയും നിഗൂഢലോകത്തിൽ
പി. കെ. രാജശേഖരൻ


അച്ചടിച്ച പുസ്തകവും ഡിജിറ്റൽ സാങ്കേതികവിദ്യയും തമ്മിലുള്ള അഭിമുഖീകരണത്തെ ഒരു നിഗൂഢകഥയുടെ താളിൽ പൊതിയുന്ന 'മിസ്റ്റർ പെനംബ്ര'യെ വേണമെങ്കിൽ 'ബിബ്ലിയോ മിസ്റ്ററി' എന്നു വിളിക്കാം.


കവിത/ സെബാസ്റ്റ്യൻ.......... 29
കവിത/ എൽ. തോമസ്കുട്ടി.......... 52
കവിത/ കെ. ഷെരീഫ് .......... 54
മറുപടി .......... 63
മാഗസിൻ ഗാലറി/ സുധീഷ് പൂക്കോം .......... 66



196

മാനേജിങ് എഡിറ്റർ
രവി ഡി സി

2020 ജൂൺ
പുസ്തകം 17
ലക്കം 11
വില: 20 രൂപ
issn 0972-5679

പച്ചക്കുതിര

എഡിറ്റർ
ജയ്ദേവ് കെ.വി.

എഡിറ്റോറിയൽ കോ ഓഡിനേഷൻ
എ.വി.ശ്രീകുമാർ

അഡ്വടൈസ്മെന്റ് മാനേജർ
ജി.വേണുഗോപാൽ

സർക്കുലേഷൻ വിഭാഗം
അതുൽ സി. പ്രസന്നൻ
അരവിന്ദ് പി.ആർ.

ഓഫീസ് അസിസ്റ്റന്റ്
ശ്രീജ വൈശാഖ്

പേജ് ലേഔട്ട്
വിശാഖ് രാജ് ടി.ആർ

കവർ ഡിസൈൻ
ബ്ലാക്ക്കോഫി

കവർ: യുവാൽ നോവാ ഹരാരി

എഡിറ്റോറിയൽ ഓഫീസ്: ഡി സി കിഴക്കെമുറി ഇടം, ഗുഡ് ഷെപ്പേഡ് സ്ട്രീറ്റ്, കോട്ടയം 686 001
ഫോൺ: 0481-2301614, 9846133335 pachakuthira@dcbooks.com, Pachakuthira Digital Copies : digitalmagazines.dcbooks.com/Pachakuthira

പ്രഭാഷണം

സക്കറിയ

# മതവും വൈറസും മലയാളിയും

**കൊറോണയ്ക്കുശേഷം കേരളത്തിൽ നാം കാണാൻ പോകുന്നത് മലയാള മാധ്യമങ്ങൾ നടത്താൻ പോകുന്ന, ഒരുപക്ഷേ ആഴ്ചകളോ, മാസങ്ങളോ നീണ്ടുനിൽക്കാൻ പോകുന്ന, മതങ്ങളുടെ മടങ്ങിവരവിന്റെ ആഘോഷമാണ്. ഒരു ചെറിയ തിറയെടുപ്പുപോലും ന്യൂസ്അവറിലും ഒന്നാംപേജിലും പ്രത്യക്ഷപ്പെടും. അതിനുശേഷം എല്ലാം പഴയതു പോലെയല്ല ആകുക. പഴയതിലും ശക്തമാകാനാണ് സാധ്യത. അത്രമാത്രം മാധ്യമങ്ങൾ അവരുടെ പിടിച്ചുനിറവിന്റെ പിടിവള്ളികളായ മതങ്ങൾക്കും ജാതികൾക്കും വേണ്ടി അധ്വാനിക്കും. രക്തം വിയർക്കും. ഇത് വിശ്വാസികൾ ആ സ്വദിക്കും.: ഇക്കഴിഞ്ഞ മേയ് 14-ന് 'കേരള കാത്തലിക് റിഫർമേഷൻ മൂവ്മെന്റ് ഓഫ് നോർത്ത് അമേരിക്ക'യുടെ ടെലികോൺഫറൻസിൽ അവതരിപ്പിച്ച പ്രഭാഷണത്തിന്റെ പരിഷ്കരിച്ച ലിഖിതരൂപം.**

**വാസ്തവത്തിൽ** മതവും വൈറസും തമ്മിൽ എടുത്തുപറയത്തക്ക യാതൊരു ബന്ധവുമില്ല; എന്തെങ്കിലുമുണ്ടെങ്കിൽ അത് വൈറസിന്റ മുമ്പിൽ എടുത്തുകാണിക്കപ്പെടുന്ന നിഷ്ക്രിയത്വമാണ്. അതേസമയം, മതവും മലയാളിയുമായി സങ്കീർണ്ണമായ ബന്ധങ്ങളുണ്ട്. അവയുടെ പ്രത്യാഘാതങ്ങൾ സമൂഹത്തിൽ നിറഞ്ഞുനിൽക്കുകയുമാണ്. ഇപ്പോൾ വൈറസ് ആ ചിത്രത്തിലേക്ക് വന്നിരിക്കുന്നു. മലയാളി നാളിതുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരു സ്ഥിതിവിശേഷമാണ് വൈറസ് സൃഷ്ടിച്ചിരിക്കുന്നത്. മതത്തിന്റെ കാര്യത്തിലും അതുപോലെതന്നെ.

ഈയൊരു പശ്ചാത്തലത്തിലാണ് ഈ പ്രസംഗം തയ്യാറാക്കിയത്. ഈ വിഷയത്തെപ്പറ്റി സംസാരിക്കുന്ന അവസരത്തിൽ ഒരു വ്യക്തിയെ ഞാൻ പ്രത്യേകം സ്മരിക്കുകയാണ്; കഴിഞ്ഞ അരനൂറ്റാണ്ടോളം ഒരു വ്യവസ്ഥാപിത മതവുമായി തുറന്ന പോരാട്ടത്തിൽ ഏർപ്പെട്ട, ഒരുപക്ഷേ, ഒരേയൊരു മലയാളിയാണ് അദ്ദേഹം. കത്തോലിക്കാ സഭാചരിത്രപണ്ഡിതനും ബൈബിൾ വിവർത്തകനും പൗരോഹിത്യാധികാര വ്യവസ്ഥിതിയുടെ വിമർശകനും സാമൂഹിക പരിഷ്കർത്താവുമായിരുന്ന ജോസഫ് പുലിക്കുന്നേൽ ആണ് ആ വ്യക്തി. അദ്ദേഹം സൂക്ഷ്മവിമർശനത്തിനു വിധേയമാക്കിയ, കത്തോലിക്കാസഭയെപ്പറ്റി ഉറക്കെപ്പറഞ്ഞുകൊണ്ടിരുന്ന, സത്യങ്ങൾ ഇന്ന് കൂടുതൽ തെളിഞ്ഞുകൊണ്ടിരിക്കുകയാണ്.

ഈ ടെലിക്കോൺ ഏർപ്പെടുത്തിയ 'കേരള കാത്തലിക് റിഫർമേഷൻ മൂവ്മെന്റ് ഓഫ് നോർത്ത് അമേരിക്ക', കത്തോലിക്കസഭയെപ്പറ്റിയും മതങ്ങളെപ്പറ്റി പൊതുവിലും സ്വതന്ത്രമായി ചർച്ചചെയ്യാൻ ഇഷ്ടപ്പെടുന്ന വ്യക്തികളുടെ കൂട്ടായ്മയാണെന്ന് മനസ്സിലാക്കുന്നു.

ഒട്ടനവധിയാളുകൾ അവർക്കുവേണ്ടി ചിന്തിക്കാൻ ടെലിവിഷൻ ചാനലുകളെയും പത്രങ്ങളെയും സാമൂഹികമാധ്യമങ്ങളെയും രാഷ്ട്രീയപാർട്ടികളെയും മതമേധാവികളെയും മതതീവ്രവാദികളെയും ഏർപ്പെടുത്തിയിരിക്കുന്ന ഒരു കാലത്താണ് നിങ്ങൾ നിങ്ങളുടെ സ്വന്തം ചിന്തകളുമായി മുന്നോട്ടുപോകുന്നത് എന്നതൊരു പ്രധാനപ്പെട്ട കാര്യമാണ്.

ഞാൻ നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നത് ഒരെഴുത്തുകാരന്റെ ഒരുപക്ഷേ, ഭാവനാപരംമാത്രമായ ആലോചനകൾമാത്രമാണ്. അതിന് ആമുഖമായി, ഒരുപക്ഷേ, നമ്മുടെ വിഷയവുമായി യാതൊരു ബന്ധവുമില്ലെന്ന് തോന്നിയേക്കാവുന്ന, എന്നാൽ മലയാളികൾ ഇന്ന് ഒരു പ്രത്യേക തരത്തിലുള്ള സമൂഹമായി നിലനിൽക്കുന്നതിന്റെ പിന്നിലെ ആധാരശിലകളിൽ ഒന്നായ ഒരു പ്രസ്ഥാനത്തെപ്പറ്റി ഒരുവാക്ക് പറഞ്ഞുകൊള്ളട്ടെ.

നവോത്ഥാനത്തെപ്പറ്റിയാണു പറയുന്നത്. നവോത്ഥാനം പണ്ടെങ്ങോ കഴിഞ്ഞുപോയ ഒരു സംഭവമല്ല. അത് ഒരു കാലഘട്ടത്തിൽ ജീവിച്ചിരുന്ന കുറച്ചു വ്യക്തികളിൽ ഒതുങ്ങുന്ന ഒരു പ്രതിഭാസമല്ല. അവസാനിച്ചുപോയ ഒരു ഭൂതകാല ചരിത്രമായി കാണേണ്ട ഒന്നല്ല. അത് നടന്നുകൊണ്ടേയിരിക്കുന്ന ഒരു പ്രക്രിയയാണ്. നാം ഇന്ന് ഇത്തരമൊരു ചർച്ച നടത്താൻ കൂടിച്ചേർന്നിരിക്കുന്നതുതന്നെ നമ്മുടെ തുടർന്നുകൊണ്ടിരിക്കുന്ന നവോത്ഥാനത്തിന്റെ ഒരുദാഹരണമാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

നവോത്ഥാനം എന്തായിരുന്നു എന്ന് പൊതുസമൂഹത്തെ ഓർമ്മപ്പെടുത്തേണ്ട ഒരവസ്ഥ ഇന്നുണ്ട് എന്നതു വാസ്തവമാണ്. അതിനെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടന്നു, ഇന്നും നടന്നുകൊണ്ടിരിക്കുകയാണ്. ഈ ചർച്ചയ്ക്കു ചരിത്രപശ്ചാത്തലം എന്ന നിലയിൽ നവോത്ഥാനത്തെ ഓർമ്മിക്കുവാൻ ഞാൻ കുറച്ചു വരികൾ ഉപയോഗിക്കുകയാണ്. നിങ്ങളുടെ ഓർമ്മ പുതുക്കാനും അതു സഹായിച്ചേക്കാം. ചരിത്രത്തിന്റെ യാദൃച്ഛികതകൾ മലയാളികളുടെ സംസ്കാരത്തിലേക്കു കൊണ്ടുവന്ന ചില വഴിത്തിരിവുകളാണ് നവോത്ഥാനത്തെ സൃഷ്ടിച്ചത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ മഹാന്മാരായ വ്യക്തികളും ചരിത്രപ്രധാനങ്ങളായ പ്രസ്ഥാനങ്ങളും കേര



സക്കറിയ /
ഫോട്ടൊ: അഷ്‌റഫ് മലയാളി

**ഞാൻ മനസ്സിലാക്കിയിട്ടുള്ളത്, പാശ്ചാത്യ സമൂഹങ്ങളിൽ ബുദ്ധിജീവികൾ, പണ്ഡിതർ, കലാപ്രവർത്തകർ മുതലായവരടങ്ങിയ പൊതുമണ്ഡലങ്ങൾ മതേതരമായ നിലപാടുകൾ സ്വീകരിക്കുന്നവയാണ് എന്നാണ്. കേരളത്തിൽ അവർ പൊതുവിൽ ജാതിമതകാര്യങ്ങളിൽ സുരക്ഷിതമായ മൗനം പാലിക്കുന്നവരാണ്. അല്ലെങ്കിൽ സന്തോഷപൂർവ്വം ജാതിമതങ്ങളുടെയും വർഗീയതയുടെതന്നെയും കാൽകഴുകി കുടിക്കുന്നവരാണ്.**

ളത്തിൽ പുതിയ ബോധജ്ഞാനങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് പ്രത്യക്ഷപ്പെട്ടു. ആ നാമങ്ങൾ നമുക്കെല്ലാം സുപരിചിതങ്ങളാണ്. ചിലവമാത്രം ഉദാഹരണത്തിനായി ഞാനിവിടെ സ്മരിക്കുന്നു. നിങ്ങൾക്കിതിലേക്കു കൂട്ടിച്ചേർക്കാൻ നിരവധി നാമങ്ങളുണ്ടാവും.

ശ്രീനാരായണനെയാണ് നവോത്ഥാന ചരിത്രത്തിൽ തലയുയർത്തി നിൽക്കുന്ന ഒന്നാം നാഴികക്കല്ലായി നാം കാണുന്നത്. എന്നാൽ മിഷണറിമാരിലൂടെയുള്ള ഇംഗ്ലിഷ് പരിജ്ഞാനത്തിന്റെ ആഗമനവും അച്ചടിവിദ്യയുടെ പ്രചാരവുംപോലെയുള്ള സ്വാധീനങ്ങൾ അദ്ദേഹത്തിനും മുമ്പേ നവോത്ഥാനത്തിന്റെ പാത തെളിയിച്ചുതുടങ്ങിയിരുന്നു. ശ്രീനാരായണനെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ആനയിച്ചുകൊണ്ടുവന്ന ഡോ. പൽപ്പുതന്നെ ഇംഗ്ലിഷ്വിദ്യാഭ്യാസത്തിലൂടെ തന്റെ ജീവിതത്തെ ഉയരങ്ങളിലേക്കു നയിച്ച വ്യക്തിയായിരുന്നു. ശ്രീനാരായണൻ ആധുനിക മാനവികതയുടെ ആദ്യ പ്രസരണങ്ങളെയും മതാതീതമായ സ്വന്തം ആത്മീയപ്രതിഭയെയും ചേർത്തിണക്കി നവോത്ഥാനത്തിന്റെ ആദ്യപ്രഖ്യാപനം ലളിതത്തിൽ ലളിതമായ മലയാളത്തിൽ നടത്തി. നിധീരിക്കൽ മാണിക്കത്തനാർ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ തുടങ്ങിയ നവോത്ഥാന പ്രമുഖർ ഒരേസമയം ആദ്ധ്യാത്മികമേഖലയിലും സാമൂഹിക മേഖലയിലും പ്രവർത്തിച്ചവരാണ്.

അയ്യങ്കാളിയും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും മന്നത്തു പത്മനാഭനും സഹോദരൻ അയ്യപ്പനും സാമൂഹിക രാഷ്ട്രീയരംഗങ്ങളിൽ വിപ്ലവാത്മകമായ പരിവർത്തനങ്ങൾ സൃഷ്ടിച്ചു. യോഗക്ഷേമസഭ നമ്പൂതിരി സമുദായത്തിൽ അതിപ്രധാനമായ ആധുനികതാദൗത്യം വഹിച്ചു. വി. ടി. ഭട്ടതിരിപ്പാട് നവോത്ഥാനത്തിന്റെ പ്രമുഖ സന്ദേശവാഹകനായിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പത്രപ്രവർത്തനരംഗത്തും സാമൂഹിക പരിഷ്കരണമേഖലയിലും വിപ്ലവകരമായ ആശയങ്ങൾ പ്രവേശിപ്പിച്ചു. കേസരി ബാലകൃഷ്ണപിള്ള കലസാഹിത്യവിജ്ഞാനപത്രപ്രവർത്തന രംഗങ്ങളിൽ അഭൂതപൂർവമായ മാറ്റത്തിന്റെ ശക്തിയായിരുന്നു. രാഷ്ട്രീയത്തിന്റെ മേഖലയിൽ ഇടതുപക്ഷ ചിന്തയുടെയും ഇടതുപക്ഷ രാഷ്ട്രീയത്തിന്റെയും വരവ് ഒരു സുപ്രധാന വഴിത്തിരിവായിരുന്നു. ജാതിബന്ധങ്ങളുടെ പുനർനിർവചനത്തിൽ വൈക്കംസത്യാഗ്രഹം ഒരു വലിയ പങ്കുവഹിച്ചു.


സാഹിത്യ വിജ്ഞാനശാസ്ത്ര കലാരംഗങ്ങളിൽ ഗ്രന്ഥശാലാ പ്രസ്ഥാനം, യുക്തിവാദ പ്രസ്ഥാനം, സാഹിത്യപ്രവർത്തക സഹകരണ സംഘം, കെ.പി.എ.സി നാടകവേദി, ശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങിയ പ്രസ്ഥാനങ്ങൾ അതിപ്രധാനങ്ങളായ മാറ്റങ്ങൾ സൃഷ്ടിച്ചു. പ്രസിദ്ധങ്ങളും അപ്രസിദ്ധങ്ങളുമായ ആയിരക്കണക്കിന് നീക്കങ്ങളുടെ ആകെത്തുകയായിരുന്നു മലയാളികളുടെ നവോത്ഥാനം.

ഞാൻ ഇപ്പോൾ പറയുന്നത് നടപ്പുരീതികൾക്ക് എതിരാണെങ്കിലും നവോത്ഥാനത്തെ ഒരു disruption ആയി കണ്ടാൽ, അതായത് അതുവരെ നടന്നുപോന്ന പരമ്പരാഗത സമ്പ്രദായങ്ങളുടെ തടസ്സപ്പെടുത്തലും മുറിക്കലും ആയി കണ്ടാൽ, ആ പ്രക്രിയയ്ക്ക് ആവശ്യമായ ബൗദ്ധികവും വിജ്ഞാനപരവും സാങ്കേതികവുമായ കരുക്കൾ ലഭ്യമാക്കുന്നതിൽ കൊളോണിയലിസം ഒരു പ്രധാനപങ്കുവഹിച്ചു എന്ന് പറയേണ്ടിവരും. ചരിത്രത്തിന്റെ യാദൃച്ഛികതകൾ എന്നു ഞാൻ ആദ്യം പറഞ്ഞത് അതുകൊണ്ടാണ്. കോളനിവാഴ്ച അത്തരമൊരു യാദൃച്ഛികതയായിരുന്നു. ഏതായാലും എല്ലാറ്റിന്റെയും ചുവട്ടിൽ ഒറ്റ ചിന്തയാണുണ്ടായിരുന്നത്. മാറ്റം. പാരമ്പര്യങ്ങളിൽനിന്ന് മുന്നോട്ടു പോകണം. ജീവിതങ്ങൾ പരിഷ്കരിക്കണം. പുതിയ മൂല്യങ്ങൾ സൃഷ്ടിക്കണം.

നവോത്ഥാനത്തിനു പിന്നിൽ മറ്റൊരു ചരിത്രഘടകംകൂടിയുണ്ടായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. ആയിരക്കണക്കിന് കൊല്ലങ്ങൾ പുറകോട്ടുപോകുന്ന ആഗോള വാണിജ്യബന്ധങ്ങൾ കേരളത്തെ നവോത്ഥാനത്തിനിണങ്ങിയ വളക്കൂറുള്ള ഒരു ഭൂമിയാക്കിത്തീർത്തിരുന്നു എന്നുവേണം കരുതാൻ. സമീപകാലത്ത് പട്ടണത്തു നടന്ന ഇന്നും നടന്നുകൊണ്ടിരിക്കുന്ന ഉദ്ഖനനങ്ങളുടെ ഫലങ്ങൾ ആ വസ്തുതയിലേക്കാണു വിരൽ ചൂണ്ടുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ ആരംഭിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലേക്കു നീണ്ടുപോയ നവോത്ഥാന കാലഘട്ടത്തിൽ മലയാളികൾ ആദ്യമായി ഒരു ആധുനിക ബോധജ്ഞാനത്തിലേക്ക് പിച്ചവച്ചു. പക്ഷേ, അധികം താമസിയാതെ മതജാതിയാഥാസ്ഥിതിക ഫ്യൂഡൽ ശക്തികളുടെ ഒരു വമ്പിച്ച തിരിച്ചടി നവോത്ഥാനത്തിന്റെമേൽ വന്നു പതിച്ചു. അവയുമായി കൈകോർത്തത് കേരളത്തിൽ അപ്പോഴേക്കും സ്ഥാനം പിടിച്ചുകഴിഞ്ഞിരുന്ന പുതിയ രാഷ്ട്രീയസംസ്കാരവും പുതിയ മാധ്യമസംസ്കാരവുമായിരുന്നു. മാധ്യമാദർശങ്ങൾ കൈവിട്ട ഒരു മാധ്യമ സംസ്കാരമായിരുന്നു അത്; രാഷ്ട്രീയാദർശങ്ങൾ കൈവിട്ട ഒരു രാഷ്ട്രീയ സംസ്കാരവുമായിരുന്നുവത്. അവരുടെ പടയോട്ടത്തിനും നവോത്ഥാന മൂല്യങ്ങൾ ഒരു തടസ്സമായിരുന്നു.

വിമോചനസമരമായിരുന്നു നവോത്ഥാനശത്രുക്കളുടെ ഈ അണി



*കാൾ മാർക്സ്*



*നാരായണഗുരു*



*സഹോദരൻ അയ്യപ്പൻ*



*അയ്യങ്കാളി*

നിരക്കലിന്റെ ആദ്യത്തെ സൂചനകളിലൊന്ന്. എൺപതുകളും തൊണ്ണൂറുകളുമായപ്പോഴേക്കും നവോത്ഥാന മൂല്യങ്ങളുടെമേലുള്ള ആക്രമണം രൂക്ഷമായി. അവയുടെ സ്ഥാനത്ത് വർഗീയവും ജാതീയവും യാഥാസ്ഥിതികവുമായ മേൽക്കോയ്മകൾ ഉയർന്നുവന്നു. വർഗീയതയും അന്ധവിശ്വാസങ്ങളും മാന്യവൽക്കരിക്കപ്പെട്ടു. ആൾദൈവങ്ങൾ വേരിറക്കി. എല്ലാ മതങ്ങളിലും പ്രതിലോമപരമായ പുനരുദ്ധാനങ്ങളുടെ ഒരു പരമ്പര തന്നെയുണ്ടായി. ഈ ദുരന്തത്തിന് രാഷ്ട്രീയ പാർട്ടികളും ഭരണകൂടങ്ങൾതന്നെയും കുഴലൂത്തുകാരായി മാറി.

സമീപകാലത്ത് നവോത്ഥാനത്തിനുനേരേയുണ്ടായ ഏറ്റവും വലിയ ആഞ്ഞടിയായിരുന്നു ശബരിമലയിൽ സ്ത്രീപ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധിക്കെതിരേ കേരളത്തിൽ അഴിച്ചുവിട്ട കാപാലികതകൾ. സ്ത്രീപ്രവേശനാനുമതിയുടെ ഭരണഘടനാപരമായ യുക്തിയെയും സമകാലികമായ സംസ്കാരസമ്പന്നതയെയും പിന്തുണച്ചവരുടെ എണ്ണം, അതിനെ എതിർത്തവരുടെ പതിന്മടങ്ങായിരുന്നു എന്നാണ് ഒരു സാമൂഹികനിരീക്ഷകൻ എന്ന നിലയിൽ എന്റെ അനുഭവം. പക്ഷേ, മാധ്യമങ്ങൾ സൃഷ്ടിച്ച ഭീകരതയിൽ അവർ പകച്ചുപോയി. ഒറ്റപ്പെട്ടു പോയി. അവർ ഒരു നിശ്ശബ്ദഭൂരിപക്ഷമായി മാറി. പക്ഷേ, സ്ഥിതപ്രജ്ഞരായ വ്യക്തികൾ പറഞ്ഞത് ഞാനോർക്കുന്നു. "നവോത്ഥാനത്തിന് അടിയേറ്റു. പക്ഷേ, അടിച്ചവർക്ക് നവോത്ഥാനത്തെയാണ് അടിച്ചത് എന്ന് മനസ്സിലായിട്ടില്ല. കാരണം നവോത്ഥാനം അവർക്ക് അപരിചിതമാണ്."

കേരള സംസ്കാരത്തിന് സംഭവിച്ച ഈ അധഃപതനത്തിന് ഒരു രജതരേഖയുണ്ടായി. ഇടതുപക്ഷം, ഉപരിപ്ലവമായാണെങ്കിലും നവോത്ഥാനം എന്ന വാക്ക് വീണ്ടും കണ്ടെത്തി. ആ വാക്ക് ദശകങ്ങൾക്കുശേഷം സാഹിത്യസദസ്സുകൾക്കു പുറത്ത് രാഷ്ട്രീയാവബോധത്തോടെ ഒരു മുഖ്യമന്ത്രിയിൽനിന്നു പുറപ്പെട്ടുവെന്നത് പ്രത്യാശയ്ക്കു വകനൽകുന്നു. നവോത്ഥാനം മലയാളികളിൽ അന്തർലീനമായിക്കഴിഞ്ഞു. ശബരിമലവിധിയെ നിശ്ശബ്ദമായി അനുകൂലിച്ചവരാണ് എതിർത്ത് ഓലിയിട്ടവരുടെ പതിന്മടങ്ങ് എന്നതിന്റെ കൃത്യമായ തെളിവായിരുന്നു തുടർന്നു വന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ ശബരിമല പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്ത കക്ഷിക്ക് 20 സീറ്റുകളിൽ 13 എണ്ണത്തിൽ കെട്ടിവച്ചതുക നഷ്ടപ്പെട്ടത്; ശബരിമലയുടെ സ്വന്തം നിയോജക മണ്ഡലത്തിൽ അവർ മൂന്നാം സ്ഥാനത്തുമാത്രം എത്തിയതും.

വളരെ ലളിതമായി പറഞ്ഞാൽ നവോത്ഥാനമൂല്യങ്ങളാണ് ഇന്നത്തെ കേരളത്തെ സൃഷ്ടിച്ചത്. അവയുടെ അദൃശ്യവും ശക്തവുമായ സാന്നിധ്യംകൊണ്ടാണ്, മേല്പറഞ്ഞതുപോലെയുള്ള വർഗീയതയുടെയും ജാതീയതയുടെയും അന്ധവിശ്വാസങ്ങളുടെയും അഴിഞ്ഞാട്ടങ്ങൾക്കുശേഷവും കേരളം ഇന്ത്യയിലെ താരതമ്യേന പുരോഗമനാത്മകവും പ്രബുദ്ധവുമായ ഒരു സമൂഹമായി നിലകൊള്ളുന്നത്; കേരളം ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളെയുംപോലെ വർഗീയ പൈശാചികതയിലേക്കു കൂപ്പുകുത്താത്തത്; ഇന്നും പശുവിനെ വളർത്തുന്ന ഒരു മുസ്ലിമിനോ മറ്റാർക്കുമോ തല്ലിക്കൊല്ലപ്പെടാതെ ആ പശുവുമായി അടുത്ത ഗ്രാമത്തിലേക്കു നടന്നുപോകാൻ കഴിയുന്നത്.

ഈ നീണ്ട ചരിത്രം പറഞ്ഞത് മനപൂർവ്വമാണ്. കാരണം ചരിത്രത്തിന്റെ പശ്ചാത്തലത്തിലല്ലാതെ മറ്റെങ്ങനെയാണ് ഒരു സമൂഹത്തെ അല്ലെങ്കിലൊരു പ്രസ്ഥാനത്തെ നോക്കിക്കാണുക? ചരിത്രബോധമില്ലാതെ എങ്ങനെ വർത്തമാനകാലത്തെ ചോദ്യം ചെയ്യാൻ കഴിയും? ചോദ്യം ചെയ്യലാണ് ബോധജ്ഞാനത്തിന്റെ കാതൽ. എന്റെ എളിയ തോന്നലിൽ ഒരൊറ്റ വ്യക്തി മാനസികമായ അസ്വാതന്ത്ര്യത്തിൽനിന്ന് പുറത്തുവന്നാൽ മനുഷ്യസംസ്കാരം ഒരു പ്രകാശവർഷംകൂടി മുമ്പോട്ടു പായും.

കോവിഡിനെ ശ്രദ്ധേയമായ രീതിയിൽ കൈകാര്യം ചെയ്യാൻ കേരളത്തെ സഹായിച്ചത് മതമല്ല. ശാസ്ത്രമാണ്. കോവിഡിൽനിന്ന് കേരളത്തെ രക്ഷിച്ചത് എല്ലാ കുറ്റങ്ങളോടും കുറവുകളോടും കൂടിയാണെങ്കിലും മതേതരമായ ഒരു രാഷ്ട്രീയപ്രബുദ്ധതയാണ്. ആരോഗ്യപ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും പൊലീസിന്റെയും മതേത

> കഴിഞ്ഞ മൂവായിരത്തോളം വർഷങ്ങളിലൂടെ പ്രധാനമായി ബാക്കിനിൽക്കുന്നത് അഞ്ചു മതങ്ങളാണ്: ബുദ്ധമതം, ഹിന്ദുമതം, ക്രിസ്തുമതം, യഹൂദമതം, ഇസ്‌ലാം. ഞാൻ ആലോചിക്കുന്നത് ഇതാണ്. എന്തായിരിക്കാം അവയ്ക്കും അവയുടെ ദൈവങ്ങൾക്കും ഭാവി സൂക്ഷിച്ചുവച്ചിരിക്കുന്നത്? മനുഷ്യൻതന്നെ അപ്രത്യക്ഷരായാലോ? കുറേക്കൂടി കൊലകൊമ്പൻ ഒരു കൊറോണ വൈറസ് വിരുന്നു വന്നാലോ? അല്ലെങ്കിൽ ഏതെങ്കിലും ഒരു മനോരോഗിപ്രസിഡന്റോ പ്രധാനമന്ത്രിയോ ന്യൂക്ലിയർ ബട്ടൺ അമർത്തിയാലോ?

രമായ സേവനമനസ്ഥിതിയാണ്. ഇന്ത്യയൊട്ടാകെ മതമൗലികവാദികൾ കോവിഡിനെയുപയോഗിച്ച് മറ്റൊരു മതത്തിനെതിരേ വംശവെറി പരത്തി. കേരളത്തിലത് വിജയിച്ചില്ല. കേരളത്തിലെ വഷളന്മാരായ ജാതിപ്രമാണിത്തങ്ങൾ കൊറോണയിൽനിന്ന് മറ്റാരേയുംപോലെ സാമൂഹിക അകലം പാലിച്ച് തടിതപ്പുകമാത്രം ചെയ്തു. സ്ഥലത്തെ പ്രധാന ആൾദൈവം താനിതു മൂന്നുവർഷം മുമ്പ് പ്രവചിച്ചതാണ് എന്ന ബാലിശമായ പ്രസ്താവന നടത്തുകമാത്രം ചെയ്തു.


ഒരുവിധത്തിൽ പറഞ്ഞാൽ കൊറോണ വൈറസ് സൃഷ്ടിച്ച നശീകരണങ്ങളോട് താരതമ്യപ്പെടുത്താവുന്ന ഒരു പ്രതിഭാസമായിരുന്നു രണ്ടാം ലോകമഹായുദ്ധം. അതിന്റെ മുമ്പിൽ, ഇന്ന് കൊറോണ വൈറസിന്റെ മുമ്പിലെന്നപോലെ മതം ഒരു നോക്കുകുത്തി മാത്രമായി മാറി. ക്രിസ്തുമതത്തിനുണ്ടായ ആ loss of credibility, വിശ്വാസ്യതാനഷ്ടം ആയിരുന്നു ക്രിസ്തുമതത്തിന് യൂറോപ്പിൽ സംഭവിച്ച അപനിർമ്മാണത്തിലേക്കും സാമൂഹികമായ പിൻതള്ളലിലേക്കും നയിച്ച സുപ്രധാന ഘടകങ്ങളിലൊന്ന്.

കൊറോണ വൈറസിൽനിന്ന് അങ്ങനെയൊരു അപനിർമ്മാണം കേരളത്തിൽ ഉണ്ടാവാൻ സാധ്യതയില്ല. കാരണം വൈറസ് മലയാളികളുടെ യാതൊരു സുഖസൗകര്യങ്ങൾക്കും കുറവുവരുത്തിയിട്ടില്ല. ലോക്ഡൗൺ ഒരു താൽക്കാലിക അസൗകര്യം മാത്രമാണ്. ബോംബുകളുടെയും ഷെല്ലുകളുടെയും ഒരു പെരുമഴ കേരളത്തിന്മേൽ പെയ്തില്ല. കല്ലിന്മേൽ കല്ലില്ലാതെ നഗരങ്ങൾ തകർന്നുവീണില്ല. മലയാളികൾ പഴയ ഹരിഹരൻപിള്ളയെപ്പോലെ ഹാപ്പിയാണ്. മതം എന്ന സുഖഭോഗം വേണ്ടെന്നുവയ്ക്കാനോ അതിനെ ചോദ്യംചെയ്യാനോ തക്കവണ്ണം യാതൊരു നാശനഷ്ടവും മലയാളികൾക്ക് കൊറോണ വരുത്തിവച്ചിട്ടില്ല; പാവപ്പെട്ടവർക്കൊഴികെ. പക്ഷേ, അവരെ ആർക്കുവേണം.

എന്നുമാത്രമല്ല, നവോത്ഥാനം തുടങ്ങിവെച്ച മതത്തിനും ജാതിക്കും നേരേയുള്ള ചോദ്യംചെയ്യൽ, യാഥാസ്ഥിതികത്വത്തിന്റെ ശക്തമായ പ്രതിരോധത്തിനു മുമ്പിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. യുക്തിവാദപ്രസ്ഥാനം മാത്രമാണ് എന്റെയോർമ്മയിൽ ഉണ്ടായിട്ടുള്ള ഒരേയൊരു സംഘടിതശ്രമം. അത് മലയാളിക്കു സഹജമായ തൊഴുത്തിൽകുത്തുകൾമൂലം ശിഥിലമായിപ്പോയി. മാത്രമല്ല അന്ധവിശ്വാസങ്ങളെ തുറന്നുകാണിച്ചതുകൊണ്ടുമാത്രം മതത്തിന്റെയും ജാതിയുടെയും ചോദ്യംചെയ്യൽ പൂർണമാവുന്നില്ല.

ശ്രീനാരായണൻ തുടങ്ങിവെച്ചതാണ് ആ തുറന്നുകാണിക്കലും ചോദ്യംചെയ്യലും. പക്ഷേ, അദ്ദേഹത്തിന്റെ പ്രസ്ഥാനം ഇന്ന് ആരുടെയൊക്കെ കൈകളിലാണ് എത്തിച്ചേർന്നിരിക്കുന്നത് എന്നോർക്കുമ്പോൾ ശ്രീനാരായണന്റെ ഭാവിയെപ്പറ്റിത്തന്നെ ഭയം തോന്നുന്നു. എനിക്കു മനസ്സിലായിട്ടുള്ളിടത്തോളം പാശ്ചാത്യ സമൂഹങ്ങളിൽ വിദ്യാഭ്യാസസമ്പ്രദായത്തിലെ തിരുത്തലുകളിലൂടെയാണ് മതവും സമൂഹവും തമ്മിലുള്ള അകലം സ്ഥാപിച്ചെടുത്തത്. കേരളത്തിൽ അത് അചിന്ത്യവുമാണ്. 'മതമില്ലാത്ത ജീവൻ' എന്ന വെറും ഒന്നരപേജുള്ള പാഠത്തെ കേരള സമൂഹത്തിനൊരു ഭീഷണിയായി കേരള മുഖ്യധാര ഉയർത്തിപ്പിടിച്ചിട്ട് അധികകാലമായില്ല. ഞാൻ മനസ്സിലാക്കിയിട്ടുള്ളത്, പാശ്ചാത്യസമൂഹങ്ങളിൽ ബുദ്ധിജീവികൾ, പണ്ഡിതർ, കലാപ്രവർത്തകർ മുതലായവരടങ്ങിയ പൊതുമണ്ഡലങ്ങൾ മതേതരമായ നിലപാടുകൾ സ്വീകരിക്കുന്നവയാണ് എന്നാണ്. കേരളത്തിൽ അവർ പൊതുവിൽ ജാതിമതകാര്യങ്ങളിൽ സുരക്ഷിതമായ മൗനം പാലിക്കുന്നവരാണ്. അല്ലെങ്കിൽ സന്തോഷപൂർവ്വം ജാതിമതങ്ങളുടെയും വർഗീയതയുടെതന്നെയും കാൽകഴുകി കുടിക്കുന്നവരാണ്.

എല്ലാറ്റിനുമേറേ പാശ്ചാത്യസമൂഹങ്ങളിൽ ശാസ്ത്രം മതത്തിന് വെല്ലുവിളിയായിത്തീർന്നു. കേരളത്തിൽ ശാസ്ത്രം എൻട്രൻസ് പരീക്ഷകളിലെ വെല്ലുവിളിമാത്രമാണ്. ഒരു വർഷത്തെ പഠനവും ഒറ്റദിവസത്തെ വെല്ലുവിളിയും. മാത്രമല്ല കേരളത്തിൽ മൂന്നുമതങ്ങളെപ്പറ്റിയാണു നാം സംസാരിക്കുന്നത്. അവയിൽ രണ്ടെണ്ണത്തിന്റെയെങ്കിലും ജാതികളെയും ഉപജാതികളെയും കുറിച്ചും. ഹിന്ദുമതത്തെപ്പറ്റി മാത്രമല്ല നാം പറയുന്നത്, എന്റെ കണക്ക് ശരിയെങ്കിൽ 149 ഹിന്ദു മുന്നാക്ക ജാതികളെപ്പറ്റിയും. ക്രിസ്തുമതത്തെപ്പറ്റി മാത്രമല്ല പറയുന്നത് 19 ക്രിസ്ത്യൻ മുന്നാക്ക ജാതികളെപ്പറ്റിയുംകൂടിയാണ് നാം സംസാരിക്കുന്നത്. കൂടാതെ 53 പട്ടികജാതികളെക്കുറിച്ചും 35 പട്ടികവർഗങ്ങളെക്കുറിച്ചുമാണു സംസാരിക്കുന്നത്. അവയിൽ ഹിന്ദുവും ക്രിസ്ത്യാനിയുമുണ്ട്. ഹിന്ദു പൂർണ്ണമായും ക്രിസ്ത്യാനി തന്റെ സൗകര്യംപോലെയും പങ്കിടുന്ന ജാതിയുടെ ഈ അദൃശ്യവും എന്നാൽ അതിശക്തവുമായ ഉരുക്കുകോട്ടയാണ് ആ മതങ്ങളെ സംരക്ഷിക്കുന്നത്. ഇസ്‌ലാം വൈകിവന്ന മതമായതുകൊണ്ടായിരിക്കാം അതിന് ജാതി ലഭിച്ചില്ല. ചില ലാഞ്ഛനകൾ മാത്രം അങ്ങുമിങ്ങുമുണ്ട്. യൂറോപ്പിലെ ക്രിസ്തുമതത്തിനു സ്വാഭാവികമായും ജാതിയുടെ പിൻബലമില്ലായിരുന്നു. പകരം ആദ്യം സാമ്രാജ്യങ്ങളിൽനിന്നും പിന്നീട് Nation State കളിൽനിന്നുമാണ് അതു ശക്തി



*കേസരി ബാലകൃഷ്ണപിള്ള*



*സ്വദേശാഭിമാനി*



*മാണികത്തനാർ*



*ഡോ. പൽപ്പു*

സംഭരിച്ചത്. യുദ്ധം അവയെ തുടച്ചു മാറ്റിയപ്പോൾ ക്രിസ്തുമതം നിലം പൊത്തി.

ജാതിയില്ലാത്തതുകൊണ്ടുതന്നെ ഇസ്‌ലാമിന് വികേന്ദ്രീകരണമില്ല. സംഭവിക്കുന്ന വികേന്ദ്രീകരണങ്ങളാവട്ടെ ഭീകരവാദികൾ സൃഷ്ടിക്കുന്നവയാണ്. ഇത് ഇസ്‌ലാമിന് ഒരു അപകടസൂചനയാണ്. ക്രിസ്തുമതത്തിന്റെ ആസൂത്രിതവും അരക്കിട്ടുറപ്പിച്ചതുമായ വികേന്ദ്രീകരണമാണ് അതിന്റെ ഏറ്റവും വലിയ ശക്തികളിലൊന്ന്. ജാതിയെ നിലനിർത്തുന്നത് മതമാണ് എന്നു പറയാറുണ്ട്. ഞാൻ മറിച്ചാണു പറയുന്നത്. മതത്തെ നിലനിർത്തുന്നത് ജാതിയാണ്. ഈഴവൻ കഴിഞ്ഞേ ഹിന്ദുവുള്ളൂ. സുറിയാനി ക്രിസ്ത്യാനി കഴിഞ്ഞേ ക്രൈസ്തവനുള്ളൂ.


ഇന്ത്യയൊട്ടാകെ ഹിന്ദുമതം എന്ന വടവൃക്ഷത്തെ താങ്ങിനിർത്തുന്നത് അതിൽനിന്ന് വളർന്നുതൂങ്ങുന്ന ജാതിയുടെ വേരുകളാണ്. അതേസമയം അതിലൊരു വൈരുധ്യമുണ്ട്. ജാതി ഹിന്ദുസമൂഹത്തെ പിളർത്തുകയും ചെയ്യുന്നു. അതിന്റെ വിശദാംശങ്ങൾ ഇന്ത്യൻ രാഷ്ട്രീയവുമായി പരിചയമുള്ളവർക്കെല്ലാം സുപരിചിതമാണ്. ഹിന്ദുമതത്തിന്റെ അമ്പരപ്പിക്കുന്ന ആയിരക്കണക്കിന് മുഖങ്ങൾക്കു മുമ്പിലാണ്, ബി.ജെ.പിപോലെയുള്ള ഹിന്ദുമതാവലംബിയായ ഒരു രാഷ്ട്രീയപ്പാർട്ടിയുടെ ഏറ്റവും വിലപിടിച്ച സ്വപ്നം എല്ലാ ജാതികളെയും ഹിന്ദുത്വയുടെ നാമത്തിൽ ഒന്നിപ്പിക്കുക എന്നതായിത്തീരുന്നത്. പക്ഷേ, ജാതികളെ നിലനിർത്തിക്കൊണ്ടാണ് അവരതാഗ്രഹിക്കുന്നത്. അല്ലെങ്കിൽ മതംനിലംപൊത്തും. മാത്രമല്ല രാഷ്ട്രീയമായി അതാണ് സൗകര്യം. ഒരു ജാതിയെ മറ്റൊന്നിനെതിരേ തിരിച്ചുകൊണ്ടുള്ള പകിടയുരുട്ടൽ രാഷ്ട്രീയത്തിൽ അതിപ്രധാനമാണ്.



ഹിന്ദുമതത്തിൽ അടിയുറച്ച ഒരു ഭരണകൂടമാണ് ഇന്ന് ഇന്ത്യ ഭരിക്കുന്നത്. ഇവിടെ നമ്മുടെ വിഷയവുമായി ബന്ധപ്പെടുത്തി ചോദിക്കാവുന്ന ഒരു ലളിതമായ ചോദ്യമുണ്ട്. കോവിഡിനെതിരേയുള്ള യുദ്ധം നടത്തുന്നത് ഹിന്ദുമതമോ ഭാരത സർക്കാരോ? ആ യുദ്ധം നടത്തുന്നത് ഹിന്ദുക്കളും മുസ്‌ലിങ്ങളും ക്രിസ്ത്യാനികളും സിഖുകാരും ജൈനരും ബുദ്ധമതക്കാരും ഗോത്രദൈവവിശ്വാസികളുമടങ്ങിയ ഒരു ഭരണകൂടമാണ്. കേരളത്തിലത് ചെയ്യുന്നത് എല്ലാ മതസ്ഥരും എല്ലാ ജാതികളും ഉപജാതികളുമടങ്ങിയ സംസ്ഥാന ഭരണകൂടമാണ്. മതങ്ങളോ ജാതികളോ അല്ല. മതങ്ങൾ കൊറോണയ്ക്കു മുമ്പ് നടത്തിയിരുന്ന യാതൊരു അവകാശവാദവും കൊറോണയ്ക്കു മുമ്പിൽ ഫലിച്ചില്ല. ഒരു മഹാത്ഭുതവും ഉണ്ടായില്ല. ഒരു അത്ഭുത രോഗശാന്തിയും സംഭവിച്ചില്ല. ഉണ്ടായെങ്കിൽ ഇതുവരെ പുറത്തറിഞ്ഞിട്ടില്ല.

മറ്റുവാക്കുകളിൽ പറഞ്ഞാൽ വ്യാപകമായ ഒരു മഹാനാശം മനുഷ്യസംസ്കാരത്തെ നേരിടുമ്പോൾ മതങ്ങളും നമ്മെയൊക്കെപ്പോലെ തന്നെ അതിന് കീഴടങ്ങുകയാണ് ചെയ്യുന്നത്. എല്ലാം ഭംഗിയായിരിക്കുമ്പോഴാണ് മതങ്ങൾ അവരുടെ പ്രസക്തി വീണ്ടെടുക്കുന്നത്. ഇംഗ്ലീഷിൽ ഇതിന് fair weather friend എന്നു പറയും. പക്ഷേ, ഒരു മതവും ആരുടെയും friend അല്ല. അവ വ്യക്തികളുമായി വിശ്വാസത്തിന്റെ ഒരു നേർരേഖാബന്ധം സ്ഥാപിച്ച് അതിലൂടെ ഒരു അധികാരശൃംഖല സൃഷ്ടിച്ച് അവരുടെ മേലാളനായിത്തീരുകയാണു ചെയ്യുന്നത്. അധികാരമാണ്, ഭരണകൂടങ്ങളുടെയും സ്വേച്ഛാധിപത്യങ്ങളുടെയുമെന്നപോലെ മതങ്ങളുടെയും മുഖമുദ്ര. അതിലൂടെ മതമേധാവികൾക്ക്, വിശ്വാസികൾക്കല്ല, കൈവരുന്നത് അളവില്ലാത്ത സമ്പത്തും സ്വാധീനവും അവയോടനുബന്ധിച്ച ഭൗതികസുഖങ്ങളുമാണ്. ഒരു മനുഷ്യായുസ്സിൽ അവ നിസ്സാരകാര്യങ്ങളല്ല. ഞാനതിനെ വിളിക്കുന്നത് അവരുടെ സാമർത്ഥ്യം എന്നുമാത്രമാണ്. കാരണം മതം, നൂറുശതമാനവും ഒരു വ്യക്തിയുടെ സ്വേച്ഛാനുസാരിയായ ഒരു കരാറാണ്. ക്രിസ്ത്യാനി ആയിരിക്കാനും ഹിന്ദുവായിരിക്കാനും മുസ്‌ലിം ആയിരിക്കാനും നമ്മെ ആരും നിർബന്ധിക്കുന്നില്ല. അല്ലാതായാൽ നാം ജയിലിൽ പോകില്ല, ഇതുവരെയെങ്കിലും.

മതം വിശ്വാസിയുമായി ഉണ്ടാക്കുന്ന ആ നേർരേഖാബന്ധമാണ് കുടുംബത്തിൽ വേരിറക്കിയെടുത്ത് മതപഠനക്ലാസുകളിലൂടെ ഊട്ടിയുറപ്പിച്ച് ആരാധനാലയങ്ങളിലെ ചടങ്ങുകളിലൂടെ ആകർഷണീയമാക്കി, വി

# പ്രഭാഷണം



*മന്നത്ത് പത്മനാഭൻ* | *ജോസഫ് പുലിക്കുന്നേൽ* | *മുഹമ്മദ് അബ്ദുറഹ്മാൻ* | *വി.ടി. ഭട്ടതിരിപ്പാട്*

വിധ കുറ്റബോധങ്ങൾ ഉത്പാദിപ്പിച്ച്, മരണാനന്തരജീവിതം എന്ന സങ്കല്പം വിറ്റഴിച്ച് വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാധുജനസഹായം തുടങ്ങിയ കൃത്യമായും യാഥാധിഷ്ഠിതമായ സേവനങ്ങൾ ചേർത്തുവെച്ച് ഒരിക്കലും മുറിയാത്ത ഒരു ചരടാക്കി മാറുന്നത്. വിശ്വാസി അവന്റെ ജീവിതകാലം മുഴുവൻ ആ ചരടിലാണ്. Strings attached. അവന്റെ ശവസംസ്കാരംവരെ. ഇസ്ലാമിനു നിലവിലുള്ള സംവിധാനം ഏതാണ്ടിങ്ങനെയാണ്. ഹിന്ദുതീവ്രവാദം ഒരുപക്ഷേ, ലോകത്തിലെ ഏറ്റവും വിശാലമനസ്കമായ മതമായ ഹിന്ദുമതത്തിലേക്ക് ഈ സംവിധാനം കൊണ്ടുവന്നുകൊണ്ടിരിക്കുന്നു.

എല്ലാവരുടേയും മാതൃക ക്രിസ്തുമതംതന്നെ. അതിശയകരമായ ഒരു പ്രതിഭാസമാണ് ക്രൈസ്തവ പൗരോഹിത്യം. ഏകദേശം 1800–ഓളം വർഷങ്ങളായി ഒരു പൗരോഹിത്യ സംവിധാനം ഒരു മതത്തെ നിലനിർത്തുകയും സ്വയം നിലനിർത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. 1800–ഓളം വർഷങ്ങളായി ഒരു പൗരോഹിത്യ സംവിധാനം അതിനെ തന്നെ perpetuate ചെയ്യുകയാണ്. അതിനെത്തന്നെ replicate ചെയ്തുകൊണ്ടിരിക്കുകയാണ്. എനിക്കു തോന്നുന്നത് ചരിത്രത്തിൽ ഇങ്ങനെയുള്ള മറ്റൊരു self perpetuating bureaucracy ഉണ്ടായിട്ടില്ല എന്നാണ്.

കത്തോലിക്കാസഭ ഒരു കറകളഞ്ഞ ഉദ്യോഗസ്ഥ സ്വയംഭരണ സംവിധാനമാണ്. അത് ലോകത്തിലെ ഏറ്റവും വലിയ കോർപ്പറേറ്റ് ഹൗസുകളിലൊന്നുമാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് ഇവിടെ കടക്കേണ്ടതില്ല. ഒരൊറ്റ ബ്രാന്റ് നെയിം മാത്രമേ അത് ഉപയോഗിക്കുന്നുള്ളൂ: യേശു, ജീസസ് ക്രൈസ്റ്റ്. ആ ബ്രാൻഡ് ആവട്ടെ ലോകത്തിലെ ഏറ്റവും പ്രസിദ്ധമായ ഗ്രന്ഥങ്ങളിലൊന്നിൽ ബൈബിളിൽ സുവർണ്ണാക്ഷരങ്ങളിൽ എന്നന്നേക്കുമായി മുദ്രണം ചെയ്തിരിക്കുകയുമാണ്.

ഹിന്ദുമതത്തിന്റെ പഴക്കം കുറഞ്ഞത് 4000 വർഷമാണ്. ക്രിസ്തുമതത്തിന്റേത് 2000. ഇസ്ലാമിന്റേത് 1400. ഇക്കാലഘട്ടത്തിൽ എത്രയോ സാമ്രാജ്യങ്ങൾ വരികയും പോകുകയും ചെയ്തു. അവയിൽ പലതും മതങ്ങൾതന്നെ സൃഷ്ടിക്കുകയും വളർത്തുകയും ചെയ്തവയാണ്. എത്രയേറെ മഹായുദ്ധങ്ങൾക്ക് മതങ്ങൾ നേതൃത്വം കൊടുത്തു. സോവിയറ്റ് യൂണിയനിലും ചൈനയിലും മതം നിർജീവമാക്കപ്പെട്ടു. രണ്ടാം ലോകമഹായുദ്ധം ക്രിസ്തുമതത്തിന്റെ സത്തയെത്തന്നെ ചോർത്തിക്കളഞ്ഞു. പക്ഷേ, മതങ്ങൾ തുടരുന്നു. ഈ ഭക്തിഗാനമല്ലെങ്കിൽ മറ്റൊന്ന്. ഈ ആചാരമല്ലെങ്കിൽ മറ്റൊന്ന്. ഈ കെട്ടുകഥയല്ലെങ്കിൽ അടുത്തത്. കോവിഡ് എന്റെ അഭിപ്രായത്തിൽ മതങ്ങളുടെ അതിജീവന ചരിത്രത്തിൽ മറ്റൊരു ചെറുസംഭവം മാത്രമാണ്. കോവിഡ് മതങ്ങളെ പുതിയ പാഠങ്ങൾ പഠിപ്പിക്കുകയേയുള്ളൂ.

മനുഷ്യമനസ്സുകൾക്കുള്ളിൽ ഇരിപ്പുറപ്പിച്ചു കഴിഞ്ഞാൽ ആരാധനാലയങ്ങൾ അടച്ചുപൂട്ടിയാലെന്ത്? മനസ്സിനെ ചങ്ങലയ്ക്കിട്ടാൽ പിന്നെ കാലിൽ ചങ്ങലയിടണോ? കൊറോണയ്ക്കുശേഷം കേരളത്തിൽ നാം കാണാൻ പോകുന്നത് മലയാള മാധ്യമങ്ങൾ നടത്താൻ പോകുന്ന, ഒരുപക്ഷേ ആഴ്ചകളോ, മാസങ്ങളോ നീണ്ടുനിൽക്കാൻ പോകുന്ന, മതങ്ങളുടെ മടങ്ങിവരവിന്റെ ആഘോഷമാണ്. ഒരു ചെറിയ തിരയെടുപ്പുപോലും ന്യൂസ്അവറിലും ഒന്നാംപേജിലും പ്രത്യക്ഷപ്പെടും. അതിനുശേഷം എല്ലാം പഴയതുപോലെയല്ല ആകുക. പഴയതിലും ശക്തമാകാനാണ് സാധ്യത.

അത്രമാത്രം മാധ്യമങ്ങൾ അവരുടെ പിടിച്ചുനിറവിന്റെ പിടിവള്ളികളായ മതങ്ങൾക്കും ജാതികൾക്കും വേണ്ടി അധ്വാനിക്കും. രക്തം വിയർക്കും. ഇത് വിശ്വാസികൾ ആസ്വദിക്കും. ആദരിക്കും. ആഘോഷിക്കും. കാരണം അവരുടെ സ്വപ്നങ്ങളും ആശകളും മാത്രമല്ല അവരുടെ സാമൂഹിക പദവിയും അവർ മതത്തിലാണു നിക്ഷേപിച്ചിരിക്കുന്നത്. ആരാധനാലയത്തിന്റെ വലിപ്പവും ആഡംബരവും വിശ്വാസിയുടെ 'സ്റ്റാറ്റസ് സിംബൽ' ആണ്. ക്രിസ്ത്യാനി ഇതിനൊരു നല്ല ഉദാഹരണമാണ്. അവന്റെ മാമോദീസയും കല്യാണവും ശവസംസ്കാരവും നടക്കുന്ന പള്ളിയുടെ രാജകീയപ്രൗഢി അവന്റെ ആഡംബരക്കാറും ആഡംബരഭവനവുംപോലെതന്നെ അവനു പ്രധാനമാണ്. അതുപോലെതന്നെ അമ്പലങ്ങളും. അതുപോലെതന്നെ മോസ്കുകളും.

സത്യമെന്തെന്നാൽ പുരോഹിതന് വിശ്വാസിയെ ആവശ്യമുള്ളതിനേക്കാളേറെ, വിശ്വാസിക്ക് പുരോഹിതനെയും ആരാധനാലയത്തെയും ആവശ്യമുണ്ട്. കാരണം മതം വിശ്വാ

**വൈറസ് മലയാളികളുടെ യാതൊരു സുഖസൗകര്യങ്ങൾക്കും കുറവുവരുത്തിയിട്ടില്ല. ലോക്ഡൗൺ ഒരു താൽക്കാലിക അസൗകര്യം മാത്രമാണ്. ബോംബുകളുടെയും ഷെല്ലുകളുടെയും ഒരു പെരുമഴ കേരളത്തിന്മേൽ പെയ്തില്ല. കല്ലിന്മേൽ കല്ലില്ലാതെ നഗരങ്ങൾ തകർന്നുവീണില്ല. മതം എന്ന സുഖഭോഗം വേണ്ടെന്നുവയ്ക്കാനോ അതിനെ ചോദ്യംചെയ്യാനോ തക്കവണ്ണം യാതൊരു നാശനഷ്ടവും മലയാളികൾക്ക് കൊറോണ വരുത്തിവച്ചിട്ടില്ല; പാവപ്പെട്ടവർക്കൊഴികെ. പക്ഷേ, അവരെ ആർക്കുവേണം.**

സിയിലാണു കുടികൊള്ളുന്നത്. പുരോഹിതനിലല്ല. ഇതാണ് മതത്തിന്റെ അത്ഭുതശക്തി. പൗരോഹിത്യങ്ങളുടെ മന്ത്രവാദം.

എനിക്കു തോന്നിയിട്ടുള്ളത് മതം ഒരു multi-purpose software ആണ് എന്നാണ്. അല്ലെങ്കിൽ ഒരു multi-purpose template. അതിൽനിന്ന് ദൈവത്തിനെയോ പിശാചിനെയോ കൊലയാളിയെയോ പുണ്യവാളനെയോ സംഗീതത്തെയോ സാഹിത്യത്തെയോ ടി.വി സീരിയലിനെയോ സിനിമയെയോ ഉത്പാദിപ്പിക്കാം. യൂറോപ്പിൽ ചിത്രകലയും സംഗീതവും ജനിച്ചത് ക്രിസ്തുമതത്തിൽനിന്നാണെന്നോർക്കുക. ഇന്ത്യയിൽ ചിത്രകലയും ശില്പവിദ്യയും ജൈന ബുദ്ധ മതങ്ങളിൽനിന്നുമാരംഭിച്ചു.

പഴയനിയമം എന്ന 'ടെംപ്ലേറ്റ്' (Template)ൽനിന്നാണ് രണ്ട് മതങ്ങൾ ജനിച്ചത്; യഹൂദമതം, ക്രിസ്തുമതം. അതിന്റെതന്നെ ഉപോത്പന്നമാണ് ഇസ്‌ലാം മതം എന്ന് എന്റെ വായനകൾ എന്നോട് പറയുന്നു. യഹോവയെന്ന 'ടെംപ്ലേറ്റ്' അതിനും പിന്നിലുള്ള ദൈവസങ്കല്പങ്ങളിൽനിന്നു വന്നതാണ്. അതിനും പിന്നിലെ 'ടെംപ്ലേറ്റ്' ആയിരിക്കാം മതത്തിന്റെ ഉത്ഭവകേന്ദ്രങ്ങളായ ആദിമ മനുഷ്യന്റെ പരിഭ്രമങ്ങളും പേടികളും അത്ഭുതങ്ങളും. അതിനും പിന്നിലോ? ദൈനോസറുകൾക്കും മാമത്തുകൾക്കും ദൈവത്തിന്റെ 'ടെംപ്ലേറ്റ്' ലഭ്യമായിരുന്നോ? ആയിരുന്നിരിക്കാം. ബിഗ് ബാങ്ങിന്റെ നിമിഷത്തിലോ? അതിനും മുമ്പിലോ? ആർക്കറിയാം.

ഞാൻ ആലോചിക്കുകയായിരുന്നു ചരിത്രത്തിലെ ഓരോ സംസ്കാരത്തിന്റെയും കാലത്ത് അതിന്റെ ദൈവങ്ങൾക്കായിരുന്നു അപ്രമാദിത്വം. മെസപ്പൊട്ടേമിയൻ ദൈവങ്ങൾ, ഈജിപ്ഷ്യൻ ദൈവങ്ങൾ, റോമൻ ദൈവങ്ങൾ, ഗ്രീക്ക് ദൈവങ്ങൾ, മയൻ ദൈവങ്ങൾ. ആ സംസ്കാരങ്ങൾക്കൊപ്പം ആ ദൈവങ്ങളും അപ്രത്യക്ഷരായി. നാം ഇന്ന് ആരാധിക്കുന്ന ദൈവങ്ങളെപ്പോലെതന്നെ ശക്തിയേറിയവർ എന്ന് സങ്കല്പിക്കപ്പെട്ടവരായിരുന്നു അവർ. നൂറുകണക്കിനും ആയിരക്കണക്കിനും വർഷങ്ങൾ നീളെ ലോകം അവരുടേതായിരുന്നു. ഇന്ദ്രനെ ഓർക്കുക. മൂന്നു മതങ്ങളുടെ മുഖ്യദൈവമായിരുന്ന ഇന്ദ്രൻ ഇന്ന് ഒരു പുരാണകഥാപാത്രം മാത്രമാണ്.

കഴിഞ്ഞ മൂവായിരത്തോളം വർഷങ്ങളിലൂടെ പ്രധാനമായി ബാക്കിനിൽക്കുന്നത് അഞ്ചു മതങ്ങളാണ്: ബുദ്ധമതം, ഹിന്ദുമതം, ക്രിസ്തുമതം, യഹൂദമതം, ഇസ്‌ലാം. ഞാൻ ആലോചിക്കുന്നത് ഇതാണ്. എന്തായിരിക്കാം അവയ്ക്കും അവയുടെ ദൈവങ്ങൾക്കും ഭാവി സൂക്ഷിച്ചുവച്ചിരിക്കുന്നത്? മനുഷ്യൻതന്നെ അപ്രത്യക്ഷരായാലോ? കുറേക്കൂടി കൊലകൊമ്പൻ ഒരു കൊറോണ വൈറസ് വിരുന്നുവന്നാലോ? അല്ലെങ്കിൽ ഏതെങ്കിലും ഒരു മനോരോഗിപ്രസിഡന്റോ പ്രധാനമന്ത്രിയോ ന്യൂക്ലിയർ ബട്ടൺ അമർത്തിയാലോ?

ഞാൻ അവസാനിപ്പിക്കുകയാണ്. മതം ഒരു യാഥാർത്ഥ്യമാണ്. നമ്മയുടെ ദർശനങ്ങളാണ് അവയുടെ കാതലെങ്കിലും പ്രയോഗത്തിൽ തിന്മയുടെ മേൽക്കൈ ശക്തമാണ്. അതുമായുള്ള മനുഷ്യന്റെ ഉടമ്പടി ഒരു ഉഭയസമ്മതമാണ്. മതത്തിന്റെ പക്കൽ നമ്മുടെ അടിമത്തം വാഗ്ദാനം ചെയ്യുന്നതു സ്വമനസ്സാലെയാണ്. ദൈവസങ്കല്പങ്ങളെ നിരന്തരം അണിയിച്ചൊരുക്കിയവതരിപ്പിക്കുന്നതാണ് മതങ്ങളുടെ സാമർത്ഥ്യം. അവരുടെ area of competence. അതിനവരെയെങ്ങനെ കുറ്റം പറയും? അവർ അവരുടെ ജോലി ചെയ്യുന്നുവെന്നുമാത്രം. അതിന് ആവശ്യക്കാർ ധാരാളവും. ഇംഗ്ലിഷിൽ win -win situation എന്നു പറയുന്ന അവസ്ഥയാണിത്.

ഈ പ്രസംഗത്തിൽ ഇതുവരെ പറയാത്ത ഒരു വാക്കുണ്ട്–ആദ്ധ്യാത്മികത. അതു വ്യക്തിയുടെ യാഥാർത്ഥ്യാന്വേഷണമാണ്. അവളുടെ/ അവന്റെ സത്യാന്വേഷണമാണ്. അദ്ധ്യാത്മികതയ്ക്ക് മധ്യസ്ഥർ വേണ്ട. മതംവേണ്ട, ദൈവം വേണ്ട, പുരോഹിതൻ വേണ്ട, പ്രവാചകൻ വേണ്ട. വിശുദ്ധഗ്രന്ഥം വേണ്ട. ഒരു വ്യക്തിക്ക് അവനവനിലേക്കുള്ള പാത തേടാൻ ഇവയൊന്നും ആവശ്യമില്ല. പ്രപഞ്ചത്തിലേക്കു ചുഴിഞ്ഞുനോക്കാൻ ഇവയൊന്നും ആവശ്യമില്ല. പക്ഷേ, സംസാരസാഗരത്തിലുഴലുന്ന ഒരു വ്യക്തിക്ക് അതിനവസരമില്ല. അവൾക്ക്/ അവന് എളുപ്പത്തിൽ വേണ്ടത് നിശ്ചിത അളവുകളിൽ പകർന്നു ലഭിക്കുന്ന, ആടയാഭരണങ്ങൾ അണിഞ്ഞ ആത്മീയസംതൃപ്തികളാണ്. അതാണ് എക്കാലത്തും മതങ്ങളുടെ മുഖത്ത് പുഞ്ചിരിപരത്തുന്നതെന്നതാണ് നഗ്നസത്യം.

മാർക്സ് എന്ന മഹാനായ മനുഷ്യൻ മതത്തെപ്പറ്റിയുള്ള വാസ്തവം എത്ര കൃത്യമായയാണു തിരിച്ചറിഞ്ഞത്! അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കുക: "മതത്തിന്റെ വിമർശനം മനുഷ്യന്റെ മിഥ്യാബോധത്തെ ഇല്ലാതാക്കുന്നു. അവൻ മിഥ്യയിൽനിന്നു മോചിതനാകുകയും സ്വന്തം വിവേചനശക്തി തിരിച്ചുപിടിക്കുകയും ചെയ്യുന്നു. അവൻ തനിക്കുചുറ്റും തന്റെ യഥാർഥ സൂര്യനായി ചരിച്ചുതുടങ്ങുന്നു. മനുഷ്യൻ അവനവനു ചുറ്റും ചരിക്കാതിരിക്കുമ്പോൾ അവനെ ചുറ്റിക്കറങ്ങുന്ന മായാസൂര്യനാണ് മതം." എന്റെ എളിയ അഭിപ്രായത്തിൽ മതത്തെപ്പറ്റി ഇതുവരെയുള്ള അവസാനവാക്ക് ഇതുതന്നെയാണ്.

## മരണചിന്ത കോവിഡ് 19-നു ശേഷം

**യുവാൽ നോവാ ഹരാരി**
വിവർത്തനം: പ്രസന്ന കെ. വർമ്മ



*കോവിഡ് 19 മരണങ്ങളെത്തുടർന്ന് ഇറ്റലിയിലെ നിർജനമായ ഒരു പാത. പാതയിലെ വെബ്കാമറയിൽ നിന്നു ലഭിച്ചത്.*

# മരണത്തോടുള്ള മനോഭാവങ്ങൾ

**ഇപ്പോഴത്തെ മഹാമാരി മനുഷ്യന് മരണത്തോടുള്ള മനോഭാവത്തിൽ മാറ്റമുണ്ടാക്കുമോ? ഇല്ലെന്നാണ് തോന്നുന്നത്. നേരേ വിപരീതമാകും സംഭവിക്കുക. കോവിഡ്19 മനുഷ്യജീവനെ സംരക്ഷിക്കുവാനുള്ള നമ്മുടെ ശ്രമങ്ങളെ മിക്കവാറും ഇരട്ടിപ്പിക്കുകയേ ഉള്ളൂ. എന്തെന്നാൽ കോവിഡ്19 നോടുള്ള പ്രത്യക്ഷമായ സാംസ്കാരികപ്രതികരണം വിധിക്കു കീഴടങ്ങലല്ല, ക്ഷോഭവും ആശയും കൂടിക്കലർന്ന ഒരു മനോഭാവമാണ് അത്. : വർത്തമാനലോകത്തെ ശ്രദ്ധേയനായ ചിന്തകനും ചരിത്രകാരനുമായ യുവാൽ ഹരാരിയുടെ രണ്ടു ലേഖനങ്ങൾ.**

**മനുഷ്യർക്ക്** മരണത്തെ കടത്തിവെട്ടുവാനും തോല്പിക്കുവാനും കഴിയുമെന്ന വിശ്വാസത്തിന്റെ പുറത്താണ് ആധുനികലോകം രൂപപ്പെടുത്തിയിരിക്കുന്നത്. വിപ്ലവാത്മകമായ ഒരു പുത്തൻ മനോഭാവമായിരുന്നു അത്. ചരിത്രത്തിൽ അധികപങ്കും മനുഷ്യർ അബലരായി മരണത്തിനു കീഴടങ്ങുകയാണു ചെയ്തിട്ടുള്ളത്. ആധുനികകാലഘട്ടത്തിൽ ഈയടുത്തകാലംവരെ ഒട്ടുമിക്ക മതങ്ങളും പ്രത്യയശാസ്ത്രങ്ങളും മരണത്തെ നമ്മുടെ അനിവാര്യമായ വിധിയായും എന്നാൽ ജീവിതത്തിന് അർത്ഥംനൽകുന്ന മുഖ്യസ്രോതസ്സായും കണ്ടുപോന്നു. അവസാനശ്വാസമെടുത്തുകഴിഞ്ഞശേഷം മാത്രമാണ് മനുഷ്യന്റെ അസ്തിത്വത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പലതും സംഭവിക്കുക, ജീവിതത്തിന്റെ പരമമായ രഹസ്യങ്ങൾ അപ്പോൾ മാത്രമാണ് നിങ്ങൾക്കു മനസ്സിലാകുക. അപ്പോൾമാത്രമാണ് നിങ്ങൾക്കു നിത്യമായ മോക്ഷം ലഭിക്കുക, അല്ലെങ്കിൽ അവസാനമില്ലാത്ത നാശത്തിലേക്കു നിങ്ങൾ വീഴുക. മരണമില്ലാത്ത ഒരു ലോകത്തിൽ അതുകൊണ്ടുതന്നെ സ്വർഗ്ഗമോ നരകമോ പുനർജന്മമോ ഇല്ലാത്ത ലോകത്തിൽ ക്രിസ്തുമതം, ഇസ്ലാം, ഹിന്ദുമതം തുടങ്ങിയ മതങ്ങളെല്ലാംതന്നെ നിരർത്ഥകമായിമാറും. ചരിത്രത്തിലുടനീളം ഏറ്റവും കൂർമ്മമായ ധിഷണകളെല്ലാം ശ്രമിച്ചുകൊണ്ടിരുന്നത് മരണത്തിന് അർത്ഥം നൽകുവാനാണ്, അല്ലാതെ അതിനെ തോല്പിക്കുവാനല്ല.

ഗിൽഗമെഷിന്റെ ഇതിഹാസം, ഓർഫിയസിന്റെയും യൂറിഡൈസിന്റെയും പുരാണകഥ, ബൈബിൾ, ഖുർ ആൻ, വേദങ്ങൾ എന്നുതുടങ്ങി എണ്ണിയാലൊടുങ്ങാത്ത വിശുദ്ധഗ്രന്ഥങ്ങളും കഥകളും ആശയറ്റ മനുഷ്യരോട് ക്ഷമാപൂർവം പറഞ്ഞുകൊണ്ടിരുന്നത് ദൈവമോ പ്രപഞ്ചശക്തിയോ പ്രകൃതിമാതാവോ നിശ്ചയിച്ചതുകൊണ്ടാണ് നാം മരിക്കുന്നതെന്നും വിധിയെ വിനയത്തോടും സൗമനസ്യത്തോടുംകൂടി സ്വീകരിക്കണമെന്നുമാണ്. ഒരുപക്ഷേ, ദൈവം എന്നെങ്കിലും ക്രിസ്തുവിന്റെ രണ്ടാംവരവുപോലെയുള്ള ഏതെങ്കിലുമൊരു അതീന്ദ്രിയമായ നീക്കത്തിലൂടെ മരണത്തെ നിരോധിച്ചു എന്നുവരാം. എങ്കിലും അത്തരം വിപ്ലവങ്ങൾ സംഘടിപ്പിക്കുന്നത് മജ്ജയും മാംസവുമുള്ള മനുഷ്യരുടെ തലത്തിനപ്പുറത്താണ്.

അങ്ങനെയിരിക്കെയാണ് ശാസ്ത്രവിപ്ലവം വന്നത്. ശാസ്ത്രജ്ഞർക്ക് മരണം ദൈവത്തിന്റെ ഉത്തരവല്ല വെറുമൊരു  സാങ്കേതികപ്രശ്നം മാത്രമാണ്. ദൈവം പറഞ്ഞതുകൊണ്ടല്ല മനുഷ്യർ മരിക്കുന്നത്, സാങ്കേതികമായ ചില വീഴ്ചകൾകൊണ്ടാണ്. ഹൃദയം രക്തം പമ്പ്ചെയ്യുന്നത് നിർത്തുന്നു. കാൻസർ കരളിനെ കേടുവരുത്തുന്നു. ശ്വാസകോശങ്ങളിൽ വൈറസുകൾ പെരുകുന്നു. ഈ സാങ്കേതികപ്രശ്നങ്ങൾക്കെല്ലാം എന്താണ് ഉത്തരവാദി? മറ്റുചില സാങ്കേതികപ്രശ്നങ്ങൾ. വേണ്ടത്ര ഓക്സിജൻ ഹൃദയപേശികളിലേക്ക് എത്താത്തതുകൊണ്ടാണ് ഹൃദയം രക്തം പമ്പ്ചെയ്യുന്നത് നിർത്തിയത്. ആകസ്മികമായ ചില ജനിതക ഉൾപരിവർത്തനങ്ങൾ (mutations) മൂലമാണ് കാൻസർ കോശങ്ങൾ കരളിൽ പടർന്നത്. ബസ്സിൽ ആരോ തുമ്മിയതുകൊണ്ടാണ് എന്റെ ശ്വാസകോശങ്ങളിൽ വൈറസുകൾ പെരുകിയത്. അതിൽ അതീന്ദ്രിയമായി ഒന്നുമില്ല.

എല്ലാ സാങ്കേതിക തകരാറുകൾക്കും സാങ്കേതികമായ പ്രതിവിധികളുമുണ്ടെന്നാണ് ശാസ്ത്രം വിശ്വസിക്കുന്നത്. മരണത്തെ മറികടക്കുവാൻ നമുക്കു ക്രിസ്തുവിന്റെ രണ്ടാം വരവിനായി കാത്തിരിക്കേണ്ടതില്ല. ഒരു പരീക്ഷണശാലയിൽ രണ്ടു ശാസ്ത്രജ്ഞർക്കു ചെയ്യാവുന്ന കാര്യമേയുള്ളൂ അത്. കറുത്ത അങ്കി ധരിച്ച പുരോഹിതരുടെയും ദൈവശാസ്ത്രജ്ഞരുടെയും സവിശേഷമണ്ഡലമായിരുന്നു മരണം എങ്കിൽ ഇന്ന് അത് പരീക്ഷണശാലയിലെ വെളുത്തകോട്ടിട്ട മനുഷ്യരുടെ തട്ടകമാണ്. ഹൃദയത്തിന് അടിപതറിയാൽ നമുക്ക് ഒരു പേസ്മേക്കർ ഘടിപ്പിക്കാം അല്ലെങ്കിൽ ഒരു പുതിയ ഹൃദയംതന്നെ ട്രാൻസ്പ്ലാന്റ് ചെയ്യാം. കാൻസർ താണ്ഡവമാടിയാൽ അതിനെ റേഡിയേഷൻകൊണ്ട് കൊന്നുകളയാം. ശ്വാസകോശങ്ങളിൽ വൈറസുകൾ പെരുകിയാൽ എന്തെങ്കിലുമൊരു പുതിയ മരുന്നുകൊണ്ട് ശമനമുണ്ടാക്കാം.

ശരിയാണ്, എല്ലാ സാങ്കേതിക പ്രശ്നങ്ങളും ഇന്നു നമുക്ക് പരിഹരിക്കുവാൻ കഴിയുന്നില്ല. എങ്കിലും നമ്മൾ അതിനായി ശ്രമിക്കുകയാണ്. മനുഷ്യന്റെ ഏറ്റവും മികച്ച ധിഷണാശക്തികൾ ഇപ്പോൾ മരണത്തിന് അർത്ഥമേകുവാനല്ല സമയം ചെലവഴിക്കുന്നത്. പകരം അവർ ജീവിതം നീട്ടുവാനാണ് തിരക്കിട്ടു പണിയെടുക്കുന്നത്. രോഗം, വാർദ്ധക്യം ഇവയ്ക്കു കാരണമായ വ്യവസ്ഥകളെ  മൈക്രോബയോളജിയിലും ശരീരശാസ്ത്രത്തിലും ജനിതകശാസ്ത്രത്തിലും  അവർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ മരുന്നുകളും വിപ്ലവാത്മകമായ ചികിത്സാരീതികളും വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ദീർഘായുസ്സിനുവേണ്ടിയുള്ള കഠിനശ്രമങ്ങളിൽ മനുഷ്യർ ശ്രദ്ധേയമായ വിജയം കൈവരിച്ചിട്ടുമുണ്ട്. ആഗോളതലത്തിൽ ആയുർദൈർഘ്യം  കഴിഞ്ഞ രണ്ടുനൂറ്റാണ്ടുകൊണ്ട് ശരാശരി 40 വയസ്സിനുതാഴെ എന്നതിൽനിന്ന് 72 വയസ്സ് എന്നതായിട്ടുണ്ട്; ചില വികസിതരാജ്യങ്ങളിൽ ഇത് 80 വയസ്സിനുമേലെയും ആയിട്ടുണ്ട്. പ്രത്യേകിച്ചും കുട്ടികൾ മരണത്തിന്റെ പിടിയിൽനിന്ന് രക്ഷ നേടിയിരിക്കുന്നു. ഇരുപതാംനൂറ്റാണ്ടുവരെ ആകെയുള്ള കുട്ടികളുടെ മൂന്നിലൊന്ന് ബാല്യകാലം കടന്നിരുന്നേയില്ല. അതിസാരം, മുണ്ടിനീര്, വസൂരി തുടങ്ങിയ രോഗങ്ങൾക്ക്


# മരണചിന്ത കോവിഡ് 19–നു ശേഷം

ഇക്കാലത്ത് എയ്ഡ്സ്, എബോള, തുടങ്ങിയ പുത്തൻ സാംക്രമികരോഗങ്ങളുടെ വ്യാപനത്തെ സംഘാടനപ്പിഴവുകളായാണു പൊതുവേ കണക്കാക്കുന്നത്. ഇത്തരം മഹാമാരികളെ അടക്കിനിർത്തുവാനുള്ള അറിവും സംവിധാനങ്ങളും മനുഷ്യരാശിക്കുണ്ട് എന്നാണ് നാം അനുമാനിക്കുന്നത്; എന്നിട്ടും ഒരു പകർച്ചവ്യാധി നിയന്ത്രണാധീനമല്ലാതാവുകയാണെങ്കിൽ അത് മനുഷ്യന്റെ കഴിവുകേടാണ് അല്ലാതെ ദൈവകോപമല്ല. കോവിഡ് 19 ഉം ഇതിന് അപവാദമല്ല.

കുട്ടികൾ നിത്യവും അടിയറവുപറഞ്ഞുകൊണ്ടിരുന്നു. പതിനേഴാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിൽ 1000 നവജാതശിശുക്കളിൽ 150 പേരോളം ആദ്യത്തെ വർഷംതന്നെ മരിച്ചുപോയിക്കൊണ്ടിരുന്നു. 700 പേരോളം മാത്രമാണ് പതിനഞ്ചാംവയസ്സിലേക്കെത്തിയിരുന്നത്. ഇന്ന് ഇംഗ്ലണ്ടിൽ 1000 നവജാതശിശുക്കളിൽ അഞ്ചുപേർമാത്രമേ മരിക്കുന്നുള്ളൂ; 993 പേരും പതിനഞ്ചാംപിറന്നാൾ ആഘോഷിക്കുന്നുണ്ട്. ലോകമൊട്ടാകെയുള്ള ശിശുമരണനിരക്ക് അഞ്ചു ശതമാനത്തിൽ താഴെയായി കുറഞ്ഞിട്ടുണ്ട്.

ജീവിതം സംരക്ഷിക്കുവാനും നീട്ടിക്കിട്ടുവാനും ഉള്ള ശ്രമത്തിൽ മനുഷ്യർ അത്രയധികം വിജയിക്കുകകൊണ്ട് നമ്മുടെ ലോകവീക്ഷണം തന്നെ സാരമായി മാറിപ്പോയിട്ടുണ്ട്. പരമ്പരാഗത മതങ്ങൾ മരണാനന്തരജീവിതമാണ് ജീവിതാർത്ഥത്തിന്റെ പ്രധാന സ്രോതസ്സെന്നു കരുതിയപ്പോൾ പതിനെട്ടാംനൂറ്റാണ്ടിലെ പ്രത്യയശാസ്ത്രങ്ങളായ ലിബറലിസം, സോഷ്യലിസം, ഫെമിനിസം തുടങ്ങിയവയ്ക്കെല്ലാം മരണാനന്തരജീവിതത്തിൽ ഒരു താത്പര്യവും ഉണ്ടായില്ല. ഒരു കമ്മ്യൂണിസ്റ്റ് മരിച്ചുകഴിഞ്ഞാൽ അവന് അല്ലെങ്കിൽ അവൾക്ക് എന്താണു കൃത്യമായി സംഭവിക്കുക? ഒരു മുതലാളിത്തവാദിക്ക്? ഒരു ഫെമിനിസ്റ്റിന് എന്തു സംഭവിക്കും? കാറൽ മാർക്സിന്റെയോ ആദം സ്മിത്തിന്റെയോ സിമോൺ ദിബൂവയുടെയോ കൃതികളിൽ ഈവക ചോദ്യങ്ങൾക്ക് ഉത്തരം തിരയുന്നത് വെറുതേയാണ്.


ഇപ്പോഴും മരണത്തെ കേന്ദ്രകഥാപാത്രമാക്കുന്ന ഒരേയൊരു പ്രത്യയശാസ്ത്രം ദേശീയതാവാദമാണ്. അതിന്റെ ഏറ്റവും നിവൃത്തികെട്ടതും കാല്പനികവുമായ ചില നിമിഷങ്ങളിൽ ദേശീയതാവാദം ദേശത്തിനുവേണ്ടി മരിക്കുന്നവർ എന്നും അതിന്റെ സഞ്ചിതസ്മരണയിൽ എന്നെന്നും ജീവിക്കുമെന്ന് വാഗ്ദാനം നൽകാറുണ്ട്. ശരിക്കും എങ്ങനെയാണ് ഒരാൾ ഓർമ്മയിൽ 'ജീവിക്കുക'? നിങ്ങൾ മരിച്ചുകഴിഞ്ഞാൽ മറ്റുള്ളവർ നിങ്ങളെ ഓർക്കുന്നുണ്ടോ ഇല്ലയോ എന്ന് എങ്ങനെ അറിയും? സിനിമാപ്രേമികളുടെ സ്മരണകളിൽ എന്നെന്നും ജീവിക്കുവാൻ ആഗ്രഹമുണ്ടോ എന്നൊരിക്കൽ വൂഡി അലനോട് ആരോ ചോദിക്കുകയുണ്ടായി. അലൻ ഉത്തരം പറഞ്ഞു: "എനിക്കെന്റെ അപ്പാർട്ട്മെന്റിൽ എന്നെന്നും ജീവിക്കാനാണ് താത്പര്യം." ഇന്ന് പരമ്പരാഗത മതങ്ങളിൽ ചിലതൊക്കെത്തന്നെ ദൃഷ്ടി തിരിച്ചിട്ടുണ്ട്. മരണാനന്തരം ഏതോ സ്വർഗം എവിടെയോ വാഗ്ദാനം ചെയ്യുന്നതിനു പകരം ഈ ജീവിതത്തിൽ നിങ്ങൾക്കായി അവർക്ക് എന്തുചെയ്യുവാൻ



*ലോക്ഡൗണിനുശേഷം മെക്കയിലെ 'കഅബ'*




*സിമോൺ ദി ബൂവ*



*കാൾ മാർക്സ്*



*വുഡി അലൻ*



*ആദം സ്മിത്ത്*

കഴിയുമെന്നതിലേക്ക് അവർ കൂടുതൽ ശ്രദ്ധനൽകിത്തുടങ്ങിയിട്ടുണ്ട്.

ഇപ്പോഴത്തെ മഹാമാരി മനുഷ്യന് മരണത്തോടുള്ള മനോഭാവത്തിൽ മാറ്റമുണ്ടാക്കുമോ? ഇല്ലെന്നാണ് തോന്നുന്നത്. നേരേ വിപരീതമാകും സംഭവിക്കുക. കോവിഡ് 19 മനുഷ്യജീവനെ സംരക്ഷിക്കുവാനുള്ള നമ്മുടെ ശ്രമങ്ങളെ മിക്കവാറും ഇരട്ടിപ്പിക്കുകയേ ഉള്ളൂ. എന്തെന്നാൽ കോവിഡ് 19 നോടുള്ള പ്രത്യക്ഷമായ സാംസ്കാരികപ്രതികരണം വിധിക്കു കീഴടങ്ങലല്ല, ക്ഷോഭവും ആശയും കൂടിക്കലർന്ന ഒരു മനോഭാവമാണ് അത്.

ആധുനികകാലഘട്ടത്തിനുമുൻപുള്ള യൂറോപ്യൻ സമൂഹത്തിൽ ഒരു പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ട കാലത്ത് തീർച്ചയായും ജനങ്ങൾ സ്വന്തം ജീവൻ നഷ്ടപ്പെടുമോ എന്ന് ഭയക്കുകയും പ്രിയപ്പെട്ടവരുടെ മരണത്താൽ വിഷാദാകുലരാവുകയും ചെയ്തുവെങ്കിലും അവരുടെ പൊതുവായ സാംസ്കാരികപ്രതികരണം കീഴടങ്ങലിന്റേതായിരുന്നു. മനഃശാസ്ത്രജ്ഞർ അതിനെ 'അറിഞ്ഞുകൊണ്ടുള്ള നിസ്സഹായത' (learned helplessness) എന്നു വിളിച്ചേക്കാം. അത് ദൈവനിശ്ചയം ആണെന്നാണ് ജനങ്ങൾ സ്വയം വിശ്വസിച്ചത് അഥവാ മനുഷ്യരാശിയുടെ പാപങ്ങൾക്ക് ദൈവം നൽകിയ ശിക്ഷയാണെന്ന്. "ദൈവത്തിനറിയാം വേണ്ടതെന്താണെന്ന്. ദുഷ്ടരായ നാം മനുഷ്യർ ഇതർഹിക്കുന്നുണ്ട്. കണ്ടോളൂ, ഇതെല്ലാം ഒടുവിൽ നല്ലതിനായിവരും. വിഷമിക്കേണ്ട, നല്ല മനുഷ്യർക്ക് സ്വർഗ്ഗത്തിൽ സമ്മാനം ലഭിക്കും. മരുന്നു കണ്ടുപിടിക്കാനായി വെറുതേ സമയം കളയല്ലേ. ഇത് നമ്മളെ ശിക്ഷിക്കുവാൻ ദൈവം അയച്ച രോഗമാണ്. സ്വന്തം സാമർഥ്യംകൊണ്ട് മനുഷ്യർ ഈ പകർച്ചവ്യാധിയെ മറികടക്കുമെന്നു കരുതുന്നവർ മറ്റു പാപങ്ങളോടൊപ്പം അഹങ്കാരമെന്ന പാപംകൂടി സമ്പാദിക്കുകയാണ്. ദൈവേച്ഛ തടുക്കുവാൻ നമ്മളാരാണ്?"

ഇക്കാലത്തെ മനോഭാവം ഇതിനു നേർവിപരീതമാണ്. എന്തെങ്കിലുമൊരു ദുരന്തം നിരവധി മനുഷ്യരെ കൊന്നൊടുക്കുമ്പോൾ—തീവണ്ടി അപകടം, വലിയ കെട്ടിടങ്ങളിലെ തീപിടിത്തങ്ങൾ, ചുഴലിക്കാറ്റുപോലും— അത് തടുക്കാൻ സാധിക്കുമായിരുന്ന ഒരു മാനുഷികമായ വീഴ്ചയായിട്ടാണ്, അല്ലാതെ ദൈവികമായ ശിക്ഷയോ അനിവാര്യമായ പ്രകൃതിദുരന്തമോ ആയിട്ടല്ല നാം കാണുന്നത്. തീവണ്ടിക്കമ്പനി സുരക്ഷാസന്നാഹങ്ങൾക്കായി കരുതിയ പണത്തിൽ പിശുക്കുകാണിച്ചിരുന്നില്ലെങ്കിൽ, മുനിസിപ്പാലിറ്റി കുറച്ചുകൂടി മെച്ചപ്പെട്ട അഗ്നിനിയന്ത്രണനിയമങ്ങൾ സ്വീകരിച്ചിരുന്നുവെങ്കിൽ, ഗവൺമെന്റ് കുറച്ചുകൂടി വേഗത്തിൽ സഹായം എത്തിച്ചിരുന്നുവെങ്കിൽ ഈ മനുഷ്യരുടെ ജീവൻ രക്ഷിക്കാമായിരുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ കൂട്ടമരണങ്ങൾ കേസുകളിലേക്കും കേസന്വേഷണങ്ങളിലേക്കുമാണ് സ്വാഭാവികമായും തുറക്കുന്നത്.

മഹാമാരികളോടും നമുക്ക് ഇതേ മനോഭാവമാണുള്ളത്. സ്വവർഗ്ഗരതിക്കാർക്ക് ദൈവം നൽകിയ ശിക്ഷയാണ് എയ്ഡ്സ് രോഗമെന്ന് ചില മതപ്രഘോഷകർ ഉടനടി വിധിയെഴുതിയിട്ടുണ്ടെങ്കിലും ആധുനിക സമൂഹം അത്തരം അഭിപ്രായപ്രകടനങ്ങളെ അതിന്റെ ഭ്രാന്തൻ ഓരങ്ങളിലേക്ക് ദയാപൂർവം മാറ്റിയിരുത്തിയിട്ടുണ്ട്. ഇക്കാലത്ത് എയ്ഡ്സ്, എബോള, തുടങ്ങിയ പുത്തൻ സാംക്രമികരോഗങ്ങളുടെ വ്യാപനത്തെ സംഘാടനപ്പിഴവുകളായാണു പൊതുവേ കണക്കാക്കുന്നത്. ഇത്തരം മഹാമാരികളെ അടക്കിനിർത്തുവാനുള്ള അറിവും സംവിധാനങ്ങളും മനുഷ്യരാശിക്കുണ്ട് എന്നാണ് നാം അനുമാനിക്കുന്നത്; എന്നിട്ടും ഒരു പകർച്ചവ്യാധി നിയന്ത്രണാധീനമല്ലാതാവുകയാണെങ്കിൽ അത് മനുഷ്യന്റെ കഴിവുകേടാണ് അല്ലാതെ ദൈവകോപമല്ല. കോവിഡ് 19 ഉം ഇതിന് അപവാദമല്ല. വിഷമഘട്ടം തരണം ചെയ്തുകഴിഞ്ഞിട്ടില്ല, എങ്കിലും കുറ്റപത്രങ്ങൾ ഇറങ്ങിക്കഴിഞ്ഞു. രാജ്യങ്ങൾ പരസ്പരം കുറ്റംചാരുന്നു. രാഷ്ട്രീയക്കാർ എതിർചേരിയിലേക്കും തിരിച്ചും ഉത്തരവാദിത്വം എറിഞ്ഞുകളിക്കുകയാണ്, പൊട്ടാറായ കൈബോംബുപോലെ.

ക്ഷോഭത്തോടൊപ്പംതന്നെ അളവറ്റ പ്രതീക്ഷയും പ്രകടമാണ്. മരിച്ചവരെ കുഴിച്ചുമൂടുകയും ദുരന്തത്തിന് മുടന്തൻ ന്യായങ്ങൾ കണ്ടെത്തുകയും ചെയ്യുന്ന പുരോഹിതരല്ല നമ്മുടെ വീരനായകർ ജീവൻ കാക്കുന്ന ഡോക്ടർമാരാണ്. ഗവേഷണശാലകളിലെ ശാസ്ത്രജ്ഞരാണ് നമ്മുടെ ഇതിഹാസനായകർ. സ്പൈഡർമാനും വണ്ടർ വുമണും ഒടുവിൽ ചീത്ത ആൾക്കാരെ തോല്പിച്ച് ലോകത്തെ രക്ഷിക്കുമെന്ന് സിനിമ

# മരണചിന്ത കോവിഡ് 19-നു ശേഷം

കാണുന്നവർക്ക് അറിയാമെന്നപോലെ ഏതാനും മാസങ്ങൾക്കുള്ളിൽ, ഒരുപക്ഷേ, ഒരുവർഷംകൊണ്ട്, ഗവേഷണശാലകളിൽ പ്രവർത്തിക്കുന്നവർ കോവിഡ് 19-നുള്ള ഫലപ്രദമായ ചികിത്സ കണ്ടുപിടിക്കുമെന്ന്, ചിലപ്പോൾ പ്രതിരോധകുത്തിവെയ്പുതന്നെ കണ്ടെത്തുമെന്നു നമുക്കുറപ്പാണ്. ഈ ഭൂമിയിലെ ആൽഫാ ജീവി ആരാണെന്ന് അന്നു നാം ഈ നശിച്ച കൊറോണ വൈറസിനു കാണിച്ചുകൊടുക്കും! വൈറ്റ് ഹൗസ് മുതൽ വാൾസ്ട്രീറ്റിലും ഇറ്റലിയിലെ വീടുകളുടെ മട്ടുപ്പാവുകളിലും ഉള്ളവരുടെയെല്ലാം ചുണ്ടുകളിൽ ഒരേ ചോദ്യമാണുള്ളത്: 'എന്നാണ് പ്രതിരോധമരുന്ന് തയ്യാറാവുക?' എന്ന ചോദ്യം. ഉണ്ടാവുമോ എന്നല്ല.

പ്രതിരോധമരുന്ന് യഥാർത്ഥത്തിൽ തയ്യാറാവുകയും മഹാമാരിക്കാലം കഴിയുകയും ചെയ്താൽ മനുഷ്യരാശി അതിൽനിന്ന് എന്താണ് പ്രധാനമായും പഠിക്കുക? ഏറ്റവും സാദ്ധ്യതയുള്ളത്, ഇനിയും കൂടുതൽ ശ്രമങ്ങൾ മനുഷ്യജീവനെ സംരക്ഷിക്കുന്നതിനായി കരുതണം എന്ന പാഠത്തിനാണ്. കൂടുതൽ ആശുപത്രികൾ, കൂടുതൽ ഡോക്ടർമാർ, കൂടുതൽ നഴ്സുമാർ എല്ലാം ആവശ്യമുണ്ട്. കൂടുതൽ ശ്വസനസഹായ യന്ത്രങ്ങൾ, കൂടുതൽ സുരക്ഷാവസ്ത്രങ്ങൾ, കൂടുതൽ ടെസ്റ്റിങ് കിറ്റുകൾ എല്ലാം സംഭരിക്കേണ്ടതുണ്ട്. അജ്ഞാതരായ രോഗാണുക്കളെക്കുറിച്ചും പുത്തൻ ചികിത്സാരീതികൾ വികസിപ്പിച്ചെടുക്കുന്നതിനെക്കുറിച്ചും ഉള്ള ഗവേഷണങ്ങൾക്കായി കൂടുതൽ പണം മുടക്കിയേ തീരൂ. ഇനിയും നാം ഓർക്കാപ്പുറത്ത് അടിമേടിക്കരുത്.

ഇത് തെറ്റായ പഠിപ്പാണെന്നും ഈ വിഷമഘട്ടത്തിൽനിന്ന് നാം പഠിക്കേണ്ടത് എളിമയാണെന്നും ചിലർ വാദിക്കുന്നുണ്ട്. പ്രകൃതിശക്തികളെ അടക്കുന്നതിൽ നമുക്കുള്ള കഴിവുകളെക്കുറിച്ച് അമിതമായ ആത്മവിശ്വാസമൊന്നും വേണ്ട. ഈ തടസ്സക്കാരിൽ പലരും മദ്ധ്യകാലഘട്ടത്തിന്റെ ശേഷിപ്പുകളാണ്; മുഴുവൻ ശരിയുത്തരങ്ങളും അറിയാമെന്ന് നൂറുശതമാനം ഉറപ്പുപറയുകയും എളിമയെക്കുറിച്ചു പ്രസംഗിക്കുകയുമാണ് അവർ ചെയ്യുന്നത്. ചില മർക്കടമുഷ്ടിക്കാർക്ക് സ്വയം സഹായിക്കുവാനുള്ള കഴിവില്ല. ഡൊണാൾഡ് ട്രംപിന്റെ കാബിനെറ്റിന് ആഴ്ചതോറും ബൈബിൾ പാഠങ്ങൾ നൽകുന്ന ഒരു ഉപദേശി ഈ പകർച്ചവ്യാധിയും സ്വവർഗ്ഗാനുരാഗത്തിനുള്ള ദൈവശിക്ഷയാണെന്നു വാദിച്ചിട്ടുണ്ട്. എങ്കിലും പാരമ്പര്യത്തിന്റെ ഒട്ടുമിക്ക പ്രതിപുരുഷന്മാരും ഇന്ന് വേദപുസ്തകത്തിനേക്കാൾ വിശ്വാസമർപ്പിക്കുന്നത് ശാസ്ത്രത്തിലാണ്.

കത്തോലിക്കാസഭ വിശ്വാസികളോട് പള്ളിയിൽപ്പോകേണ്ടെന്ന് പറയുന്നു. ഇസ്രായേൽ സിനഗോഗുകൾ അടച്ചുപൂട്ടി. ഇറാനിലെ ഇസ്ലാമിക റിപ്പബ്ലിക് പള്ളികൾ സന്ദർശിക്കാതിരിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. ക്ഷേത്രങ്ങളും മറ്റെല്ലാ മതവിഭാഗങ്ങളും പൊതുപരിപാടികൾ നിർത്തിവെച്ചിരിക്കുന്നു. കാരണം ഒന്നേയുള്ളൂ ശാസ്ത്രജ്ഞർ കണക്കുകൂട്ടലുകൾ നടത്തുകയും ഈ ആരാധനാലയങ്ങൾ അടച്ചിടണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

തീർച്ചയായും, മനുഷ്യന്റെ അമിതമായ അഹങ്കാരത്തെക്കുറിച്ച് താക്കീതുനല്കുന്നവർ എല്ലാവരും മദ്ധ്യകാലഘട്ടത്തിലേക്കു മടങ്ങുന്നത് സ്വപ്നംകാണുന്നവരൊന്നുമല്ല. നമ്മുടെ പ്രതീക്ഷകൾ യാഥാർഥ്യത്തോടു ചേർന്നുനിൽക്കുന്നവയായിരിക്കണമെന്ന് ശാസ്ത്രജ്ഞരും സമ്മതിക്കും; ജീവിതത്തിലെ എല്ലാ ദുരന്തങ്ങളിൽനിന്നും നമ്മെ സംരക്ഷിക്കുവാനുള്ള കഴിവ് ഡോക്ടർമാർക്കുണ്ടെന്ന അന്ധമായ വിശ്വാസം നാം വളർത്തിയെടുക്കരുതുതാനും. മനുഷ്യരാശി ഒന്നാകെ കൂടുതൽ ശക്തിയാർജ്ജിക്കുമ്പോഴും വ്യക്തികൾ സ്വന്തം അബലതകൾ അഭിമുഖീകരിക്കേണ്ടിവരും. ഒരുപക്ഷേ, ഒന്നോ രണ്ടോ നൂറ്റാണ്ടിനകം ശാസ്ത്രം മനുഷ്യായുസ്സ് നിസ്സീമമായി നീട്ടിയേക്കാം, പക്ഷേ, ഇപ്പോൾ അത്രയായിട്ടില്ല. നാമെല്ലാവരും എന്നെങ്കിലുമൊരുനാൾ മരിക്കും, പ്രിയപ്പെട്ടവരുടെ വേർപാടുകൾ നമുക്കെല്ലാവർക്കും അനുഭവിക്കേണ്ടിവരും. വിരലിലെണ്ണാവുന്ന ഏതാനും കോടീശ്വരന്മാരുടെ മക്കൾക്കുമാത്രം ചിലപ്പോൾ വേണ്ടിവന്നില്ലെന്നു വരാം. നമ്മുടെ നശ്വരത നാം അംഗീകരിച്ചേ മതിയാവൂ.

നൂറ്റാണ്ടുകളായി മനുഷ്യർ മതത്തെ ഒരു പ്രതിരോധപ്രക്രിയയായി ഉപയോഗിച്ചുപോന്നിരുന്നു; മരണാനന്തരം അവർ എന്നെന്നേക്കും നിലനിൽക്കും എന്ന വിശ്വാസമാണ് അവരെക്കൊണ്ട് അങ്ങനെ ചെയ്യിച്ചിരുന്നത്. ചിലർ ഈയിടെ ശാസ്ത്രത്തെ സമാനമായ മറ്റൊരു പ്രതിരോധ പ്രക്രിയയായി ഉപയോഗിച്ചുകാണുന്നുണ്ട്; ഡോക്ടർമാർ എന്നും അവരെ കാക്കുമെന്നും അവർ എന്നെന്നേക്കും സ്വന്തം അപ്പാർട്മെന്റുകളിൽ ജീവിച്ചിരിക്കുമെന്നുമുള്ള വിശ്വാസമാണ് അതിന്റെ പിന്നിൽ. നമുക്ക് ഇവിടെ വേണ്ടത് ഒരു സന്തുലിതമായ സമീപനമാണ്. പകർച്ചവ്യാധികളെ കൈകാര്യം ചെയ്യുന്നതിൽ നമുക്കു ശാസ്ത്രത്തെ വിശ്വസിക്കാം, എങ്കിലും അപ്പോഴും വ്യക്തിഗതമായ മരണത്തെയും നശ്വരതയെയും കൈകാര്യംചെയ്യേണ്ട ചുമതല നാംതന്നെ ഏറ്റെടുക്കണം.

ഇപ്പോഴുള്ള വിഷമഘട്ടം മനുഷ്യജീവിതത്തിന്റെയും മനുഷ്യൻ കൈവരിച്ച നേട്ടങ്ങളുടെയും അസ്ഥിരസ്വഭാവത്തെക്കുറിച്ച് പലരെയും കൂടുതൽ ബോധമുള്ളവരാക്കിയേക്കാം. എന്നിരുന്നാലും, നമ്മുടെ ആധുനിക സംസ്കാരത്തിന്റെ ആകെത്തുക മിക്കവാറും വിപരീതദിശയിലേക്കാവും പോവുക. സ്വന്തം ദൗർബല്യങ്ങളെക്കുറിച്ച് ഓർമ്മവന്നതോടെ കൂടുതൽ ശക്തമായ പ്രതിരോധസംവിധാനങ്ങൾ നിർമ്മിച്ചുകൊണ്ടാവും അത് പ്രതികരിക്കുക. ഇപ്പോഴുള്ള വിഷമഘട്ടം കഴിയുന്നതോടെ വേദാന്തവിഭാഗങ്ങളുടെ ബഡ്ജറ്റിൽ ഗണ്യമായ ഉയർച്ചയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. എന്നാൽ മെഡിക്കൽ സ്കൂളുകളുടെയും ആരോഗ്യസംരക്ഷണവ്യവസ്ഥകളുടെയും ബഡ്ജറ്റുകളിൽ വൻപിച്ച വർദ്ധനവുണ്ടാകുമെന്നു ഞാൻ വാതുവെക്കാനും തയ്യാറാണ്.

ചിലപ്പോൾ മാനുഷികമായി പ്രതീക്ഷിക്കാവുന്നതിൽ ഏറ്റവും മികച്ചത് അതായിരിക്കാം. ഗവൺമെന്റുകൾ ഏതായാലും വേദാന്തത്തിൽ അത്ര കേമന്മാരല്ല. അത് അവരുടെ തട്ടകമല്ല. ഗവൺമെന്റുകൾ വാസ്തവത്തിൽ ശ്രദ്ധ ചെലുത്തേണ്ടത് കൂടുതൽ മികവുറ്റ ആരോഗ്യസംരക്ഷണസംവിധാനങ്ങൾ ഉണ്ടാക്കുവാനാണ്. വ്യക്തികൾ സ്വന്തം വേദാന്തങ്ങൾ നന്നാക്കട്ടെ. അസ്തിത്വത്തിന്റെ കടംകഥയ്ക്കു നമുക്കുവേണ്ടി തീർപ്പുണ്ടാക്കുവാനൊന്നും ഡോക്ടർമാർക്കു സാധിക്കില്ല. പക്ഷേ, നമുക്ക് അതിനുവേണ്ടി ചെലവഴിക്കുവാൻ വേണ്ടി കുറച്ചുകൂടി സമയം സമ്മാനിക്കുവാൻ അവർക്കു സാധിക്കും. ആ സമയം നമ്മൾ എങ്ങനെ ചെലവാക്കുന്നു എന്നത് നമ്മൾവേണം തീരുമാനിക്കുവാൻ.



ലോകം കോവിഡ് 19–നു ശേഷം

**യുവാൽ നോവാ ഹരാരി**
വിവർത്തനം: പ്രസന്ന കെ. വർമ്മ

# ഭരണകൂടങ്ങളും നമ്മൾ ഒരോരുത്തരും

**ഇതുവരെ നിങ്ങളുടെ വിരൽ സ്മാർട്ട് ഫോണിന്റെ സ്ക്രീനിൽ സ്പർശിച്ച് ഏതെങ്കിലുമൊരു ലിങ്ക് തുറക്കുമ്പോൾ നിങ്ങൾ വിരൽകൊണ്ടു തുറക്കുന്നത് എന്താണെന്നാണ് ഗവണ്മെന്റുകൾക്കു കൃത്യമായി അറിയേണ്ടിയിരുന്നത്. എന്നാൽ കൊറോണാ വൈറസ് വന്നതോടെ ശ്രദ്ധാകേന്ദ്രം മാറിയിരിക്കുന്നു. ഇനിയങ്ങോട്ട് ഗവൺമെന്റിന് അറിയേണ്ടത് നിങ്ങളുടെ വിരലിന്റെ ഊഷ്മാവും അതിന്റെ തൊലിക്കകമേ ഒഴുകുന്ന രക്തത്തിന്റെ സമ്മർദ്ദവുമാണ്.**

# ലോകം കോവിഡ് 19–നു ശേഷം

**മനുഷ്യരാശി** ഒരു ആഗോളപ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഒരുപക്ഷേ, നമ്മുടെ തലമുറ കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും വലിയ പ്രതിസന്ധി. ഇനിവരുന്ന ഏതാനും ആഴ്ചകളിൽ വ്യക്തികളും ഗവൺമെന്റുകളും എടുക്കുന്ന തീരുമാനങ്ങളാണ് വരുംകൊല്ലങ്ങളിലെ ലോകത്തിന്റെ രൂപംതന്നെ തീരുമാനിക്കുന്നത്. നമ്മുടെ ആരോഗ്യസംരക്ഷണസംവിധാനങ്ങളെ മാത്രമല്ല, നമ്മുടെ സാമ്പത്തികവ്യവസ്ഥയെയും രാഷ്ട്രീയത്തെയും സംസ്കാരത്തെയും അത് മാറ്റിയെഴുതും. താമസംകൂടാതെയും ഉറപ്പോടെയും നാം പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ പ്രവൃത്തികളുടെ ദൂരവ്യാപകമായ അനന്തരഫലങ്ങളെ മുൻകൂട്ടിക്കാണുകയുംവേണം. ഏതു തെരഞ്ഞെടുപ്പു നടത്തുമ്പോഴും തൊട്ടരികിലുള്ള ഭീഷണിയെ എങ്ങനെ തരണംചെയ്യാം എന്നതിൽക്കവിഞ്ഞ്, കൊടുങ്കാറ്റിനപ്പുറത്ത് ഏതുവിധത്തിലുള്ള ലോകത്താവും നാം ജീവിക്കേണ്ടിവരിക എന്നുകൂടി നാം സ്വയം ചോദിക്കണം. അതെ, കൊടുങ്കാറ്റു കടന്നുപോകും, മനുഷ്യരാശി അതിജീവിക്കും, നമ്മളിൽ ഒട്ടുമിക്കവരും ജീവനോടെതന്നെ ബാക്കിയുണ്ടാവും പക്ഷേ, നാം ജീവിക്കുക വ്യത്യസ്തമായ ഒരു ലോകത്തായിരിക്കും.

അടിയന്തരഘട്ടങ്ങളിൽ സ്വീകരിക്കേണ്ടിവന്ന പല സംവിധാനങ്ങളും ജീവിതംമുഴുവൻ തുടരേണ്ടിവരും. അടിയന്തരഘട്ടങ്ങളുടെ സ്വഭാവം അങ്ങനെയാണ്. ചരിത്രത്തിന്റെ പ്രക്രിയകളെ അവ അതിവേഗം മുന്നോട്ടോടിക്കും. സാധാരണ സമയങ്ങളിൽ വർഷങ്ങളുടെ ആലോചനകൾ വേണ്ടിവന്നേക്കാവുന്ന തീരുമാനങ്ങൾ മണിക്കൂറുകൾകൊണ്ട് നടപ്പിൽവരും. പാകമാവാത്തതും പലപ്പോഴും അപകടകാരികൾ പോലുമായ സാങ്കേതികവിദ്യകൾ നിർബന്ധപൂർവം ഉപയോഗിക്കേണ്ടിവരും, കാരണം നിഷ്ക്രിയത അതിനേക്കാൾ അപകടംപിടിച്ചതാവും. വൻതോതിലുള്ള സാമൂഹിക പരീക്ഷണങ്ങൾക്കു മുഴുവൻ രാജ്യങ്ങളും ഗിനിപ്പന്നികളാകേണ്ടിവരും. എല്ലാവരും വീട്ടിലിരുന്നു ജോലിചെയ്യുകയും സാമൂഹിക അകലം പാലിച്ചുകൊണ്ടുമാത്രം ആശയവിനിമയം നടത്തുകയും ചെയ്യുമ്പോൾ എന്തുണ്ടാകും? എല്ലാ സ്കൂളുകളും യൂണിവേഴ്സിറ്റികളും ഓൺലൈൻ ആയാൽ എന്തുണ്ടാകും? സാധാരണസമയങ്ങളിൽ ഗവൺമെന്റുകളോ വ്യവസായങ്ങളോ വിദ്യാഭ്യാസ ബോർഡുകളോ അത്തരം പരീക്ഷണങ്ങൾക്ക് ഒരിക്കലും മുതിരുകയില്ല. പക്ഷേ, ഇത് സാധാരണസമയമല്ലല്ലോ.

ഈ ആപത്ഘട്ടത്തിൽ പ്രത്യേക പ്രാധാന്യം അർഹിക്കുന്ന രണ്ടു തെരഞ്ഞെടുപ്പുകളാണ് നമുക്കുമുന്നിലുള്ളത്. ആദ്യത്തേത് സമഗ്രാധിപത്യത്തിന്റെ നിരീക്ഷണമാണോ വേണ്ടത് പൗരശാക്തീകരണമാണോ എന്നതാണ്. രണ്ടാമത്തേത് ദേശീയവാദപരമായ ഒറ്റപ്പെടൽ വേണോ ആഗോള ഐകദാർഢ്യം വേണോ എന്നതാണ്.

## തൊലിക്കകമേയുള്ള നിരീക്ഷണം

പകർച്ചവ്യാധിയെ തടയുവാൻ മുഴുവൻ ജനതയും ചില നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്. പ്രധാനമായും രണ്ടുവിധത്തിൽ ഇത് പ്രാവർത്തികമാക്കാം. ഗവൺമെന്റ് ജനങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയും നിയമം തെറ്റിക്കുന്നവരെ ശിക്ഷിക്കുകയുമാണ് ഒരു മാർഗ്ഗം. മനുഷ്യചരിത്രത്തിൽ ആദ്യമായി ഇന്ന് എല്ലാവരെയും എല്ലാ സമയത്തും നിരീക്ഷണത്തിൻകീഴിൽ കൊണ്ടുവരിക എന്നത് സാങ്കേതികവിദ്യകൊണ്ട് സാധിക്കും. അൻപതുകൊല്ലം മുൻപ് KGB വിചാരിച്ചാൽ 240 ദശലക്ഷം സോവിയറ്റ് പൗരന്മാരെ ഇരുപത്തിനാലുമണിക്കൂറും നിരീക്ഷിക്കുവാൻ കഴിയില്ലായിരുന്നു; കിട്ടുന്ന വിവരങ്ങളെല്ലാം ഫലപ്രദമായി പ്രോസസ് ചെയ്യുവാനും KGB അശക്തമായിരുന്നു. KGB മനുഷ്യരെയാണ് ഇടനിലക്കാരായും വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും ഉപയോഗിച്ചിരുന്നത്. ഓരോ പൗരന്റെയും പുറകേ നടക്കുവാൻ ഒരു ഏജന്റ് എന്നത് ചിന്തിക്കുവാൻപോലും കഴിയില്ല. എന്നാൽ ഇപ്പോൾ ഗവൺമെന്റുകൾ സർവവ്യാപികളായ സെൻസറുകളും അതിശക്തമായ അൽഗോരിതങ്ങളും ആണ് ഉപയോഗിക്കുന്നത്, മജ്ജയും മാംസവുമുള്ള രഹസ്യ ഏജന്റുമാരെയല്ല.

കൊറോണാ വൈറസിനെതിരേയുള്ള യുദ്ധത്തിൽ ചില ഗവൺമെന്റുകൾ ഇപ്പോൾത്തന്നെ പുത്തൻ നിരീക്ഷണസംവിധാനങ്ങൾ ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്. ഇതിൽ ഏറ്റവും ശ്രദ്ധേയമായത് ചൈനയുടെ രീതിയാണ്. ജനങ്ങളുടെ സ്മാർട്ട് ഫോണുകൾ സൂക്ഷ്മമായി നിരീക്ഷിക്കുക എന്ന മാർഗ്ഗത്തിലൂടെ, കോടിക്കണക്കിന് മുഖം തിരിച്ചറിയുന്ന ക്യാമറകൾ ഉപയോഗിച്ചും സ്വന്തം ശരീരോഷ്മാവും ആരോഗ്യ വിവരങ്ങളും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ജനങ്ങളെ നിർബന്ധിതരാക്കിയും ചൈനയിലെ ഗവൺമെന്റിന് കൊറോണവൈറസ് ബാധിച്ചവരെന്നു സംശയിക്കുന്നവരെ ഉടനടി തിരിച്ചറിയുവാൻ സാധിക്കുന്നുണ്ട്. മാത്രമല്ല അവരുടെ സഞ്ചാരപാതകൾ പിൻതുടരുവാനും അവരുമായി സമ്പർക്കത്തിലേർപ്പെട്ടവരെ കണ്ടെത്തുവാനുംകൂടി സാധിക്കുന്നുണ്ട്. ഒരുകൂട്ടം മൊബൈൽ ആപ്പുകൾ ചുറ്റുമുള്ള രോഗബാധിതരെക്കുറിച്ച് ജനങ്ങൾക്കു മുന്നറിയിപ്പു കൊടുക്കുന്നുണ്ട്.

ഇത്തരം സാങ്കേതികവിദ്യകൾ പൂർവേഷ്യയിൽ മാത്രമായി ഒതുങ്ങുന്നില്ല. ഇസ്രായേലിന്റെ പ്രധാനമന്ത്രിയായ ബെഞ്ചമിൻ നെതന്യാഹു ഈയിടെ ഭീകരവാദികളുമായി നേരിടേണ്ടിവരുമ്പോൾ മാത്രം ഉപയോഗിക്കാറുള്ള നിരീക്ഷണ സാങ്കേതികവിദ്യകൾ കൊറോണാവൈറസ് രോഗികളെ കണ്ടെത്തുവാനായി ഉപയോഗിക്കുവാൻ ഇസ്രായേൽ സെക്യൂരിറ്റി ഏജൻസിക്ക് അധികാരം നൽകുകയുണ്ടായി. ചുമതലയുള്ള പാർലമെന്റ് സബ്കമ്മിറ്റി ഈ നീക്കത്തിനു സാധുതനൽകുവാൻ വിസമ്മതിച്ചപ്പോൾ നെതന്യാഹു 'അടിയന്തരാവസ്ഥാ ഉത്തരവ്' ആയി അത് അടിച്ചേല്പിക്കുകയാണുണ്ടായത്.

ഇതിൽ എന്തു പുതുമയിരിക്കുന്നു എന്നു നിങ്ങൾ വാദിച്ചേക്കാം. ഈയടുത്ത ഏതാനും വർഷങ്ങളായി ഗവണ്മെന്റുകളും കോർപ്പറേഷനുകളുമെല്ലാം കൂടുതൽ കൂടുതൽ സാങ്കേതികമികവുള്ള വിദ്യകൾ ജനങ്ങളെ പിൻതുടരുവാനും നിരീക്ഷിക്കുവാനും വളച്ചൊടിക്കുവാനുമായി ഉപയോഗിക്കുന്നുണ്ടല്ലോ. എന്നിരുന്നാലും നാം ശ്രദ്ധിച്ചില്ലെങ്കിൽ പകർച്ചവ്യാധിക്കാലം നിരീക്ഷണചരിത്രത്തിൽ ഒരു നാഴികക്കല്ലായി മാറുവാൻ സാദ്ധ്യതയുണ്ട്. ഇത്രകാലവും കൂട്ടത്തോടെ നിരീക്ഷണസാമഗ്രികൾ ഉപയോഗിക്കുന്നതിനെ എതിർത്തിരുന്ന രാജ്യങ്ങളിൽ അവ സർവ്വസാധാരണമാകും എന്നതുകൊണ്ടു മാത്രമല്ല, ഇത് 'തൊലിപ്പുറമേ'യുള്ള നിരീക്ഷണത്തിൽനിന്ന് 'തൊലിക്കകമേ'യുള്ള നിരീക്ഷണത്തിലേക്കുള്ള നാടകീയമായ പരിവ



*യുവാൽ നോവാ ഹരാരി*

ർത്തനബിന്ദുവാകും എന്നതുകൊ
ണ്ടുംകൂടിയാണ്.

ഇതുവരെ നിങ്ങളുടെ വിരൽ
സ്മാർട്ട് ഫോണിന്റെ സ്ക്രീനിൽ
സ്പർശിച്ച് ഏതെങ്കിലുമൊരു ലിങ്ക്
തുറക്കുമ്പോൾ നിങ്ങൾ വിരൽകൊ
ണ്ടു തുറക്കുന്നത് എന്താണെന്നാണ്
ഗവണ്മെന്റുകൾക്കു കൃത്യമായി അ
റിയേണ്ടിയിരുന്നത്. എന്നാൽ കൊ
റോണാ വൈറസ് വന്നതോടെ ശ്ര
ദ്ധാകേന്ദ്രം മാറിയിരിക്കുന്നു. ഇനിയ
ങ്ങോട്ട് ഗവൺമെന്റിന് അറിയേണ്ടത്
നിങ്ങളുടെ വിരലിന്റെ ഊഷ്മാവും
അതിന്റെ തൊലിക്കകമേ ഒഴുകു
ന്ന രക്തത്തിന്റെ സമ്മർദ്ദവുമാണ്.

## അടിയന്തരാവസ്ഥാ പുഡ്ഡിങ്

നിരീക്ഷണസംബന്ധമായി നാം
എവിടെ നിൽക്കണമെന്നു തീരുമാനി
ക്കുന്നതിൽ നേരിടേണ്ടിവരുന്ന പ്രശ്
നങ്ങളിൽ ഒന്ന്, നമ്മൾ എങ്ങനെയൊ
ക്കെ നിരീക്ഷിക്കപ്പെടുന്നുണ്ടെന്നും
വരുംവർഷങ്ങൾ നമുക്കായി കരു
തിയിട്ടുള്ളത് എന്താണെന്നും നമു
ക്കാർക്കുംതന്നെ അറിയില്ലെന്നതാ
ണ്. നിരീക്ഷണരീതികളുടെ സാങ്കേ
തികവിദ്യകൾ കഴുത്തൊടിപ്പൻ വേ
ഗതയിലാണു മുന്നോട്ടുപോയിക്കൊ
ണ്ടിരിക്കുന്നത്; പത്തുകൊല്ലം മുൻ
പ് സയൻസ് ഫിക്ഷൻ എന്നു തോ
ന്നിയിരുന്നതെല്ലാം ഇന്ന് പഴയവാർ
ത്തയാണ്. തലച്ചോറിന് ഒരു അഭ്യാ
സം എന്ന നിലയ്ക്ക് ഇങ്ങനെയൊ
രു സാധ്യതയെക്കുറിച്ച് ചിന്തിച്ചുനോ
ക്കൂ. ഒരു ഗവണ്മെന്റ് ഇരുപത്തിനാ
ലുമണിക്കൂറും ശരീരോഷ്മാവും
ഹൃദയസ്പന്ദനത്തിന്റെ നിരക്കും
നിരീക്ഷിക്കുന്ന ഒരു ബയോമെട്രിക്
കൈവളയം ധരിക്കുവാൻ എല്ലാ
പൗരന്മാരോടും ആവശ്യപ്പെടുന്നു.
ഗവണ്മെന്റിന്റെ അൽഗോരിതങ്ങൾ
ഇതിൽനിന്നുകിട്ടുന്ന വിവരങ്ങളെ
ല്ലാം ശേഖരിച്ചുവെച്ച് പരിശോധിക്കു
ന്നു. നിങ്ങൾക്കു സുഖമില്ലെന്ന് നി
ങ്ങളറിയും മുൻപ് അൽഗോരിതങ്ങ
ൾ അറിയും. നിങ്ങൾ എവിടെയൊ
ക്കെ പോയി, ആരെയൊക്കെ കണ്ടു
എന്നും അറിയും. രോഗം സംക്രമി
ക്കുന്ന ശൃംഖലയുടെ നീളം ഇത് ഗ
ണ്യമായി കുറയ്ക്കും, ഒരുപക്ഷേ,
മുഴുവനായും ഇല്ലാതാക്കുകയും
ചെയ്യും. ഒരു പകർച്ചവ്യാധിയെ ഏ
താനും ദിവസങ്ങൾകൊണ്ടുതന്നെ
പിടിച്ചുകെട്ടുവാൻ ഇത്തരമൊരു
സംവിധാനത്തിന് കഴിയുമെന്ന വാ
ദം ന്യായമാണ്. എത്ര നല്ല ആശയം,
അല്ലേ?

എന്നാൽ ഇതിനൊരു മറുവശം
കൂടിയുണ്ട്. ഭയപ്പെടുത്തുന്ന ഒരു
നിരീക്ഷണസംവിധാനത്തിന് ഇതു
നിയമസാധുത സമ്മാനിക്കും. ഞാൻ
തുറക്കുന്നത് ഫോക്സ് ന്യൂസ് ലിങ്ക്
ആണ്, സിഎൻഎൻ ലിങ്ക് അല്ല എന്ന്
നിങ്ങളറിഞ്ഞാൽ എന്റെ രാഷ്ട്രീയ
വീക്ഷണങ്ങളെക്കുറിച്ച്, ഒരുപക്ഷേ,
എന്റെ വ്യക്തിത്വത്തെക്കുറിച്ചുപോ
ലും അത് നിങ്ങൾക്കു പറഞ്ഞുത
രും എന്നത് ഒരുദാഹരണമാണ്. എ
ന്നാൽ, ആ വീഡിയോ കാണുന്ന സ
മയത്ത് എന്റെ ശരീരോഷ്മാവിനും
രക്തസമ്മർദ്ദത്തിനും ഹൃദയമിടിപ്പി
ന്റെ തോതിനും എന്തു സംഭവിക്കു
ന്നു എന്നുകൂടി അറിയുവാൻ കഴി
ഞ്ഞാൽ എന്നെ ചിരിപ്പിക്കുന്നത് എ
ന്താണ്, എന്നെ കരയിപ്പിക്കുന്നത്
എന്താണ്, എന്നെ വല്ലാതെ ദേഷ്യം
പിടിപ്പിക്കുന്നത് എന്താണ് എന്നും

# ലോകം കോവിഡ് 19–നു ശേഷം

> കേന്ദ്രീകൃത നിരീക്ഷണങ്ങളും കടുത്ത ശിക്ഷകളും മാത്രമല്ല ഗുണകരമായ മാർഗ്ഗരേഖകളെ ജനങ്ങളെക്കൊണ്ട് അനുസരിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ. ജനങ്ങളിലേക്കു ശാസ്ത്രസത്യങ്ങൾ എത്തിക്കുകയും പൊതു അധികാരസ്ഥാപനങ്ങൾ ഈ സത്യങ്ങൾ തുറന്നുപറയുമെന്ന വിശ്വാസം ജനങ്ങളിൽ ഉണ്ടാവുകയും ചെയ്യുമ്പോൾ പൗരന്മാർ ശരിയായ കാര്യങ്ങൾ സ്വയം ചെയ്തുകൊള്ളും. അതിനായി ചുമലിനു മീതേക്കൂടി എത്തിനോക്കുന്ന ഒരു വല്യേട്ടന്റെ ആവശ്യം വരുന്നില്ല.

നിങ്ങൾക്ക് അറിയുവാൻ സാധിക്കും.

പനിയോ ചുമയോപോലെതന്നെ കോപവും സന്തോഷവും മടുപ്പും സ്നേഹവുമെല്ലാം ജൈവിക പ്രതിഭാസങ്ങളാണെന്നു മറക്കരുത്. ചുമയെ തിരിച്ചറിയുന്ന സാങ്കേതിക വിദ്യയ്ക്ക് ചിരിയെയും തിരിച്ചറിയുവാൻ കഴിവുണ്ടാകും. ഗവണ്മെന്റുകളും കോർപ്പറേഷനുകളും നമ്മുടെ ബയോമെട്രിക് വിവരങ്ങൾ കൂട്ടത്തോടെ ശേഖരിക്കുവാൻ തുടങ്ങിയാൽ നമുക്ക് സ്വയം അറിയുന്നതിനെക്കാൾ മെച്ചപ്പെട്ട രീതിയിൽ അവർക്കു നമ്മെ അറിയുവാൻ കഴിയും. അവർക്ക് നമ്മുടെ വികാരങ്ങൾ പ്രവചിക്കുവാൻ മാത്രമല്ല വളച്ചൊടിക്കുവാനും അവർക്കിഷ്ടമുള്ളത് നമ്മെക്കൊണ്ട് വാങ്ങിപ്പിക്കുവാനും സാധിക്കും. അത് ഒരു ഉത്പന്നമാകാം, ഒരു രാഷ്ട്രീയനേതാവുമാകാം. ബയോമെട്രിക് നിരീക്ഷണത്തിന്റെ മുന്നിൽ വിവരങ്ങൾ ചോർത്തുന്ന കേംബ്രിഡ്ജ് അനാലിറ്റിക്കയുടെ തന്ത്രങ്ങൾ ശിലായുഗത്തിലെ അടവുകൾപോലെയുണ്ടാവും. എല്ലാ പൗരന്മാരും ബയോമെട്രിക് കൈവളയം ഇരുപത്തിനാലുമണിക്കൂറും ധരിക്കുന്ന 2030–ലെ വടക്കൻ കൊറിയയെ ഒന്നു സങ്കല്പിച്ചുനോക്കൂ. ‘മഹാനായ നേതാവിന്റെ’ പ്രസംഗം കേൾക്കുകയാണ് നിങ്ങൾ; നിങ്ങളിൽ കോപത്തിന്റെ വ്യക്തമായ അടയാളങ്ങൾ കൈവളയം കണ്ടെത്തിയാൽ നിങ്ങളുടെ കഥ അവിടെക്കഴിഞ്ഞു.

അടിയന്തരാവസ്ഥയുടെ ഘട്ടത്തിൽ താത്കാലികമായി നടപ്പിലാക്കിയ ഒരു നിയമമായി നിങ്ങൾക്ക് ബയോമെട്രിക് നിരീക്ഷണത്തെ തീർച്ചയായും കരുതാം. അടിയന്തരാവസ്ഥ കഴിഞ്ഞാൽ ഇതും പോകും. പക്ഷേ, താത്കാലിക നടപടികൾക്ക് അടിയന്തരാവസ്ഥയെ അതിജീവിക്കുന്ന ഒരു ചീത്ത സ്വഭാവമുണ്ട്, പ്രത്യേകിച്ചും ഒരു പുതിയ അടിയന്തരാവസ്ഥ ചക്രവാളത്തിലെവിടെയോ പതിയിരിക്കുമ്പോൾ. ഉദാഹരണമായി എന്റെ സ്വദേശമായ ഇസ്രായേൽ 1948 ലെ സ്വാതന്ത്ര്യസമരക്കാലത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയുണ്ടായി; പത്രമാദ്ധ്യമങ്ങൾക്കുള്ള നിയന്ത്രണം, ഭൂമി ജപ്തിചെയ്യൽ എന്നു തുടങ്ങി പുഡ്ഡിങ് ഉണ്ടാക്കുന്നതിൽ പ്രത്യേക നിയന്ത്രണങ്ങൾ (തമാശയല്ല) വരെയുള്ള താത്കാലിക നടപടികൾ അതോടൊപ്പം നിലവിൽ വന്നു. സ്വാതന്ത്ര്യസമരമൊക്കെ ജയിച്ച് കുറേക്കാലം കഴിഞ്ഞിട്ടും ഇസ്രായേൽ അടിയന്തരാവസ്ഥ കഴിഞ്ഞതായി പ്രഖ്യാപിച്ചില്ല. 1948–ലെ പല ‘താത്കാലിക’ നടപടികളും ഇല്ലാതാക്കുവാൻ ഇസ്രായേൽ ശ്രമിച്ചില്ല (അടിയന്തരാവസ്ഥയിലെ പുഡ്ഡിങ് നിയമം 2011–ൽ ദയാപൂർവം എടുത്തുകളഞ്ഞു).

കൊറോണാ വൈറസിൽനിന്നുള്ള രോഗബാധ വട്ടപ്പൂജ്യമായാലും ഡാറ്റക്കൊതിയന്മാരായ ചില ഗവൺമെന്റുകൾ അവരുടെ ബയോമെട്രിക് നിരീക്ഷണസംവിധാനങ്ങൾ എടുത്തുമാറ്റുകയില്ല, കാരണം കൊറോണാ വൈറസിന്റെ രണ്ടാംഘട്ട ആക്രമണത്തെ അവർ ഭയക്കുന്നുണ്ട്, അല്ലെങ്കിൽ മദ്ധ്യ ആഫ്രിക്കയിൽ ഒരു പുതിയ എബോള രൂപം കൊള്ളുന്നുണ്ട്, അല്ലെങ്കിൽ നിങ്ങൾക്കു കാര്യം മനസ്സിലായല്ലോ. നമ്മുടെ സ്വകാര്യതയെച്ചൊല്ലി ഒരു വലിയ യുദ്ധംതന്നെ ഇക്കഴിഞ്ഞ വർഷങ്ങളിൽ നടന്നുപോരുന്നുണ്ട്. കൊറോണാവൈറസ് എന്ന ആപത്ഘട്ടം ആ യുദ്ധത്തിന്റെ നിർണ്ണായകബിന്ദുവാകാം. എന്തെന്നാൽ ജനങ്ങളോട് സ്വകാര്യത വേണോ ആരോഗ്യം വേണോ എന്നുചോദിച്ചാൽ അവർ മിക്കവാറും ആരോഗ്യമേ തെരഞ്ഞെടുക്കൂ.

### സോപ്പ്പോലീസ്

ജനങ്ങളോട് സ്വകാര്യതയോ ആരോഗ്യമോ ഏതെങ്കിലുമൊന്ന് തെരഞ്ഞെടുക്കുവാൻ പറയുന്നതാണ് വാസ്തവത്തിൽ പ്രശ്നത്തിന്റെ കാതൽ. കാരണം ഇതൊരു തെറ്റായ തെരഞ്ഞെടുപ്പാണ്. നമുക്ക് സ്വകാര്യതയും ആരോഗ്യവും രണ്ടും ഒരുമിച്ച് ആസ്വദിക്കുവാൻ സാധിക്കും, അങ്ങനെതന്നെയാണ് വേണ്ടതും. ആരോഗ്യസംരക്ഷണവും കൊറോണാവൈറസ് പകർച്ചവ്യാധിയുടെ നിയന്ത്രണവുമാണ് നാം തെരഞ്ഞെടുക്കുന്നതെങ്കിൽ അതിനുവേണ്ടത് സമഗ്രാധിപത്യസ്വഭാവമുള്ള നിരീക്ഷണമുറകളല്ല, പൗരശാക്തീകരണമാണ്. കഴിഞ്ഞ ഏതാനും ആഴ്ചകളിൽ കൊറോണാവൈറസ് പകർച്ചവ്യാധി നിയന്ത്രിക്കുന്നതിൽ ഏറ്റവും വിജയിച്ച ശ്രമങ്ങൾ നടത്തിയിട്ടുള്ളത് ദക്ഷിണകൊറിയയും തായ്‌വാനും സിംഗപ്പൂരുമാണ്. നിരീക്ഷണസംവിധാനങ്ങൾ ചിലതൊക്കെ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഈ രാജ്യങ്ങൾ കൂടുതലും ആശ്രയിച്ചത് വ്യാപകമായ രോഗനിർണ്ണയ ടെസ്റ്റുകളെയും സത്യസന്ധമായ റിപ്പോർട്ടുകളെയും നന്നായി ബോധവത്കരിക്കപ്പെട്ട പൊതുജനത്തിന്റെ സഹകരണത്തെയുമാണ്.

കേന്ദ്രീകൃത നിരീക്ഷണങ്ങളും കടുത്ത ശിക്ഷകളും മാത്രമല്ല ഗുണകരമായ മാർഗ്ഗരേഖകളെ ജനങ്ങളെക്കൊണ്ട് അനുസരിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ. ജനങ്ങളിലേക്കു ശാസ്ത്രസത്യങ്ങൾ എത്തിക്കുകയും പൊതു അധികാരസ്ഥാപനങ്ങൾ ഈ സത്യങ്ങൾ തുറന്നുപറയുമെന്ന വിശ്വാസം ജനങ്ങളിൽ ഉണ്ടാവുകയും ചെയ്യുമ്പോൾ പൗരന്മാർ ശരിയായ കാര്യങ്ങൾ സ്വയം ചെയ്തുകൊള്ളും. അതിനായി ചുമലിനു മീതേക്കൂടി എത്തിനോക്കുന്ന ഒരു വല്യേട്ടന്റെ



ലണ്ടനിലെ വെസ്റ്റ് മിനിസ്റ്റർ കത്തീഡ്രലിൽ ഞായർദിവസത്തെ കോവിഡാനന്തര കാഴ്ച / എ എഫ് പി

ആവശ്യം വരുന്നില്ല. സ്വയം പ്രചോദിതരാകുന്ന, മികച്ചരീതിയിൽ ബോധവത്കരിക്കപ്പെട്ട ഒരു ജനത മേയ്ക്കപ്പെടുന്നവരും അറിവില്ലാത്തവരുമായ ജനതയെക്കാൾ സ്വതവേതന്നെ ശക്തവും ഫലപ്രദവും ആയിരിക്കും.

സോപ്പിട്ടു കൈകഴുകുന്ന കാര്യം തന്നെ ഉദാഹരണമായിട്ടെടുക്കാം. മനുഷ്യന്റെ ശുചിത്വബോധത്തിനുണ്ടായ ഏറ്റവും വലിയ പുരോഗമനമാണിത്. ഈ ചെറിയ പ്രവൃത്തി ഓരോ വർഷവും ലക്ഷക്കണക്കിനു ജീവനെയാണ് നഷ്ടമാകാതെ കാക്കുന്നത്. നമുക്കിത് വലിയൊരു കാര്യമല്ലെങ്കിലും പത്തൊൻപതാം നൂറ്റാണ്ടായപ്പോൾ മാത്രമാണ് ശാസ്ത്രജ്ഞർ സോപ്പിട്ടു കൈകഴുകുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കിയത്. അതിനുമുൻപ് ഡോക്ടർമാരും നഴ്സുമാരും ഒരു ശസ്ത്രക്രിയയിൽനിന്ന് മറ്റൊന്നിലേക്കു കൈകഴുകാതെയാണു പോയിരുന്നത്. ഇന്ന് കോടിക്കണക്കിനു മനുഷ്യർ നിത്യവും കൈകഴുകുന്നുണ്ട്; 'സോപ്പ് പോലീസി'നെ പേടിച്ചിട്ടല്ല, അവർക്ക് കാര്യവിവരമുള്ളതുകൊണ്ട്. വൈറസുകളെപ്പറ്റിയും ബാക്ടീരിയയെപ്പറ്റിയും കേട്ടിട്ടുള്ളതുകൊണ്ടും ഈ ചെറുജീവികൾ രോഗങ്ങളുണ്ടാക്കുമെന്ന് അറിയുന്നതുകൊണ്ടും സോപ്പ് അവയെ നശിപ്പിച്ചുകളയുമെന്നതു കൊണ്ടുമാണ് ഞാൻ കൈകഴുകുന്നത്.

എന്നാൽ അത്തരമൊരു സഹകരണമനോഭാവവും അനുസരണയും ഉണ്ടാവണമെങ്കിൽ വിശ്വാസംവേണം. ശാസ്ത്രം, പൊതുഅധികാരസ്ഥാപനങ്ങൾ, വാർത്താമാധ്യമങ്ങൾ ഇവയിലെല്ലാം ജനങ്ങൾക്കു വിശ്വാസമുണ്ടാകണം. കഴിഞ്ഞ കുറച്ചു കൊല്ലങ്ങൾകൊണ്ട് ഉത്തരവാദിത്വബോധമില്ലാത്ത രാഷ്ട്രീയക്കാർ മനഃപൂർവം ജനങ്ങൾക്കു ശാസ്ത്രത്തിലും പൊതു അധികാരസ്ഥാപനങ്ങളിലും വാർത്താമാധ്യമങ്ങളിലുമുള്ള വിശ്വാസത്തിൽ വിള്ളലുകളുണ്ടാക്കിയിട്ടുണ്ട്. എന്നിട്ടിപ്പോൾ ഇതേ ഉത്തരവാദിത്വമില്ലാത്ത രാഷ്ട്രീയക്കാർതന്നെ ഏകാധിപത്യത്തിലേക്കുള്ള രാജപാതയിലേക്കു തിരിയുവാൻ തുടങ്ങുകയാണ്; ജനങ്ങൾ ശരിയായ പ്രവൃത്തി ചെയ്യുമെന്ന് വിശ്വസിക്കാൻ കഴിയില്ലെന്നാണ് അവരുടെ വാദം.

വർഷങ്ങൾകൊണ്ട് ദ്രവിച്ചുപോയ വിശ്വാസത്തെ ഒറ്റരാത്രികൊണ്ട് പണിതെടുക്കുവാൻ പൊതുവേ ബുദ്ധിമുട്ടാണ്. പക്ഷേ, ആപത്ഘട്ടങ്ങളിൽ മനസ്സുമാറ്റങ്ങളും വേഗമാണ് സംഭവിക്കുക. വർഷങ്ങളായി സഹോദരങ്ങളുമായി കയ്പുനിറഞ്ഞ വഴക്കുകളിൽ ഏർപ്പെട്ടിരിക്കുകയാണെങ്കിലും പെട്ടെന്നൊരു വിഷമഘട്ടം വരുമ്പോൾ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ഒരു നിലവറ തുറക്കാതെയിരുന്നത് നിങ്ങൾ പെട്ടെന്നു കണ്ടെത്തിയെന്നുവരും; നിങ്ങൾ പരസ്പരം സഹായിക്കുവാൻ ഓടിയെത്തും. നിരീക്ഷണമുറകൾ സ്ഥാപിക്കുന്നതിനുപകരം ജനങ്ങൾക്ക് ശാസ്ത്രത്തിലും പൊതു അധികാരസ്ഥാപനങ്ങളിലും മാദ്ധ്യമങ്ങളിലുമുള്ള വിശ്വാസം തിരിച്ചുപിടിക്കുവാൻ വൈകിയാണെങ്കിലും ശ്രമിക്കാവുന്നതാണ്. തീർച്ചയായും പുത്തൻ സാങ്കേതികവിദ്യകളും ഉപയോഗിക്കുകതന്നെ വേണം, പക്ഷേ, ഈ സാങ്കേതികവിദ്യകൾ പൗരന്മാരെ ശക്തരാക്കുകയാണു വേണ്ടത്. എന്റെ ശരീരോഷ്മാവും രക്തസമ്മർദ്ദവും നിരീക്ഷിക്കുന്നതിൽ എനിക്ക് ഒരു വിരോധവുമില്ല, പക്ഷേ, ആ വിവരങ്ങൾ സർവ്വശക്തമായ ഒരു ഗവണ്മെന്റിനെ സൃഷ്ടിക്കുവാൻ ഉപയോഗിക്കരുത്. മറിച്ച്, ആ വിവരങ്ങൾ കൂടുതൽ ബോധപൂർവ്വമായ വ്യക്തിഗത തെരഞ്ഞെടുപ്പുകൾ നടത്തുവാൻ എന്നെ പ്രാപ്തനാക്കണം, ഗവണ്മെന്റുകളെടുക്കുന്ന തീരുമാനങ്ങളുടെ ഉത്തരവാദിത്വം ഗവണ്മെന്റുകൾക്കുതന്നെയാണെന്ന് ഉറപ്പിക്കുകയും വേണം.

ഇരുപത്തിനാലുമണിക്കൂറും ഞാൻതന്നെ എന്റെ ആരോഗ്യനില നിരീക്ഷിച്ചാൽ മറ്റുള്ളവരുടെ ആരോഗ്യത്തിന് ഞാൻ ഒരു ഭീഷണിയായിട്ടുണ്ടോ എന്നുമാത്രമല്ല ഏതൊക്കെ ശീലങ്ങളാണ് എന്റെ ആരോഗ്യത്തിന് മുതൽക്കൂട്ടാവുന്നത് എന്നും എനിക്കു മനസ്സിലാക്കുവാൻ കഴിയും. വിശ്വാസയോഗ്യമായ സ്ഥിതിവിവരക്കണക്കുകൾ എനിക്കു ലഭ്യമാണെങ്കിൽ അവ പരിശോധിക്കുകവഴി എനിക്കുതന്നെ തീരുമാനിക്കുവാൻ സാധിക്കും ഗവണ്മെന്റ് പറയുന്നത് സത്യമാണോ എന്നും പകർച്ചവ്യാധിയെ തടയുവാൻ ഗവണ്മെന്റ് ശരിയായ നയങ്ങളാണോ സ്വീകരിക്കുന്നത് എന്നും. നിരീക്ഷണത്തെപ്പറ്റി എല്ലാവരും പറയുമ്പോൾ ഒരുകാര്യം ഓർക്കണം ഗവണ്മെന്റ് വ്യക്തികളെ നിരീക്ഷിക്കുവാൻ ഉപയോഗിക്കുന്ന അതേ നിരീക്ഷണസംവിധാനങ്ങൾകൊണ്ട് വ്യക്തികൾക്ക് ഗവണ്മെന്റിനെയും നിരീക്ഷിക്കുവാൻ കഴിയും.

കൊറോണാവൈറസ് പകർച്ച

# ലോകം കോവിഡ് 19-നു ശേഷം

> തെരഞ്ഞെടുക്കുവാനുള്ള സമയമായി. അനൈക്യമാണ് നാം തെരഞ്ഞെടുക്കുന്നതെങ്കിൽ അത് പ്രതിസന്ധിഘട്ടത്തെ ദീർഘിപ്പിക്കുമെന്നു മാത്രമല്ല ഭാവിയിൽ ഇതിലും മോശപ്പെട്ട ദുരന്തങ്ങളിലേക്കു നയിക്കുകയും ചെയ്യും. ആഗോള ഐകദാർഢ്യമാണ് നാം തെരഞ്ഞെടുക്കുന്നതെങ്കിൽ അത് കൊറോണാവൈറസിനെതിരേയുള്ള വിജയം മാത്രമാകില്ല, ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മനുഷ്യരാശിയെ ഗ്രസിച്ചേക്കാവുന്ന എല്ലാ പകർച്ചവ്യാധികൾക്കും പ്രതിസന്ധികൾക്കും എതിരേയുള്ള വിജയമായിരിക്കും.

വ്യാധി അപ്പോൾ പ്രധാനമായും ഒരു പൗരത്വപരീക്ഷയാണ്. ഇനിവരുന്ന നാളുകളിൽ നാമോരോരുത്തരും ശാസ്ത്രീയമായ വിവരങ്ങളെയും ആരോഗ്യസംരക്ഷണരംഗത്തെ വിദഗ്ദ്ധരെയും വിശ്വാസത്തിനുള്ള പാത്രങ്ങളായി തെരഞ്ഞെടുക്കണം, അല്ലാതെ അടിസ്ഥാനമില്ലാത്ത രഹസ്യസിദ്ധാന്തങ്ങളെയും സ്വന്തം കാര്യം നോക്കുന്ന രാഷ്ട്രീയക്കാരെയുമല്ല. നമ്മുടെ തെരഞ്ഞെടുപ്പുകൾ തെറ്റിപ്പോയാൽ ആരോഗ്യം സംരക്ഷിക്കുവാൻ ഇതേ മാർഗ്ഗമുള്ളൂ എന്ന തെറ്റിദ്ധാരണയിൽ നമ്മുടെ ഏറ്റവും അമൂല്യമായ സ്വാതന്ത്ര്യങ്ങളാവും അടിയറവെക്കേണ്ടിവരുക.

## നമുക്ക് ഒരു ആഗോളനയം ആവശ്യമുണ്ട്

രണ്ടാമത്തെ തെരഞ്ഞെടുപ്പുവഴി നാം തീരുമാനിക്കേണ്ടത് ദേശീയവാദപരമായ ഒറ്റപ്പെടലാണോ ആഗോള ഐകദാർഢ്യമാണോ വേണ്ടതെന്നാണ്. പകർച്ചവ്യാധിയും അതിനെത്തുടർന്നുണ്ടാകുന്ന സാമ്പത്തികപ്രതിസന്ധിയും രണ്ടും ആഗോളപ്രശ്നങ്ങളാണ്. ആഗോളതലത്തിലുള്ള സഹകരണം വഴി മാത്രമേ അവയെ നേരിടുവാൻ സാധിക്കുകയുള്ളൂ. വൈറസിനെ തോല്പിക്കുവാൻ നാം ആദ്യമായും പരമപ്രധാനമായും ചെയ്യേണ്ടത് വിവരങ്ങൾ ആഗോളതലത്തിൽ പങ്കുവെക്കുകയാണ്. മനുഷ്യർ വൈറസുകളെക്കാൾ മെച്ചമാകുന്നത് അക്കാര്യത്തിൽ മാത്രമാണ്. ചൈനയിലുള്ള ഒരു കൊറോണാവൈറസിനും അമേരിക്കയിലുള്ള ഒരു കൊറോണവൈറസിനും മനുഷ്യരെ ബാധിക്കുവാനുള്ള സൂത്രപ്പണികൾ അന്യോന്യം കൈമാറുവാൻ കഴിയില്ല; എന്നാൽ കൊറോണാവൈറസിനെക്കുറിച്ചും അതിനെ എങ്ങനെ കൈകാര്യം ചെയ്യാമെന്നതിനെക്കുറിച്ചും മൂല്യവത്തായ നിരവധി പാഠങ്ങൾ അമേരിക്കയെ പഠിപ്പിക്കുവാൻ ചൈനയ്ക്കു സാധിക്കും. ഇറ്റലിയിലെ ഒരു ഡോക്ടർ അതിരാവിലെ മിലാനിലിരുന്നു കണ്ടെത്തുന്ന കാര്യങ്ങൾകൊണ്ട് സന്ധ്യയാവുമ്പോഴേക്കും ടെഹ്റാനിലുള്ള മനുഷ്യരുടെ ജീവൻ കാക്കുവാനാകും. പല നയങ്ങളിൽ ഏതു സ്വീകരിക്കണമെന്ന് ഇംഗ്ലണ്ടിലെ ഗവണ്മെന്റ് ചിന്താക്കുഴപ്പത്തിലാകുമ്പോൾ, ഇതുപോലൊരു വിഷമഘട്ടം മാസങ്ങൾക്കുമുൻപ് അഭിമുഖീകരിക്കേണ്ടിവന്ന കൊറിയക്കാരിൽനിന്ന് ഉപദേശം സ്വീകരിക്കാം. എങ്കിലും ഇങ്ങനെയൊക്കെ സംഭവിക്കണമെങ്കിൽ നമുക്ക് ആഗോളസഹകരണത്തിന്റെയും വിശ്വാസത്തിന്റെയും ഊർജ്ജം ആവശ്യമുണ്ട്.

വിവരങ്ങൾ മറച്ചുവെക്കാതെ പങ്കിടുവാനും എളിമയോടെ ഉപദേശങ്ങൾ തേടുവാനും ലഭിക്കുന്ന വിവരങ്ങളും ഉൾക്കാഴ്ചകളും വിശ്വസിക്കുവാനും രാജ്യങ്ങൾക്ക് കഴിയണം. കൂടാതെ ചികിത്സയ്ക്കായുള്ള ഉപകരണങ്ങൾ, പ്രധാനമായും ശ്വസനസഹായയന്ത്രങ്ങളും ടെസ്റ്റ് ചെയ്യുവാനുള്ള കിറ്റുകളും, നിർമ്മിക്കുവാനും വിതരണം ചെയ്യുവാനും ഒരു ആഗോളപ്രയത്നം നമുക്കാവശ്യമുണ്ട്. ഓരോ രാജ്യവും തദ്ദേശീയമായി ഇത് ചെയ്യുവാൻ ശ്രമിക്കാതെ, കിട്ടുന്ന യന്ത്രങ്ങളൊക്കെ സംഭരിച്ചുകൂട്ടുവാൻ ശ്രമിക്കാതെ, ആഗോളതലത്തിൽ സംഘടിതമായി ശ്രമിക്കുകയാണെങ്കിൽ അത് നിർമ്മാണം ഊർജ്ജിതമാക്കുകയും ജീവരക്ഷയ്ക്കായുള്ള യന്ത്രങ്ങൾ കൂടുതൽ ന്യായമായ രീതിയിൽ വിതരണം ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യും. യുദ്ധകാലത്ത് രാജ്യങ്ങൾ മർമ്മപ്രധാനമായ വ്യവസായങ്ങളെ ദേശീയവത്കരിക്കാറുള്ളതുപോലെ കൊറോണാവൈറസിനെതിരേയുള്ള മനുഷ്യരുടെ യുദ്ധത്തിൽ നിർണ്ണായകമായ ഉത്പാദനമേഖലകളെ നാം 'മനുഷ്യവത്കരി'ക്കേണ്ടതുണ്ട്. കുറച്ചുമാത്രം കൊറോണാ രോഗബാധിതരുള്ള സമ്പന്നരാഷ്ട്രം അവരുടെ പക്കലുള്ള അമൂല്യമായ ചികിത്സാഉപകരണങ്ങൾ കൂടുതൽ കൊറോണാ ബാധിതരുള്ള ദരിദ്രരാഷ്ട്രത്തിന് നൽകുവാൻ തയ്യാറാകണം; എപ്പോഴെങ്കിലും സഹായം ആവശ്യംവന്നാൽ മറ്റു രാജ്യങ്ങൾ സഹായത്തിനെത്തുമെന്ന് വിശ്വാസമുണ്ടാകണം.

അതുപോലെതന്നെ വൈദ്യരംഗത്തു പ്രവർത്തിക്കുന്നവരുടെ സഹായവും പങ്കിട്ടെടുക്കുവാനുള്ള ഒരു ആഗോളപ്രയത്നത്തെക്കുറിച്ചും ചിന്തിക്കാവുന്നതാണ്. രോഗബാധ കുറഞ്ഞ രാജ്യങ്ങളിൽനിന്ന് ആരോഗ്യപ്രവർത്തകരെ രോഗബാധ വല്ലാതെ കൂടുതലുള്ള ലോകത്തെ മറ്റു പ്രവിശ്യകളിലേക്ക് അയയ്ക്കാം; ഇതുകൊണ്ട് രോഗബാധയുള്ള രാജ്യത്തിന് ആവശ്യമുള്ള സമയത്ത് സഹായവും ആരോഗ്യപ്രവർത്തകർക്ക് അമൂല്യമായ അനുഭവസമ്പത്തും ലഭിക്കും. പിന്നീട് പകർച്ചവ്യാധിയുടെ കേന്ദ്രം മാറിയാൽ സഹായം തിരിഞ്ഞൊഴുകുകയുമാകാം.

സാമ്പത്തികരംഗത്തും ആഗോളസഹകരണം അടിയന്തരമായി ആവശ്യമുണ്ട്. സമ്പദ്‌വ്യവസ്ഥയുടെയും വിതരണശൃംഖലകളുടെയും ആഗോളസ്വഭാവം കണക്കിലെടുക്കുമ്പോൾ ഓരോ ഗവണ്മെന്റും മറ്റുള്ളവരെ തീരെ പരിഗണിക്കാതെ സ്വന്തം കാര്യം നോക്കിയാൽ അതിന്റെ ഫലം അരാജകത്വവും അടിക്കടി ആഴംകൂടുന്ന അപകടനിലയുമാവും. നമുക്ക് ഒരു ആഗോളകർമ്മപദ്ധതി ആവശ്യമുണ്ട്, അത് ഉടനടി വേണംതാനും.

മറ്റൊരു ആവശ്യം ഗതാഗതരംഗത്ത് ആഗോളതലത്തിലുള്ള ഒരു

ഉടമ്പടിയാണ്. അന്താരാഷ്ട്രഗതാഗതം മാസങ്ങളോളം നിർത്തിവെച്ചാൽ അത് ഭീകരമായ വിഷമങ്ങളുണ്ടാക്കും, കൊറോണാവൈറസിനെതിരേയുള്ള യുദ്ധത്തിനും അത് തടസ്സമുണ്ടാക്കും. കുറഞ്ഞത് അത്യന്താപേക്ഷിത യാത്രക്കാരുടെ ഒരു ചെറുചാലെങ്കിലും അതിർത്തികൾ മുറിച്ച് ഒഴുകിക്കൊണ്ടിരിക്കുവാൻ വേണ്ടി രാജ്യങ്ങൾ തമ്മിൽ സഹകരിച്ചേ മതിയാവൂ: ശാസ്ത്രജ്ഞർ, ഡോക്ടർമാർ, മാദ്ധ്യമപ്രവർത്തകർ, രാഷ്ട്രീയനേതാക്കൾ, വ്യവസായികൾ ഇവരെല്ലാം അതിൽപ്പെടും. യാത്രയ്ക്കുമുൻപ് സ്വന്തം രാജ്യത്ത് ഈ യാത്രക്കാരെ പരിശോധിച്ചിരിക്കണമെന്ന ഒരു ആഗോള കരാറിൽ എത്തിച്ചേർന്നാൽ ഇത് ചെയ്യാവുന്നതേയുള്ളൂ. ശ്രദ്ധാപൂർവം പരിശോധിക്കപ്പെട്ട യാത്രക്കാർ മാത്രമേ വിമാനത്തിൽ കയറുകയുള്ളൂ എന്നുറപ്പുണ്ടെങ്കിൽ അവരെ സ്വന്തം രാജ്യത്തേക്കു സ്വാഗതംചെയ്യുവാൻ ആർക്കും വിരോധമുണ്ടാവില്ല.

നിർഭാഗ്യവശാൽ, ഇപ്പോൾ ഒരു രാജ്യവും ഇവയൊന്നുംതന്നെ ചെയ്യുന്നില്ല. അന്താരാഷ്ട്രസമൂഹത്തെ ഒരു കൂട്ടായ മരവിപ്പ് പിടികൂടിയിരിക്കുന്നു. മുറിയിൽ മുതിർന്നവരൊന്നും ഇല്ലെന്നുതോന്നുന്നു. ആഴ്ചകൾക്കുമുമ്പുതന്നെ ലോകനേതാക്കന്മാർ ഒത്തുകൂടി പൊതുവായ ഒരു കർമപദ്ധതി കണ്ടെത്തുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഒടുവിൽ ഈയാഴ്ച മാത്രമാണ് G 7 നേതാക്കൾ ഒരു വീഡിയോ കോൺഫറൻസ് കൂടിയത്, അങ്ങനെയൊരു പദ്ധതിയൊന്നും ഉരുത്തിരിഞ്ഞതുമില്ല.

ഇതിനു മുൻപുണ്ടായിട്ടുള്ള ആഗോളപ്രതിസന്ധിഘട്ടങ്ങളിൽ—2008-ലെ സാമ്പത്തിക പ്രതിസന്ധി, 2014-ലെ എബോള പകർച്ചവ്യാധി—അമേരിക്ക ലോകനേതാവിന്റെ അങ്കി സ്വയം അണിഞ്ഞിരുന്നു. എന്നാൽ ഇപ്പോഴത്തെ അമേരിക്കൻ ഭരണകൂടം നേതാവിന്റെ ജോലിയിൽ നിന്ന് ഒഴിഞ്ഞിരിക്കുകയാണ്. അമേരിക്കയുടെ മാഹാത്മ്യത്തിലാണ് മനുഷ്യരാശിയുടെ ഭാവിയെക്കാൾ താത്പര്യമെന്ന് അവർ തികച്ചും വ്യക്തമാക്കിയിട്ടുമുണ്ട്.

ഈ ഭരണകൂടം അതിന്റെ ഏറ്റവും അടുത്ത സഖാക്കളെപ്പോലും ഉപേക്ഷിച്ചിരിക്കുകയാണ്. യൂറോപ്യൻ യൂണിയനിൽനിന്നുള്ള എല്ലാവിധ ഗതാഗതവും നിരോധിച്ച സമയത്ത് മുൻകൂട്ടി അറിയിക്കുവാനുള്ള മര്യാദപോലും അമേരിക്കൻ ഭരണകൂടം പ്രദർശിപ്പിച്ചില്ല. അത്തരമൊരു കടുത്ത നടപടി സ്വീകരിക്കുമ്പോൾ യൂറോപ്യൻ യൂണിയനുമായി ചർച്ചചെയ്യുകയെന്നത് ചിന്തിച്ചുപോലും കാണില്ല. കോവിഡ് 19 –നൊരു പുതിയ പ്രതിരോധമരുന്നിന്റെ കുത്തകാവകാശം വിലയ്ക്കുവാങ്ങുവാനായി ഒരു ബില്യൺ ഡോളർ ജർമനിയിലെ ഒരു ഔഷധക്കമ്പനിക്ക് വാഗ്ദാനം ചെയ്യുകവഴി അവർ ജർമ്മനിയെയും അപമാനിച്ചു. ഇനി, ഇപ്പോഴത്തെ ഭരണകൂടം ക്രമേണ നയങ്ങളിൽ മാറ്റംവരുത്തുകയും ഒരു ആഗോള കർമ്മപദ്ധതി നിർദ്ദേശിക്കുകയും ചെയ്താൽപ്പോലും, ഒരിക്കലും ഉത്തരവാദിത്വം ഏല്ക്കാത്ത, ഒരിക്കലും തെറ്റുകൾ ഏറ്റുപറയാത്ത, എല്ലാ പ്രശംസകളും സ്വയം ഏറ്റെടുക്കുന്ന, കുറ്റങ്ങളെല്ലാം മറ്റുള്ളവർക്കായി നീക്കിവെക്കുന്ന ഒരു നേതാവിനെ പിന്തുണയ്ക്കുവാൻ ചുരുക്കംപേരേ കാണൂ.

അമേരിക്ക സൃഷ്ടിച്ച ശൂന്യത മറ്റു രാജ്യങ്ങൾ ഇല്ലാതാക്കിയില്ലെങ്കിൽ ഇപ്പോഴത്തെ പകർച്ചവ്യാധി തടയുവാൻ വിഷമമാകുമെന്നു മാത്രമല്ല അതിന്റെ ശേഷിപ്പുകൾ അന്താരാഷ്ട്രബന്ധങ്ങളിൽ വർഷങ്ങളോളം വിഷം കലർത്തിക്കൊണ്ടിരിക്കുകയും ചെയ്യും. എന്നിരുന്നാലും ഓരോ പ്രതിസന്ധിയും ഒരു പുതിയ അവസരംകൂടിയാണ്. ആഗോളതലത്തിലെ അനൈക്യത്തിന്റെ ഭീകരമായ അപകടങ്ങൾ തിരിച്ചറിയുവാൻ മനുഷ്യരാശിയെ ഈ പകർച്ചവ്യാധി സഹായിക്കുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

തെരഞ്ഞെടുക്കുവാനുള്ള സമയമായി. നാം അനൈക്യത്തിന്റെ മാർഗ്ഗത്തിലൂടെ മുന്നോട്ടുപോകുമോ അതോ ആഗോള ഐകദാർഢ്യത്തിന്റെ പാത സ്വീകരിക്കുമോ? അനൈക്യമാണ് നാം തെരഞ്ഞെടുക്കുന്നതെങ്കിൽ അത് പ്രതിസന്ധിഘട്ടത്തെ ദീർഘിപ്പിക്കുമെന്നു മാത്രമല്ല ഭാവിയിൽ ഇതിലും മോശപ്പെട്ട ദുരന്തങ്ങളിലേക്കു നയിക്കുകയും ചെയ്യും. ആഗോള ഐകദാർഢ്യമാണ് നാം തെരഞ്ഞെടുക്കുന്നതെങ്കിൽ അത് കൊറോണാവൈറസിനെതിരേയുള്ള വിജയം മാത്രമാകില്ല, ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മനുഷ്യരാശിയെ ഗ്രസിച്ചേക്കാവുന്ന എല്ലാ പകർച്ചവ്യാധികൾക്കും പ്രതിസന്ധികൾക്കും എതിരേയുള്ള വിജയമായിരിക്കും.

**പച്ചക്കുതിര**
**ഡിജിറ്റൽ ഫണ്ട്ട്രാൻസ്ഫർ വഴിയും വരിസംഖ്യ അടക്കാം**
വിശദാംശങ്ങൾ വിളിച്ചറിയിക്കേണ്ട ഫോൺ നമ്പറുകൾ:
**0481 2301614, 99461 08448**
DC Books A/C :
**0315073000000386**
IFSC: **SIBL0000315**
South Indian Bank,
Kanjikuzhy, Kottayam

ഇപ്പോൾ
iPad, Android, Computer
എന്നിവയിലും
**ഡിജിറ്റൽ എഡിഷനുകൾ ഇപ്പോൾത്തന്നെ ഡൗൺലോഡ് ചെയ്യൂ**
digitalmagazines.dcbooks.com/pachakuthira

**തപാൽവഴി ലോകത്തെവിടെയും പച്ചക്കുതിര**

| | |
|---|---|
| ഒറ്റപ്രതി | : 20 രൂപ |
| വാർഷിക വരിസംഖ്യ (12 ലക്കം) | : 240 രൂപ |
| രണ്ടുവർഷം (24 ലക്കം) (ഇന്ത്യയ്ക്കകത്ത്) | : 480 രൂപ |
| വിദേശം (12 ലക്കം) | : 1750 രൂപ |

3 വർഷത്തെ വരിസംഖ്യ 720 രൂപ അടയ്ക്കുന്നവർക്ക് 36+6=42 ലക്കങ്ങൾ


വരിസംഖ്യ ഡിസി ബുക്സ്/ കറന്റ് ബുക്സ് ശാഖകളിൽ നേരിട്ടും അടയ്ക്കാവുന്നതാണ്.

ഡ്രാഫ്റ്റുകൾ ഡി സി ബുക്സ്, കോട്ടയം എന്ന പേരിൽ എടുക്കുക.

തപാൽ വിലാസം
സർക്കുലേഷൻ മാനേജർ
പച്ചക്കുതിര, ഡി സി കിഴക്കെമുറി ഇടം
ഗുഡ് ഷെപ്പേഡ് സ്ട്രീറ്റ്
കോട്ടയം 686 001
ഫോൺ: 0481 2300502, 9846133335
**Online subscription:**
**www.dcbookshop.net**
**www.dcbookstore.com**

## കൊറോണ: അച്ചടിമാധ്യമം

**എൻ. പി. രാജേന്ദ്രൻ**



# വ്യാജവാർത്തകളിൽ ജനാധിപത്യം മുങ്ങിച്ചാവരുത്

**കൊറോണ ഏല്പിച്ച ആഘാതം ക്രമേണ ദുർബലമാകാമെങ്കിലും അച്ചടിമാധ്യമം ഇനിയൊരിക്കലും നല്ല കാലത്തേക്കു തിരിച്ചുപോകില്ല എന്നുറപ്പായിട്ടുണ്ട്. ഒരു ദശകത്തിനിടയിൽ അച്ചടിയിൽനിന്ന് ഓൺലൈൻ ഓൺലി ആയി മാറിയതിലേറെ പ്രസിദ്ധീകരണങ്ങൾ ഈ കൊറോണക്കാലത്ത് ഓൺലൈൻ മാത്രമായി മാറിയിട്ടുണ്ട് എന്നാണ് ചില കണക്കുകൾ കാണിക്കുന്നത്. പക്ഷേ, ഇപ്പോഴും ഓൺലൈൻ ലാഭകരമായി നടത്തുന്ന സ്ഥാപനങ്ങൾ അപൂർവമാണ്.**

**മനുഷ്യന്റെ** ആയുസ്സ് കൂടുകയാണ്. വൈദ്യശാസ്ത്രം വളർന്നാൽ രോഗങ്ങളും മരണവും ഇല്ലാതാവും. ആയുസ്സ് കൂടും. അതെത്ര കൂടാം എന്നതിനെക്കുറിച്ച് ചില പ്രവചനങ്ങൾ വൈദ്യശാസ്ത്രലേഖനങ്ങളിൽ വായിച്ചിട്ടുണ്ട്. ശരാശരി മനുഷ്യായുസ്സ് വെറും 25 ആയിരുന്ന കാലം അതിവിദൂരഭൂതകാലത്തൊന്നുമല്ല. 1960-ൽ ജനിച്ചവരുടെ ആയുസ്സ് ശരാശരി 52.5 ആയിരുന്നു. 2019-ൽ ജനിച്ചവരുടേത് 85 വരെ ഉയരും. അതിനുംശേഷം, രോഗം പിടിപെട്ട് ആരും മരിക്കാത്ത അവസ്ഥ കൈവരിക്കുമെന്നും മനുഷ്യായുസ്സ് നൂറിനുമേൽ കടക്കുമെന്നും വിദഗ്ദ്ധരുടെ പ്രവചനങ്ങൾ ഉണ്ടായി. കൊറോണയുടെ വരവിനുശേഷം ഈ പ്രവചനങ്ങൾ നിലനിൽക്കുമോ എന്നാർക്കും പറയാനാവില്ല. എല്ലാം കീഴ്മേൽ മറിഞ്ഞിരിക്കുന്നു.

മനുഷ്യന്റെ ഓവർസ്പീഡിലുള്ള പാച്ചിലിനു കൊറോണപോലുള്ള സഡൺ ബ്രേക്കുകൾ വരുമ്പോൾ നമ്മുടെ സംസ്കാരത്തിന്റെ ഒരു മേഖലയുടെയും ഭാവിയെക്കുറിച്ച് ഒന്നും പ്രവചിക്കാനാവില്ല എന്നു വരുന്നു. സങ്കല്പങ്ങളും പ്രതീക്ഷകളും പ്രവചനങ്ങളും നിരർത്ഥകമാകും. സോപ്പുവെള്ളം തട്ടിയാൽ ചത്തുപോകുന്ന ഒരു സൂക്ഷ്മജീവി മനുഷ്യവംശത്തിനുതന്നെ ഭീഷണിയായി വരുമെന്ന് ആരും കരുതിയിരുന്നില്ല. ഈ മഹാമാരി പിടിച്ചുകുലുക്കാതെ പോകുന്ന ഒരു മേഖലയുമില്ല. ഒരു മേഖലയും കൊറോണയ്ക്കുശേഷം—അങ്ങനെയൊരു നാളുണ്ടാവട്ടെ—ഇന്നത്തെപ്പോലെയാവില്ല എന്നുറപ്പിക്കാം.

## വർക്ക് ഫ്രം ഹോം രോഗം

കൊറോണ രണ്ടു മാസം പിന്നിടുംമുൻപുതന്നെ, പല മേഖലകളിലും നേരത്തേ സങ്കല്പിച്ചിട്ടേ ഇല്ലാത്ത മാറ്റങ്ങൾ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. നാല്പതോളം പേർ ജോലി ചെയ്യുന്ന ഒരു ഓൺലൈൻ മാധ്യമസ്ഥാപനത്തിലെ പത്രപ്രവർത്തകനുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇപ്പോഴവിടെ നാലഞ്ചു പേർ മാത്രമേ ഓഫീസിൽ ഹാജരായി ജോലി ചെയ്യുന്നുള്ളൂ എന്നാണ്. ബാക്കിയെല്ലാവരും വീട്ടിലിരുന്നാണു പ്രവർത്തിക്കുന്നത്. എന്തു സുഖം എന്നാവും ആരുടെയും ആദ്യ പ്രതികരണം. ഓഫീസിലിരുന്നു ചെയ്തതിനേക്കാൾ കൂടുതൽ ജോലി ഇപ്പോൾ വീട്ടിലിരുന്നു ചെയ്യേണ്ടിവരുന്ന നിരാശയിലാണത്രേ അവരിപ്പോൾ. ഓഫീസിലായിരുന്നപ്പോൾ ജോലി തുടങ്ങാനും അവസാനിപ്പിക്കാനും നിശ്ചിതസമയം ഉണ്ടായിരുന്നു. ഇപ്പോഴതൊന്നും ബാധകമല്ല. ഏതു സമയത്തും പുതിയ ചുമതലകൾ ചുമലിൽ വന്നുവീഴാം. വീട്ടിലിരുന്നു പണിയെടുക്കാൻ പറഞ്ഞാൽ ആളുകൾ ഉഴപ്പുകയേ ഉള്ളൂ എന്നാണ് അടുത്തകാലംവരെ ഉണ്ടായിരുന്ന ധാരണ. ഐ.ടി രംഗത്ത് അത് എന്നേ മാറി. മാധ്യമരംഗത്തും മാറിയിരിക്കുന്നു. എത്ര മണിക്ക് ജോലി തുടങ്ങിയെന്നും എന്തെല്ലാം ചെയ്തു എന്നും എത്ര തവണ സീറ്റിൽനിന്ന് എഴുന്നേറ്റുപോയി എന്നും ഇപ്പോൾ റെക്കോഡ് ചെയ്യാൻ കഴിയുമല്ലോ. ആളുകളെ വീടുകളിൽത്തന്നെ ഇരുത്തുന്നത് ഗുണമോ ദോഷമോ? പറയാറായില്ല.

കൊറോണ മാറിയാലും വർക്ക് ഫ്രം ഹോം എന്ന 'രോഗം' മാറാൻ പോകുന്നില്ല. സ്ഥാപനനടത്തിപ്പുകാർക്ക് ഈ പരിഷ്കാരം ലാഭമുണ്ടാക്കും. ഓഫീസ് സ്ഥലം ചുരുക്കിയാൽ കെട്ടിടംപണി ഇനത്തിൽ ചെലവു വെട്ടിച്ചുരുക്കാം. ഒഴിവുവരുന്ന ഇടം വാടകയ്ക്കു കൊടുക്കാം. നഗരത്തിൽ സ്ക്വയർ ഫീറ്റ് എന്താ വില!. ഓഫീസിൽ വരാനുള്ള യാത്രച്ചെലവ്, പെട്രോൾ, ഫർണിച്ചർ, വൈദ്യുതി, പാർക്കിങ്, യാത്രാബത്ത...കൊറോണകൊണ്ട് ഇങ്ങനെ ചില ലാഭങ്ങളുമുണ്ട്!

വർക് ഫ്രം ഹോം പലതരം മനോഭാവപ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം. തൊഴിലാളികളെല്ലാം കൺമുന്നിൽ ഉണ്ടായിരിക്കുക, നിരന്തര നിരീക്ഷണത്തിലൂടെയും ആജ്ഞകളിലൂടെയും അവരെ എപ്പോഴും ഭരിക്കുക തുടങ്ങിയ പഴയകാല മനോഭാവങ്ങൾ മാറുകയാണ്. തൊഴിലാളികൾ മാനേജ്മെന്റുകളുടെ കൺവെട്ടത്തുനിന്നു മാറുന്നതോടെ അവരുടെ തൊഴിലാളിയെന്ന ബോധത്തിനുതന്നെ ഊനംതട്ടുകയായി. അവകാശങ്ങൾ ചോദിക്കുകയോ കൂട്ടായി വിലപേശുകയോ കമ്പനിനടത്തിപ്പിൽ വ്യക്തികളെന്ന നിലയിൽ പങ്കാളികളാവുകയോ ചെയ്യുന്നതിനുള്ള ശേഷി നഷ്ടപ്പെടുന്ന ഒരു തൊഴിലാളിവർഗം ഉടമസ്ഥവർഗത്തിനു സന്തോഷവും തൃപ്തിയും നൽകും. പക്ഷേ, ജേണലിസ്റ്റുകളാകട്ടെ, ഓഫീസ് ജീവനക്കാരാകട്ടെ അവർ തമ്മിൽ തൊഴിൽപരമായ ഒന്നിപ്പും വ്യക്തിപരമായ സൗഹാർദ്ദവും മുൻപത്തെപ്പോലെ ഉണ്ടായേക്കില്ല. അവർ ഒരു സംഘമല്ല, വ്യക്തിയാണ് എന്നു വരുന്നു. അല്ലെങ്കിൽത്തന്നെ, സംഘടിതശക്തിയോ കൂട്ടായ വിലപേശലോ ഇല്ലാതായിക്കഴിഞ്ഞ മാധ്യമംപോലുള്ള വ്യവസായങ്ങളിൽ ഇത് ആർക്കാണു ഹാനികരമാവുക, ആർക്കാണ് ഗുണംചെയ്യുക എന്നൊന്നും വിശദീകരിക്കേണ്ടതില്ല.

## അച്ചടിയുടെ ഭാവി

കൊറോണ ലോകത്തെങ്ങും മാധ്യമങ്ങളെ തകർക്കുന്നുണ്ട്. അച്ചടിമാധ്യമങ്ങൾക്കാണ് നഷ്ടമേറെ. വില്പന-പരസ്യവരുമാനത്തിൽ വലിയ ഇടിവാണുണ്ടാകുന്നത്. കൊറോണയ്ക്കു മുമ്പും പത്രങ്ങളുടെ പ്രചാരം കുറയുകയായിരുന്നു. കഴിഞ്ഞ രണ്ടു ദശകമായി പാശ്ചാത്യലോകത്ത് എണ്ണമറ്റ പത്രസ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയത്. അടച്ചുപൂട്ടലിന് ഇപ്പോൾ ഊക്കുകൂടിയിരിക്കുന്നു. ഏഷ്യയിലെ പത്രമേഖലയിലുള്ളവർ മുമ്പു പറഞ്ഞിരുന്നത് സൂര്യൻ കിഴക്കുദിക്കുകയും പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുന്നതുപോലെ പത്രങ്ങളും കിഴക്ക് ഉയർന്നുപൊങ്ങുകയാണ് എന്നായിരുന്നു. പക്ഷേ, ഇപ്പോൾ കിഴക്കും പത്രങ്ങളുടെ അസ്തമയമാണു കാണുന്നത്. ഉദയസൂര്യന്റെ നാടായ ജപ്പാനിൽത്തന്നെ പത്രങ്ങളുടെ പ്രചാരം ഒരു കോടിയിലേറെ കുറഞ്ഞു എന്നു കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇന്ത്യയിലും സ്ഥിതി മോശമാണ് എന്ന് സ്ഥാപനങ്ങൾക്കറിയാം; അവർ സമ്മതിക്കില്ല എന്നുമാത്രം. കൊറോണ ഏല്പിച്ച ആഘാതം ക്രമേണ ദുർബലമാകാമെങ്കിലും അച്ചടിമാധ്യമം ഇനിയൊരിക്കലും നല്ല കാലത്തേക്കു തിരിച്ചുപോകില്ല എന്നുറപ്പായിട്ടുണ്ട്. ഒരു ദശകത്തിനിടയിൽ അച്ചടിയിൽനിന്ന് ഓൺലൈൻ ഓൺലി ആയി മാറിയതിലേറെ പ്രസിദ്ധീകരണങ്ങൾ ഈ കൊറോണക്കാലത്ത് ഓൺലൈൻ മാത്രമായി മാറിയിട്ടുണ്ട് എന്നാണ് ചില കണക്കുകൾ കാണിക്കുന്നത്. പക്ഷേ, ഇപ്പോഴും ഓൺലൈൻ ലാഭകരമായി നടത്തുന്ന സ്ഥാപനങ്ങൾ അപൂർവമാണ്.

പ്രതിസന്ധി ഏതാനും മാസങ്ങൾ കഴിഞ്ഞാൽ തീരുമെന്നോ കൊറോണയ്ക്കുശേഷം സ്ഥിതി ഭേദപ്പെടുമെന്നോ ഉള്ള പ്രതീക്ഷ പത്രനടത്തിപ്പുകാരിലില്ല ഒരിടത്തും. 'ടൈംസ് ഓഫ് ഇന്ത്യ' പോലുള്ള വൻകിടക്കാർപോലും ജീവനക്കാരെ-സീനി

# കൊറോണ: അച്ചടിമാധ്യമം

> മാധ്യമങ്ങൾ സഹായം തേടുന്നതും അവരുടെ ആപത്‌രക്ഷകനായി ഭരണകൂടം രംഗപ്രവേശനം ചെയ്യുന്നതും ഇപ്പോൾ പല രാജ്യങ്ങളിലും കണ്ടുവരുന്നുണ്ട്. അതു സ്വീകരിക്കപ്പെടാനാണ് സാധ്യത. ഇത്തരം നിർദ്ദേശങ്ങൾ പല രാജ്യങ്ങളിലും അടിസ്ഥാന മാധ്യമതത്ത്വങ്ങളെക്കുറിച്ചുള്ള ചർച്ചയിലേക്കു നയിച്ചിട്ടുണ്ട്. സർക്കാർ സഹായംകൊണ്ടേ മുന്നോട്ടുപോകാനാവൂ എന്നു വരുന്നത് മാധ്യമങ്ങളുടെ വിശ്വാസ്യത നിശ്ശേഷം ഇല്ലാതാക്കില്ലേ?

യർ ജേണലിസ്റ്റുകളെവരെ– പിരിച്ചയയ്ക്കുന്നു. പതിനായിരത്തിലേറെ ജീവനക്കാരുള്ള, 45 ദിനപത്രങ്ങൾ പ്രസിദ്ധീകരിക്കുന്ന, പല വർഷങ്ങളിലും അഞ്ഞൂറു കോടി രൂപയിലേറെ ലാഭം പ്രഖ്യാപിച്ചിട്ടുള്ള, ഇരുപതിനായിരം കോടിയോളം രൂപയുടെ ആസ്തിയുള്ള വൻകമ്പനിയാണ് ഈ വിധം ചെയ്യുന്നത്. മുന്നിൽനിൽക്കുന്ന ആൾ പിറകേ വരുന്നവർക്കു നൽകുന്ന ആപത്‌സൂചനയാണ് ഇത്. ഒരുപാട് പത്രങ്ങൾ ബ്യൂറോകളും യൂണിറ്റുകളും അടയ്ക്കുകയും എഡിഷനുകളും നിർത്തുകയും ജേണലിസ്റ്റുകളെ പിരിച്ചുവിടുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇരുപതും മുപ്പതും ശതമാനം ശമ്പളം വെട്ടിക്കുറയ്ക്കുന്നു. കുറയ്ക്കാത്തവർ അതിവിരളം. കൊറോണ വരുന്നതിന് മുമ്പുതന്നെ ഇംഗ്ലീഷ് പത്രങ്ങൾ കേരളത്തിലെ യൂണിറ്റുകൾ അടച്ചിരുന്നു. കൊറോണ രോഗത്തിന് വാക്സിൻ കണ്ടെത്തിയാൽപ്പോലും തീരുന്നതല്ല മാധ്യമപ്രതിസന്ധി.

പ്രതിസന്ധി പരിഹരിക്കാൻ സഹായിക്കണമെന്ന ആവശ്യവുമായി പത്രംഉടമകൾ കേന്ദ്രഗവണ്മെന്റിനെ സമീപിച്ചിട്ടുണ്ട്. പേജുകൾ കുറയ്ക്കുകയും സപ്ലിമെന്റുകൾ ഉപേക്ഷിക്കുകയും വില കുറയ്ക്കാതിരിക്കുകയും ചെയ്തിട്ടും നില പ്രതിസന്ധി സൃഷ്ടിക്കുകയാണ് എന്ന് ഇന്ത്യൻ ന്യൂസ്‌പേപ്പർ സൊസൈറ്റി കേന്ദ്ര സർക്കാരിനെ അറിയിച്ചു. പത്രവ്യവസായം പ്രതിസന്ധിയിലാണെന്ന് അറിഞ്ഞിട്ടും പത്രക്കടലാസ്സിന്മേൽ അഞ്ചുശതമാനം ഇറക്കുമതി നികുതി ചുമത്തിയ കേന്ദ്രത്തോട് ആ വർദ്ധന പിൻവലിക്കണമെന്നാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. പരസ്യനിരക്കുകൾ വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഭരണകൂടം കൈയയച്ച് സഹായിച്ചാലേ ഫോർത്ത് എസ്റ്റേറ്റ് നിലനിൽക്കൂ എന്ന രോദനമാണ് ഇതിൽ പ്രകടമായിട്ടുള്ളത്. പക്ഷേ, ഇരുപതുലക്ഷം കോടി രൂപയുടെ പാക്കേജിൽ മാധ്യമവ്യവസായത്തെക്കുറിച്ചു പരാമർശംപോലും കണ്ടില്ല.

മാധ്യമങ്ങൾ സഹായം തേടുന്നതും അവരുടെ ആപത്‌രക്ഷകനായി ഭരണകൂടം രംഗപ്രവേശനം ചെയ്യുന്നതും ഇപ്പോൾ പല രാജ്യങ്ങളിലും കണ്ടുവരുന്നുണ്ട്. അമേരിക്കയിലെ ചില സംസ്ഥാനങ്ങൾ വായ്പകളും മറ്റു സഹായങ്ങളും നൽകാൻ പ്രതിസന്ധിയിലായ മാധ്യമസ്ഥാപനങ്ങളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചിരുന്നു. ഈ പ്രശ്നം എങ്ങനെ പത്രസ്വാതന്ത്ര്യത്തിന് തടസ്സമാകുമെന്നു കൊളമ്പിയ ജേണലിസം റിവ്യു വിലയിരുത്തുന്നുണ്ട്–https://www.cjr.org/the_media_today/ppp_loans_government_funding_media.php. അമേരിക്കൻ കോൺഗ്രസ്സിന്റെ പരിഗണനയിലുള്ള, ചെറുകിട വ്യവസായങ്ങൾക്കു സഹായം നൽകുന്നതിനുള്ള പദ്ധതിയിൽ മാധ്യമസ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. മാധ്യമങ്ങളെയും ഉൾപ്പെടുത്തണമെന്ന് രണ്ടു മുഖ്യ പാർട്ടികളും–റിപ്പബ്ലിക്കൻസ്, ഡമോക്രാറ്റ്സ്– ആവശ്യപ്പെട്ടിട്ടുണ്ട്. അതു സ്വീകരിക്കപ്പെടാനാണ് സാധ്യത. ഇത്തരം നിർദ്ദേശങ്ങൾ പല രാജ്യങ്ങളിലും അടിസ്ഥാന മാധ്യമതത്ത്വങ്ങളെക്കുറിച്ചുള്ള ചർച്ചയിലേക്കു നയിച്ചിട്ടുണ്ട്. ഇപ്പോൾത്തന്നെ പരസ്യവരുമാനം വഴി സ്വകാര്യക്കമ്പനികളും ഒരു പരിധിവരെ ഗവണ്മെന്റും സബ്സിഡൈസ് ചെയ്തു നിലനിർത്തുകയാണ് മാധ്യമങ്ങളെ. സർക്കാർ സഹായംകൊണ്ടേ മുന്നോട്ടുപോകാനാവൂ എന്നു വരുന്നത് മാധ്യമങ്ങളുടെ വിശ്വാസ്യത നിശ്ശേഷം ഇല്ലാതാക്കില്ലേ?

## സാമൂഹ്യമാധ്യമവിപത്ത്

പത്രം തൊട്ടാൽ കൊറോണ പകരുമെന്ന പ്രചാരണം കേരളത്തിൽ കാര്യമായൊന്നും വിലപ്പോയില്ല എന്നു നമുക്കറിയാം. പക്ഷേ, സമ്പൂർണ സാക്ഷരതയും വലിയ ശാസ്ത്രബോധവും ഉള്ളവർ എന്നു നാം ധരിച്ചിട്ടുള്ള യു.എസ്.എ.യിൽ പുത്തൻ അന്ധവിശ്വാസങ്ങൾ പെരുകുകയാണ് എന്നാണു റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അമേരിക്കയുടെ പല പ്രവിശ്യകളിലും പത്രങ്ങൾക്കെതിരേ ഈ പ്രചാരണം സാമൂഹ്യമാധ്യമങ്ങളിലൂടെ കൊണ്ടുപിടിച്ചു നടക്കുകയാണ്. അതു വിശ്വസിക്കുന്നവർ ധാരാളം. തുപ്പൽ കൂട്ടി എണ്ണുന്ന കറൻസി നോട്ടുകൾ മടിയില്ലാതെ വാങ്ങി പോക്കറ്റിലിടുന്നവരും ഇത്തരം പ്രചാരണങ്ങൾക്കു ചെവി കൊടുക്കുന്നു. പണ്ട് എന്തു കാര്യം അച്ചടിച്ചുകണ്ടാലും സത്യമാണ് എന്ന വിശ്വാസം ഉണ്ടായിരുന്നു. ഇപ്പോൾ എന്തു മണ്ടത്തരം ഇന്റർനെറ്റിൽ കണ്ടാലും വിശ്വസിക്കുന്നവരാണ് നല്ലൊരു പങ്ക്.

രോഗപ്രതിരോധ കുത്തിവെപ്പുകൾക്കെതിരായ പ്രചാരണം കേരളത്തിലെ ചില ജില്ലകളിൽ ആരോഗ്യപ്രവർത്തകർക്കു തലവേദന ഉണ്ടാക്കിയിരുന്നു. ആരോഗ്യപ്രവർത്തകരും പൊതുതാത്പര്യ സംഘടനകളും മറ്റും  കൂട്ടായി നടത്തിയ പ്രചാരണത്തിലൂടെ ആണ് അതിനെ ഒരു പരിധിവരെ മറികടന്നത്. പുത്തൻ അന്ധവിശ്വാസങ്ങളും അബദ്ധങ്ങളും വലിയ സിദ്ധാന്തങ്ങളായി നമ്മുടെ നാട്ടിലും കുറേ വിദ്യാസമ്പന്നർ അവതരിപ്പിക്കുന്നുണ്ട്. വ്യാജശാസ്ത്ര സിദ്ധാന്തങ്ങളുടെ ബലത്തിൽ ഇവർ രോഗപ്രതിരോധകുത്തിവെപ്പുകളെ ചെറുക്കാനും ശ്രമിക്കുന്നുണ്ട്. ഇതേ പ്രതിഭാസം പതിന്മടങ്ങ് വീര്യത്തോടെ സർക്കാരുകളുടെ കൊറോണവിരുദ്ധ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നുണ്ട് പല വികസിതരാജ്യങ്ങളിലും.

പലതരം ഗൂഢാലോചനകളെക്കുറിച്ചുള്ള കഥകളാണ് കൊറോണയുടെ ആവിർഭാവത്തിനു കാരണമായി പ്രചരിപ്പിക്കപ്പെട്ടത്. പല വികസിത രാജ്യങ്ങളിലും ലോക്ഡൗണിനെതിരേ കടുത്ത ചെറുത്തുനില്പുണ്ട്. മാസ്ക് ധരിപ്പിക്കുന്നത് ഏതോ കമ്പനിക്കു കച്ചവടം കൂട്ടാനാണെന്ന പ്രചാരണം വിശ്വസിച്ചവർ ധാരാളമാണ്. സാമൂഹ്യമാധ്യമങ്ങളിലാണ് ഈ കഥകളെല്ലാം ജനിച്ചതും പ്രചരിച്ചതും. രാഷ്ട്രത്തലവൻതന്നെ തികഞ്ഞ നിരക്ഷരനെപ്പോലെ, വൈറസിനെ കൊല്ലാൻ അണുനാശിനി കുടിച്ചാൽ പോരേ  എന്നു ചോദിക്കുന്നതും അമേരിക്ക കേട്ടു.

ലക്ഷത്തിലേറെ ആളുകൾ പങ്കാളികളായ വാട്സ്ആപ് ഗ്രൂപ്പുകളിലൂടെയാണ് പുത്തൻ അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കപ്പെട്ടത്. കൊറോണയ്ക്കെതിരേ ആരോഗ്യവകുപ്പും ആരോഗ്യപ്രവർത്തകരും നടത്തിയ ബോധവൽക്കരണ ശ്രമങ്ങളെ ഇതു ദോഷകരമായി ബാധിച്ചു. അഭിപ്രായവോട്ടെടുപ്പുകളും പ്രചാരണങ്ങളും നടത്തി, ഗവണ്മെന്റിനെതിരേ നടക്കുന്നത് വലിയ ജനകീയമുന്നേറ്റമാണെന്ന ധാരണ ഇക്കൂട്ടർ സൃഷ്ടിച്ചു. കൊറോണയുടെ വരവോടെ ഇന്റർനെറ്റിലും സാമൂഹ്യമാധ്യമങ്ങളിലും ഇതിനെക്കുറിച്ചുള്ള വിവരങ്ങളുടെ പ്രളയമായിരുന്നു. ആധികാരികമായ അറിവ് എവിടെനിന്നു ലഭിക്കും എന്നറിയാതെ  ജനങ്ങൾ വ്യാജവാർത്തകളിലും ഗൂഢസിദ്ധാന്തങ്ങളിലും അഭയംതേടി. ഇവ സമൃദ്ധമായി പ്രദാനം ചെയ്തത് സാമൂഹ്യമാധ്യമങ്ങളാണ്. ഓരോ മിനിട്ടിലും നമ്മളിലെത്തുന്ന വിവരം മുഴുവൻ വായിച്ചെടുക്കാൻതന്നെ അനേകദിവസങ്ങൾ വേണ്ടിവരും. വിവേചനബുദ്ധിയോടെ വായിച്ച് നെല്ലും പതിരും വേർതിരിക്കുക മനുഷ്യസാധ്യമല്ല–സ്റ്റാൻഫോഡ് ഇന്റർനെറ്റ് ഒബ്സർവേറ്ററി ടെക്നിക്കൽ റിസർച്ച് മാനേജരായ റിനീ ഡൈ റസ്റ്റ എന്ന ഗവേഷക, ദ് അറ്റ്ലാന്റിക്.കോം പ്രസിദ്ധീകരണത്തിലെഴുതിയ ലേഖനത്തിൽ ചൂണ്ടിക്കാട്ടി. (Virus Experts Aren't Getting the Message Out/ If the authorities can't satisfy the public's desire to know more, others will fill the void with misinformation.) പുതിയ മഹാമാരികൾക്കൊപ്പം സാമൂഹ്യമാധ്യമ വ്യാജശാസ്ത്രംകൂടി ചേരുമ്പോൾ ദുരന്തം എത്ര മാരകമാവുന്നു എന്നു ലേഖനം ചൂണ്ടിക്കാട്ടുന്നു.

## ശാസ്ത്രത്തെ തള്ളുന്ന അൽഗൊരിതം

സാമൂഹ്യമാധ്യമവും പരമ്പരാഗത മാധ്യമവും തമ്മിലുള്ള മുഖ്യവ്യത്യാസം നല്ല വായനക്കാർക്കുപോലും ഇപ്പോഴും ബോധ്യമായിട്ടില്ല. ഒരു ശാസ്ത്രീയാടിസ്ഥാനവും ഇല്ലാത്ത കപടശാസ്ത്രലേഖനങ്ങളും ദുരുദ്ദേശ്യത്തോടെ സൃഷ്ടിച്ചെടുക്കുന്ന വ്യാജവാർത്തകളും അവയുടെ പെരുപ്പംകൊണ്ടുതന്നെ ആർക്കെങ്കിലും തിരുത്താനോ ചോദ്യംചെയ്യാനോ കഴിയാത്ത നില സൃഷ്ടിച്ചിരിക്കുകയാണ്. ഒരു പത്രത്തിലോ മാഗസിനിലോ വ്യാജശാസ്ത്രസിദ്ധാന്തം ലേഖനരൂപത്തിൽ പ്രത്യക്ഷപ്പെടില്ല. അവിടെ ശാസ്ത്രം അത്യാവശ്യമെങ്കിലും അറിയുന്ന എഡിറ്റർ എന്ന ഗെയ്റ്റ്കീപ്പർ ഉണ്ട്. അഭിപ്രായസ്വാതന്ത്ര്യത്തിന്റെ സ്വർഗഭൂമിയായ സോഷ്യൽമീഡിയയിൽ ഗെയ്റ്റ്കീപ്പർ ഇല്ലേയില്ല. ചോദിക്കാനും പറയാനും ആരുമില്ല. ആരും എന്തു രാഷ്ട്രീയവും എഴുതിക്കോട്ടെ, എന്ത് അഭിപ്രായവും പറഞ്ഞോട്ടെ. ആരെയും എങ്ങനെയും വിമർശിക്കട്ടെ. അത് അഭിപ്രായസ്വാതന്ത്ര്യത്തിന്റെ ഭാഗംതന്നെയാണ്. എന്നാൽ അനേകവർഷങ്ങൾ നീളുന്ന പഠനഗവേഷണങ്ങളിലൂടെ വിദഗ്ദ്ധന്മാർ എത്തിച്ചേരുന്ന നിഗമനങ്ങളെ പ്രാഥമികവിദ്യാഭ്യാസംപോലും ഇല്ലാത്തവർക്കും ചോദ്യം ചെയ്യാമെന്നും സോഷ്യൽ മീഡിയയിൽ കൂടുതൽ ലൈക്ക് കിട്ടുന്നതാണ് അവസാനവാക്ക് എന്നും കരുതാൻ തുടങ്ങിയാൽ സമൂഹം നൂറ്റാണ്ടുകൾക്കു പിറകിലേക്കാണു പറിച്ചു നടപ്പെടുക എന്നാണ്  ഇപ്പോൾ പല നാടുകളുടെയും അനുഭവം തെളിയിക്കുന്നത്.

ശാസ്ത്രഗവേഷകന്റെ ഗൗരവം നിറഞ്ഞ കണ്ടെത്തലുകളുള്ള പ്രബന്ധവും അർദ്ധജ്ഞാനികളായ അന്ധവിശ്വാസപ്രചാരകർ തട്ടിക്കൂട്ടുന്ന സാഹിത്യവും തമ്മിൽ സാമൂഹ്യമാധ്യമത്തിലെ അൽഗൊരിതം വ്യത്യാസം കാണുന്നില്ല. കൂടുതൽ പേർ വായിച്ചു ലൈക്ക് ചെയ്താൽ അധിക്ഷേപസാഹിത്യം മുന്നിലും ശാസ്ത്രജ്ഞന്റെ ലേഖനം ആയിരം ലേഖനങ്ങൾക്കു പിന്നിലുമായാണു വായിക്കപ്പെടുക. പരമ്പരാഗത മാധ്യമത്തിൽ  ഇതൊരിക്കലും സംഭവിക്കില്ല. രണ്ടുംതമ്മിൽ വേർതിരിച്ചറിയാൻ കഴിയുന്നവരാണ് ആ മേഖലയിലെ വായനക്കാരും. ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരുമെല്ലാം അവർ ഭാഗ

DCB പുസ്തക വാർത്ത

ഇപ്പോൾ വില്പനയിൽ

രാജാ രവിവർമ്മ




₹ 399



രൺജിത് ദേശായി

വിവർത്തനം: കെ ടി രവിവർമ്മ

ജന്മവാസനയെ സ്വന്തം ജീവിതം നല്കി പരിപോഷിപ്പിച്ച മഹാനായ ചിത്രകാരൻ രാജാ രവിവർമ്മയുടെ ജീവിതത്തെ ആസ്പദമാക്കി രചിച്ച നോവൽ.
ഭാരതീയ ചിത്രകലയെ നവീനമായ വഴിത്തിരിവിലേക്ക് നയിച്ച വിശ്വപ്രസിദ്ധ കലാകാരന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന ഈ നോവലിലൂടെ ദേവന്മാരെ മനുഷ്യരെപ്പോലെ കാണുകയും അവരെ ഛായാചിത്രത്തിലേക്ക് പകർത്തുകയും സാധാരണക്കാർക്ക് പ്രാപ്തരാക്കുകയും മാമൂലുകൾ പൊട്ടിച്ചെറിയുകയും സമൂഹത്തോട് നിരന്തരം കലഹിക്കുകയും ചെയ്ത രാജാ രവിവർമ്മയുടെ ജീവിതം വരച്ചുകാട്ടുന്നു.

Customercare: 0481-256 3114, 9846133336
E-mail: customercare@dcbooks.com
**Online : www.dcbooks.com**
**www.dcbookstore.com**
Follow uts on f / dcbooks

# കൊറോണ: അച്ചടിമാധ്യമം

ഭാക്കുകളായ സോഷ്യൽ മീഡിയ ഗ്രൂപ്പുകളിൽ ഗഹനവിഷയങ്ങൾ ഗൗരവപൂർവം ചർച്ച ചെയ്യുന്നുണ്ടാവാം. ആൾക്കൂട്ടങ്ങളുടെ വ്യാജശാസ്ത്രസിദ്ധാന്തങ്ങളെക്കുറിച്ച് അവർ അറിയുകയേ ഇല്ല. എല്ലാവരെയും ബാധിക്കുന്ന മഹാമാരികളെക്കുറിച്ചുള്ള യഥാർത്ഥ അറിവ് അവരിലെത്തിക്കാൻ ശാസ്ത്രജ്ഞർക്കും കഴിയില്ല. അവരെ ആ ആൾക്കൂട്ടത്തിന് അറിയുകതന്നെയില്ല. വായിക്കാൻ പത്രങ്ങളോ കാര്യമറിയാൻ ഗൗരവമുള്ള ദൃശ്യമാധ്യമങ്ങളോ ഇല്ലാത്ത പ്രദേശങ്ങളിൽ ജനങ്ങൾ സാമൂഹ്യമാധ്യമ അധോലോകത്തിന്റെ പിടിയിലാവുന്നു. പത്രങ്ങളോ പൊതുപ്രശ്നങ്ങൾ പൊതുതാത്പര്യത്തോടെ കൈകാര്യം ചെയ്യുന്ന മാധ്യമങ്ങളോ ഇല്ലാത്ത 'വാർത്താമരുഭൂമികൾ' യു.എസ്സിൽ ആയിരക്കണക്കിന് പട്ടണങ്ങളിൽ ഉണ്ടായിക്കഴിഞ്ഞതായി മാധ്യമനിരീക്ഷകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. https://www.poynter.org/business-work/2018/about-1300-u-s-communities-have-totally-lost-news-coverage-unc-news-desert-study-finds/ അച്ചടിമാധ്യമങ്ങൾ ഇല്ലാതാവുകയും സാമൂഹ്യമാധ്യമങ്ങളിലൂടെ മാത്രം വാർത്തകൾ ജനങ്ങളിലെത്തുകയും ചെയ്യുമ്പോൾ ഇതു സംഗതി അപകടാവസ്ഥയിൽ എത്തും.

### ഗൂഢാലോചനാ സിദ്ധാന്തങ്ങൾ

നാട്ടിൽ നടക്കുന്ന നല്ലതും ചീത്തയുമായ എന്തിനു പിന്നിലും ഗൂഢാലോചന കണ്ടെത്തുക എന്നത് ഒരു ആഗോളവിനോദമായി മാറിയിട്ടുണ്ട്. അവയുടെയും മികച്ച വിളനിലം സാമൂഹ്യമാധ്യമങ്ങളാണ്. കൊറോണക്കാലത്ത് ഇതിന്റെ പാരമ്യം അമേരിക്ക കണ്ടു. കൊറോണയും ഗൂഢാലോചനയിലൂടെ ഉണ്ടായതാണ് എന്നു വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. ഓരോ ഗൂഢാലോചനാസിദ്ധാന്തത്തിലും പ്രതികൾ വ്യത്യസ്തരായിരുന്നു എന്നുമാത്രം. ചൈന പ്രസിഡന്റ് മാത്രമല്ല യു.എസ് പ്രസിഡന്റും പ്രതിയാണ്. ലോകജനസംഖ്യ ഗണ്യമായി വെട്ടിക്കുറയ്ക്കുന്നതിനുള്ള ഗൂഢാലോചനയിൽ പങ്കാളികളായവരിൽ ബിൽ ഗേറ്റ്സ്, അതിസമ്പന്ന മനുഷ്യസ്നേഹി ജോർജ് സോറോസ്, ബിൽ ക്ലിന്റൺ തുടങ്ങിയവർ ഉൾപ്പെട്ടു! സാമൂഹ്യമാധ്യമങ്ങളിൽ അതിപ്രചാരം നേടിയ ഇവ പലതും ന്യൂസ് ചാനലുകളിലേക്കുകൂടി കടന്നുവന്നു.

പല രാജ്യങ്ങളിലും രോഗപ്രതിരോധ സംരംഭങ്ങൾക്കെതിരേ ഉയർന്നുവന്ന സാമൂഹ്യമാധ്യമ പ്രസ്ഥാനങ്ങളെ ഒടുവിൽ നേരിട്ടത് ആ ആയുധം ഉപയോഗിച്ചുതന്നെ തിരിച്ചടിച്ചുകൊണ്ടാണ്. ശാസ്ത്രജ്ഞാനവും പൊതുജനാരോഗ്യതാത്പര്യവും ഉള്ളവർ രംഗത്തിറങ്ങി സാമൂഹ്യമാധ്യമംവഴിതന്നെ ജനങ്ങളെ ബോധവൽക്കരിക്കുകയായിരുന്നു. വാർത്താശേഖരണത്തിലും വിതരണത്തിലും വസ്തുനിഷ്ഠതയ്ക്കും സാമൂഹികപ്രതിബദ്ധതയ്ക്കും പ്രാധാന്യം നൽകുന്ന മാധ്യമങ്ങൾക്ക് ഇക്കാര്യത്തിൽ പ്രധാന പങ്കു വഹിക്കാൻ കഴിയും. കൊറോണയ്ക്കെതിരായ മുന്നൊരുക്കങ്ങളെ അമേരിക്കയിൽ പ്പോലും അന്ധവിശ്വാസപ്രചാരണങ്ങൾ ബാധിച്ചതായി വ്യക്തമാണ്.

വ്യവസായം എന്ന നിലയിലും അനിവാര്യമായ ഒരു ജനാധിപത്യ സ്ഥാപനം എന്ന നിലയിലുമുള്ള മാധ്യമത്തിന്റെ നിലനില്പു ചോദ്യം ചെയ്യുന്നതാണ് കൊറോണകാല അനുഭവം. സ്വതവേ ദുർബലമായ അച്ചടിമാധ്യമങ്ങളെ കൊറോണ തകർത്തുകളയുകയാണു ചെയ്തത്. പത്രസ്വാതന്ത്ര്യംപോലെതന്നെ പ്രധാനമാണ് സാമൂഹ്യമാധ്യമസ്വാതന്ത്ര്യവും. അതില്ലാതാക്കണമെന്ന് ആരും ആവശ്യപ്പെടുകയില്ല. പക്ഷേ, അതിന്റെ അപകടങ്ങൾ തിരിച്ചറിഞ്ഞേ അതിലിടപെടാൻ പാടുള്ളൂ എന്നതാണ് പ്രധാനം. സാമൂഹ്യമാധ്യമത്തിന്റെ ശരിയായ അവസ്ഥ എന്ത് എന്ന് വായനക്കാരെ ബോധ്യപ്പെടുത്തുക എന്ന ചുമതല കൂടി, നിലനിൽക്കുന്ന കാലത്തോളമെങ്കിലും പരമ്പരാഗത മാധ്യമങ്ങൾക്കുണ്ട്.

### അപൂർവം മാതൃകകൾ

അച്ചടി അസ്തമിച്ചാലും പരമ്പരാഗത മാധ്യമങ്ങൾക്കും ഓൺലൈനിലൂടെ ജനങ്ങളിലെത്താനാവും. അച്ചടിദിനപത്രങ്ങളും ആനുകാലികങ്ങളും നേരത്തേ ഒരു അലങ്കാരം മാത്രമായാണ് ഓൺലൈൻ എഡിഷനുകൾ പ്രസിദ്ധീകരിച്ചിരുന്നത്. ഇപ്പോൾ അതാണ് അതിജീവനത്തിനുള്ള ഏകമാർഗം എന്ന നില എത്തിയിട്ടുണ്ട്. പുതിയ ഓൺലൈൻ ഓൺലി ദിനപത്രങ്ങളും ലോകത്തെങ്ങും പെരുകുകയാണ്. പക്ഷേ, ഇപ്പോഴും അതൊരു ലാഭമുള്ള ബദലായി മാറിയിട്ടില്ല. ബ്രിട്ടനിലെ 'ദ് ഗാർഡിയൻ' പത്രംപോലെ അപൂർവം അപവാദങ്ങൾ മാത്രമേ മാതൃകകളായി ഉയർന്നുവന്നിട്ടുള്ളൂ. മൂലധനത്തെക്കാൾ, സാങ്കേതികവിദ്യയെക്കാൾ വിശ്വാസ്യതയ്ക്കാണ് ഭാവി എന്ന സന്ദേശം ആണ് 'ദ് ഗാർഡിയൻ' നൽകുന്നത്. 1821–ൽ മാഞ്ചസ്റ്റർ ഗാർഡിയനായി തുടങ്ങി പിന്നീട് പേരുമാറ്റി ട്രസ്റ്റ് ആയി രൂപംമാറിയ സ്ഥാപനമാണ് അത്. അതു നിലനിൽക്കുന്നത് വായനക്കാരുടെ സംഭാവനകൾ സ്വീകരിച്ചുകൂടിയാണ്. 145 രാജ്യങ്ങളിൽനിന്ന് അവർക്ക് സഹായം എത്തുന്നു. ട്രസ്റ്റ് ആയതുകൊണ്ട് മൂലധനതാത്പര്യങ്ങൾ ചീത്തപ്പേരുണ്ടാക്കാതെ പ്രവർത്തിക്കാനും കഴിയുന്നു. ലാഭം സ്ഥാപനത്തിലേക്കുതന്നെ മൂലധനത്തോടൊപ്പം ചേരുന്നു. ദ് ഗാർഡിയൻ, ഡിജിറ്റൽ പത്രം ഇപ്പോഴും സൗജന്യമായാണ് വായനക്കാർക്കു ലഭ്യമാക്കുന്നത്. വളരെ വർഷങ്ങൾക്കുശേഷം 2019–ൽ സ്ഥാപനം ലാഭകരമായി പ്രവർത്തിച്ചു. സംഭാവനകൊണ്ടു നിലനിൽക്കാൻമാത്രമുള്ള ശേഷി ആർജിക്കണമെങ്കിൽ അത്രയും വിശ്വാസ്യത നേടിയേ തീരൂ.

പ്രതീക്ഷ അർപ്പിക്കാവുന്ന സ്ഥാപനങ്ങൾ ഇന്ത്യയിലും ക്രമേണ ഉയർന്നുവരുന്നുണ്ട്. പുതിയ പ്രതിസന്ധി അവർക്കും ഭീഷണിയാണ്. അമിത ആത്മവിശ്വാസമൊന്നും ആർക്കുമില്ല. ഇവരെല്ലാം പരാജയപ്പെട്ടാൽ വ്യാജവാർത്തകളുടെ വെള്ളപ്പൊക്കത്തിൽ ജനാധിപത്യം മുങ്ങിത്താഴും. സാമൂഹ്യമാധ്യമത്തിലെ വ്യാജവിജ്ഞാനത്തിന്റെയും ഡീപ് ഫെയ്ക് വീഡിയോകളുടെയും വിദ്വേഷപ്രചാരണത്തിന്റെയും ലഹരിയിൽ പെട്ടിരിക്കുന്ന വലിയൊരു വിഭാഗമാളുകളിലേക്കു വെളിച്ചമെത്തിക്കാൻ ആരുമില്ലെന്ന അപകടനില ഉണ്ടാകും. ഇത് ജനാധിപത്യത്തെത്തന്നെ അപകടകരമായ ഒരു രാഷ്ട്രീയസംവിധാനമാക്കി മാറ്റും. ഇതു സത്യാനന്തരകാലമാണ് എന്നു പറയുന്നത് സത്യം മരിച്ചതുകൊണ്ടല്ല. സത്യം മരിക്കില്ല. സത്യമേത് എന്നു തിരിച്ചറിയാൻ മനുഷ്യർക്കു പറ്റാത്ത കാലമാവുമ്പോഴാണ് അതു സത്യാനന്തരകാലമാവുന്നത് എന്നു ചിന്തകന്മാർ പറഞ്ഞിട്ടുണ്ട്. കൊറോണ മാധ്യമങ്ങളെ തകർക്കുന്നതോടെ ആ കാലം യാഥാർത്ഥ്യമാവുകയായി. വരും കാലത്ത് കൊറോണ ലോകത്തിനു മുന്നിൽ ഉയർത്തുന്ന ഏറ്റവും വലിയ ഭീഷണി അതാവും.

കവിത

സെബാസ്റ്റ്യൻ



# ഭ്രമം

ഒന്നാം നിലയിലെ വസ്ത്രങ്ങൾ കണ്ടില്ല.
രണ്ടാം നിലയിലേക്കും മൂന്നാം നിലയിലേക്കും
നാലാം നിലയിലേക്കും അഞ്ചാം നിലയിലേയ്ക്കും
അവൾക്കൊപ്പം കയറിയപ്പോൾ
അവളുടെ പ്രേരകശബ്ദങ്ങൾ മാത്രം കേട്ടു.


ആറാം നിലയിലെ ബഡ്ഷീറ്റുകൾക്കും
പല രൂപത്തിലുള്ള ചവുട്ടികൾക്കും മുന്നിൽ
അവൾ കിതച്ചുനിന്നു.
ഏ.സി. കുളിരിലും അവളുടെ മൂക്കിൽ വിയർപ്പുകണം.

ആ നിമിഷം
ഒരു മൂളക്കത്തോടെ ആ വലിയ കെട്ടിടം
ഉയർന്നു പൊങ്ങി.
ശൂന്യതയിലൂടെ അത് നീങ്ങാൻ തുടങ്ങി
ഒരു ഉപഗ്രഹംപോലെ
ഭൂമിയെ ചുറ്റുകയാണ് അതിപ്പോൾ.

ഓരോ നിലയിലേയും വസ്ത്രങ്ങൾ
അവൾ ധൃതിയിൽ ഉടുക്കുകയും
മധുരമായ് എന്തൊക്കെയോ പറഞ്ഞുകൊണ്ട്
അഴിക്കുകയും വീണ്ടും ഉടുക്കുകയും ചെയ്യുന്നത്
ആശ്ചര്യത്തോടെ കണ്ടുനിന്നു.
ഒരു മഴവില്ല് അവിടമാകെ നിറഞ്ഞു.

സ്വർഗ്ഗാതിർത്തിയിൽ എത്തിയപ്പോഴേയ്ക്കും
അ വലിയ ടെക്സ്റ്റൈയിൽ ഷോപ്പിലെ
എല്ലാ വസ്ത്രങ്ങളും അവൾ ഉടുത്തു മാറിയിരുന്നു!

അനന്തരം
ഞാൻ വാങ്ങിയ കൈലിമുണ്ടിൻ പൊതിയുമായി
ഭൂമിയിലേക്ക് ഇറങ്ങി;
ഒറ്റക്ക്.



കഥ

നിധീഷ് ജി.
വര: സുനിൽ അശോകപുരം

# ഘണ്ടർണ്ണക്കാവ്



> “സത്യത്തിൽ, തീർത്തും അപരിചിതമായ ഈ സ്ഥലത്തേക്ക് വന്നു ചേരാനുള്ള നിമിത്തം തീക്കോയി സന്ദീപാണ്. ഒരു വെട്ടുകേസിൽ ഇപ്പോൾ കോട്ടയം സബ്ജയിലിൽ കിടക്കുന്ന റിമാന്റ് പ്രതിയാണവൻ. പെരുന്നയിൽവെച്ചുനടന്ന ഒരു ശിബിരത്തിലാണ് അവനെ ആദ്യം കണ്ടുമുട്ടുന്നത്. പിന്നെ തൊടുപുഴയും പീരുമേടുമൊക്കെയായി നാലഞ്ചുതവണ ഞാനവന് പ്രിസണർ എസ്കോർട്ട് ചെയ്തു.”

“**സൗകര്യമുള്ള** മറ്റെവിടേക്കെങ്കിലും മാറ്റുന്നതാ നല്ലത്.”

ഒരു നീളൻ കുഴലിൽക്കൂടി പുറത്തേക്ക് വരുന്നതുപോലെയുള്ള ശബ്ദത്തിന്റെ മുഴക്കത്താൽ കാതുകൾ കടഞ്ഞ് ഞാൻ ഞെട്ടിയുണർന്നു. ബസ്സിനുള്ളിലാണെന്ന ബോധം വീണ്ടുകിട്ടാൻ അല്പസമയമെടുത്തു. ഹൊ, എന്തൊരു വിചിത്രമായ സ്വപ്നം! നടുക്കം വിടാതെ ശരീരം തുടരെ വിറകൊള്ളുന്നതായി തോന്നി. സൈഡ് ഷട്ടറിന്റെ വിടവുകളിലൂടെ തൂവാനം അടിച്ചുകയറുന്നുണ്ടായിരുന്നു. മടിയിലിരുന്ന ബാഗിന് മുകളിലൂടെ ഞാൻ വിരലുകളോടിച്ചു. അവിടെത്തന്നെയുണ്ട്. ബസ്സാണ്, ബോധമില്ലാതെ ഇരുന്നുറങ്ങിയാൽ പണികിട്ടും. രണ്ടു സീറ്റുകൾ മുന്നിലാണ് രാഹുൽവർമ്മയുടെ

ഇരിപ്പ്. അവൻ ഇടയ്ക്കിടെ വെപ്രാളപ്പെട്ട് തിരിഞ്ഞുനോക്കുന്നത് എനിക്ക് കാണാം.

"പുതിയകാവിലെറങ്ങാനുള്ള രണ്ടുപേരുണ്ടല്ലോ?"

സ്ഥലമെത്തുമ്പോൾ പറയണേ എന്നപേക്ഷിച്ചിരുന്നത് കണ്ടക്ടർ മറന്നില്ല. ഫുട്ബോർഡിൽനിന്നും ചാടിയിറങ്ങിയത് പാഞ്ഞൊഴുകുന്ന വെള്ളത്തിലേക്കാണ്. ബാഗ് നെഞ്ചോടടുക്കിപ്പിടിച്ചുകൊണ്ട് വെയ്റ്റിങ് ഷെഡ്ഡിലേക്ക് ഓടിക്കയറി. ആദ്യം ട്രെയിനിലും പിന്നെ ബസ്സിലുമായി രാവിലെ തുടങ്ങിയ യാത്രയുടെ മടുപ്പ് മഴയേറ്റപ്പോൾ കൈകാലുകളിൽനിന്നും അഴിഞ്ഞുപോയി. പിന്നാലെയിറങ്ങിയ വർമ്മ കയറിനിൽക്കാൻ തുനിഞ്ഞ ഇടത്തിൽ നിറയെ സ്ത്രീകളാണെന്നു കണ്ട്, അതു വേണോ വേണ്ടയോ എന്നു സംശയിച്ച നേരത്തിനുള്ളിൽ അടിമുടി നനഞ്ഞൊലിച്ചു. അഞ്ചുമണി കഴിഞ്ഞതേയുള്ളുവെങ്കിലും നേരമിരുട്ടിയ പ്രതീതി. ഇവിടെവിടെയോ 'ഭാരത് കഫേ' എന്നൊരു ഹോട്ടലുണ്ട്. അവിടെയെത്തിയിട്ട് വിളിക്കാനാണ് ഫോണിൽ സംസാരിക്കുമ്പോൾ സ്വാമിയുടെ മാനേജർ ശാരംഗൻ പറഞ്ഞത്. പക്ഷേ, കുറേനേരമായി അയാൾ പരിധിക്ക് പുറത്താണ്. സമീപത്തുനിന്ന കട്ടിക്കണ്ണടവെച്ചയാളോട് കഫേ തിരക്കിയപ്പോൾ അയാൾ വലതുവശത്ത് പിന്നിലേക്ക് വിരൽ ചൂണ്ടി.

പെയ്ത്ത് ഒന്നടങ്ങുന്നതുവരെ ഇവിടെ നിന്നേപറ്റൂ. വർമ്മയുടെ മുഖം കണ്ടാൽ എന്തോ വയ്യാവേലി പിടിച്ച മട്ടാണ്. ഇത്തരമൊരു കാര്യത്തിന് ഒറ്റയ്ക്ക് പോകാൻ ഒരങ്കലാപ്പ് തോന്നിയതുകൊണ്ടാണ് വർമ്മയെ ഒപ്പം കൂട്ടിയത്. നാട്ടുകാരനാണ്. വിശ്വസിക്കാവുന്നവനാണ്. മാത്രമല്ല, ഒരേ ശാഖയിൽ രണ്ടുകാലങ്ങളിൽ ഞങ്ങൾ ശാഖാപ്രമുഖ് ആയിരുന്നിട്ടുമുണ്ട്. ജോലി കിട്ടിയതിന് ശേഷം സ്ഥാനമാനങ്ങൾ വിട്ടെങ്കിലും സംഘവുമായി ഞങ്ങളിരുവർക്കുമുള്ള ബന്ധം ഇപ്പോഴും ഊഷ്മളമാണ്. ഒരേ ചിന്താഗതിയുള്ളവനെന്ന പരിഗണനയിൽ, വർമ്മയല്ലാതെ മറ്റാരെയും ഈ ഉദ്യമത്തിന് കൂടെക്കൂട്ടാൻ തോന്നിയില്ലെന്നുള്ളതാണ് വാസ്തവം.

"നമുക്ക് പോവാനുള്ള ആ സ്ഥലമേതാരുന്നു?"

"കണ്ഠാകർണ്ണൻകാവ്."

"ഹൊ, നാവേലോട്ട് വരാത്ത ഒരു മുടിഞ്ഞ പേര്!" ഒന്നുരണ്ട് തവണ വർമ്മ അതുരുവിട്ട് നോക്കിയ ശേഷം ഈർഷ്യയോടെ തലവെട്ടിച്ചു. എനിക്ക് ചിരിവന്നു.

തുള്ളികൾക്ക് കനം കുറഞ്ഞുവന്ന നേരത്ത് വർമ്മയോട് പിന്നാലെ വന്നോളാൻ ആംഗ്യം കൊടുത്തുകൊണ്ട് കട്ടിക്കണ്ണടക്കാരൻ ചൂണ്ടിക്കാണിച്ച ദിക്കിലേക്ക് ഞാൻ ഇറങ്ങിയോടി. പുറമേ നോക്കിയാൽ ചെറുതായി തോന്നുമെങ്കിലും രണ്ടുനിലകളിൽ വൃത്തിയും വിശാലതയുമുള്ള ഒരു റെസ്റ്റോറന്റായിരുന്നു അത്. മനസ്സിലുള്ള ഒരു കണക്കുകൂട്ടൽ വെച്ച്, ശാരംഗൻ എന്നയാളാകാൻ സാധ്യതയുള്ള ആരെങ്കിലും അവിടെയിരിക്കുന്നവരുടെ കൂട്ടത്തിലുണ്ടോ എന്ന് അലസമട്ടിൽ കണ്ണോടിക്കുന്നതിനൊപ്പം ഫോണെടുത്ത് ഡയൽ ചെയ്തു.

ഇല്ല, കോൾ പോകുന്നില്ല.

താഴത്തെ ഒരു കോർണർ ടേബിൾ തെരഞ്ഞെടുത്തുകൊണ്ട് ആദ്യം എരിയുന്ന വയറിന് രണ്ടുവീതം പൊറോട്ടയും വെജിറ്റബിൾ കുറുമയും കൊടുത്ത് തൽക്കാലശാന്തിയേകാൻ ഞങ്ങൾ തീരുമാനിച്ചു. പിന്നാലെ ഓരോ ലെമൺ ടീയും ഓർഡർ ചെയ്തു.  കഴിക്കാൻ തുടങ്ങിയപ്പോൾ കോൾ വന്നു. ഭാഗ്യം, അയാളാണ്.

"നിങ്ങളെത്തിയോ?"

"ഉവ്വാ, ഞങ്ങളീ ഹോട്ടലിലുണ്ട്."

"ഞാനൊരു പത്തുമിനിറ്റിനുള്ളിലെത്തും. വല്ലോം മേടിച്ച് കഴിക്ക്."

പൊറോട്ടയിൽ പെരുമാറിക്കൊണ്ട് ചിന്താമഗ്നനായിരുന്ന വർമ്മ എനിക്കുനേരേ ചോദ്യഭാവത്തിൽ പുരികമുയർത്തി. മറുപടി പറയാൻ തുടങ്ങവേ, കറിയുടെ എരിവ് നിറുകയിൽക്കയറി ഞാൻ ചുമച്ചു.

പത്തുമിനിറ്റ് ആകുന്നതിനുമുമ്പേ കഫേയ്ക്ക് പുറത്ത് ഒരു ഓമ്നി വാൻ വന്നുനിൽക്കുകയും അതിൽനിന്നും രണ്ടുപേർ ധൃതിയിൽ ഇറങ്ങുകയും ചെയ്തു. വാതിലിനഭിമുഖമായി ഇരുന്ന എനിക്ക് അവരെ വ്യക്തമായി കാണാമായിരുന്നു. മെലിഞ്ഞ് പൊക്കമില്ലാത്തയാളാണ് ഡ്രൈവ് ചെയ്തിരുന്നത്. അപരൻ മുഖംനിറയെ വസൂരിക്കലകളുള്ള ആജാനുബാഹുവായ ഒരുവൻ. അയാളായിരിക്കണം സ്വാമിയുടെ മാനേജർ ശാരംഗൻ. തൂവെള്ള ഷർട്ടും മുണ്ടുമാണവരുടെ വേഷം. ഞാൻ ഇടംകൈ ഉയർത്തിക്കാട്ടി. റിസപ്ഷനിൽ ഇരുന്നയാളും ഭക്ഷണം കഴിച്ചുകൊണ്ടിരുന്നവരിൽ ചിലരും അവരോട് ശരീരംകൊണ്ട് ബഹുമാനം പ്രകടിപ്പിക്കുന്നത് കണ്ടു. ഒരു പ്രത്യേകരീതിയിൽ കൈയുയർത്തി ശാരംഗൻ അവരോടുള്ള പരിഗണന സൂചിപ്പിച്ചുകൊണ്ട് ഞങ്ങൾക്കരികിലേക്ക് വന്നു.

ഞങ്ങൾ ഇരിപ്പിടങ്ങളിൽനിന്നും എഴുന്നേൽക്കാൻ ശ്രമിക്കവേ, ഇരുന്നോളാൻ ആംഗ്യം കാട്ടിക്കൊണ്ട് ഭാരമുള്ള ശരീരം അയാൾ കസേരയിലേക്കമർത്തി. കൂടെയുള്ളയാൾ ഒരു നിർവികാരജീവിയായിരുന്നു. അയാൾ തൊട്ടപ്പുറമുള്ള ടേബിളിലാണിരുന്നത്. 'ഡേയ് നിനക്കു വല്ലോം വേണോടേ' എന്ന് ചോദിച്ചുകൊണ്ട് ശാരംഗൻ തനിക്കുവേണ്ടി ആറു പൊറോട്ടയും ബീഫ് കറിയും ഓർഡർ ചെയ്തു. എനിക്കൊരു മട്ടൺസൂപ്പ് മാത്രം മതിയെന്ന് വിനയപ്പെട്ട അസ്മാദി ഫോണെടുത്ത് അത്യാവശ്യമായി ഏതോ ഗെയിം കളിക്കാൻ തുടങ്ങി. ഞാനും വർമ്മയും ലെമൺടീ അല്പാല്പമായി നുണഞ്ഞു. കഴിക്കുന്നതിനിടയിൽ ആരുമൊന്നും മിണ്ടിയില്ല.

വണ്ടിയിൽ കയറുമ്പോൾ വീണ്ടും മഴ തുടങ്ങി. ചില്ലെല്ലാം മൂടി റോഡ് തീരെ കാണാത്തമട്ടിലുള്ള തകർപ്പൻ മഴ. വണ്ടി സാവധാനം നീങ്ങി. അവരെ കണ്ടതുമുതൽ വർമ്മ ആകെ അസ്വസ്ഥനായിരുന്നു. മുഖമൊക്കെ വലിഞ്ഞു മുറുകി ഒരു മാതിരിയായി. "ഇവന്മാര് ശരിയല്ല കണ്ടാലറിയാം, നമുക്ക് തിരിച്ചുപോയാലോ?" എന്റെ ചെവിക്കരികിൽ അവൻ പിറുപിറുത്തു.

"ഈ സാറിന് എന്തോ പറ്റി, വല്ലോം വയ്യായോ?" ശാരംഗൻ വർമ്മയെ നോക്കി ചോദിച്ചു.

ഒന്നുമില്ലെന്ന മട്ടിൽ വർമ്മ ചുണ്ടുകൊണ്ട് ഒരു ശബ്ദമുണ്ടാക്കി.

"വയറ്റിനസുഖമാന്നെങ്കി അങ്ങു ചെല്ലുന്നൊണ്ണേ ഞാനൊരു ഒറ്റമൂലി തരാം. നല്ല ഫലവാ."

"ഓ, അതൊന്നും വേണ്ട." വർമ്മ തലവെട്ടിച്ചു.

"ഇവിടുന്ന് കണ്ഠാകർണ്ണൻകാവിലേക്ക് എന്നാ ദൂരമൊണ്ട്?" വിഷയം മാറ്റാൻ വേണ്ടി ഞാൻ ചോദിച്ചു.

അതുകേട്ട് അയാൾ തിരിഞ്ഞ് എന്നെയൊന്ന് ചുഴിഞ്ഞുനോക്കിയ ശേഷം വാൻ കുലുങ്ങുന്നമട്ടിൽ ആർത്തുചിരിക്കാൻ തുടങ്ങി. പുരാണ സീരിയലുകളിലെ ചില രാക്ഷസന്മാരുടെ അട്ടഹാസം.

"കണ്ഠാകർണ്ണൻകാവല്ല സാറേ, ഘണ്ടർണ്ണകാവ്! ഇവിടടുത്താ, മൂ

ന്നുകിലോമീറ്റ‌റ് തെകച്ചില്ല."

ശാരംഗൻ ചിരിനിർത്തിയില്ല. അസ്മാദിയും കൂടെക്കൂടി. ഞാൻ സ്ഥലപ്പേര് തെറ്റിച്ചുപറഞ്ഞെന്നാണ് വിചാരം. കൂടുതൽ വിശദീകരിക്കാൻ നിന്നാൽ പുരാണബോധമില്ലാത്ത ഇവരുടെ ഊളത്തരം മുഴുവൻ കേൾക്കേണ്ടിവരും. വലിഞ്ഞുമുറുകിയിരുന്ന വർമ്മയുടെ മുഖത്തും ഇപ്പോൾ ഒരു ചിരിപ്രസാദമുണ്ട്.

"സ്വാമിജി സ്ഥലത്തില്ല. ബാംഗ്ലൂര് നിന്നും കൊറച്ചുമുമ്പ് തിരിച്ചതേയുള്ളൂ. രാവിലെ ഇങ്ങെത്തും." ചിരി മുറിച്ചുകൊണ്ട് ശാരംഗൻ പറഞ്ഞു.

"അപ്പോ ഞങ്ങടെ കാര്യം ഇന്ന് നടക്കുവേലേ?" എനിക്ക് ടെൻഷനായി.

"അതൊക്കെ നടക്കും. ഞാനല്ലിയോ സാറേ ഇവിടൊള്ളത്. പറഞ്ഞ തുകയുണ്ടായാ മതി."

"ഉം. അത് റെഡിയാ." ബാഗിന് മുകളിലൂടെ കൈയോടിച്ചുകൊണ്ട് ഞാൻ പറഞ്ഞു.

സത്യത്തിൽ, തീർത്തും അപരിചിതമായ ഈ സ്ഥലത്തേക്ക് വന്നുചേരാനുള്ള നിമിത്തം തീക്കോയി സന്ദീപാണ്. ഒരു വെട്ടുകേസിൽ ഇപ്പോൾ കോട്ടയം സബ്ജയിലിൽ കിടക്കുന്ന റിമാന്റ് പ്രതിയാണവൻ. പെരുന്നയിൽവെച്ചുനടന്ന ഒരു ശിബിരത്തിലാണ് അവനെ ആദ്യം കണ്ടുമുട്ടുന്നത്. പിന്നെ തൊടുപുഴയും പീരുമേടുമൊക്കെയായി നാലഞ്ചുതവണ ഞാനവന് പ്രിസണർ എസ്കോർട്ട് ചെയ്തു. വർമ്മയുമായുള്ള എന്റെ രഹസ്യഭാഷണം ശ്രവിച്ചിട്ടാകണം, തന്റെ പരിചയത്തിൽ ആയുധമിടപാടുകളുള്ള ഒരു സ്വാമിയുണ്ടെന്നും, അയാളുടെ മാനേജരെ വിളിച്ച് ഡീലുറപ്പിച്ചിട്ട് പോയാൽ സംഗതി നടക്കുമെന്നും, മൂത്രമൊഴിക്കാൻ കോടതി സമുച്ചയത്തിലെ ടോയ്‌ലറ്റിൽ കയറവേ ഒരു സിഗററ്റിന് കണ്ണടച്ചതിന് പ്രത്യുപകാരമായി തീക്കോയി സഹായഹസ്തം നീട്ടിയത്.

കിട്ടിയ വിവരങ്ങൾ വെച്ച് ഈ സ്വാമിയെപ്പറ്റി ഞാൻ ചെറുതായി ഒരന്വേഷണം നടത്തി. ഭരതൻനായർ എന്നാണ് പൂർവ്വാശ്രമനാമം. പേരിൽ ഗൗരവമായ ചില കേസുകളുണ്ട്. കുറഞ്ഞ സമയത്തിനുള്ളിൽ എങ്ങനേലും കാര്യം നടക്കുമല്ലോ എന്നോർത്താണ് പുലിവാലാണെന്നറിഞ്ഞിട്ടും ചാടിപ്പിടിച്ചത്.

വാൻ മെയിൻറോഡിൽനിന്നും ഇടത്തേക്കുള്ള വീതികുറഞ്ഞ വഴി

"

കിട്ടിയ വിവരങ്ങൾ വെച്ച് ഈ സ്വാമിയെ പ്പറ്റി ഞാൻ ചെറുതായി ഒരന്വേഷണം നടത്തി. ഭരതൻനായർ എന്നാണ് പൂർവ്വാശ്രമനാമം. പേരിൽ ഗൗരവമായ ചില കേസുകളുണ്ട്.

"

യിലേക്ക് തിരിഞ്ഞ് കുറച്ചുദൂരം കൂടി മുന്നോട്ടോടി റോഡരികിലായി ഒതുങ്ങിനിന്നു. അവിടെ ഒരു ക്ഷേത്രമതിൽക്കെട്ടായിരുന്നു. അസ്മാദി ഡ്രൈവിങ് സീറ്റിൽനിന്നും പുറത്തിറങ്ങി, ഞങ്ങളിരുന്ന ഭാഗത്തെ ഡോർ വലിച്ചുനീക്കി സീറ്റിനടിയിൽ പരതി രണ്ട് കാലൻകുടകൾ പൊക്കിയെടുത്തു. ഒരെണ്ണം അവൻ എനിക്കു നേരേ നീട്ടി.

ക്ഷേത്രമുറ്റത്തേക്കുള്ള പ്രധാനപ്രവേശനമാർഗ്ഗം സ്വീകരിക്കാതെ ഒരു ചെറിയ വഴിയിലൂടെയാണ് ഞങ്ങൾ അകത്തുകടന്നത്. ക്ഷേത്രത്തെ ചുറ്റി വീതിയേറിയ മറ്റൊരു പാത, കാവിനെയും കുളത്തെയും രണ്ടായി മുറിച്ചുകൊണ്ട് കിഴക്കുഭാഗത്തേക്ക് നീണ്ടു കിടന്നു. അതിനപ്പുറം കുറേ വീടുകളുടെ എടുപ്പുകൾ കാണാം. ക്ഷേത്രത്തിന് മുന്നിലെ വലിയ തൂണിൽ കത്തിനിന്ന ലൈറ്റ് നാലുദിക്കിലേക്കും കൈകൾ വിടർത്തി ആ പ്രദേശമാകെ പകൽപോലെ വെളിച്ചമുള്ളതാക്കി. കനമേറിയ വള്ളികൾ ചുറ്റുപിണഞ്ഞുകിടന്ന കണ്ഠാകർണ്ണൻകാവിലെ പേരറിയാത്ത വന്മരങ്ങൾക്കിടയിൽനിന്നും വെള്ളിലകളുടെ ഒരു സ്വാഗതസംഘം ഞങ്ങൾക്കു നേരേ കൈകൂപ്പി. അതീവഗാഢമായ ഒരു മൗനം ആ പ്രദേശമാകെ ചൂഴ്ന്നു നിൽക്കുന്നുണ്ടായിരുന്നു.


കാവിനെ കടന്നുപോകുമ്പോൾ 'ഒരുമിനിട്ട്' എന്നുപറഞ്ഞ് ഞാൻ കുട വർമ്മയെ ഏൽപ്പിച്ച് വഴിയിൽനിന്നും കാവിന്റെ തുറപ്പിലേക്ക് നടന്നു. ഉള്ളിലായി ഇന്നേവരെ കണ്ടിട്ടില്ലാത്തത്ര ഉയരവും വണ്ണവുമുള്ള കൽവിഗ്രഹത്തോടൊപ്പം ഒരു സർപ്പരൂപവും മഞ്ഞളിലാറാടി നിന്നു. ഷൂസുകൾ കാലിൽനിന്നുമൂരി കണ്ണുകളടച്ച് ഞാൻ ശിവപുത്രനെ തൊഴുതു. മരങ്ങൾ മഴയെ തോൽപ്പിച്ചുകൊണ്ട് എന്നിലേക്കപ്പോൾ കനത്ത തുള്ളികൾ വീഴ്ത്തി. രോഗബാധിതയായ ഭഗവതിയുടെ ശരീരത്തിൽനിന്നും നാവിനാൽ വസൂരിയെ ഉഴിഞ്ഞെടുക്കുന്ന വീരബലവാന്റെ മിന്നലാട്ടങ്ങൾ ഉള്ളിലടിച്ച നേരത്ത് മഞ്ഞളും കുരുമുളകും കൂടിക്കുഴഞ്ഞ ഒരു ഗന്ധം അവിടമാകെ പ്രസരിച്ചു.

ഞാൻ തിരിഞ്ഞുനടന്നു.

ആരുമൊന്നും സംസാരിച്ചില്ല. കുളത്തിനരികിലൂടെ ഞങ്ങൾ അറയും പുരയുമുള്ള പഴക്കമേറിയ ഒരു വീടിനു മുന്നിലെത്തി. മഴ പെയ്തുനിറഞ്ഞ മുറ്റത്തെ ദീപത്തറയിൽ കൃഷ്ണതുളസിച്ചെടി ചാഞ്ഞുമടങ്ങിക്കിടന്നു. വെള്ളത്തിലൂടെ ഒഴുകിനടന്ന കൂവളത്തിൻകായ്കൾ കാലുകളിൽ വന്നുതട്ടി. വീടിന് മുന്നിലായി 'പാരമ്പര്യചികിത്സ', 'ഭാവി ഭൂതം വർത്തമാനം' എന്നിങ്ങനെ രണ്ട് ബോർഡുകൾ കണ്ടു. ഒരു സി.എഫ്.എൽ മാത്രമാണ് പുറത്ത് പ്രകാശിച്ചിരുന്നത്. വെള്ളഷർട്ടും മുണ്ടും ധരിച്ച രണ്ട് ചെറുപ്പക്കാർ ഇറങ്ങി വന്നു. ശാരംഗന് പിന്നിലായി എല്ലാവരും അകത്തേക്ക് നടന്നു. പുറമേ നിന്ന് കാണുന്നതുപോലെയായിരുന്നില്ല ഉൾവശം. വിലകൂടിയ ടൈൽസും സീലിങ്ങുമുള്ള ഏ.സി മുറികളായിരുന്നു എല്ലാം. നടുമുറ്റത്ത് വെള്ളപ്പൂക്കൾ വിരിഞ്ഞുനിൽക്കുന്ന ചെറുപൂന്തോട്ടം. ജനാലകളിൽ വെള്ളക്കർട്ടനുകൾ അലകളിളക്കി. അകത്തുള്ള ഒരു മുറിയിലെ പതുപതുത്ത കസേരകളിൽ ഞങ്ങളിരുന്നു. ഒരാൾ പോയി ഒരു പ്ലേറ്റിൽ ആപ്പിൾകഷണങ്ങളുമായി വന്നു.

"യാതൊരു കാരണവശാലും ഇത് മറ്റാരുമറിയല്ല്. വേറൊരാളെ ഇനിയിങ്ങോട്ട് റെക്കമെന്റും ചെയ്തേക്കല്ല്. റിസ്ക് വലുതാ. അതിനൊ

## കഥ



ള്ള ചൊളയും കിട്ടത്തില്ല. ആദ്യവായിട്ടാ ഇങ്ങനെ പോലീസുകാരുമായിട്ടുള്ള എടപാട്. തീക്കോയി സന്ദീപ് പറഞ്ഞ കേസായതുകൊണ്ടും മിത്രങ്ങളായതുകൊണ്ടും മാത്രവാ സ്വാമിജി സമ്മതിച്ചത്. നമ്മളു കണ്ടിട്ടുമില്ല, ഇങ്ങനെയൊരു കാര്യം നടന്നിട്ടുമില്ല. കേട്ടല്ലോ."

ശാരംഗൻ കാലിന്മേൽ കാലുകയറ്റിവെച്ചു.

തലയാട്ടിക്കൊണ്ട് ഞാൻ സമ്മതംമൂളി. എത്രയും പെട്ടെന്ന് ഡീല് തീർത്ത് ഇവിടം വിടുക എന്നതു മാത്രമാണ് പ്രധാനം. പണത്തിന്റെ കെട്ടുകൾ ബാഗിൽനിന്നുമെടുത്ത് ഞാനയാൾക്ക് നൽകി. ഒന്നു വിടർത്തി നോക്കിയശേഷം അയാളത് അടുത്തുനിന്ന ചെറുപ്പക്കാരന്റെ കൈയിലേക്ക് കൊടുത്തു. അയാളുടെ പക്കലുണ്ടായിരുന്ന ഒരു വലിയപൊതി വാങ്ങി ശാരംഗൻ എന്റെ നേർക്ക് നീട്ടി.

"ദാ, പിടിക്ക്. നിങ്ങൾ പറഞ്ഞ മോഡലിലുള്ള ഒറിജിനൽ സാധനം."

വർമ്മ അതുവാങ്ങി പരിശോധിക്കവേ, അകത്തെവിടെയോ ലാൻഡ് ഫോൺ ശബ്ദിച്ചു. 'നിങ്ങളിരിക്ക്' എന്നു പറഞ്ഞുകൊണ്ട് അയാൾ മുറിക്ക് പുറത്തേക്കിറങ്ങി. സിൽബന്ധികൾ അനുഗമിച്ചു. കുഴപ്പങ്ങളി

ല്ലാതെ കാര്യം നടന്നുകിട്ടിയതിന്റെ ഒരു സമാധാനം വർമ്മയുടെ മുഖത്തുണ്ടായിരുന്നു. സത്യത്തിൽ ഞാനുമപ്പോഴാണ് നല്ലോണമൊന്ന് ശ്വാസം വിട്ടത്.

“സാധനം പക്കായാണ്. അതേ പഴക്കം.” വർമ്മ പറഞ്ഞു.

ശരിയാണ്. നമ്പർകൂടി പതിച്ചു കഴിഞ്ഞാൽ ആരും അത്രപെട്ടെന്ന് കണ്ടുപിടിക്കില്ല. തൽക്കാലം ആശ്വസിക്കാം. മറ്റ് കുഴപ്പങ്ങളൊന്നുമുണ്ടാവല്ലേ എന്ന് പ്രാർത്ഥിക്കാം.

പെട്ടെന്ന് കടകട ശബ്ദത്തോടെ വാതിലടഞ്ഞു.

ഞങ്ങൾ ഞെട്ടിത്തിരിഞ്ഞപ്പോൾ ആരോ വാതിൽ പുറത്തുനിന്നും പൂട്ടുന്നതറിഞ്ഞു. അടുത്തുചെന്നപ്പോഴേക്കും ലോക്കായിക്കഴിഞ്ഞിരുന്നു എന്നതാണ് സംഭവം? എന്തോ ചതി നടക്കാൻ പോകുന്നുവെന്ന് ഒരു ഉൾവിളി എന്നിലുണ്ടായി. വർമ്മയുടെ നേർക്ക് ഞാൻ കൈനീട്ടി. ആകെ വിളറിവെളുത്തുപോയ അവൻ അന്തംവിട്ട് നിൽക്കവേ, പിസ്റ്റൽ ഞാൻ ബലപൂർവ്വം പിടിച്ചുവാങ്ങി മഗസിൻ ഊരിയെടുത്തു. ബാഗു തുറന്ന് ഉള്ളറയിൽനിന്നും പ്ലാസ്റ്റിക് കവറിൽ ഭദ്രമായി വെച്ചിരുന്ന റൗണ്ടുകളെടുത്ത് നിറച്ച്, മഗസിൻ തിരികെയുറപ്പിച്ചു. പിസ്റ്റൽ കോക്ക് ചെയ്തുകൊണ്ട് വാതിലിനരികിലേക്ക് ചെന്ന് കൈമുട്ടുകൊണ്ട് ഞാൻ തുടർച്ചയായി ആഞ്ഞിടിച്ചു.

“വാതിലു തുറക്ക്,  വാതിലു തുറക്കാൻ!”

കാൽപ്പെരുമാറ്റങ്ങൾ അടുത്തു വന്നു. പിന്നാലെ ശാരംഗന്റെ മുഴക്കമുള്ള ശബ്ദമുയർന്നു.

“തുറക്കാവെടാ ഇപ്പം! ചതിയാരുന്നല്ലേടാ പട്ടികളേ? ഹും, മിത്രമാണ് പോലും! സ്വാമിജിയെ നിങ്ങൾ എവിടെക്കൊണ്ടു പോയാലും തിരിച്ചിവിടെ എത്തിക്കാതെ രണ്ടിനേം പുറത്തുവിടില്ല. അതല്ല, സ്വാമിജിക്ക് എന്തേലും സംഭവിച്ചാ, പിന്നെ നിന്റെയൊക്കെ കളി അതോടെ തീരും. പൂടപോലും വാക്കികാണില്ല.”

ഞങ്ങൾ മുഖത്തോടുമുഖം നോക്കി. സ്വാമിയെ എവിടെവെച്ചോ പോലീസ് പൊക്കിയിട്ടുണ്ട് തീർച്ച. ഞങ്ങളും ആ ഓപ്പറേഷന്റെ ഭാഗമാണെന്നായിരിക്കും ഇവന്മാരിപ്പോൾ ധരിച്ചിരിക്കുന്നത്. എട്ടിന്റെ പണിയാണ് കിട്ടിയിരിക്കുന്നത്. വർമ്മ തലയ്ക്ക് കൈകൊടുത്തുകൊണ്ട് നിലത്തിരുന്നു. എന്തു ചെയ്യണമെന്ന് ഒരു പിടിയും കിട്ടാതെ ഞാനും പതറി.

> “
> **ദിക്കുകൾ നടുങ്ങുമാറ് അട്ടഹാസം മുഴങ്ങി. രക്തം മരവിക്കുന്ന മൂർച്ചയുള്ള ആ ചിരിയുടെ അലകൾ നിലയ്ക്കുന്നതിനുമുമ്പ്, വിറയ്ക്കുന്ന വിരലിനാൽ ഞാൻ മൂന്നുവട്ടം ട്രിഗറമർത്തി. ഒരു നിലവിളിയോടൊപ്പം തുള്ളിവിറച്ചുകൊണ്ട് തോക്കുമായി ഞാൻ നിലത്തേക്ക് മറിഞ്ഞുവീണു.**
> ”

“ഞങ്ങളല്ല. സത്യമായിട്ടും ഞങ്ങൾക്കതുമായി ഒരു ബന്ധവുമില്ല!” ഞാൻ ഉറക്കെപ്പറഞ്ഞു.

അതിന് മറുപടിയൊന്നും കിട്ടിയില്ല.

ഞാൻ മുറിയിലാകെ കണ്ണോടിച്ചു. രണ്ടുപേർക്കുവീതം ഇരിക്കാവുന്ന രണ്ട് കസേരകൾക്ക് നടുവിലായി ഒരു ടീപോയ്, മൂലയ്ക്കായി ഒരു ടേബിൾ അതിലൊരു ഫ്ളവർവേസ്, ചെറിയ പ്ളാസ്റ്റിക് സ്റ്റൂൾ, തടിച്ചു മരിൽ ഒരു കലണ്ടർ. ഇത്രയുമല്ലാതെ മറ്റൊന്നും അവിടുണ്ടായിരുന്നില്ല. കർട്ടനുകൾമാറ്റി ജനാലകൾ തുറക്കാൻ ശ്രമിച്ചപ്പോൾ അത് സ്ഥിരമായി ബന്ധിച്ചിരിക്കുകയാണെന്ന് ബോധ്യപ്പെട്ടു. മധ്യഭാഗത്തുള്ള മുറിയായതിനാൽ അവ വെളിയിലേക്ക് തുറക്കുന്നവയല്ലെന്നും ഊഹിക്കാമായിരുന്നു. സ്റ്റൂള് വലിച്ചിട്ട് മുകളിൽ കയറി സീലിങ്ങിൽ പിസ്റ്റൽതുമ്പുകൊണ്ട് തള്ളിനോക്കി. രക്ഷയില്ല, മച്ചിനോട് ചേർത്താണത് ഉറപ്പിച്ചിരിക്കുന്നത്.

ഏതു നശിച്ച നേരത്താണാവോ ഇതിനിറങ്ങി പുറപ്പെട്ടത്?

ഒരു വി.ഐ.പി. ഡ്യൂട്ടി കഴിഞ്ഞ് റെസ്റ്റ്റൂമിൽനിന്നും ബാഗെടുത്ത് ഇറങ്ങുന്നതിനിടയിലാണ് പിസ്റ്റൽ നഷ്ടപ്പെട്ടിരിക്കുന്നതായുള്ള സത്യം മനസ്സിലാക്കുന്നത്. ചങ്കിലേക്ക് ഒരു തിരമാല ഇരച്ചുകയറുന്നതുപോലെയായിരുന്നു. പണി പോകുന്ന കേസാണ്. പണി മാത്രമല്ല; ജീവിതകാലം മുഴുവൻ അതിന്റെ പിന്നിൽ തൂങ്ങേണ്ടിയും വരും. പെട്ടെന്നു തന്നെ അവിടെനിന്നും ഇറങ്ങിയോടി സഞ്ചരിച്ച വാഹനത്തിലും ഫങ്ഷൻ പ്ലെയ്സിലും ചുറ്റുപാടുമെല്ലാം അരിച്ചുപെറുക്കി. വിവരം ചോർന്നു പോകാതെ തന്ത്രപൂർവ്വം ഒരന്വേഷണം നടത്തി. ഒരു രക്ഷയുമുണ്ടായില്ല. പത്രക്കാരുടെയോ ചാനലുകാരുടെയോ കൈയിൽക്കിട്ടിയാൽ അതോടെ തീരും കഥ! ആരെങ്കിലും മോഷ്ടിച്ചതാണെങ്കിൽ ഒരിക്കലുമത് തിരിച്ചുകിട്ടാൻ പോകുന്നില്ലെന്നറിയാമായിരുന്നു. അബദ്ധത്തിൽ എവിടെയെങ്കിലും വീണുപോയതാണെങ്കിൽ ഏതെങ്കിലും നല്ലവന്റെ കൈയിലത് കിട്ടണേയെന്ന് മനസ്സുരുകി പ്രാർത്ഥിച്ചു. കിട്ടിയവർ അത് അടുത്ത സ്റ്റേഷനിൽ ഏൽപ്പിച്ചാലും കുഴപ്പംതന്നെ. എന്നാലും സാധനം കിട്ടിയാൽ എന്തെങ്കിലും പറഞ്ഞ് പിടിച്ചുനിൽക്കാമല്ലോ.

ഇതുപോലൊരു സംഭവം കൃത്യസമയത്ത് മേലധികാരിയെ അറിയിക്കാതിരിക്കുന്നതാണ് ഏറെ ഗുരുതരമായ കുറ്റം. ഡ്യൂട്ടി കഴിഞ്ഞ് പിസ്റ്റൽ മടക്കിയേൽപ്പിക്കേണ്ട സമയം കഴിഞ്ഞപ്പോൾ അടുത്ത പണിക്ക് പെട്ടെന്നു പോകേണ്ടിവന്നുവെന്നും ഉടനെ തിരികെ തന്നോളാമെന്നും ആയുധപ്പുരയുടെ ചുമതലക്കാരനായ ഗബ്രിയേലിനോട് ജാമ്യമെടുക്കാനാണ് എനിക്കു തോന്നിയത്.

പിസ്റ്റലുപയോഗിച്ച് ഡ്യൂട്ടി ചെയ്യേണ്ടിവരുന്ന സന്ദർഭങ്ങളിലൊന്നും തന്നെ മഗസിൻ ചാർജ് ചെയ്തു വെക്കുന്ന ശീലമില്ലാത്തത് ഒരർത്ഥത്തിൽ ഗുണമായി. റൗണ്ടുകൾ ബാഗിൽതന്നെയുണ്ടായിരുന്നു. പക്ഷേ, തോക്കില്ലാതെ ഉണ്ട മാത്രം കിട്ടിയിട്ടെന്തുകാര്യം? ആകെ നിരാശപ്പെട്ടിരിക്കുമ്പോഴാണ് തീക്കോയി സന്ദീപ് വഴിതെളിച്ചു തരുന്നത്. ഓർക്കാപ്പുറത്തുണ്ടായ ദുർഘട സാഹചര്യത്തെ മറികടക്കാൻ ആരുടെ സഹായം സ്വീകരിക്കാനും എന്തു റിസ്കെടുക്കാനും എത്ര ചെലവഴിക്കാനും തയ്യാറായിരുന്നു. പക്ഷേ, ഇതുപോലെ വലിയ കുരുക്കിൽ ചെന്നുപെടുമെന്ന് ഒട്ടും പ്രതീക്ഷിച്ചില്ല. നിമിഷ


Sunil

ങ്ങളുടെ വ്യത്യാസത്തിലാണിപ്പോൾ കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞത്. തോക്ക് നഷ്ടപ്പെട്ട സമയത്ത്, മോഷ്ടിക്കപ്പെട്ടുവെന്ന് പറഞ്ഞ് റിപ്പോർട്ട് കൊടുത്താൽ മതിയായിരുന്നു. അതായിരുന്നു ചെയ്യേണ്ടിയിരുന്നത്. ജീവനെങ്കിലും തിരിച്ചുകിട്ടിയേനേ. എല്ലാ കാര്യങ്ങളുമിങ്ങനെയാണ്. തന്ത്രപ്രധാനമെന്നു കരുതി ചെയ്യുന്ന പ്രവൃത്തികളെല്ലാം ഏതെങ്കിലും കുനുഷ്ടിലേ ചെന്നവസാനിക്കൂ. തല നിറയെ ചാണകമാണെന്ന് പറഞ്ഞ് മറ്റുള്ളവർ തോണ്ടുന്നത് വെറുതെയല്ല.

ഫോണെടുത്ത് നോക്കിയപ്പോൾ രണ്ടിലും റേഞ്ചില്ല. അവന്മാർ ഉടനെ വാതിൽ തുറക്കാതിരിക്കില്ല. പോലീസ് പാർട്ടി ഇവിടേക്ക് എത്താനുള്ള സാധ്യത മുന്നിൽക്കണ്ട് മറ്റെവിടേക്കെങ്കിലും ഞങ്ങളെ മാറ്റിയേക്കും. സ്വാമിക്ക് അത്ര ചെറുതല്ലാത്ത ഒരു നെറ്റ്വർക്ക് ഉണ്ടാകും. അത് ഇപ്പോൾത്തന്നെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടാവുമെന്നുറപ്പ്. രക്ഷപ്പെടാനൊരു വഴി തുറന്നുകിട്ടണേയെന്ന് ഞാൻ കണ്ണുകളടച്ച് പ്രാർത്ഥിച്ചു. എവിടെനിന്നോ അപ്പോൾ മണിയൊച്ചകൾ മുഴങ്ങി. വെളിച്ചമണഞ്ഞു.

മുറിക്കുള്ളിലെ തണുപ്പ് മാറി ചൂടുപിടിക്കാൻ തുടങ്ങി. പെട്ടെന്ന് വാതിൽപ്പാളികൾ പൊളിഞ്ഞുവീണു. കനമേറിയ പുകവന്ന് അകമെല്ലാം നിറഞ്ഞു. നിന്നിടത്തുനിന്നും ഒരിഞ്ചുപോലും അനങ്ങാനാവാതെ ഞങ്ങൾ തറഞ്ഞുപോയിരുന്നു. അപ്പോൾ ഇരുട്ടിനെ മെല്ലെ അലിയിച്ചുകൊണ്ട് അരയിൽ പതിനാറ് പന്തവും നൂറ്റിയൊന്ന് കോൽത്തിരിയും രണ്ടായിരം കൈകളും വായിൽ അഗ്നിയും തലയിൽ നെരിപ്പോടുമായി വാതിൽക്കൽ കണ്ഠാകർണ്ണന്റെ ഉഗ്രരൂപം തെളിഞ്ഞു. ഭയത്തെ ചവിട്ടിപ്പിടിച്ചുകൊണ്ട് പിസ്റ്റലെടുത്ത്, കണ്ണുമഞ്ഞളിക്കുന്ന വെളിച്ചത്തിനു നേർക്ക് ഞാൻ നീട്ടിപ്പിടിച്ചു.

ദിക്കുകൾ നടുങ്ങുമാറ് അട്ടഹാസം മുഴങ്ങി. രക്തം മരവിക്കുന്ന മൂർച്ചയുള്ള ആ ചിരിയുടെ അലകൾ നിലയ്ക്കുന്നതിനുമുമ്പ്, വിറയ്ക്കുന്ന വിരലിനാൽ ഞാൻ മൂന്നുവട്ടം ട്രിഗറമർത്തി. ഒരു നിലവിളിയോടൊപ്പം തുള്ളിവിറച്ചുകൊണ്ട് തോക്കുമായി ഞാൻ നിലത്തേക്ക് മറിഞ്ഞുവീണു.

"പൊള്ളല് മാത്രവല്ല, ചിക്കൻപോക്സുമുണ്ട്."

"സൗകര്യമുള്ള മറ്റെവിടേക്കെങ്കിലും മാറ്റുന്നതാ നല്ലത്."



"റിമാന്റിലല്ലേ. പറഞ്ഞുനോക്കാം. കൂടൊള്ള പോലീസാരനെയാ തട്ടിയിരിക്കുന്നേ!"

ആരൊക്കെയാണ് ചുറ്റുമുള്ളതെന്ന് നോക്കണമെന്നുണ്ട്. പക്ഷേ, പറ്റുന്നില്ല. ശബ്ദംകൊണ്ട് ആരെയും തിരിച്ചറിയാനും സാധിക്കുന്നില്ല. ഗാഢമായ ആശുപത്രിമണം. ശരീരം നിർത്താതെ വിറച്ചുകൊണ്ടിരിക്കുന്നു. കൺപോളകൾ വലിച്ചുതുറക്കാനുള്ള ഓരോ ശ്രമവും മുഴങ്ങാത്ത നിലവിളികളായി തൊണ്ടക്കുഴിയിൽ വന്നുതിങ്ങി.

## വിശകലനം, സംഭാഷണം

**സപ്ന ഭാവ്നാനി /**
**പി. കെ. സുരേന്ദ്രൻ**



*സപ്ന ഭാവ്നാനി*

# ശരീരംതന്നെ മാധ്യമം

**ഈ ചലച്ചിത്രത്തിൽ സപ്ന ചരിത്രത്തിന്റെ ഒരു ചലിക്കുന്ന മ്യൂസിയം ആയിത്തീരുന്നു. പച്ചകുത്തൽ ഭൂതത്തെ വർത്തമാനവുമായി ബന്ധിപ്പിക്കുന്ന കണ്ണിയായിത്തീരുന്നു. വലതുകാൽ സപ്നയുടെ കുടുംബക്കാരുടെ സിന്ധിലെ ജീവിതവും വിഭജനത്തിന്റെ ദുരിതങ്ങളും അവതരിപ്പിക്കുമ്പോൾ ഇടതുകാലിൽ സപ്ന ജനിച്ചു വളർന്ന മുംബൈ നഗരമാണ്. ഗേറ്റ്‌വേ ഓഫ് ഇന്ത്യയുടെയും കടലിന്റെയും മറ്റും കാഴ്ചകൾ. അങ്ങനെ കാലുകൾ ഓർമ്മകളുടെ കലണ്ടർ ആയി മാറുന്നു. ഒരു കഥപറയാനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം ആ കഥതന്നെ ആയിത്തീരുക എന്നതാണ്.**

"If trees are uprooted and cut, What will the dry wood remember of the rains that a rose in Malir?" -- by Shah Abdul Latif, Sufi Scholar, Poet

**തന്റെ** ആഗ്രഹങ്ങൾക്കനുസരിച്ച് ജീവിക്കുന്ന ഹെയർസ്റ്റൈലിസ്റ്റും എഴുത്തുകാരിയുമായ സപ്ന ഭാവ്നാനിയെ പരിചയപ്പെടുന്നത് റൂഹി ദീക്ഷിത്തും സീബാ ഭഗ്‌വാഗറും ചേർന്ന് സംവിധാനം ചെയ്ത Scattered Windows, Connected Doors എന്ന ഡോക്യുമെന്ററിയിലാണ്. എങ്ങനെ ജീവിക്കണം, എന്തു ചെയ്യണം, എന്തു ചെയ്യാതിരിക്കണം എന്ന് തെരഞ്ഞെടുപ്പുകൾ നടത്തുന്ന എട്ട് സ്ത്രീകളെ കുറിച്ചാണ് ഈ സിനിമ. ഇതിൽ ഒരു ഖണ്ഡം സപ്നയെ കുറിച്ചാണ്.

വ്യവസ്ഥാപിതതത്ത്വങ്ങളെ പിന്തുടരാത്ത ജീവിതമാണ് സപ്നയുടേത്. മുംബൈയിൽ സമ്പന്നർ ജീവിക്കുന്ന ബാന്ദ്രയിൽ ഒരു സിന്ധി കുടുംബത്തിൽ ജനിച്ചു. പിതാവ് ഒരു കാബറെ ക്ലബ്ബിന്റെയും റെസ്റ്റോറന്റിന്റെയും ഉടമസ്ഥനായിരുന്നു. സപ്നയുടെ പതിനെട്ടാം വയസ്സിൽ പിതാവ് അന്തരിച്ചതിനെ തുടർന്ന് കോളജ് വിദ്യാഭ്യാസം അവസാനിപ്പിക്കുകയും അമേരിക്കയിലേക്ക് പോവുകയും ചെയ്തു. അവിടെ തുടക്കത്തിൽ ഒരു ഹോട്ടലിൽ വെയിട്രസ്സ് ആയി ജോലിചെയ്തു. പിന്നീട് ഒരു ബിസിനസ്സ് സ്കൂളിൽ മാർക്കറ്റിങ് ആൻഡ് കമ്മ്യൂണിക്കേഷൻ പഠിക്കാനായി ചേരുകയും നല്ല മാർക്കോടെ പഠനം പൂർത്തിയാക്കുകയും ചെയ്തു. ഫാഷൻ ഡിസൈൻ രംഗത്ത് ചില ശ്രമങ്ങൾ നടത്തിയെങ്കിലും ഹെയർ ഡ്രസ്സിങ്ങിൽ ഉള്ള താത്പര്യം കാരണം ഈ മേഖലയെ തൊഴിലായി തെരഞ്ഞെടുത്തു. അവധിക്ക് മുംബൈയിൽ വന്നപ്പോൾ അപ്രതീക്ഷിതമായി കണ്ടുമുട്ടിയ ബാല്യകാല സുഹൃത്തുമായി ഒന്നിച്ചുജീവിക്കാൻ തീരുമാനിച്ചതിനെ തുടർന്ന് അമേരിക്ക ഉപേക്ഷിക്കുകയും മുംബൈയിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. അക്കാലത്ത്

---

Malir (മലിർ): സിന്ധിലെ ഒരു നദി.



*സിന്ധുസ്ഥാനിലെ
സപ്ന ഭാവ്നാനി*

# വിശകലനം, സംഭാഷണം

> എനിക്ക് പാക്കിസ്ഥാനിലേക്കും അദ്ദേഹത്തിന് ഇന്ത്യയിലേക്കും വരാൻ പറ്റാത്തതിനാൽ ഞങ്ങൾ നേപ്പാളിൽ കണ്ടുമുട്ടി. ഞാൻ ചിത്രീകരിച്ച ഫൂട്ടേജുകൾ അദ്ദേഹത്തെ കാണിച്ചു. തുടർന്ന് സിന്ധിൽനിന്നുള്ള ഫൂട്ടേജ് അദ്ദേഹം ചിത്രീകരിച്ചു. അദ്ദേഹത്തിന്റെ ഫൂട്ടേജുകൾ അവിശ്വസനീയമായിരുന്നു എന്നു പറയാം. ജീവിതത്തിലാദ്യമായി ഞാൻ എന്റെ പിതാവ് ജനിച്ച സ്ഥലം കണ്ടു.

മുംബൈയിലെ പ്രസിദ്ധങ്ങളായ സായാഹ്നപത്രങ്ങളിൽ കോളമിസ്റ്റായി സപ്ന ധാരാളം എഴുതി.

'ബിഗ് ബോസ് സീസൺ ആറി'ൽ പങ്കെടുത്തു. ഒരു വ്യവസായ സംരംഭക, ഹെയർ സലൂൺ, പ്രൊഡക്ഷൻ കമ്പനി, സ്വന്തമായി ഫാഷൻ ലേബലിന്റെ ഉടമ, ഒരു നോൺ ഫിക്ഷൻ നോവൽ പ്രസിദ്ധീകരിച്ചു. മ്യൂസിക് വീഡിയോ സംവിധാനം ചെയ്യുകയും അതിൽ അഭിനയിക്കുകയും ചെയ്തു. 'നിർഭയ' എന്ന നാടകവുമായി ബന്ധപ്പെട്ട പ്രവർത്തനം. കലിംഗർ എന്ന പേരിൽ ഒരു ആർട് പ്രോജക്ക് സംഘടിപ്പിച്ചു. രണ്ടു ഹിന്ദി സിനിമകളിൽ അഭിനയിച്ചു. മൂന്നു വിവാഹങ്ങൾ. PETA (People for the Ethical Treatment of Animals) എന്ന സംഘടനയുടെ സജീവ പ്രവർത്തക. നമുക്ക് അസാധാരണം എന്ന് തോന്നുംവിധം 'തന്നിഷ്ട'ത്തിന് ജീവിക്കുന്ന സ്ത്രീ. ആഗ്രഹിച്ചതെല്ലാം നേടാനായി പ്രവർത്തിക്കുക എന്നതാണ് മുദ്രാവാക്യം.

സപ്ന സംവിധാനം ചെയ്ത ആദ്യ സിനിമയാണ് 'സിന്ധുസ്ഥാൻ'. ഒരു സിന്ധിയായി ജനിച്ചുവെങ്കിലും ഒരിക്കലും തന്റെ പിതാവിന്റെ ജന്മസ്ഥലമായ സിന്ധ് കാണാൻ അവസരം കിട്ടാത്ത സപ്ന, ഈ സിനിമയിലൂടെ സിന്ധിന്റെ ചരിത്രം അന്വേഷിക്കുകയാണ്; അങ്ങനെ തന്റെ വേരുകൾ തേടുകയും ചെയ്യുന്നു. രാഷ്ട്രീയപ്രത്യയ ശാസ്ത്ര അജണ്ടയുടെ ഭാഗമായി എല്ലാം ഹിന്ദുത്വവുമായി കൂട്ടിക്കെട്ടുന്ന, ഹിന്ദുത്വവുമായി സമീകരിക്കുന്ന ഇക്കാലത്ത് ഈ സിനിമ വളരെ പ്രസക്തമാണ്. ഇന്ത്യയ്ക്ക് അകത്തും പുറത്തുമായി പ്രശസ്തങ്ങളായ ധാരാളം മേളകളിൽ പ്രദർശിപ്പിക്കപ്പെട്ട ഈ സിനിമ നിരവധി ബഹുമതികൾ കരസ്ഥമാക്കി (Mumbai Film Festival, DocEdge, Kolkatta, International Short & Independent Film Festival, Dhaka, Chicago South Asian Film Festival, New York Indian Film Festival, Indian Film Festival of Boston).

എന്തുകൊണ്ട് സിന്ധുസ്ഥാൻ എന്ന ശീർഷകം? സപ്ന പറയുന്നു: "സിന്ധുനദിയുടെ സമതലത്തിൽ ജീവിച്ചിരുന്ന മനുഷ്യരെ പേർഷ്യക്കാരാണ് ഹിന്ദു എന്ന് വിളിച്ചത്. പേർഷ്യക്കാർക്ക് 'സി' എന്ന് ഉച്ചരിക്കാൻ ബുദ്ധിമുട്ട് ഉള്ളതിനാൽ പകരം 'ഹി' എന്ന പദം ഉപയോഗിക്കുകയായിരുന്നു. അങ്ങനെ സിന്ധു ഹിന്ദുവായി. തുടർന്ന് സിന്ധുസ്ഥാനിന് പകരം ഹിന്ദുസ്ഥാൻ ഉണ്ടായി."

ഡോക്യുമെന്ററി ആയാണ് വിഭാവനം ചെയ്തിരിക്കുന്നതെങ്കിലും ഡോക്യുമെന്ററിയുടെ സാമ്പ്രദായിക നിർവ്വചനങ്ങളിൽ ഒതുങ്ങുന്നില്ല ഈ സിനിമ. സംവിധായിക അന്വേഷിക്കുന്ന സിന്ധിന്റെ ചരിത്രത്തെ ചിത്രങ്ങളാക്കി തന്റെ ശരീരത്തിൽ, പ്രധാനമായും കാലുകളിൽ മഷികൊണ്ട് പച്ച കുത്തിയിരിക്കുകയാണ്. സിന്ധിലെ അജ്റക് ശൈലിയിലും ഇന്ത്യയിലെ മധുബനി ചിത്രങ്ങളുടെ ശൈലിയിലുമാണ് ചരിത്രം ആലേഖനം ചെയ്തിരിക്കുന്നത്. ഇവിടെ (സിനിമയിൽ) ശരീരം തന്നെ മാധ്യമമാകുന്ന ഒരപൂർവ്വ കാഴ്ച കാണാം.

പച്ചകുത്തുന്ന പ്രക്രിയ വളരെ വേദനിപ്പിക്കുന്നതായിരുന്നു. ഈ രീതിയിൽ രണ്ടു കാലുകളിലും പച്ചകുത്താൻ സാധാരണ വർഷങ്ങൾ എടുക്കും. എന്നാൽ പത്ത് ദിവസങ്ങൾകൊണ്ടാണ് സപ്ന തന്റെ രണ്ടു കാലുകളിലും പച്ചകുത്തിയത്. ആദ്യത്തെ ആറുദിവസം യാതൊരു മരുന്നും ഉപയോഗിക്കേണ്ടിവന്നില്ലെങ്കിലും ഏഴാമത്തെ ദിവസം വിവരണാതീതമായ വേദന സഹിക്കാനാവാതെ ആസ്പത്രിയിൽ പോകേണ്ടിവന്നു. പിന്നീട് വേദനസംഹാരികൾ കഴിച്ചാണ് പച്ചകുത്തൽ പൂർത്തീകരിച്ചത്. ഇതിലൂടെ വിഭജനത്തിന്റെ വേദന മറ്റൊരു രീതിയിൽ താൻ പങ്കുവെക്കുകയായിരുന്നു എന്ന് സപ്ന പറയുന്നു.

ഇതിലൂടെ സപ്ന ചരിത്രത്തിന്റെ ഒരു ചലിക്കുന്ന മ്യൂസിയം ആയിത്തീരുന്നു. പച്ചകുത്തൽ ഭൂതത്തെ വർത്തമാനവുമായി ബന്ധിപ്പിക്കുന്ന കണ്ണിയായിത്തീരുന്നു. വലതുകാൽ സപ്നയുടെ കുടുംബക്കാരുടെ സിന്ധിലെ ജീവിതവും വിഭജനത്തിന്റെ ദുരിതങ്ങളും അവതരിപ്പിക്കുമ്പോൾ ഇടതുകാലിൽ സപ്ന ജനിച്ചു വളർന്ന മുംബൈ നഗരമാണ്. ഗേറ്റ്വേ ഓഫ് ഇന്ത്യയുടെയും കടലിന്റെയും മറ്റും കാഴ്ചകൾ. അങ്ങനെ കാലുകൾ ഓർമ്മകളുടെ കലണ്ടർ ആയി മാറുന്നു. ഒരു കഥ പറയാനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം ആ കഥതന്നെ ആയിത്തീരുക എന്നതാണ്. പച്ചകുത്തൽ വേദനാജനകമായ ഒരു പ്രക്രിയയായിരുന്നു. എന്നാൽ ഇത് ചില ലക്ഷ്യങ്ങൾ കൈവരിക്കാനായി, സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനായി ആകുമ്പോൾ വേദനയുടെ കാഠിന്യം കുറയുന്നു.

സാധാരണ ഡോക്യുമെന്ററികൾ വസ്തുതകളും കണക്കുകളും ആർക്കൈവൽ ഫൂട്ടേജുകളും ധാരാളമായി ഉപയോഗിക്കാറുണ്ടല്ലോ. സപ്ന വേറൊരു വഴിയാണ് പിന്തുടരുന്നത്. അതേസമയം ഈ സിനിമ ചോദ്യം ഉത്തരം എന്ന രീതിയിലും അല്ല. വിഭജനത്തിലൂടെ കടന്നുവന്ന പ്രായം ചെന്ന മനുഷ്യർ ചിലപ്പോൾ പ്രേക്ഷകരോട് നേരിട്ടും മറ്റുചിലപ്പോൾ അവരുടെ സംസാരം പശ്ചാത്തലത്തിലും കേൾക്കാം. മറ്റു ചിലപ്പോൾ അവർ സംസാരിച്ചുകൊണ്ടിരിക്കുന്ന ദൃശ്യങ്ങളെ പച്ചകുത്തിയ കാലുകളിൽ കണ്ടെത്താൻ ശ്രമിക്കുന്നു. ഈ പ്രായം ചെന്ന മനുഷ്യർ



*സിന്ധുസ്ഥാനിലെ ദൃശ്യം*

ഓർമ്മയ്ക്കും മറവിക്കും ഇടയിൽ നിന്നാണ് സംസാരിക്കുന്നത്.

രേഖീയമായല്ല സിനിമയിലെ ആഖ്യാനം. ഭക്ഷണം പാകം ചെയ്യുന്ന സ്ത്രീ സിന്ധിലെ തന്റെ ജീവിതം അയവിറക്കുമ്പോൾ ഫ്രെയിമിന്റെ ഒരു ഭാഗത്ത് പശ്ചാത്തലത്തിൽ പച്ചകുത്തിയ കാലുകൾ കാണാം. മറ്റൊരു സന്ദർഭത്തിൽ വിഭജനത്തെ അതിജീവിച്ച പ്രായംചെന്ന മനുഷ്യൻ സംസാരിക്കുന്നു. അടുത്ത ഷോട്ടിൽ ഊഞ്ഞാലിൽ ആടുന്ന സപ്ന യുടെ പച്ചകുത്തിയ കാലുകൾ. കഥക്നൃത്തം ചെയ്യുന്ന ഒരു നർത്തകി. അടുത്ത ഷോട്ടിൽ ഫ്രെയിമിന്റെ ഒരറ്റത്ത് നർത്തകി, മറ്റേ അറ്റത്ത് പച്ചകുത്തിയ കാലുകൾ. ഇത്തരത്തിൽ പല സന്ദർഭത്തിൽ പല രീതിയിൽ പച്ചകുത്തിയ കാലുകളെ ഒറ്റയ്ക്കും പുരാതന അവശിഷ്ടങ്ങളുടെയും ഭൂപ്രകൃതിയുടെയും സൂഫി ഗായകരുടെയും മോഹൻ ജെദാരോയുടെയും ഉൽഖനനത്തിന്റെയും മറ്റും പശ്ചാത്തലത്തിലും സൂപ്പർഇമ്പോസ് ചെയ്തുമാണ് അവതരിപ്പിച്ചിരിക്കുന്നത്. പുൽത്തകിടിയിലൂടെ, വെള്ളത്തിലൂടെ, കടൽക്കരയിലൂടെ നടക്കുന്ന ചിത്രമെഴുതിയ കാലുകൾ. ആദ്യ ഭാഗത്ത് കാലുകളുടെ ഉടമയെ നാം കാണുന്നില്ല. അവസാന ഭാഗത്ത് മാത്രമാണ് അത് സപ്നയാണെന്ന് നാം അറിയുന്നത്. അതുപോലെത്തന്നെയാണ് നിറങ്ങൾ മിക്സ് ചെയ്യുന്നതിന്റെ ദൃശ്യങ്ങളും പച്ചകുത്തിയ വർണാഭമായ കാലിനെ ചുറ്റുന്ന വർണ്ണ നൂലുകളുടെ ദൃശ്യങ്ങളും. ഒരിടത്ത് യോഗേഷ് വാഗ് മാരെ എന്ന കലാകാരൻ കാലുകളിൽ പച്ചകുത്തുന്നതിന്റെ ദൃശ്യങ്ങൾ. ചിലപ്പോൾ കാലുകൾ വിവിധ പോസുകളിൽ ചെരിച്ചും നീട്ടിയും ഉയർത്തിയും പ്രേക്ഷകർക്ക് ചിത്രങ്ങൾ പല ഭാഗത്തു നിന്നും കാണാൻ എന്നോണം.

സിന്ധിന്റെ ചരിത്രം പറയാൻ സംവിധായിക ഔദ്യോഗിക ചരിത്രത്തെയല്ല, വിഭജനത്തെ അതിജീവിച്ചവരുടെ വ്യക്ത്യനുഭവങ്ങളെയും ഓർമ്മകളെയുമാണ് ആശ്രയിക്കുന്നത്. അതുകൊണ്ടുതന്നെ സിനിമ ഭാഗം പിടിക്കുന്നുമില്ല. നമ്മുടെ ഡോക്യുമെന്ററികൾ പൊതുവെ മുൻനിശ്ചിതമായ നിഗമനത്തിൽ എത്തുന്നവയാണല്ലോ. കറുപ്പിലും വെളുപ്പിലും മാത്രമായി ചരിത്രത്തെയും, യാഥാർഥ്യത്തെയും കാണുന്നവ.

1750 BC മുതൽതന്നെ സിന്ധു നദീതടത്തിൽ (Indus Valley) ആവസിച്ചിരുന്ന ജനത സിന്ധികൾ എന്ന് അറിയപ്പെട്ടു. ബ്രിട്ടീഷുകാരുടെ വരവോടെ മുഗളമാരുടെ പിടി അയയുകയും 1843 –ൽ സിന്ധ് ബോംബെ പ്രസിഡൻസിയുടെ ഭാഗമാവുകയും ചെയ്തു. തുടർന്ന് ഇത് സിന്ധ്പ്രവിശ്യയായി അറിയപ്പെട്ടു. വിഭജനത്തെ തുടർന്ന് ബോംബെപ്രവിശ്യ സ്വതന്ത്ര ഇന്ത്യയുടെ ഭാഗമാവുകയും സിന്ധ്പ്രവിശ്യ പാക്കിസ്ഥാനിന്റെ ഭാഗമാവുകയും ചെയ്തു. വിഭജനത്തിനുശേഷം സിന്ധി ഹിന്ദുക്കളും സിന്ധി സിക്കുകാരും ഇന്ത്യയിലേക്കും ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും കുടിയേറി. എല്ലാം പിന്നിൽ ഉപേക്ഷിച്ച് അരക്ഷിതബോധത്തോടെയും ഭീതിയോടെയും എല്ലാ വിഭജനങ്ങളിലും എന്നപോലെ ഇവരും പുതുതായി വരച്ച അതിർത്തിരേഖ കടന്നു. അപൂർവ്വമായി മഴ പെയ്യുന്ന ഒരു പ്രദേശത്തുനിന്ന് ധാരാളം മഴയുള്ള പ്രദേശത്തേക്ക്. വലത്തുനിന്ന് ഇടത്തോട്ട് വായിച്ചു ശീലിച്ച അവർ ഇടത്തുനിന്ന് വലത്തോട്ട് വായിക്കാൻ പഠിച്ചു. എത്തപ്പെട്ട സ്ഥലങ്ങളിലെ സംസ്കാരവും ഭാഷയുമായി ഇഴുകിച്ചേർന്ന് ജീവിതം കരുപ്പിടിപ്പിച്ചു.

പുകൾപെറ്റ സിന്ധു നദീതട സംസ്കാരംപോലെ സൂഫിസം ഫലഭൂയിഷ്ഠമാക്കിയ ഒരു പ്രദേശംകൂടിയാണ് സിന്ധ്. മഹാന്മാരായ ധാരാളം സൂഫിവര്യന്മാരുടെ നാട്. പല വിഭാഗങ്ങളുടെ സങ്കരസംസ്കാരം നിലനിൽക്കുന്ന സിന്ധിൽ കവിതയും തത്ത്വചിന്തയും സംഗീതവും ആരാധനയും ജനജീവിതത്തിന്റെ ഭാഗമാണ്. ഹിന്ദു മുസ്‌ലിം വിഭാഗത്തിൽപ്പെട്ട ഏകദേശം ഒന്നരലക്ഷത്തോളം വിശുദ്ധന്മാരും ദെർവിഷുകളും ജന്മമെടുത്ത നാടാണ് സിന്ധ്.

'സഫ്' (കമ്പിളി) എന്ന വാക്കിൽ നിന്നാണ് സൂഫിസം ഉത്ഭവിച്ചത് എന്നൊരു വാദമുണ്ട്. കമ്പിളിവസ്ത്രം പുതച്ചുകൊണ്ട് സിന്ധുനദീതടത്തിൽ എത്തുകയും അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തവരാണത്രേ സൂഫികൾ. മറ്റൊരു ഭാഷ്യം, പ്രവാചകനും വിശ്വാസികളായ മുസ്‌ലിമുകളും കമ്പിളിപുതപ്പുകൾ ഉപയോഗിച്ചിരുന്നു. ഇത് ലൗകിക ലോകത്തിൽനിന്നുള്ള വൈരാഗ്യത്തെയും ലാളിത്യത്തെയും സൂചിപ്പിക്കുന്നു. കാ

# വിശകലനം, സംഭാഷണം

> ഞാൻ ഒരു മ്യൂസിയത്തെ കുറിച്ച് ചിന്തിക്കുന്നുണ്ട്. ഞാൻ മരിച്ചു കഴിഞ്ഞാൽ ചരിത്രം ആലേഖനം ചെയ്ത എന്റെ കാലുകളെ ആ മ്യൂസിയത്തിൽ സൂക്ഷിക്കണം എന്നാണ് എന്റെ ആഗ്രഹം. എന്റെ കാലുകൾ ഇപ്പോൾ ചരിത്രത്തിന്റെ ഭാഗമാണ്. മരുഭൂമിയെ പ്രതിനിധീകരിച്ചുകൊണ്ട് പൂഴിയിൽ ഒരു പ്രതിഷ്ഠാപനം എന്ന ഒരു ആശയവും ഉണ്ട്. മഷിയും സിന്ധിൽനിന്നുള്ള ഫൂട്ടേജുകളും എന്റെ കാലുകളിലൂടെ കടന്നുപോകുന്ന രീതിയിലുള്ള ഒരു പ്രതിഷ്ഠാപനത്തെ കുറിച്ചുകൂടി ഞാൻ ചിന്തിക്കുന്നുണ്ട്.

ലാന്തരേണ ഇത് സൂഫിസത്തിന്റെ ഭാഗമായി. സൂഫിസം എന്ന വാക്ക് സോഫ് എന്ന ഗ്രീക്ക് പദത്തിൽനിന്നാണ് ഉത്ഭവിച്ചത് എന്നും ഒരു വാദമുണ്ട്. സോഫ് എന്ന വാക്കിന് ജ്ഞാനം എന്നാണത്രേ അർഥം.

മറ്റൊരു ശ്രദ്ധേയമായ വസ്തുത, വിഭജന സമയത്ത് ഇന്ത്യയുടെ മറ്റു പ്രദേശങ്ങളിൽ ഉണ്ടായതുപോലുള്ള അക്രമസംഭവങ്ങൾ സിന്ധികളുമായി ബന്ധപ്പെട്ട് ഉണ്ടായില്ല. കാരണം സൂഫിസം സിന്ധികളുടെ സ്വത്വത്തിന്റെ ഭാഗമായതുകൊണ്ടാകാം. സൂഫിസം അഹിംസയിൽ അധിഷ്ഠിതമാണല്ലോ. വിഭജനത്തിനുശേഷം മൂന്നുമാസം കഴിഞ്ഞ് സിന്ധ് സന്ദർശിച്ച അന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അധ്യക്ഷനായിരുന്ന ആചാര്യ കൃപലാനി കണ്ടെത്തിയത് കൊടിയ മതഭ്രാന്തോ അക്രമങ്ങളോ അദ്ദേഹത്തിന് അവിടെ കാണാൻ കഴിഞ്ഞില്ല എന്നായിരുന്നു. അവർ ഏതു മതത്തിൽ വിശ്വസിച്ചാലും സൂഫിസത്തിന്റെ ശക്തമായ സ്വാധീനമാണ് അവരെ സഹിഷ്ണുതയുള്ളവരാക്കിയത് എന്നാണ് കൃപലാനി പറഞ്ഞത്.

പല മതദർശനങ്ങളിൽനിന്നും മനുഷ്യനന്മയ്ക്ക് ഗുണകരമായ അംശങ്ങൾ സ്വാംശീകരിക്കുന്ന സഹവർത്തിത്വത്തിന്റെ സംസ്കാരമാണ് സിന്ധിന്റേത്. ഈ പരസ്പര ബഹുമാനം ഇവരുടെ ആരാധനയിലും കാണാം. ഉദാഹരണമായി, ജൂലെലാൽ എന്ന ആരാധനാമൂർത്തിയെ ഹിന്ദുക്കൾ ആരാധിക്കുന്നു. നദിയിൽ പൊങ്ങിക്കിടക്കുന്ന വെള്ളിനിറമുള്ള ഒരു മൽസ്യത്തിനു മുകളിൽ സ്ഥിതിചെയ്യുന്ന താമരയിൽ ആസനസ്ഥനായ ജൂലെലാൽ നദിയുടെ ദേവനാണ്. അതേ സമയം സൂഫിവര്യനും കവിയുമായ ലാൽ ഷബാസ് കലന്ദറും അറിയപ്പെടുന്നത് ജൂലെലാൽ എന്ന നാമത്തിലാണ്. വെള്ളിമൽസ്യ വാഹനനായ മൂർത്തിയെ ഹിന്ദുക്കളും മുസ്ലിങ്ങളും ആരാധിക്കുന്ന രണ്ടു പ്രധാന ആരാധനാലയങ്ങളുണ്ട് സിന്ധിൽ. ഒന്നിൽ ഹിന്ദുക്കൾ ജൂലെലാലായും മറ്റൊന്നിൽ മുസ്ലിങ്ങൾ ഷെയ്ഖ് താഹിറായും ആരാധിക്കുന്നു. എല്ലാം ജലവുമായി ബന്ധപ്പെട്ട ദൈവങ്ങളാണ് എന്നതാണ് പ്രത്യേകത. അതുപോലെ ഉത്സവകാലത്ത് ഹിന്ദുക്കളും മുസ്ലിങ്ങളും സിഖുകാരും സന്ദർശിക്കുന്ന ആരാധനാലയങ്ങളും ഉണ്ട്. ഇത്തരത്തിൽ നദിയുമായി, ജലവുമായി ബന്ധപ്പെട്ട ധാരാളം പുരാവൃത്തങ്ങൾ സിന്ധികളുടെ സഞ്ചിത സ്മൃതിയുടെ ഭാഗമാണ്.


ഇന്ത്യയുടെ ദേശീയഗാനത്തിൽ സിന്ധിനെ പരാമർശിക്കുന്നുണ്ടെങ്കിലും ഇന്ന് സിന്ധ് ഇന്ത്യയ്ക്ക് അവകാശപ്പെട്ടതല്ല. ഇന്ത്യയുടെ ഭൂമിശാസ്ത്രത്തിൽ സിന്ധിന് പ്രാതിനിധ്യമില്ല. അതിനർത്ഥം തങ്ങൾക്ക് ഇല്ലാത്ത ഒരു രാജ്യത്തെയാണ് അവർ ദേശീയഗാനത്തിൽ ആലപിക്കുന്നത്. ദേശീയഗാനത്തിൽനിന്ന് സിന്ധ് എന്ന വാക്ക് നീക്കം ചെയ്യണമെന്ന ആവശ്യം പാർലമെന്റിലും പുറത്തും ഉയർന്നുവരികയുണ്ടായി. എന്നാൽ കോടതി ഇതൊക്കെയും തള്ളിക്കളയുകയായിരുന്നു.

1967-ൽ ഭാരത സർക്കാർ സിന്ധിയെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചു. മറ്റു ഭാഷകൾ ഓരോ സംസ്ഥാനത്തിന്റെ ഭാഷയാണെങ്കിൽ സിന്ധി ഒരു ഇന്ത്യൻ സംസ്ഥാനവുമായി ബന്ധപ്പെട്ടതല്ല. കാരണം സിന്ധികൾക്ക് ഒരു സംസ്ഥാനം ഇല്ല എന്നതുതന്നെ. ഇതൊരു വലിയ വിരോധാഭാസമാണ്. സിന്ധി ഭാഷ രണ്ടു രീതിയിൽ എഴുതുന്നുണ്ട്. ഒന്ന് മൂലമായ അറബിയിലും രണ്ടാമത്തേത് ദേവനാഗിരിയിലും. സർക്കാർ ഈ രണ്ടു രീതികളെയും അംഗീകരിച്ചു എങ്കിലും ചില സന്ദർഭങ്ങളിൽ, ഉദാഹരണമായി കേന്ദ്ര സർക്കാരിന്റെ സാഹിത്യ അക്കാദമി ഓരോ ഭാഷയ്ക്കും ഒറ്റലിപി മാത്രമേ അംഗീകരിക്കുന്നുള്ളൂ. സിന്ധിയെ സംബന്ധിച്ച് ഇത് അറബിയിലുള്ള മൂലമാണ്.

സിന്ധിയെ ഒരു ഭാഷയായി സർക്കാർ അംഗീകരിച്ചുവെങ്കിലും ഇതുവരെയായി ഇവർക്ക് ദൂരദർശന്റെ ഒരു മുഴുസമയ ചാനൽ ലഭിച്ചിട്ടില്ല. പല രീതിയിലുള്ള ശ്രമങ്ങളുടെ ഭാഗമായി ഒരു പ്രാദേശിക ചാനലിൽ ഒരു ചെറിയ സ്ലോട്ട് മാത്രമാണ് അനുവദിച്ചുകിട്ടിയത്. അതുകൊണ്ടാണ് സപ്ന പറയുന്നത്, "ഞങ്ങൾ സിന്ധികൾ മാജിക്പോലെയാണ്. ഞങ്ങൾ ഉണ്ടുതാനും, എന്നാൽ ഇല്ലതാനും, ഉണ്ട് + ഇല്ല = ഉണ്ടില്ല എന്നു പറയാം."

## അഭിമുഖം: സപ്ന ഭാവ്നാനി

'ഒരിക്കൽ മുംബൈയിൽവെച്ച് ഒരു സംഘം സൂഫി ഗായകർ പാടുന്നത് കേൾക്കാനിടയായി. അവർ എത്താൻ വൈകിയതുകാരണം മൈക്കുകൾ അഴിച്ചുമാറ്റിയിരുന്നു. അതുകൊണ്ട് മൈക്ക് ഇല്ലാതെയാണ് അവർ പാടിയത്. എന്നിട്ടും ജനങ്ങളെ അവർ പിടിച്ചിരുത്തി. ഞാൻ ധ്യാനാത്മകമായ ഒരനുഭൂതിയുടെ ലോകത്തിൽ എത്തി, രോമാഞ്ചമണിഞ്ഞു. ഇത് സിന്ധിന്റെ സംഗീതമാണെന്ന് എനിക്ക് അറിയില്ലായിരുന്നു. ഞാൻ ഒരു സിന്ധിയായിരുന്നിട്ടും ആദ്യമായി 'സിന്ധി' എന്ന വാക്ക് ഇന്റർനെറ്റിൽ പരതി. അന്നാണ് ഞാൻ അറിഞ്ഞത് പ്രശസ്ത പാകിസ്ഥാനി ഗായിക ആബിദ പ്രവീണും സിന്ധിയാണെന്ന്. സിന്ധികളിൽ മുസ്ലിമുകൾ ഉണ്ടെന്നുപോലും എനിക്ക് അറിയില്ലായിരുന്നു. ഞാൻ സിന്ധിനെ കുറിച്ച് അറിയാനായി നെറ്റ് പരതി. സിന്ധിനെ കു




*സിന്ധുസ്ഥാനിലെ ദൃശ്യം*

റിച്ച് പുസ്തകങ്ങൾ ധാരാളം ഉണ്ടായിരുന്നു. എന്നാൽ സിനിമകൾ ഉണ്ടായിരുന്നില്ല. ഇതാണ് തുടക്കം.'

*? വിഭജനത്തെ അതിജീവിച്ചവരുടെ ഓർമ്മകളിലൂടെയാണ് താങ്കൾ സിന്ധികളുടെ ചരിത്രം പറയുന്നത്. ഇത്തരത്തിലുള്ള ഒരു ശൈലിയിലേക്ക് താങ്കൾ എങ്ങനെയാണ് എത്തിയത്?*

• ഇന്റർനെറ്റിൽ ലഭ്യമായ വസ്തുതകളെ, തീയതികളെ അടിസ്ഥാനമാക്കിയുള്ള ഒരു സിനിമ ആവരുത് എന്നത് ബോധപൂർവ്വംതന്നെയുള്ള തീരുമാനമായിരുന്നു. എഴുതപ്പെട്ട ചരിത്രത്തെ സംബന്ധിച്ച്, അത് ചരിത്രപുസ്തകത്തിലായാലും, എഴുതിയ ആളിന്റെയും എഡിറ്റ് ചെയ്ത ആളിന്റെയും ആ എഴുതപ്പെട്ടത് അത്തരത്തിൽ ലഭ്യമാക്കാനുള്ള ഉദ്ദേശ്യവും നമുക്ക് അറിയില്ല. ചരിത്രത്തിന്റെ ആ സന്ധിയിലൂടെ കടന്നുവന്ന മനുഷ്യനിൽനിന്ന് നേരിട്ട് അറിയുമ്പോൾ അതിനിടയിൽ ഒരു അരിപ്പപോലെ ഒന്നുമില്ല. എനിക്ക് ഇക്കാര്യം ഉറപ്പാക്കേണ്ടതുണ്ടായിരുന്നു. ഒരു പത്രപ്രവർത്തകൻ ഒരിക്കൽ എന്നോട് ചോദിക്കുകയുണ്ടായി, എങ്ങനെയാണ് ഇതിന്റെ നിജസ്ഥിതി അറിയുക? എനിക്കത് വളരെ ബാലിശമായി തോന്നി, കാരണം, ഇതൊക്കെയും അനുഭവിച്ച, യാതൊരു പക്ഷപാതിത്വവും ഇല്ലാത്ത മനുഷ്യരെക്കാൾ രേഖപ്പെടുത്തിയതിനെയാണോ വിശ്വസിക്കേണ്ടത്? ഇതൊരു ദുഃഖകരമായ അവസ്ഥയാണ്. അവരുടെ ഓർമ്മകളെ ഞാൻ വിശ്വസിക്കുന്നു, മുഖവിലയ്ക്കെടുക്കുന്നു.

*? പെർഫോർമൻസിലും പെയിന്റിങ്ങിലും കലാകാരന്മാർ സ്വന്തം ശരീരം ഉപയോഗിക്കുന്ന രീതി പുതിയതല്ല. ശരീരത്തിൽ പച്ചകുത്തുക എന്ന തീർത്തും നവീനമായ ആശയത്തിലേക്ക് എങ്ങനെയാണ് എത്തിയത്?*

• എന്റെ മുത്തശ്ശിയുടെ കൈത്തണ്ടയിൽ കൃഷ്ണന്റെ വലിയ രൂപം പച്ചകുത്തിയിട്ടുണ്ടായിരുന്നു. ഈ രൂപം കണ്ടുകൊണ്ടാണ് ഞാൻ വളർന്നത്. ഇത് സംസ്കാരത്തിന്റെ ഭാഗമായിരുന്നു. അമേരിക്കയിലായിരുന്നപ്പോൾ ഞാൻ പ്രതിഷേധം എന്ന രീതിയിലാണ് പച്ചകുത്തിയത്. ഞാൻ ഇന്ത്യയിലേക്ക് തിരിച്ചുവന്നപ്പോൾ മുത്തശ്ശിയെ കാണാൻ പോയി. ഞാൻ പച്ചകുത്തിയതുകണ്ടപ്പോൾ അവർ എന്നെ പഴഞ്ചൻ എന്ന് കളിയാക്കി. പ്രതിഷേധം എന്ന നിലയിൽ പച്ചകുത്തിയതിനെ പ്രായം ചെന്ന ഈ സ്ത്രീ പഴഞ്ചൻ എന്ന് കളിയാക്കിയപ്പോൾ യുവതിയായ എന്റെ എല്ലാ 'വിപ്ലവങ്ങളും' തകർന്നുപോയി. അവർ പറഞ്ഞതിൽ കാര്യമുണ്ടായിരുന്നു. ഗോത്ര മനുഷ്യരുടെ ചിത്രങ്ങൾ നോക്കൂ, അത് എവിടെയുമാകട്ടെ അമേരിക്കയിലോ, ആസ്ത്രേലിയയിലോ, ഹവായിലോ അവരുടെ ശരീരത്തിൽ രൂപങ്ങൾ/ചിഹ്നങ്ങൾ പച്ചകുത്തിയിരിക്കുന്നത് കാണാം. അവർ ഏത് ഗോത്രത്തെ പ്രതിനിധീകരിക്കുന്നു എന്നാണ് ഈ ചിഹ്നങ്ങൾ വ്യക്തമാക്കുന്നത്. ഓരോ ഗോത്രത്തിനും ഓരോ ചിഹ്നങ്ങൾ ആയിരിക്കും. ഇത് പച്ചകുത്തലിനെ കഥ പറയാനുള്ള മാധ്യമമായി തെരഞ്ഞെടുക്കാൻ കാരണമായി. എന്റെ ശരീരത്തിലും പച്ചകുത്തിയിരുന്നതിനാൽ അതുതന്നെയായിരിക്കും ഉചിതം എന്ന് എനിക്കും തോന്നി.

*? ഒരു സീക്വൻസ് താങ്കൾ ചില വ്യത്യാസങ്ങളോടെ ആവർത്തിക്കുന്നുണ്ട്. ഇതിലൂടെ ഇതിന് ഒരു ലീറ്റ് മോട്ടീഫിന്റെ സ്വഭാവം കൈവരുന്നു. ഒരു ഗുഹയ്ക്കകത്ത് അവശിഷ്ടങ്ങളിലൂടെ നടന്ന് ഒരു ഇടുങ്ങിയ സ്ഥലത്ത് താങ്കൾ കിടക്കുന്നുണ്ട്. ഇതിനെ*

# വിശകലനം, സംഭാഷണം

**പലരും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: നിങ്ങൾ ഒരു പാമ്പിനെയും സിന്ധിയെയും കാണുകയാണെങ്കിൽ സിന്ധിയെ കൊല്ലണം. ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്, മനുഷ്യർ ഇത്രയും നീചമായി ചിന്തിക്കുന്നത് എന്തുകൊണ്ടാണ്? സിന്ധികൾ ഇത്രയും ഹീനരാണോ? വിഭജനത്തിൽ എല്ലാം നഷ്ടപ്പെട്ട അവർ പൂജ്യത്തിൽനിന്ന് ജീവിതം ആരംഭിച്ചവരായിരുന്നു. കഠിനാദ്ധ്വാനത്തിലൂടെ, കച്ചവടം ചെയ്തും വ്യവസായത്തിൽ ഏർപ്പെട്ടും വളരെ സൂക്ഷിച്ചും പിശുക്കിയും അവർ ജീവിതം കെട്ടിപ്പടുത്തു.**

*അമ്മയുടെ ഗർഭപാത്രത്തിലേക്കുള്ള തിരിച്ചുപോക്ക് എന്ന് ആലങ്കാരികമായി പറയാം. ഇതിനെ തുടക്കത്തിലേക്കുള്ള, വേരുകളിലേക്കുള്ള തിരിച്ചുപോക്ക് എന്നും വിശേഷിപ്പിക്കാം. മറ്റൊരു സന്ദർഭത്തിലും താങ്കൾ ഇതേ ഗുഹയിലൂടെ അതേ വേഷത്തിൽ നടക്കുന്നു, തീകൂട്ടി അതിനടുത്ത് ഇരിക്കുന്നു. പിന്നീട് താങ്കൾ എരിയുന്ന തീയുടെ സമീപത്തു നിൽക്കുന്നു. എരിയുന്ന തീയും അതിനു പിന്നിൽ നിൽക്കുന്ന താങ്കളുടെയും ദൃശ്യം കാണുമ്പോൾ പ്രേക്ഷകർക്ക് താങ്കൾ തീയിൽ എരിയുന്നതായാണ് അനുഭവപ്പെടുന്നത്. അല്ലെങ്കിൽ താങ്കൾ സ്വയത്തെ അഗ്നിക്ക് സമർപ്പിക്കുന്നതായി അനുഭവപ്പെടുന്നു. പിന്നീട് സ്ക്രീനിൽ എഴുതിക്കാണിച്ച ഷാ അബ്ദുൾ ലത്തീഫിന്റെ കവിതയാണ് പ്രേക്ഷകർ കാണുന്നത്. 'മഷിയും കടലാസും പാഴാക്കാനായി ഓ, മിത്രമേ എന്തിനാണ് തുനിയുന്നത്? പകരം മുന്നോട്ട് പോകൂ, വാക്കുകൾ രൂപം കൊണ്ട ഉറവിടം കണ്ടെത്തൂ'?*

• പച്ചകുത്തൽ വളരെ പുരാതനമായ ഒന്നാണെന്ന് മുകളിൽ പറഞ്ഞുവല്ലോ. ആ രീതിയിൽ ചിന്തിക്കവെ ആദിമമനുഷ്യനിലേക്ക് എത്തപ്പെട്ടു. അങ്ങനെ ഗുഹാമനുഷ്യരുമായി ബന്ധപ്പെടുത്തിയാണ് ഈ ഗുഹയെ വിഭാവന ചെയ്തത്. ഈ മനുഷ്യർ ചുമരിലും ചിത്രങ്ങൾ കോറിയിട്ടിരുന്നുവല്ലോ. സിനിമയിൽ ഒരിടത്ത് ഇപ്രകാരം പറയുന്നുണ്ട്: 'മനുഷ്യർ ആദ്യമായി ഈ ഗ്രഹത്തിൽ വന്നപ്പോൾ ഗോത്രങ്ങളായാണ് ജീവിച്ചത്. അവിടെ അതിരുകളോ, രാജ്യമോ, സർക്കാരോ ഉണ്ടായിരുന്നില്ല.'

*? താങ്കളുടെ മുഖം സിനിമയിൽ അവസാന ഭാഗത്ത് ഒരു സന്ദർഭത്തിൽ മാത്രമാണ് കാണിക്കുന്നത്?*

• ശരിയാണ്. എന്റെ മുഖം കാണിക്കരുത് എന്ന നിർബ്ബന്ധം ഉണ്ടായിരുന്നു. അതുപോലെ സിനിമ എന്നെക്കുറിച്ച് ആയിരിക്കരുത് എന്ന നിർബ്ബന്ധവും ഉണ്ടായിരുന്നു. പല രാജ്യാന്തരമേളകൾക്കും എന്റെ കഥയിലായിരുന്നു താത്പര്യം. വേരുകൾ തേടിയുള്ള എന്റെ യാത്രയിലും മറ്റും. സിന്ധിനെക്കുറിച്ചുള്ള സിനിമ ഒരിക്കലും എന്നെക്കുറിച്ചുള്ള സിനിമയായി ഉണ്ടാക്കാൻ എനിക്കാവില്ല. സിനിമ സിന്ധി സമൂഹത്തെ കുറിച്ചായിരിക്കണം. ഞാൻ ചെറിയ തോതിലെങ്കിലും ജനങ്ങൾക്കിടയിൽ അറിയപ്പെടുന്നു എന്നതിനാൽ സിനിമ കാണുന്നത് അതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കരുത് എന്ന് ബോധപൂർവ്വം തീരുമാനിച്ചിരുന്നു. ചരിത്രം ആലേഖനം ചെയ്ത കാലുകൾ കഥ പറയാൻ പര്യാപ്തമായിരുന്നു.

*? സിനിമയുടെ ചിത്രീകരണത്തിനായി സിന്ധിലേക്ക് പോകാനുള്ള അനുമതി കിട്ടിയിരുന്നില്ലല്ലോ. എങ്ങനെയാണ് സിന്ധിലെ ദൃശ്യങ്ങൾ ചിത്രീകരിച്ചത്?*

• ചിത്രീകരണത്തിനായി പാക്കിസ്ഥാനിലേക്ക് പോകാനായി എനിക്ക് വിസ അനുവദിച്ചു കിട്ടിയില്ല. സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെടുകയും ചെയ്തതോടെ പാക്കിസ്ഥാനിലുള്ള സുഹൃത്തുക്കളിലൂടെ ഞാൻ അവിടെയുള്ള ഒരു ഗായകനെ കണ്ടെത്തി. അദ്ദേഹം ഇരുരാജ്യങ്ങൾക്കുമിടയിൽ സമാധാന സന്ദേശം പ്രചരിപ്പിക്കുന്ന ജോലിയിലും വ്യാപൃതനാണ്. എനിക്ക് പാക്കിസ്ഥാനിലേക്കും അദ്ദേഹത്തിന് ഇന്ത്യയിലേക്കും വരാൻ പറ്റാത്തതിനാൽ ഞങ്ങൾ നേപ്പാളിൽ കണ്ടുമുട്ടി. ഞാൻ ചിത്രീകരിച്ച ഫൂട്ടേജുകൾ അദ്ദേഹത്തെ കാണിച്ചു. തുടർന്ന് സിന്ധിൽനിന്നുള്ള ഫൂട്ടേജ് അദ്ദേഹം ചിത്രീകരിച്ചു. അദ്ദേഹത്തിന്റെ ഫൂട്ടേജുകൾ അവിശ്വസനീയമായിരുന്നു എന്നു പറയാം. ജീവിതത്തിലാദ്യമായി ഞാൻ എന്റെ പിതാവ് ജനിച്ച സ്ഥലം കണ്ടു. അത് വീട്ടിലേക്കുള്ള, വേരുകളിലേക്കുള്ള തിരിച്ചുപോക്കായിരുന്നു. ഏകദേശം രണ്ടു മൂന്ന് മാസങ്ങളെടുത്തു ഫൂട്ടേജ് അവിടെയുള്ള സർവറിൽ അപ്‌ലോഡ് ചെയ്യാനും ഇവിടെയുള്ള സർവറിൽ ഡൗൺലോഡ് ചെയ്യാനും.

*? ധാരാളം റീഷൂട്ടിങ് വേണ്ടിവന്നു എന്ന് വായിച്ചിരുന്നു. എന്താണ് സംഭവിച്ചത്?*

• ഇത് ആ അർത്ഥത്തിലുള്ള റിഷൂട്ടിങ് ആയിരുന്നില്ല. ആദ്യം ആൾക്കാരുമായി സംസാരിച്ചതും അവരെ ചിത്രീകരിച്ചതും മറ്റൊരു വീക്ഷണകോണിലൂടെയായിരുന്നു. അന്ന് ഞാൻ കാലുകളിൽ പച്ചകുത്തിയിരുന്നില്ല. ഈ മനുഷ്യരുടെ സംസാരത്തെ/അനുഭവങ്ങളെ അടിസ്ഥാനമാക്കിയാണ് ചിത്രങ്ങൾ പച്ചകുത്തിയത്. പച്ചകുത്തിയ കാലുകളുമായി ഞാൻ അവരോട് വീണ്ടും സംസാരിച്ചു. കാലുകളിലെ ചിത്രണം കണ്ട് അവർ അത്ഭുതപ്പെട്ടു. ഈ പ്രവൃത്തി അവർ ഒരിക്കലും പ്രതീക്ഷിച്ചതല്ല. കാലുകളിൽ സിന്ധിനെ കണ്ട് അവർ അത്യധികം വികാരാധീനരായി.

*? ഡോക്യുമെന്ററിയിൽ നിർമ്മാതാക്കൾക്ക് താത്പര്യമില്ല. എല്ലാവർക്കും ഫീച്ചർ സിനിമ, അതും ലാഭമുണ്ടാക്കുന്ന ഫീച്ചർ സിനിമ നിർമ്മിക്കാനാണ് താത്പര്യം. ഈ സാഹചര്യത്തിൽ അസാമ്പ്രദായികമായ ഈ സിനിമയ്ക്കുള്ള പണം എങ്ങനെയാണ് കണ്ടെത്തിയത്?*

• സത്യമാണ് താങ്കൾ പറഞ്ഞത്. സിനിമയ്ക്കുള്ള പണം കണ്ടെത്താനായി ഞാൻ വളരെ ബുദ്ധിമുട്ടി. പല സ്ഥലങ്ങളിലും ചിത്രീകരിച്ചതിനാൽ ചെറിയ ബജറ്റിൽ ഒതുങ്ങിയില്ല.

ഒരു സിന്ധി ബജറ്റിന്റെ 50% സംഭാവന തന്നു. ബാക്കി പണം ഞാൻ ലോണെടുക്കുകയായിരുന്നു. സുഹൃത്തുക്കൾ ആൾക്കൂട്ട ഫണ്ടിങ്ങിന്റെ കാര്യം ഓർമ്മിപ്പിച്ചിരുന്നു. സിനിമ കുറേ സമയം എടുത്തിരുന്നതിനാൽ എത്രയും പെട്ടെന്ന് സിനിമ പൂർത്തിയാക്കാനുള്ള ബദ്ധപ്പാടിലായിരുന്നു ഞാൻ. അങ്ങനെയാണ് ഞാൻ OTT പ്ലാറ്റ്ഫോമുകളുമായി ബന്ധപ്പെടുന്നത്. നിരാശാജനകമായിരുന്നു ഇവരുടെ പ്രതികരണം. താങ്കൾ വിശ്വസിക്കുമോ MUBI കേവലം നൂറ് ഡോളറാണ് വാഗ്ദാനം ചെയ്തത്. ഓൺലൈൻ പ്ലാറ്റ്ഫോമുകൾ മെയിൻസ്ട്രീം സിനിമകൾക്ക് നല്ല സാമ്പത്തിക സഹായം ചെയ്യുന്നുണ്ട്. ഈ പ്ലാറ്റ്ഫോമുകൾ ഇപ്പോൾ സ്വതന്ത്ര സിനിമകൾ സ്വീകരിക്കുന്നില്ല. അവർക്ക് വലിയ പേരുകൾ വേണം. സ്വതന്ത്ര സിനിമകൾക്ക് തിയേറ്റർ റിലീസ് അസാധ്യമായിരിക്കെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ സഹായകമാവും എന്ന ധാരണയും അസ്തമിച്ചിരിക്കുന്നു. തങ്ങളുടെ സിനിമകൾ പ്രദർശിപ്പിക്കാനുള്ള വേദി സ്വതന്ത്ര സിനിമാക്കാർതന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു. സിനിമ നിരവധി ബഹുമതികൾ കരസ്ഥമാക്കിയെങ്കിലും ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ മനോഭാവത്തിന് മാറ്റമില്ല.

*? പച്ചകുത്തിയ കാലുകൾ പ്രതിഷ്ഠാപനംപോലെ പ്രദർശിപ്പിക്കണമെന്ന് താങ്കൾ ഒരു അഭിമുഖത്തിൽ പറഞ്ഞിട്ടുണ്ട്. ഭാവി പദ്ധതികൾ വിശദീകരിക്കാമോ?*

● ഞാൻ ഒരു മ്യൂസിയത്തെ കുറിച്ച് ചിന്തിക്കുന്നുണ്ട്. ഞാൻ മരിച്ചു കഴിഞ്ഞാൽ ചരിത്രം ആലേഖനം ചെയ്ത എന്റെ കാലുകളെ ആ മ്യൂസിയത്തിൽ സൂക്ഷിക്കണം എന്നാണ് എന്റെ ആഗ്രഹം. എന്റെ കാലുകൾ ഇപ്പോൾ ചരിത്രത്തിന്റെ ഭാഗമാണ്. മരുഭൂമിയെ പ്രതിനിധീകരിച്ചുകൊണ്ട് പൂഴിയിൽ ഒരു പ്രതിഷ്ഠാപനം എന്ന ഒരു ആശയവും ഉണ്ട്. മഷിയും സിന്ധിൽനിന്നുള്ള ഫൂട്ടേജുകളും എന്റെ കാലുകളിലൂടെ കടന്നുപോകുന്ന രീതിയിലുള്ള ഒരു പ്രതിഷ്ഠാപനത്തെ കുറിച്ചു കൂടി ഞാൻ ചിന്തിക്കുന്നുണ്ട്. പല മ്യൂസിയങ്ങളുമായി ബന്ധപ്പെട്ടുവെങ്കിലും അവർക്ക് പ്രതിഷ്ഠാപനത്തിലല്ല, സിനിമയിലാണ് താത്പര്യം. അതുകൊണ്ട് ഈ പദ്ധതി ഞാൻ തന്നെ ഏറ്റെടുക്കണം.

താങ്കൾക്കറിയാമോ, ഓൺലൈൻ കാഴ്ചയെക്കുറിച്ച് റിസർച്ച് ചെയ്യുന്ന ഒരു സുഹൃത്ത് പറഞ്ഞത് ഈ സിനിമ വന്നതിനുശേഷം കഴിഞ്ഞ ഒരു വർഷമായി ധാരാളം പേർ ഇന്റർനെറ്റിൽ സിന്ധിനെ തിരയുന്നുണ്ട് എന്നാണ്. ചെറുപ്പക്കാർക്കിടയിലും തങ്ങളുടെ സംസ്കാരത്തെ കുറിച്ച് അവബോധം ഈ സിനിമ ഉണ്ടാക്കി എന്നകാര്യം വലിയ സന്തോഷം തരുന്നു.

*? തെക്കേ ഇന്ത്യക്കാരെ മദ്രാസികൾ എന്നും ലുങ്കിവാല എന്നും സർദാർജികളെ 'ബല്ലേ ബല്ലേ' എന്നും തലേക്കെട്ടിനകത്ത് ആൾസഞ്ചാരം ഇല്ലാത്തവരെന്നും സിന്ധികളെ 'സിന്ധി പപ്പടം' എന്നും വിഭജനത്തിനു ശേഷം മുംബൈക്കടുത്തുള്ള ഉല്ലാസ് നഗറിൽ കുടിയേറിയ സിന്ധികളുടെ ഉൽപ്പന്നങ്ങളെ Made in USA (Ulhasnagar Sindhi Association) എന്നും ഫലിതത്തിന്റെ പേരിൽ കളിയാക്കുന്ന പൊതുബോധമാണ് നമ്മുടേത്. (നിസ്സാരമായി, നേരമ്പോക്കിനുവേണ്ടി ഉപയോഗിക്കുന്ന ഫലിതങ്ങൾ നിഷ്കളങ്കമല്ല എന്നതാണ് സത്യം). എന്നാൽ താങ്കൾ ഈ വാർപ്പുകളെ തകർക്കുകയും സിന്ധികളുടെ ചരിത്രത്തെയും സംസ്കാരത്തെയും അവതരിപ്പിക്കുകയും ചെയ്യുന്നു?*

● ശരിയാണ്. പലരും പറയുന്നത് (ഫലിതരൂപേണയാണെങ്കിലും) ഞാൻ കേട്ടിട്ടുണ്ട്: നിങ്ങൾ ഒരു പാമ്പിനെയും സിന്ധിയെയും കാണുകയാണെങ്കിൽ സിന്ധിയെ കൊല്ലണം. ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്, മനുഷ്യർ ഇത്രയും നീചമായി ചിന്തിക്കുന്നത് എന്തുകൊണ്ടാണ്? സിന്ധികൾ ഇത്രയും ഹീനരാണോ? വിഭജനത്തിൽ എല്ലാം നഷ്ടപ്പെട്ട അവർ പൂജ്യത്തിൽനിന്ന് ജീവിതം ആരംഭിച്ചവരായിരുന്നു. കഠിനാദ്ധ്വാനത്തിലൂടെ, കച്ചവടം ചെയ്തും വ്യവസായത്തിൽ ഏർപ്പെട്ടും വളരെ സൂക്ഷിച്ചും പിശുക്കിയും അവർ ജീവിതം കെട്ടിപ്പടുത്തു. ധാരാളം സമയം ഇവരുമായി സംസാരിച്ചപ്പോഴാണ് എനിക്ക് ഇക്കാര്യം മനസ്സിലായത്. ഇതുകൊണ്ടായിരിക്കാം സിന്ധികളെ ഒരു പ്രത്യേക രീതിയിൽ ജനങ്ങൾ കാണുന്നത്.

*? ഒരിക്കലെങ്കിലും സിന്ധിലേക്ക് പോവുക എന്ന താങ്കളുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുമോ?*

● ഞാൻ ശുഭാപ്തിവിശ്വാസിയാണ്. ഞാൻ ഇമ്രാൻ ഖാന് ട്വീറ്റ് ചെയ്തിരുന്നു. അത് ടൂറിസം മേഖലയും മറ്റും വിദേശികൾക്കായി തുറന്നുകൊടുക്കുന്നതിനെപ്പറ്റി അദ്ദേഹം സംസാരിച്ച സമയമായിരുന്നു. എന്റെ സിനിമയുമായി പാകിസ്ഥാൻ സന്ദർശിക്കണമെന്നും അവിടെ സിനിമ പ്രദർശിപ്പിക്കാനുള്ള എന്റെ ആഗ്രഹവും ഞാൻ അദ്ദേഹത്തെ ട്വീറ്റിലൂടെ അറിയിച്ചു. താങ്കൾ വിശ്വസിക്കില്ല, അവിടെയുള്ള നിരവധി സിന്ധികൾ എനിക്ക് വിസ നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് സർക്കാരിന് മെസ്സേജുകൾ അയക്കുകയുണ്ടായി. തുടർന്ന് അവിടത്തെ ഉദ്യോഗസ്ഥർ എന്നെ ബന്ധപ്പെട്ടു. പിന്നീട് കാശ്മീർ അടച്ചുപൂട്ടിയതോടെ എല്ലാം നിലച്ചു. ആ സമയത്തുതന്നെയാണ് ഇന്ത്യ പാകിസ്ഥാനി കലാകാരന്മാരെ ബഹിഷ്കരിക്കുന്നത്. ഇത് ദുഃഖകരമാണ്. കലയെ രാഷ്ട്രീയം, മതം, ലിംഗഭേദം, ലൈംഗികത എന്നിവയുമായി കൂട്ടിക്കുഴയ്ക്കരുത്. എന്നിരുന്നാലും ഞാൻ ശുഭാപ്തിവിശ്വാസിയാണ്.

സിനിമ അവസാനിക്കുന്നത് ഇപ്രകാരം: കരയിൽ കിടന്ന് ജലത്തിനായി പിടയുന്ന മത്സ്യത്തെ സമുദ്രത്തിലേക്ക് ഒരാൾ യാത്രയാക്കുന്നു. പശ്ചാത്തലത്തിൽ സിന്ധിന്റെ ചരിത്രം പച്ചകുത്തിയ സപ്നയുടെ കാലുകൾ. തുടർന്ന് ഒഴുകുന്ന ജലത്തിലേക്ക് നീട്ടിയ സപ്നയുടെ സിന്ധിന്റെ ചരിത്രം ആലേഖനം ചെയ്ത ആ കാൽപാദങ്ങളിൽ നിന്ന് പതിയെ ജീവൻവെച്ചുണർന്ന അനിമേറ്റ് ചെയ്ത രണ്ടു മത്സ്യങ്ങളെ പച്ചകുത്തിയ കൈകൾ ജലത്തിലേക്ക് യാത്രയാക്കുന്നു. ജൂലെലാലിന്റെ വാഹനത്തെ, ഹിന്ദുവിന്റെയും മുസ്‌ലിമിന്റെയും ദൈവസങ്കല്പത്തെ ജലത്തിലേക്ക്, അതിന്റെ ഉറവിടത്തിലേക്ക് യാത്രയാക്കുന്നു. നീല സമുദ്രത്തിന്റെ പശ്ചാത്തലത്തിൽ രണ്ടു മതത്തെയും പ്രതിനിധീകരിക്കുന്ന ജൂലെലാലിന്റെ അപദാനങ്ങൾ. സപ്ന പറയുന്നു: 'സിന്ധിൽ എത്താനായി ഞാൻ പല ശ്രമങ്ങൾ നടത്തി പരാജയപ്പെട്ടു. ആ ഭൂമിക്ക് പകരം ഞാൻ സമുദ്രത്തിലെ ജലമായി. അപ്പോൾ എനിക്ക് ഒഴുകാൻ സാധിക്കും, പിന്നെ അവിടെ പോകേണ്ട ആവശ്യമില്ല. എല്ലാം ഉള്ളിൽ ഉണ്ട്. ഇപ്പോൾ ആ ഭൂമി എന്റെയും ഞാൻ ആ ഭൂമിയുടെയും ഭാഗമാണ്. ദ്വൈതഭാവമില്ല. എല്ലാം ഒന്ന്.'

ടോൾസ്റ്റോയിയും ടാഗോറും

ഡോ. ശ്രീകല മുല്ലശ്ശേരി



അന്ന കരിനീന:
ഒരു പെയ്ന്റിങ്ങ്

# ക്ലാസ്സിക്കുകളിലെ സ്ത്രീപക്ഷം

**കുടുംബത്തിനുള്ളിലും സമൂഹത്തിലും സ്ത്രീ എങ്ങനെയായിരിക്കണമെന്ന പുരുഷ കേന്ദ്രീകൃത വ്യവസ്ഥയുടെ ഭാഗമായി നിന്ന് സ്ത്രീയെക്കുറിച്ച് എഴുതുമ്പോൾ ബോധ ത്തിലോ അബോധത്തിലോ എഴുത്തുകാരൻ അടയാളപ്പെടുത്തുന്ന സ്ത്രീ, വ്യവസ്ഥ യ്ക്ക് അനുകൂലമായി വാർത്തെടുക്കപ്പെട്ടവൾ ആയിരുന്നു. അവിടെ സ്ത്രീപക്ഷ മെന്ന ചിന്തതന്നെ അപ്രസക്തമാകുന്നു. അത് സൂക്ഷ്മമായി നിർണയിക്കാൻ ആധു നികസൈദ്ധാന്തിക സഹായം ആവശ്യമായി വന്നേക്കാം. : ടോൾസ്റ്റോയിയും ടാഗോറും പങ്കിടുന്ന സ്ത്രീപക്ഷചിന്തയിലെ സമാനതകളും വൈരുധ്യങ്ങളും**

**ലിയോ** ടോൾസ്റ്റോയിയും രബീന്ദ്രനാഥ് ടാഗോറും വിശ്വസാഹിത്യത്തിൽ പുലർത്തിപ്പോന്ന സ്ത്രീപക്ഷചിന്തയുടെ നീതിയും ന്യായവും വസ്തുനിഷ്ഠമായി വിശകലനം ചെയ്യേണ്ടിവരുന്നത് സാംസ്കാരിക ഭൗതികവാദത്തിന്റെ ആവശ്യകതയാണ്. ചരിത്രത്തിൽ അപ്രത്യക്ഷമായ വാദഗതികളെ അതിന്റെ സാമൂഹിക-രാഷ്ട്രീയപരിസരത്തു നിന്ന് വീണ്ടും വിശകലനം ചെയ്യേണ്ടിവരുന്നത് സാംസ്കാരികധർമ്മം ആയി കാണുന്ന ഉത്തരാധുനികകാലഘട്ടത്തിൽനിന്ന് പിറകോട്ടുള്ള നോട്ടംകൂടിയാണത്. വിശ്വസാഹിത്യത്തിലെ അതികായന്മാർ അടയാളപ്പെടുത്തിയ നിലപാടുകളുടെ ശരിയും തെറ്റും വിശകലനത്തിനെടുക്കുന്നത് കാലികമായ ഒരു പ്രക്രിയയുടെ ഭാഗമാണല്ലോ. സംസ്കാരത്തിന്റെ വാഹകരെയും അവരുടെ സാംസ്കാരിക ഇടപെടലുകളെയും അതിന്റെ സാമൂഹിക-രാഷ്ട്രീയ പരിസരത്തു നിന്ന് വിശകലനം ചെയ്യാനും അതിൽ നിലനിൽക്കുന്ന വസ്തുതകളെ ഇഴ കീറി പരിശോധിച്ചു സമാനതകളും വൈരുധ്യങ്ങളും പഠനവിധേയമാക്കാനും തുടങ്ങിയത് സാംസ്കാരിക പഠനത്തിന്റെ മുന്നേറ്റത്തോടുകൂടിയാണ്. അത്തരമൊരു പശ്ചാത്തലത്തിൽ ടോൾസ്റ്റോയിയുടെയും ടാഗോറിന്റെയും അനശ്വരസ്ത്രീകഥാപാത്രങ്ങളെയും സ്ത്രീപക്ഷനിലപാടുകളെയും ചർച്ച ചെയ്യേണ്ടതും കാലത്തിന്റെ കാവ്യനീതിയാണ്.


ടോൾസ്റ്റോയിയുടെ 'അന്ന കരെനീന', 'ഉയിർത്തെഴുന്നേല്പ്', 'യുദ്ധവും സമാധാനവും'എന്നീ ബൃഹദ് കൃതികളെക്കുറിച്ച് പറയാതെ റഷ്യൻ സാഹിത്യചരിത്രംതന്നെ പൂർണമാവില്ല. 'ഗീതാഞ്ജലി' എന്ന കവിതയിലൂടെ ഇന്ത്യയുടെ ആത്മീയ പാരമ്പര്യത്തിന് മാനവികതയുടെ വ്യാഖ്യാനം ചമച്ചു ടാഗോർ. രണ്ട് എഴുത്തുകാരും ഒരേ കാലഘട്ടത്തിലാണ് ജീവിച്ചിരുന്നത്. അവരുടെ സാഹിത്യവും സന്ദേശവും ലോകജനതയെ അസാമാന്യരീതിയിൽ സ്വാധീനിച്ചിരുന്നു. മാത്രവുമല്ല രണ്ടു പേരും കത്തിടപാടിലൂടെ പരസ്പരം വ്യക്തിപരവും രാഷ്ട്രീയവുമായ കാര്യങ്ങൾ പങ്കുവെച്ചു. റഷ്യൻ ഭരണകൂടം അടിമകളെ വിട്ടയച്ചു സാമൂഹികമാറ്റത്തിന് തിരികൊളുത്തിയ കാലഘട്ടത്തിലാണ് 'അന്ന കരെനീന' എഴുതപ്പെട്ടതെങ്കിൽ ബ്രിട്ടീഷ് ഭരണത്തിനെതിരായി സ്വാതന്ത്ര്യ സമരവും സ്വദേശിവത്കരണവും നിസ്സഹകരണപ്രസ്ഥാനവും ഇഴചേർന്ന സാമൂഹിക രാഷ്ട്രീയ അന്തരീക്ഷത്തിൽ ടാഗോർ എഴുതിയ നോവലാണ് 'ഹോം ആൻഡ് ദി വേൾഡ്'. ആധുനികതയുടെ തുടക്കം റഷ്യൻ സമൂഹത്തിൽ സ്വാധീനം ചെലുത്തിയ കാലത്ത്, സ്ത്രീകളുടെ പദവിയെക്കുറിച്ചും സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും ചോദ്യം ചെയ്യുന്ന സാഹചര്യത്തിലാണ് ടോൾസ്റ്റോയ് 'അന്ന കരെനീന' എഴുതിയിട്ടുള്ളത്. നോവൽ പാഠത്തിൽ ടോൾസ്റ്റോയ് രൂപപ്പെടുത്തിയ സ്ത്രീപക്ഷ വീക്ഷണങ്ങൾക്ക് റഷ്യൻ കൺസേർവേറ്റീവ് സൊസൈറ്റിയുടെ സ്വാധീനമുണ്ടായിരുന്നു. രാജാറാം മോഹൻ റോയിയുടെ പാത പിന്തുടർന്ന ടാഗോറിന്റെ സ്ത്രീപക്ഷ വീക്ഷണം കുറച്ചുകൂടി വിശാലമായ അർത്ഥത്തിൽ ആയിരുന്നു. തന്റെ കഥകളിലൂടെയും നോവലിലൂടെയും സ്ത്രീയുടെ ആന്തരികസൗന്ദര്യം വെളിപ്പെടുത്തിയിരുന്നു. മാത്രവുമല്ല തന്റെ രചനകളിലൂടെ സ്ത്രീശാക്തീകരണമാണ് ടാഗോർ ലക്ഷ്യമാക്കിയത്. എന്തിന് സ്വന്തം ജീവിതത്തിൽ അദ്ദേഹം ഏറ്റവും കൂടുതൽ ആരാധിച്ചതും സ്ത്രീകളെ ആയിരുന്നു.

സ്ത്രീപക്ഷചിന്തയെ സൈദ്ധാന്തിക പരിപ്രേക്ഷ്യത്തിൽ പഠനവിധേയമാക്കുമ്പോൾ സ്ത്രീയുടെ വ്യക്ത്യധിഷ്ഠിതവും സാമൂഹികപരവുമായ ലിംഗപദവിയെ ചൂണ്ടിക്കാണിക്കാതെ മുന്നോട്ടുപോകുന്ന പഠനങ്ങൾ എല്ലാം അപ്രസക്തമാകുന്നു. അങ്ങനെ നോക്കുമ്പോൾ ടോൾസ്റ്റോയിയുടെ 'അന്ന കരെനീന'യും ടാഗോറിന്റ 'ഹോംആൻഡ് ദി വേൾഡും' സ്ത്രീയെ അടയാളപ്പെടുത്തിയത് ആധുനികസിദ്ധാന്തമായ ഫെമിനിസത്തിന്റെ ഭാഗമായാണെന്ന് കാണാം.

രണ്ട് നോവലുകളും പത്തൊൻമ്പതാം നൂറ്റാണ്ടിൽ പ്രസിദ്ധീകരിക്കപ്പെട്ട കൃതിയായതുകൊണ്ടും സാമൂഹികവിഷയങ്ങളെ ആസ്പദമാക്കിയിട്ടുള്ളതും ആയതുകൊണ്ടുതന്നെ അവ സോഷ്യോ റിയലിസ്റ്റ് നോവലുകളുമാണ്. രണ്ട് നോവലുകളും കഥാപാത്രങ്ങളെ മനഃശാസ്ത്രപരമായിട്ടാണ് സമീപിച്ചത്. റിയലിസം സമൂഹത്തിന്റെ യാഥാർഥ്യത്തെ അതേപടി കൃതികളിലൂടെ അവതരിപ്പിച്ചപ്പോൾ അത് വായനാസമൂഹം ഏറ്റെടുക്കുകയായിരുന്നു. അതുകൊണ്ടുതന്നെ അന്ന കരെനീനയും ഹോം ആൻഡ് ദി വേൾഡും അന്നത്തെ സമൂഹത്തിൽ കൂടുതൽ ചർച്ച ചെയ്യപ്പെട്ടു.

യാഥാസ്ഥിക വായനക്കാരന്റെ മനസ്സാക്ഷിയെ ഞെട്ടിച്ചുകൊണ്ടാണ് 1873-ൽ അന്ന കരെനീന പ്രസിദ്ധീകരിക്കപ്പെട്ടത്. റഷ്യൻ സമൂഹത്തിൽ ആധുനികതയുടെ കടന്നുവരവിന് മുൻപായി സാമൂഹികമാറ്റത്തിന്റെ പശ്ചാത്തലത്തിലാണ് നോവലിലെ പ്ലോട്ട് സെറ്റ് ചെയ്തിരിക്കുന്നത്. പാശ്ചാത്യസംസ്കാരത്തിന്റെ കടന്നുവരവ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രസക്തി വർധിപ്പിക്കുകയും ഉന്നത സവർണ്ണവർഗം അത് ഏറ്റെടുക്കയും


# ടോൾസ്റ്റോയിയും ടാഗോറും



*ടാഗോർ*

ചെയ്തു. അത് അവരുടെ ജീവിത ത്തെതന്നെ സ്വാധീനിക്കുന്ന സാഹ ചര്യത്തിലാണ് അത്തരമൊരു പ്ലോട്ടി നെ ആധാരമാക്കി ടാഗോർ നോവ ൽ രചിക്കുന്നത്. ടോൾസ്റ്റോയിയെ ഷോലെ സമൂഹത്തിന്റെ ഹൃദയസ്പ ന്ദനത്തിന് അനുസരിച്ചാണ് ടാഗോർ കൃതികൾ രചിച്ചത്. 1910–ന് ശേഷമേ വിധവാപുനർവിവാഹം നിയമപര മായി അംഗീകരിച്ചിട്ടുള്ളൂ. അതു കൊണ്ടായിരിക്കാം ടാഗോർ ബി നോദിനി എന്ന കൃതിയിൽ വിധവ യായ സ്ത്രീകഥാപാത്രത്തിനെ വിവാ ഹം കഴിക്കാതെ അവശേഷിക്കുന്ന ജീവിതം ജീവിച്ചു തീർക്കാൻ വിധി ച്ചത്.

ടാഗോർ ആദ്യഘട്ടത്തിൽ സ്വദേ ശിപ്രസ്ഥാനത്തിനോടൊഷം യോ ജിച്ചു പ്രവർത്തിച്ചുവെങ്കിലും പി ന്നീട് പൂർണമായി അതിൽനിന്നും വിട്ടുനിന്നു. കാരണം അദ്ദേഹം ഇം ഗ്ലിഷ് വിദ്യാഭ്യാസത്തിനെയും വ്യവ സായവത്കരണത്തെയും സ്വാഗതം ചെയ്യുക മാത്രമല്ല വിദേശവസ്ത്രങ്ങ ൾ കത്തിച്ചുകളഞ്ഞുള്ള ബഹിഷ്ക രണത്തിനോട് വിയോജിഷ് പ്രകടി ഷിക്കുകയും ചെയ്തു. അങ്ങനെയു ള്ള സാഹചര്യമാണ് ടാഗോറിന് 'ഹോം ആൻഡ് ദി വേൾഡ് ' എന്ന കൃതി എഴുതാൻ ഇടയാക്കിയത്.



*ടോൾസ്റ്റോയി*

ടോൾസ്റ്റോയിയുടെ സ്വന്തം ജീ വിതത്തിൽനിന്ന് അടർത്തിയെടു ത്ത ധാരാളം സന്ദർഭങ്ങൾ അന്ന കരെനീനയിൽ കാണാൻ കഴിയും. അദ്ദേഹത്തിന്റെ മറ്റുള്ള കൃതികളിലെ സ്ത്രീകഥാപാത്രങ്ങളെക്കാൾ അദ്ദേ ഹത്തിന്റെ സ്നേഹത്തിനും പരിഗ ണനയ്ക്കും അർഹയായത് അന്ന യായിരുന്നു. പുരുഷകേന്ദ്രീകൃത വ്യ വസ്ഥയുടെ മൂല്യങ്ങൾ സ്വാംശീകരി ച്ച ഒരു വ്യക്തി എന്ന നിലയിൽ അന്ന കരെനീന അത് എഴുതപ്പെട്ട കാല ത്ത് ഫെമിനിസ്റ്റ് നോവൽ എന്ന വ്യാ ഖ്യാനത്തിന് പാത്രമായെങ്കിലും അ തിൽതന്നെ ആ വ്യാഖ്യാനത്തിനെ തകർക്കുന്ന ആരോപണവും നില നിൽക്കുന്നുണ്ട്.

കുടുംബത്തിനുള്ളിലും സമൂഹ ത്തിലും സ്ത്രീ എങ്ങനെയായിരിക്ക ണമെന്ന പുരുഷകേന്ദ്രീകൃത വ്യവ സ്ഥയുടെ ഭാഗമായി നിന്ന് സ്ത്രീയെ ക്കുറിച്ച് എഴുതുമ്പോൾ ബോധത്തി ലോ അബോധത്തിലോ എഴുത്തു കാരൻ അടയാളപ്പെടുത്തുന്ന സ്ത്രീ, വ്യവസ്ഥയ്ക്ക് അനുകൂലമായി വാർ ത്തെടുക്കപ്പെട്ടവൾ ആയിരുന്നു. അ വിടെ സ്ത്രീപക്ഷമെന്ന ചിന്തതന്നെ അപ്രസക്തമാകുന്നു. അത് സൂക്ഷ് മമായി നിർണയിക്കാൻ ആധുനിക സൈദ്ധാന്തിക സഹായം ആവശ്യ മായി വന്നേക്കാം.

ടോൾസ്റ്റോയിയുടെ അന്ന കുലീ നവും ആഢ്യത്വവും ഉള്ള സുന്ദരി യായിരുന്നു. അവളുടെ പ്രൗഢഗംഭീ രമായ വ്യക്തിത്വം ആളുകളെ ആക ർഷിച്ചിരുന്നു. പട്ടാളത്തിലെ ഉയർന്ന ഉദ്യോഗസ്ഥന്റെ ഭാര്യാപദവി അവ ൾക്ക് അലങ്കാരമായിരുന്നു എന്നും ടോൾസ്റ്റോയ് പറഞ്ഞുവെക്കുന്നു ണ്ട്. അതായത് ഭർത്താവിന്റെ സാ മൂഹികപദവിയാണ് ഭാര്യയുടെ വ്യ ക്തിത്വത്തിനു മാറ്റ് കൂട്ടുന്നത് എന്നു ള്ള അർത്ഥത്തിൽ പുരുഷാധിപത്യ ത്തിന്റെ യാഥാസ്ഥികവീക്ഷണമാണ് ടോൾസ്റ്റോയിയുടെ കാഴ്ചപ്പാട്.

ഒരു കുലീനമായ കുടുംബത്തി ൽ സ്ത്രീ എങ്ങനെയായിരിക്കണം എന്നും അവരുടെ സാമൂഹിക പെ രുമാറ്റം എങ്ങനെയായിരിക്കണം എന്ന ആണത്തബോധത്തെ വെല്ലു വിളിച്ചുകൊണ്ടാണ് 13 വയസുള്ള ആൺകുട്ടിയുടെ അമ്മയും പട്ടാള

ഇവിടെ അന്നയും ബിമലയും അവനവന്റെ ദാമ്പത്യജീവിതം നയിക്കുമ്പോഴും പെട്ടെന്ന് വിവാഹേതരബന്ധത്തിലേക്ക് കടന്നുവരുകയാ യിരുന്നു. രണ്ടുപേരും വൈവാഹിക ജീവിതത്തിൽ അനുഭവിച്ചുകൊണ്ടിരുന്ന പ്രണയം യഥാർത്ഥമല്ല എന്നും ഒരുപോലെ ചിന്തിച്ചിരുന്നു. അന്നയുടെയും ബിമലയുടെയും ഭർത്താക്കന്മാർ വൈകാരികമായി തന്നെ അവരുടെ സ്നേഹം പങ്കുവെച്ചിരുന്നു. പക്ഷേ, അന്നയുടെ പ്രതീക്ഷയ്ക്കൊത്തുയരാൻ കരെനീന് കഴിഞ്ഞില്ല.

ത്തിലെ ഉയർന്ന ഉദ്യോഗസ്ഥന്റെ ഭാര്യയും ആയ അന്ന വിവാഹേതര ബന്ധം സൂക്ഷിക്കുന്നതും ആ ബന്ധത്തിൽ ഒരു കുഞ്ഞുണ്ടാവുന്നതും. പക്ഷേ, യാഥാസ്ഥിതിക റഷ്യൻ സമൂഹത്തിന് അത് ഉൾക്കൊള്ളാൻ ആയില്ല. അവർ നിരന്തരം കുറ്റപ്പെടുത്തുകയും അപമാനിക്കുകയും ചെയ്തു. അവസാനം അപമാനവീകരണത്തിനു പാത്രമായി അന്ന ട്രെയിനിന് മുന്നിൽ ചാടി ആത്മഹത്യ ചെയ്യുകയാണുണ്ടായത്.

ടാഗോറിന്റെ ബിമലയും ആഢ്യത്വവും കുലീനവും സമ്പന്നവുമായ യാഥാസ്ഥിക ബംഗാളി കുടുംബത്തിന്റെ ഉന്നതമായ പാരമ്പര്യം അനുകരിച്ചു ജീവിക്കാൻ തയ്യാറായവൾ ആയിരുന്നു. ഇതിന് ഉദാഹരണമെന്നോണമാണ് ബിമലയുടെ ഒരു ദിവസം തുടങ്ങുന്നത് ഭർത്താവിന്റെ കാല്പാദങ്ങളിൽ തൊട്ടുതൊഴുതുകൊണ്ടാണെന്ന് ടാഗോർ പറയുന്നത്. അങ്ങേയറ്റം പുരുഷകേന്ദ്രീകൃതവ്യവസ്ഥയുടെ ഇരയായിരുന്നു ബിമല എന്ന് ടാഗോർ പറയുന്നുണ്ട്.

അവളെ ആധുനികലോകത്തേക്ക് കൊണ്ടുവരാൻ പുരോഗമനമനസ്സുള്ള ഭർത്താവ് നിഖിൽ ശ്രമിക്കുന്നുണ്ട്. നിഖിൽ തന്റെ ഭാര്യയെ യാഥാസ്ഥിതിക ജീവിതരീതിയിൽ നിന്നും മോചിപ്പിച്ചു പുറംലോകത്തേക്കു കൊണ്ടുവരാൻ ശക്തമായ അഭിവാഞ്ഛ പ്രകടിപ്പിക്കുന്നുണ്ട്. അതിനുവേണ്ടി ബിമലയ്ക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകി. ആദ്യകാലങ്ങളിൽ ബിമല പിന്നോട്ട് വലിഞ്ഞെങ്കിലും പിന്നീട് ആധുനികവിദ്യാഭ്യാസത്തിലും സ്വദേശിപ്രസ്ഥാനത്തിലും ആകൃഷ്ടയായി. ആ സാഹചര്യത്തിലാണ് ബിമല നിഖിലിന്റെ സുഹൃത്ത് സന്ദീപുമായി വിവാഹേതരബന്ധത്തിലും ഏർപ്പെട്ടത്. പക്ഷേ, ആ ബന്ധം പ്രണയത്തിനെ മറയാക്കി പിടിച്ച മാംസദാഹിയായ പുരുഷന്റേതാണെന്ന് തിരിച്ചറിഞ്ഞതോടെ അവൾ തിരിച്ചു വീട്ടിലേക്ക് വരുകയാണ്.

ഇവിടെ അന്നയും ബിമലയും അവനവന്റെ ദാമ്പത്യജീവിതം നയിക്കുമ്പോഴും പെട്ടെന്ന് വിവാഹേതര ബന്ധത്തിലേക്ക് കടന്നുവരുകയായിരുന്നു. രണ്ടുപേരും വൈവാഹിക ജീവിതത്തിൽ അനുഭവിച്ചുകൊണ്ടിരുന്ന പ്രണയം യഥാർത്ഥമല്ല എന്നും ഒരുപോലെ ചിന്തിച്ചിരുന്നു. അന്നയുടെയും ബിമലയുടെയും ഭർത്താക്കന്മാർ വൈകാരികമായി തന്നെ അവരുടെ സ്നേഹം പങ്കുവെച്ചിരുന്നു. പക്ഷേ, അന്നയുടെ പ്രതീക്ഷയ്ക്കൊത്തുയരാൻ കരെനീന് കഴിഞ്ഞില്ല. ബിമലയുടെ പ്രതീക്ഷയ്ക്ക് അപ്പുറമാണ് നിഖിൽ ഭാര്യയോടുള്ള സ്നേഹത്തെ പ്രകടിപ്പിച്ചിരുന്നത്.

സ്ത്രീപുരുഷബന്ധങ്ങളിൽ ആണധീശത്വബോധം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് പിയറി ബോർദ്യു അദ്ദേഹത്തിന്റെ 'Masculine domination'എന്ന പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആണധീശത്വം മാന്യമായ ഒരു തരം അതിക്രമമാണ്. അത് കാണാനാവാത്തതും പ്രതീകക്രമങ്ങളിലൂടെ വിനിമയം ചെയ്യപ്പെടുന്നതുമാണ് എന്ന് പറയുന്നുണ്ട്. മേല്പറഞ്ഞ പ്രതീകം ഭാഷയാവാം ജീവിതമാതൃകയാവാം മറ്റെന്തെങ്കിലും ചിഹ്നങ്ങളാവാം.

അധീശത്വത്തിനെ കുറച്ചുകൂടി ആഴത്തിൽ മനസ്സിലാക്കാൻ വെർജിനിയ വുൾഫിനെ പരിശോധിക്കാവുന്നതാണ്. ഹിപ്നോട്ടിക് പവർ ഓഫ് ഡോമിനേഷൻസ് ആയാണ് വുൾഫ് ഇത് മനസ്സിലാക്കുന്നത്. അതായത് അധീശത്വത്തിന്റെ ഹിപ്നോട്ടിക് പവറിനെ തിരിച്ചറിയാനാവില്ല. അനുഷ്ഠാനപരമായ കർമ്മങ്ങളിൽനിന്ന് സ്ത്രീകളെ മാറ്റിനിർത്തുന്നതിനെ കുറിച്ച് വിശദീകരിക്കുന്നിടത്താണ് വുൾഫ് ഇത് പറയുന്നത്. സ്നേഹം, കടപ്പാട്, ആരാധന എന്നിവയ്ക്കുള്ളിലൂടെ അധീശത്വം പ്രവർത്തിക്കുന്നതിനാൽ അധീശത്വത്തെ തിരിച്ചറിയാനാവില്ല എന്ന് പിയറി ബോർദ്യു പറയുന്നുണ്ട്. (ആണത്തവും അധീശത്വവും. പിയറി ബോർദ്യു: ആശയനുവാദം സംഗീത എം കെ, ഡോ കെ എം അനിൽ)

ബോർദ്യുവിന്റെ വാദത്തിലൂടെ ടാഗോറിന്റെ സ്ത്രീപക്ഷ നിലപാട് ആണധീശത്വത്തിന്റെ ഭാഗമാണ് എന്ന് മനസ്സിലാക്കാം. നിഖിൽ തന്റെ ഭാര്യയായ ബിമലയെ നിർമ്മലമായ സ്നേഹത്തിന്റെ അധീശത്വത്തിലൂടെ സ്വാതന്ത്ര്യത്തിന്റെ ലോകത്തിലേക്ക് തള്ളിവിടുമ്പോൾ സന്ദീപ് എന്ന കാമുകൻ ആൺ അധീശത്വത്തിന്റെ പ്രത്യക്ഷബോധമാവുകയാണ്. പ്രണയമെന്ന ആയുധത്തെ ഉപയോഗിച്ചാണ് സന്ദീപ് അധീശത്വം സ്ഥാപിക്കുന്നത്. നോവലിന്റെ ആദ്യഭാഗത്ത് ഭർത്താവിന് അനുസരണമായി തന്നെ മെരുക്കിയെടുക്കുന്നതിൽ പരാജയപ്പെട്ട ബിമല പ്രണയസാക്ഷാത്കാരത്തിനുവേണ്ടി, കാമുകനുവേണ്ടി തന്നെ മാറ്റിയെടുക്കുന്നു.

പ്രണയം അന്നയെയും ബിമലയെയും പാട്രിയാർക്കൽ സങ്കൽപ്പങ്ങളിൽനിന്നും മാറ്റിയെടുക്കുന്നു. ഇന്ത്യൻ സംസ്കാരത്തിന്റെ പതിവ്രത എന്ന ചട്ടക്കൂടിൽനിന്നും ബിമല പുറത്തുകടക്കുന്നു. പ്രണയത്തിൽ അകപ്പെട്ടപ്പോൾ രണ്ട് സ്ത്രീകഥാപാത്രങ്ങളും അവരുടെ പ്രണയം സമൂഹത്തിനും കുടുംബത്തിനും മുന്നിൽ മറച്ചുവെച്ചില്ല. അത് അന്നയുടെയും ബിമലയുടെയും പ്രണയത്തോടുള്ള സത്യസന്ധത വെളിപ്പെടുത്തുന്നു.

തുടക്കത്തിൽ അന്നയുടെയും ബിമലയുടെയും സ്ത്രീസ്വത്വം അ

# ടോൾസ്റ്റോയിയും ടാഗോറും



*ടാഗോറിന്റെ 'ഹോം ആന്റ് ദ് വേൾഡ് ' സത്യജിത് റായ് ചലച്ചിത്രമാക്കിയപ്പോൾ*

വരുടെ ഭർത്താക്കന്മാരുടെയും കാമുകന്മാരുടെയും നിഴലിൽ അടയാളപ്പെടുത്തിയെങ്കിലും നോവലിന്റെ അവസാന ഭാഗത്തു ബിമല കാമുകനാൽ ചതിക്കപ്പെട്ടിട്ടും കുടുംബത്തിലേക്കും സമൂഹത്തിലേക്കും തിരികെ വന്ന് തന്റേതായ സ്വത്വം ശക്തമായ രീതിയിൽ അടയാളപ്പെടുത്തുന്നു. എന്നാൽ അന്നയ്ക്ക് പാട്രിയാർക്കൽ ഡോമിനേഷനിൽനിന്ന് പുറത്തുകടക്കാൻ കഴിയാതെ ട്രെയിനിന് മുന്നിൽ ചാടി ആത്മഹത്യ ചെയ്യേണ്ടിവരുന്നു. ഇതിൽ കടുത്ത യാഥാസ്ഥിതിക നിയമവ്യവസ്ഥയിൽ അധിഷ്ഠിതമായ സംസ്കാരത്തിൽ നിന്നും ടാഗോർ എന്ന എഴുത്തുകാരന്റെ വിശാലമായ സ്ത്രീപക്ഷ സമീപനവും. ആധുനികത ചിറക് വിടർത്തുന്ന റഷ്യൻ സമൂഹത്തിന്റെ പ്രതിനിധിയായ ടോൾസ്റ്റോയ് എന്ന എഴുത്തുകാരന്റ ഇടുങ്ങിയ സ്ത്രീപക്ഷ സമീപനവും വ്യക്തമായി ചിത്രീകരിക്കപ്പെടുന്നു. "For we women are not only the deities of the household fire, but the flame of the soul itself "എന്ന് ടാഗോറിന്റെ വാചകം പ്രസക്തമാവുന്നത് ഇങ്ങനെയാണ്.

കുടുംബത്തിൽ ബിമല പുരുഷാധിപത്യ വ്യവസ്ഥയുടെ ഇര ആയിരുന്നുവെങ്കിലും സമൂഹത്തിൽ അവൾ സ്ത്രീശക്തിയുടെ പ്രതീകമായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിലൂടെയും അവൾ ആർജിച്ചെടുത്ത സാമൂഹികബോധം ഇതിന് കാരണമാവുന്നു. ബംഗാൾ സമൂഹത്തിൽ നിലനിന്നിരുന്ന പർദ്ദ വ്യവസ്ഥിതിയെ

> പുരുഷാധിപത്യ വ്യവസ്ഥയുടെ ഭാഗമായുള്ള എഴുത്തുകാർ അവരുടെ സ്ത്രീകഥാപാത്രങ്ങളെ സൃഷ്ടിക്കുമ്പോൾ അവരുടെ ബോധത്തിന്റെയും അബോധത്തിന്റേതുമായ മണ്ഡലങ്ങളിൽ നിലനിൽക്കുന്ന ആണത്തത്തിന്റെയും പാട്രിയാർക്കൽ അധീശത്വബോധത്തിന്റെയും സ്വാധീനം സ്ത്രീകഥാപാത്രനിർമ്മിതിയിലും കഥാസന്ദർഭങ്ങളിലും കാണാൻ കഴിയും. സ്ത്രീപക്ഷനിലപാട് എന്ന് ഉറക്കെ പ്രഖ്യാപിക്കുമ്പോഴും സ്ത്രീവിരുദ്ധവുമായ ആശയങ്ങളെയും കാണാതിരിക്കാൻ കഴിയില്ല.

ധീരമായി എതിർക്കാനും ചതിക്കപ്പെട്ടു എന്നറിഞ്ഞിട്ടും കുടുംബത്തിന്റെയും സമൂഹത്തിന്റെയും കുറ്റപ്പെടുത്തലുകൾ ഉണ്ടായിരുന്നിട്ടും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കാതെ വീട്ടിലേക്ക് തിരികെ വന്നത്, സ്ത്രീ ഒരു ശരീരം മാത്രമല്ല അതിനപ്പുറം ഒരു സ്വത്വമുണ്ട് എന്ന തിരിച്ചറിവാണ്. അതിനുവേണ്ടി ടാഗോർ നോവലിന്റെ ക്ലൈമാക്സിൽ ഒരു ട്വിസ്റ്റ് നടത്തുന്നുണ്ട്. വീട്ടിലേക്ക് തിരിച്ചുവരുമ്പോൾ ബിമലയുടെ ഭർത്താവിന് ഹെഡ് ഇൻജുറി സംഭവിക്കുന്നു. തുടർന്നുള്ള ജീവിതം സാധ്യമാണോ എന്ന ആശങ്ക പങ്കുവെക്കുന്നുണ്ട്. പക്ഷേ, നിഖിൽ ജീവിച്ചാലും ഇല്ലെങ്കിലും ബിമല ശക്തമായി പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചു ജീവിക്കും എന്നുള്ള കാഴ്ചപ്പാട് ടാഗോറിന്റെ ശക്തമായ സ്ത്രീപക്ഷ നിലപാട് തെളിയിക്കുന്നുണ്ട്.

കുടുംബമെന്ന വ്യവസ്ഥിതിയിൽ പുരുഷകേന്ദ്രീകൃത വ്യവസ്ഥിതിക്കുള്ളിൽ അമ്മയായും ഭാര്യയായും തന്റെ ഭാഗം വൃത്തിയായി ചെയ്യുന്ന സ്ത്രീയെ പ്രണയിക്കാൻ വിട്ടു എന്നുള്ളതുകൊണ്ട് ടോൾസ്റ്റോയ് ഒരു സ്ത്രീപക്ഷവാദിയാകുന്നില്ല. അന്നയുടെ വിവാഹേതരബന്ധത്തിലും ആൺ അധീശത്വം ശക്തമാണ്. അന്ന കാമുകനെ പ്രണയിക്കുമ്പോഴും അന്നയിലെ സ്ത്രീ കാമുകനനുസരിച്ചു പരുവപ്പെടുകയാണ്. വർൺസ്കിയുടെ ഇഷ്ടത്തിന് പത്രമാവാൻ അയാളുടെ സ്ത്രീസങ്കൽപ്പത്തിന് അനുസരണമാവാൻ അവൾ നിരന്തരം ശ്രമിക്കുന്നുണ്ട്. പ്രണയം എന്ന വികാരം സ്ത്രീയെ കമ്മോഡിറ്റിയായി മാത്രമാണ് കാണുന്നത്. അതിലൂടെ സ്ത്രീയെ നിയന്ത്രിച്ചുനിർത്തുക എന്ന തന്ത്രമാണ് ഓരോ കാമുകന്റെയും. അതിന്റെ എത്രയോ ദൃഷ്ടാന്തങ്ങൾ അന്ന കരെനീനയിൽ കാണാൻ കഴിയും.

പൊതുവെ ടോൾസ്റ്റോയ് തന്റെ സ്ത്രീകഥാപാത്രങ്ങളോട് ഒന്നും നീതി പുലർത്തിയിരുന്നില്ല. ഒരു Meso-genist കാഴ്ചപ്പാടാണ് അദ്ദേഹം എല്ലായ്പോഴും കൈക്കൊണ്ടത്. ശക്തമായ സദാചാര സംഹിതകളിൽ സ്ത്രീയെ തളച്ചിട്ടു. അന്ന കരെനീനയിൽ വിവാഹേതരബന്ധം കുടുംബജീവിതത്തിനെ എങ്ങനെ തകർക്കുന്നു എന്ന് കാണിക്കുമ്പോഴും എങ്ങനെയായിരിക്കണം ഒരു മാതൃകാകുടുംബം എന്നത് ലെവിൻ കിറ്റി ദാമ്പത്യബന്ധത്തിലൂടെ ചൂണ്ടിക്കാണിക്കുന്നുണ്ട്.

അന്നയുടെ സഹോദരൻ ഒബ്ലോൺസ്കിക്ക് കുട്ടികളെ നോക്കുന്ന ആയയുമായിട്ടുള്ള വിവാഹേതരബന്ധം പ്രശ്നമാകുന്നില്ല. അതൊരു സ്ത്രീക്ക് (അന്ന) മാത്രമേ പ്രശ്നമാവുകയുള്ളൂ. അത് സദാചാര സംഹിതകളുടെ നിയമലംഘനം ആണെന്ന് നോവൽ വായനയിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. കുടുംബജീവിതത്തിൽ സ്ത്രീയുടെയും പുരുഷന്റെയും പദവി എവിടെയാണെന്ന് മനസ്സിലാക്കാൻ ഈ സന്ദർഭം ധാരാളമാണ്. ടോൾസ്റ്റോയ് സ്ത്രീകഥാപാത്രങ്ങളെ നിർമ്മിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്ത്രീപക്ഷ സമീപനങ്ങൾ ഒട്ടും നീതിയുക്തമല്ല എന്നു കാണാം. അതിന്റെ ഏറ്റവും വലിയ തെളിവ് ഉയർത്തെഴുന്നേൽപ്പ് എന്ന നോവലിലെ മാസ്ലോവ എന്ന കഥാപാത്രത്തിനെ ലൈംഗികത്തൊഴിലാളി ആയതിന്റെ പേരിൽ അരികുവത്കരിച്ചതാണ്. ടോൾസ്റ്റോയ് സ്ത്രീയുടെ സന്തോഷവും സ്വാതന്ത്ര്യവും കുടുംബത്തിനുള്ളിലാണ് ക്രമീകരിച്ചിരിക്കുന്നത്. യുദ്ധവും സമാധാനവുമെന്ന കൃതിയിൽ നതാഷ എന്ന സ്ത്രീകഥാപാത്രത്തെ അവസാനം കുടുംബത്തിനുള്ളിൽ അമ്മയും ഭാര്യയുമായി പ്രതിഷ്ഠിച്ചാണ് അദ്ദേഹം സ്ത്രീസ്വത്വത്തെ രേഖപ്പെടുത്തിയത്. അതുപോലെ അന്ന കരെനീനയിൽ കിറ്റി എന്ന സ്ത്രീകഥാപാത്രത്തെ വ്യവസ്ഥിതിക്ക് അനുസരിച്ചാണ് രൂപപ്പെടുത്തിയത്. അതുകൊണ്ട് കിറ്റി നല്ല സ്ത്രീയും വ്യവസ്ഥിതിക്ക് എതിരേ പ്രവർത്തിച്ച അന്നയെ ചീത്ത സ്ത്രീയുമായി മുദ്ര കുത്തി. അന്ന ജീവിച്ചിരിക്കേണ്ടവൾ അല്ലെന്നുള്ള ടോൾസ്റ്റോയിയുടെ വാദമാണ് ആത്മഹത്യയിലേക്ക് അന്നയെ നയിച്ചത്. സ്ത്രീയുടെ കുടുംബത്തിലെ അച്ചടക്കമുള്ള ജീവിതമാണ് അവളുടെ സാമൂഹികപദവി നിർണയിക്കുന്നത് എന്ന് പറയുമ്പോൾ സ്ത്രീ ആൺ അധീശത്വത്തിന് കീഴ്പെട്ടുനിൽക്കേണ്ടവൾ അല്ലെന്നും അവൾക്ക് സ്വന്തമായ ഐഡന്റിറ്റി ഉണ്ടെന്നും വാദിക്കുന്നുണ്ട് ടാഗോർ.

ചുരുക്കിപ്പറഞ്ഞാൽ പുരുഷാധിപത്യ വ്യവസ്ഥയുടെ ഭാഗമായുള്ള എഴുത്തുകാർ അവരുടെ സ്ത്രീകഥാപാത്രങ്ങളെ സൃഷ്ടിക്കുമ്പോൾ അവരുടെ ബോധത്തിന്റെയും അബോധത്തിന്റേതുമായ മണ്ഡലങ്ങളിൽ നിലനിൽക്കുന്ന ആണത്തത്തിന്റെയും പാട്രിയാർക്കൽ അധീശത്വബോധത്തിന്റെയും സ്വാധീനം സ്ത്രീകഥാപാത്രനിർമ്മിതിയിലും കഥാസന്ദർഭങ്ങളിലും കാണാൻ കഴിയും. സ്ത്രീപക്ഷനിലപാട് എന്ന് ഉറക്കെ പ്രഖ്യാപിക്കുമ്പോഴും അതിന്റെ ഉള്ളിൽ സൂക്ഷ്മമായി നിലനിർത്തുന്ന സമാനതകളും വൈരുദ്ധ്യാത്മകവും അടിസ്ഥാനപരമായി സ്ത്രീവിരുദ്ധവുമായ ആശയങ്ങളെയും കാണാതിരിക്കാൻ കഴിയില്ല.

ചന്തുമേനോന്റെ ഇന്ദുലേഖയും ഫ്ളൂബെർട്ടിന്റെ എമ്മ ബോവറിയും ടോൾസ്റ്റോയിയുടെ അന്നയും നതാഷയും മാസ്ലോവായും ടാഗോറിന്റെ ബിനോദിനിയും ബിമലയും ഒക്കെ അത്തരമൊരു വ്യവസ്ഥയുടെ ഉപഭോക്താക്കൾ മാത്രമാണ്.

## കവിത

എൽ. തോമസ്കുട്ടി

# കർമ്മലി

**ക**ർമ്മലി,
എസ്കോബിയുടെ
കെട്ടിയോളും
കസ്പാരിന്റെ മാതാ-
മഹതിയുമാണ്.

നാട്ടിലെ
ഉച്ചഭാഷിണിയായും
സായാഹ്നപ്പതിപ്പായും
നിഷ്കാമയായിവർത്തിക്കും
അവുതി*യത്രേ!

റൂഹാദക്കുദുശാ*യ്ക്കും
മെഡ്രാക്കി*നും മീതേ
ഒച്ചയിട്ടുനടന്ന
ലവരെ
സാത്താൻ പരൂക്ഷിച്ചു.

കലഹകാന്താരി, ഫലീഷ്യ
മണവാട്ടിയായി
വീട്ടിലെത്തിയവാറേ
ഇടങ്ങേറ് തുടങ്ങി.

വായ്ക്കുരുചിയുള്ള
പത്തു പരദൂഷണങ്ങളുമായി
നടന്ന്, ചെവിനിറയ്ക്കാൻ
പറ്റാഞ്ഞ്
ഇരിക്കപ്പൊറുതിയില്ല,

പുരപ്പുറോം
മറുപുറോം തൂത്ത ഫലേഷ്യ.
കൊഞ്ചിക്കൊഴഞ്ഞ്
ലവനെ
ലവക്കട
അടിപ്പാവാടച്ചരടിക്കെട്ടി.
ഏങ്ങലും തൊങ്ങലും ചാർത്തി.

പഠിച്ചപണി പലോം*
പാളിയപ്പോ
മണോം കൊണോമില്ലാത്ത
ലന്തരവന്റെ
തലേഇടിത്തീ വീഴണേന്ന്
ഉച്ചീക്കൈ വച്ചുംവച്ച്
പ്രാകി, കർമ്മലി.

എടുപിടീന്ന്,
മുണ്ടാട്ടമില്ലാത്ത
ഗ്രാമഫോൺ മാറ്റി
വാൽവ് റേഡിയോ
വാങ്ങി
കസ്പാര്.

പാട്ടു പെട്ടി
കണ്ടമാത്രയിൽ
കാറിത്തുപ്പി
'എരണം കെട്ട പെങ്കോന്താ'
എന്റെ വായടപ്പിക്കാൻ
നോക്കണ്ടാടാ...
ന്നും പറഞ്ഞ്
ഡസീബൽ കൂട്ടി
നട്ടാക്കിളിക്കാത്ത,
കഥാകാലക്ഷേപം തൊടങ്ങി.

ഫലീഷ്യാടെ അപ്പൻ
പഴങ്കഞ്ഞികട്ടതും
അവക്കടമ്മ
ഇറ്റിപ്ലോ
ഇടേപ്പങ്ക്*കാരൻ
ലവറന്തിയോട്
ഒടഞ്ചീ*ക്കെടന്നതും
കെട്ടിനുമുമ്പ് ഫലീഷ്യ
കൊസ്തന്തീടെകൂടെ
ഒളിച്ചോടിയതും
പണ്ട് പാളേത്തൂറിയതും
എണ്ണിയെണ്ണിപ്പറഞ്ഞ്...

സഹികെട്ട ഫലീഷ്യ
ഏറ്റുപിടിച്ചു
വായടക്കടീ മൈക്കേ
നൊണച്ചീ...

മലപോലെ വന്നവടെ
മൊല കുത്തിപ്പിടിച്ച്
എലി പോലാക്കി
കർമ്മലി കർമ്മണിച്ചു.

വിടടീ അറുവാണീ
പോടീ അവരാതീ
കണ്ടടം നെരങ്ങീ...
തുടങ്ങിയ സംബുദ്ധികൾ
തരതമഭേദമന്യേ
ഇരുകണ്ഠങ്ങളിൽനിന്നും
അനുസ്യൂതം
നിർഗളിച്ചു.
നിർഗ
-ളിച്ചു.
ഉടുതുണി പൊക്കുംമുമ്പ്
കസ്പാര് മൂലേലൊളിച്ചു.

മൊട്ടേന്നു വിരിഞ്ഞപ്പളേ
കണ്ണും കലാശോം കാട്ടീം
തൊലിവെളുപ്പു കാട്ടീം
തട്ടിയെടുത്തതില്യോടീ
ചുന്തരിക്കോതേ...
ലാ തന്തയില്ലാത്തവനെവിടെ
ഇപ്പം ഞാനവനെ കാണിച്ചു
കൊടുക്കും...
ഉലക്കയുമേന്തി
പാഞ്ഞാളമ്മ!

സ്വർണച്ചെയിനും
കടുംചോപ്പ് ടീഷർട്ടും
നെരൂദാത്തൊപ്പിയും
സുഗന്ധവുമായി
കൈയ്യടിച്ചേംവച്ച്
ഇരുട്ട് അങ്ങോട്ടു വന്നു.
എല്ലാം നിശ്ചലമായി.

വാ തുറന്നപ്പം
1000വാട്ട്,

ലമ്മായീ...
കർമ്മിയമ്മായീ...

പൊന്നാരിച്ച വിളിയിൽ
കർമ്മി ചൂളി.
ഫലീഷ്യ നാണിച്ചു
കസ്പാരും വെളിപ്പെട്ടു.

ഡൺഹിൽ കടിച്ച്
സ്റ്റീൽയന്ത്രം ഞെക്കി
തീ പിടിപ്പിച്ച്
കൂളിങ് ഗ്ലാസ്സ് ഉയർത്തി
ഇരുട്ട്
പതപതപ്പിച്ചു...

ഇപ്പോ ചെയ്തത്
കാറൽമാനോ*?
ജ്ഞാനസുന്ദരി*യോ?
പ്രാക്ടീസാണ് അമ്മായീടെ
വിജയം!
'അങ്ങനൊന്നൂല്ല' ഫലീഷ്യ
പരുങ്ങി.
ആകെ ഉഴിഞ്ഞ്
കമ്മലി ചോയിച്ച്

ബോംബേന്നെപ്പം വന്ന്?
എസ്തറില്യോടാകൂടെ?

വരുന്ന വഴിയാ...
പെട്ടീം ലവളും വീട്ടിക്കേറി.
ഒന്നു കണ്ടേച്ചുംവച്ച്
പോകാൻ വന്നു.

പളപളപ്പൻ തുണികളും
കുറേ ചോക്ലേറ്റും കൊടുത്തു:

ഇപ്പം പേർഷ്യേലാ
ചെല്ലുമ്പം
അസോസിയേഷൻ
വാർഷികവാ
അമ്മായീം വേണം
കമ്മറ്റിക്കാർക്ക് നിർബന്ധം.
കോളൊത്തേ...

കർമ്മലി ചിണുങ്ങി;
ഓ...ചുമ്മാ...
എന്നെ ലവരക്കെങ്ങനറിയാനാ?
പാട്ടിനും കൂത്തിനും ഞാനില്ല!

വേണ്ട
ഈ ഒച്ചയും ഉശിരും മതി
ബാക്കി ശരിയാക്കാവേ
(മൈക്കിനെ)
അറിയാത്തോരൊണ്ടോ
ഈ ലോഗത്ത്..!

അരപ്പട്ടബാഗിൽനിന്നും
കൊറേ പച്ചനോട്ടെടുത്ത്
കർമ്മലിക്കുകൊടുത്തു.

പ്രോഗ്രാം ഉദ്ഘാടനോം
ചെയ്യണം.
ച്ചിരി നേരംനിറുത്താതെ
നാട്ടുവഴക്കത്തിലങ്ങ്
കാച്ചിയാ തീരും.
ആ വാഗ്ധോരണി മതി.
സാത്വികമോന്തപിടിക്കണം,
ഗൗരവം വിടരുത്.

സ്ഥിരം
നാരദവിദ്യ*യിൽ
മ്മിണി വ്യത്യാസം
...
മുമ്പിലെത്തുന്നവരെ
സെന്റി*യാക്കാനും
ത്രില്ലടിപ്പിക്കാനും
അല്പസ്വല്പ ചേരുവ.
ഒരുതരം ഒലിപ്പീലും ഒപ്പീലും.

പണ്ടേയുള്ള
പ്രഭാഷക-
കവലപ്രസംഗി
വായാടികടെ
മൂലധനം.,

ടിപ്സും കുപ്പായോം
ഗ്രൂമറേം തരും
ട്രെയിനിങ് തരാൻ
MBAക്കാരുണ്ട്.
നിന്നുകൊടുത്തേച്ചാ മതി,
പിന്നെ പുടിച്ചാകിട്ടില്ല.
Don't Look back.

തൊണ്ട വരണ്ടമ്മായി ...
മൈക്കെന്നു വിളിക്കുന്ന
കൂതറകളെ മൊത്തോം
മൈക്ക് വച്ച് തന്നെ
പറ്റിക്കുന്ന അസുലഭ
നിമിഷമോർത്ത്
കോരിത്തരിച്ചു.

പൗലോണ്ണാന്ന് വിളിച്ചപ്പം
ലയ്യാള്,
കസ്പാരിനു കായ് നീട്ടി
ബർഗർ വാങ്ങാൻ വിട്ടു.
കീറിയ ബ്ലൗസു മറച്ചുപിടിച്ച്
ഫലീഷ്യ അകത്തേക്കു പോയി.
വെള്ളിച്ചങ്ങലയുള്ള പച്ചബ്രൂട്ട്*
കാട്ടി,
ഇരുട്ട് അവളെ മൂടി.

ഇവന്റ് മാനേജ്മെന്റുകാർ
മേക്ക് ഓവർ ചെയ്ത
ബ്രാൻഡ് അംബാസിഡർ
കർമ്മലീത്താ മാർഗരീത്ത
ചതുരാന്ത*ത്തിലെ
5M ലൈക്കി*ൽ
വൈറലായി.
വൈ-
-റലായി.
പ്രതീതി*,
പ്രതീകമായി
വാഴ്ത്തപ്പെട്ടവളായി,
മാതാ
മാർത്ത മറിയം കാർമ്മൽ
മാർഗരീത്തയായി...

---

*അവുതി: അങ്ങേർ എന്നതിന്റെ സ്ത്രീലിംഗം. / *റൂഹാദക്കുദുശാ: പരിശുദ്ധാത്മാവ്, വാവായ്ക്കും പുത്രനും റൂഹാദക്കു ദുശായ്ക്കും സ്തുതിയായിരിക്കട്ടെ എന്ന് പ്രാർഥന. / * മെഡ്രാക്ക്: പെസഹാ തിരുനാളിൽ ദിവ്യബലിക്കിടയിൽ ഉപയോഗിക്കുന്ന തടികൊണ്ടുള്ള ഉപകരണം. വലിയ കിറുകിറു ഒച്ചയാണ്. പള്ളിയിൽ മണിനാദം ഈസ്റ്റർ വരെ ഉണ്ടാവില്ല. / * പലതും / * ഇടേഷങ്ക് :മീൻ കോരാൻ വള്ളത്തിൽ പോകുന്ന സഹായിയുടെ ഓഹരി. / * ഒടഞ്ചി: വള്ളത്തിൽ വെയിൽ തട്ടാതിരിക്കാൻ ഓല വച്ചുണ്ടാക്കുന്ന മറ. / * കാറൽമാൻ ചരിതം, ജ്ഞാനസുന്ദരി തുടങ്ങിയവ ചവിട്ടുനാടകങ്ങൾ / * ലോക വൃത്താന്തങ്ങൾ സ്വർഗത്തെത്തിക്കുന്നത് നാരദമുനിയാണ്. 'സെന്റിമെന്റൽ'പെർഫ്യൂം / * ചതുരാകൃതിയിലുള്ള സോഷ്യൽ മീഡിയയിൽ പ്രത്യക്ഷമാകുന്ന വൃത്താന്തം എന്നു താല്പര്യം. / * 5000000എണ്ണം / * സൈബർ. 'അ'യ്ക്കു പകരം 'ല'യിൽ ആരംഭിക്കുന്ന രീതി കൊല്ലത്തെ പ്രാദേശിക ഭാഷാഭേദത്തിലുണ്ട്.

# കാർട്ടൂൺകവിത

**കെ. ഷെരീഫ്**

**കുളക്കോഴിയുടെ കുറുകൽ**

മറഞ്ഞിരിക്കുന്ന
കുളക്കോഴിയുടെ
ഒരേയൊരു
കുറുകൽ മതി;

മറന്നുപോയ പുഴ
എങ്ങുനിന്നെന്നില്ലാതെ
ഒഴുകിവരും!

**നിശ്ശബ്ദത**

മുട്ടയിട്ട കോഴി
നിർത്താതെ
കൊക്രിക്കുന്നു.
വീട്ടിലാരുമില്ല
മൗനംമാത്രം

പറമ്പിലൂടൊരു
മൂർഖൻ
പതിയെ
നീങ്ങുന്നു.

**യുദ്ധമില്ലാത്ത ദിവസം സമാധാനം എന്ന നഗരത്തിൽ**

ഒടുവിൽ
യുദ്ധമില്ലാത്ത ദിവസം
നമ്മളെല്ലാം
സമാധാനം എന്ന നഗരത്തിൽ
ഒത്തുചേർന്നു.

ആകാശത്ത്
വിമാനങ്ങൾ
തുമ്പികളെപോലെ പാറി
തെരുവിൽ
വണ്ടികൾ
അരയന്നങ്ങൾപോലെ നീന്തി.

ഇത്ര ചേർന്ന്
നമ്മൾ
മുട്ടിയുരുമ്മി നിന്നിട്ടും,
തീ പാറിയില്ല,
പുക മൂടിയില്ല,
ചോര ചിന്തിയില്ല...

ഈ ദിവസം
ഒരു മനുഷ്യനും
വേറൊരു മനുഷ്യനെയും കൊന്നില്ല,
ഒരു കെട്ടിടവും പൊട്ടിത്തകർന്നില്ല;
കൊലവിളിയില്ല, നിലവിളിയില്ല!

**മഴക്കാൽ**

മെലിഞ്ഞ കാലുകൾ
നീട്ടിവെച്ച്
പുരയ്ക്കുചുറ്റും
നടക്കുന്നു
ഉമ്മ പറഞ്ഞ
പേടിക്കഥയിലെ
പാതിരാഭ്രാന്തൻ മഴ

**കടലാകാശം**

കടലും
ആകാശവും
ഇപ്പോൾ
ഒരേ നീല

**മകനോടൊത്തുള്ള നടത്തങ്ങൾ**

അതാ
സൂര്യൻ
അതാ
മഞ്ഞ്
അതാ
പൂവ്
അതാ... അതാ...

മകനോടൊത്തുള്ള
പുലർകാല നടത്തങ്ങളിൽ
അവൻ എനിക്ക്
തിരികെത്തരുന്നു
നഷ്ടമായ ഭൂമി.

**കല്ലുമ്മക്കായ**

ഒരൊറ്റ
കല്ലുമ്മക്കായിൽനിന്നും
ഒരു
കടൽ
പുറപ്പെട്ടുവരുന്നു.

**യുദ്ധം**

നേരം വെളുത്തു
റോഡുണർന്നു
യുദ്ധംതുടങ്ങി

**റോഹിംഗ്യ എന്നാൽ**

റോഹിംഗ്യ എന്നാൽ
പലായനം
റോഹിംഗ്യ എന്നാൽ
വെന്തപുര
റോഹിംഗ്യ എന്നാൽ
ആളുന്ന വിശപ്പ്
റോഹിംഗ്യ എന്നാൽ
ഉടലില്ലാത്ത നിലവിളി;
നിലയില്ലാത്ത പാതാളം!
(എഡ്വേഡ് മങ്കിന്റെ 'The Scream' എന്ന
വിഖ്യാത പെയിന്റിങ് ഓർമിക്കുന്നു.)

**കടൽ ആദ്യം കാണുമ്പോൾ**

ആദ്യമായി
കാണുമ്പോൾ
കടൽ
എനിക്ക്
ഇളകുന്ന ഒരു ചുമരായിരുന്നു.

പിന്നെയത്
പതുക്കെ
ചാഞ്ഞുകിടന്ന്
തിരയടിച്ചു.

**ധർണ്ണ**

മഴയുടെ
ബാരിക്കേഡിനപ്പുറം
മരിച്ചവരുടെ
ധർണ്ണ


**മുരിക്ക് പൂക്കുന്നു**

ഉറക്കൊഴിഞ്ഞ
രാവിന്നു ചോട്ടിൽ
മുരിക്കു പൂത്ത
ദിനത്തിൽ
നിശ്ശബ്ദത



ഇരുൾസന്ദർശനങ്ങൾ 13

പി. കെ. രാജശേഖരൻ




# അച്ചുകളുടെയും പുസ്തകത്തിന്റെയും നിഗൂഢലോകത്തിൽ

**അച്ചടിച്ച പുസ്തകവും ഡിജിറ്റൽ സാങ്കേതികവിദ്യയും തമ്മിലുള്ള അഭിമുഖീകരണത്തെ ഒരു നിഗൂഢകഥയുടെ താളിൽ പൊതിയുന്ന 'മിസ്റ്റർ പെനംബ്ര'യെ വേണമെങ്കിൽ 'ബിബ്ലിയോ മിസ്റ്ററി' എന്നു വിളിക്കാം. വിചിത്രമായ ഒരു പുസ്തകശാലയും പുസ്തകത്തെ ചുറ്റിപ്പറ്റിയുള്ള ഒരു നിഗൂഢ പാരായണസംഘവും അവർ കുരുക്കഴിക്കാൻ ശ്രമിക്കുന്ന പ്രഹേളികയും പുതിയ സാങ്കേതികവിദ്യയിലൂടെ അതിനു സഹായിക്കുന്ന ഗൂഗിൾതലമുറയുമെല്ലാം ചേർന്ന്'മിസ്റ്റർ പെനംബ്ര'യുടെ വായന കൗതുകകരമാക്കുന്നു.**

"**പെനംബ്ര** വിരലുയർത്തി: ആൽഡസ് മനൂറ്റിയസ് എന്ന പേരു കേട്ടിട്ടുണ്ടോ?" "ആദ്യത്തെ പ്രസാധകരിലൊരാളാണ് മനൂറ്റിയസ്," ഞാൻ പറഞ്ഞു, "ഗുട്ടെൻബെർഗിനുശേഷം, അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ഇപ്പോഴും പ്രസിദ്ധമാണ്. മനോഹരമാണവ." ഞാൻ സ്ലൈഡുകൾ കണ്ടിട്ടുണ്ട്. "അതേ," പെനംബ്ര തലകുലുക്കി. "പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനകാലമായിരുന്നു അത്. പകർത്തെഴുത്തുകാരെയും പണ്ഡിതരെയും വെനീസിലെ തന്റെ അച്ചടിശാലയിലേക്കു മനൂറ്റിയസ് വരുത്തി. അവിടെ അദ്ദേഹം ക്ലാസ്സിക്കുകളുടെ ഒന്നാം പതിപ്പുകൾ പ്രസിദ്ധപ്പെടുത്തി. സോഫോക്ലീസ്, അരിസ്റ്റോട്ടിൽ, പ്ലേറ്റോ, വിർജിലും ഹോറസും ഒവിഡും."

"പക്ഷേ, ഇതാണതിന്റെ സത്ത," അയാൾ പറഞ്ഞു. "ആൽഡസ് മനൂറ്റിയസ് ഒരു പ്രസാധകനപ്പുറമായിരുന്നു. തത്ത്വചിന്തകനും ഗുരുവുമായിരുന്നു അദ്ദേഹം. ഞങ്ങളിലെ ആദ്യത്തെയാൾ. അൺബ്രോക്കൺ സ്പൈനിന്റെ സ്ഥാപകനായിരുന്നു അദ്ദേഹം."

–റോബിൻ സ്ലോവാൻ

'മിസ്റ്റർ പെനംബ്രയുടെ 24 മണിക്കൂർ പുസ്തകശാല'

ജംഗമാച്ചുകൾ കണ്ടുപിടിച്ച് അച്ചടിവിപ്ലവത്തിനും പുസ്തകവിപ്ലവത്തിനും തുടക്കംകുറിച്ച യൊഹാൻ ഗുട്ടെൻബെർഗിനുശേഷം പുസ്തകപ്രസാധനത്തിൽ അമൂല്യസംഭാവന നൽകിയ യൂറോപ്യനായിരുന്നു ആൽഡസ് മനൂറ്റിയസ് (Aldus Manutius, 1449/1452-1515) എന്ന ഇറ്റലിക്കാരൻ. ആൽഡൈൻ പ്രസ് എന്ന അച്ചടിശാല സ്ഥാപിച്ച മനൂറ്റിയസ് പ്രാചീന ഗ്രീക്കിലെ ക്ലാസിക് പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തി. ഗ്രീക്ക് ലിപിയുടെ മാനകീകൃതമായ അച്ചുകൾ (typefaces) നിർമ്മിക്കാനുള്ള വിഷമംമൂലം അക്കാലത്ത് പ്രസാധകർ ഗ്രീക്ക് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ താത്പര്യം കാണിച്ചിരുന്നില്ല. അക്കാലത്തെ കൈപ്പടയനുസരിച്ച് ഗ്രീക്ക്, ലാറ്റിൻ അച്ചുകൾ കൊത്തിയുണ്ടാക്കാൻ സംവിധാനമുണ്ടാക്കിയ മനൂറ്റിയസ് ആ ഭാഷകളിൽത്തന്നെ മഹാഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി. വിവർത്തനത്തിലൂടെ അവയുടെ സാരാംശം ചോർന്നുപോകാതിരിക്കാനാണ് മൗലികഭാഷകളിൽത്തന്നെ മനൂറ്റിയസ് പ്രസാധനം നടത്തിയത്. ആധുനികകാലത്തെ പേപ്പർബാക്കിന്റെ പൂർവ്വരൂപമായ 'എൻകിറീഡിയ' (enchiridia) എന്ന ചെറുപുസ്തകങ്ങൾ അവതരിപ്പിച്ചതും മനൂറ്റിയസായിരുന്നു. കൃത്യതയ്ക്കും സൂക്ഷ്മതയ്ക്കും പേരുകേട്ട ആ പ്രസാധനശൈലി മറ്റു പ്രസാധകർ വ്യാപകമായി അനുകരിച്ചു. നൂറ്റാണ്ടുകൾക്കുശേഷം പഴ്സണൽ കമ്പ്യൂട്ടർ അധിഷ്ഠിത ഡെസ്ക്ടോപ്പ് പബ്ലിഷിങ് (ഡി.ടി.പി.) വിപ്ലവത്തിനു വഴിതെളിച്ച പേജ് ലേഔട്ട് സോഫ്റ്റ്‌വേറായ 'പേജ്മേക്കർ' അവതരിപ്പിച്ച അമേരിക്കൻ കമ്പനിയുടെ പേര് ആൽഡസ് കോർപ്പറേഷൻ എന്നാണെന്നുകൂടി ഓർക്കുക. മനൂറ്റിയസിനുള്ള ശ്രദ്ധാഞ്ജലിയായാണ് സ്ഥാപകർ കമ്പനിക്ക് ആൽഡസ് എന്നു പേരിട്ടത്. 'അഡോബി' കമ്പനിയുടെ 'പോസ്റ്റ് സ്ക്രിപ്റ്റ്' എന്ന പേജ് വിവരണഭാഷയെ ആശ്രയിച്ച് 1985–ൽ രംഗത്തുവന്ന 'പേജ്മേക്കറി'ന്റെ വിപ്ലവത്തിന്റെ സന്തതികളാണ് ഇന്നത്തെ വായനക്കാരും എഴുത്തുകാരുമെന്നു പറയാം.

മനൂറ്റിയസിന്റെ അച്ചടിവിപ്ലവത്തിന്റെ മുഖ്യസഹായി ഫ്രാൻസെസ്കോ ഗ്രിഫോ (Francesco Griffo) എന്ന അച്ചുകൊത്തിയായിരുന്നു. അദ്ദേഹം കൊത്തിയെടുത്ത 'അച്ചുകൾ' ആണ് മനൂറ്റിയസ് ഉപയോഗിച്ചത്. ആദ്യത്തെ 'ചരിവച്ചുകൾ' (italic types) രൂപകല്പനചെയ്തതും ഗ്രിഫോയാണ് (അച്ച്/typeface, അച്ചുവടിവ്/font എന്നീ സംജ്ഞകൾ പര്യായപദങ്ങളെന്നപോലെയാണ് ഇപ്പോൾ മിക്കവരും പ്രയോഗിക്കുന്നത്. യഥാർത്ഥത്തിൽ അക്ഷരം, അക്കം, ചിഹ്നം എന്നിവയുടെ ഒരു കുടുംബത്തിൽപ്പെട്ട ഫോണ്ടുകളാണ് അച്ച് അഥവാ ടൈപ്പ് ഫെയ്സ്. ഉദാഹരണം ടൈംസ് ന്യൂറോമൻ. അതൊരു അച്ചാണ്. കനം, വീതി, ശൈലി തുടങ്ങിയവയനുസരിച്ച് അച്ചുകൾക്കുള്ള രൂപഭേദമാണ് ഫോണ്ട്. ടൈംസ് ന്യൂറോമൻ ബോൾഡ്, തിൻ, ഇറ്റാലിക് എന്നിവ ഫോണ്ടുകൾ എന്നർത്ഥം. ഡിജിറ്റൽ ടൈപ്പുകൾ വന്നതോടെ കമ്പ്യൂട്ടറുകളിലെ ഓപ്പറേറ്റിങ് സിസ്റ്റങ്ങൾ ടൈപ്പ്ഫെയ്സിനുപകരം ഫോണ്ട് എന്ന് ഉപയോഗിച്ചുതുടങ്ങിയതോടെയാണ് രണ്ടു പദങ്ങളും ഇന്നു പര്യായങ്ങൾപോലെയായത്).

മനൂറ്റിയസിനെയും ഗ്രിഫോയെയും ടൈപ്പ് ഫെയ്സിനെയും ഫോണ്ടിനെയുംകുറിച്ച് വിശദീകരിച്ചു പറഞ്ഞത് റോബിൻ സ്ലോവാന്റെ 'മിസ്റ്റർ പെനംബ്രാസ് 24 അവർ ബുക്ക്സ്റ്റോർ' (Robin sloan Mr. Penumbra's 24, Hour Bookstore) എന്ന നോവലിലേക്കുള്ള പ്രവേശനകവാടങ്ങളെന്ന നിലയിലാണ്. അച്ചടിച്ച പുസ്തകവും ഡിജിറ്റൽ സാങ്കേതികവിദ്യയും തമ്മിലുള്ള അഭിമുഖീകരണത്തെ ഒരു നിഗൂഢകഥയുടെ താളിൽ പൊതിയുന്ന 'മിസ്റ്റർ പെനംബ്ര'യെ വേണമെങ്കിൽ 'ബിബ്ലിയോ മിസ്റ്ററി' എന്നു വിളിക്കാം. വിചിത്രമായ ഒരു പുസ്തകശാലയും പുസ്തകത്തെ ചുറ്റിപ്പറ്റിയുള്ള ഒരു നിഗൂഢ പാരായണസംഘവും അവർ കുരുക്കഴിക്കാൻ ശ്രമിക്കുന്ന പ്രഹേളികയും പുതിയ സാങ്കേതികവിദ്യയിലൂടെ അതിനു സഹായിക്കുന്ന ഗൂഗിൾതലമുറയുമെല്ലാം ചേർന്ന് 'മിസ്റ്റർ പെനംബ്ര'യുടെ വായന കൗതുകകരമാക്കുന്നു.

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അമേരിക്കയിലുണ്ടായ സാമ്പത്തികമാന്ദ്യത്തിൽ ജോലി നഷ്ടപ്പെട്ട വെബ് ഡിസൈനറായ ജാനൺ ക്ലേ എന്ന സാൻഫ്രാൻസിസ്കോക്കാരൻ യുവാവാണ് പെനംബ്രയുടെ പുസ്തകശാലയുടെ കഥ പറയുന്നത്. ക്ലേയുടെ സുഹൃത്തുക്കളായ ഡിസൈനർമാർ ലോകപ്രസിദ്ധമായ വെബ്സൈറ്റുകളും ടച്ച്സ്ക്രീൻ ഇന്റർഫെയ്സുകളുമൊക്കെ രൂപകല്പന ചെയ്ത് രക്ഷപ്പെട്ടു. നീൽഷാ എന്ന

# ഇരുൾസന്ദർശനങ്ങൾ 13

> ആ പുസ്തകം ഒരു നിധിയാണെന്നും അത് കൊർവീന കൊടുത്തയച്ചതാണെന്നും പെനംബ്ര വെളിപ്പെടുത്തി. ലൈബ്രറിപോലെ പ്രവർത്തിക്കുന്ന ഇതുപോലുള്ള ഒട്ടേറെ പുസ്തകക്കടകൾ ലോകത്തിന്റെ പലഭാഗങ്ങളിൽ ഉണ്ടെന്നും അവയുടെ രക്ഷാധികാരിയാണ് കൊർവീനയെന്നും പെനംബ്രയിൽനിന്നു ക്ലേ മനസ്സിലാക്കി. പക്ഷേ, ആ നിഗൂഢത അവനു തെളിഞ്ഞുകിട്ടിയില്ല.

കൂട്ടുകാരൻ സ്വന്തം സോഫ്റ്റ്‌വേർ കമ്പനിതന്നെ സിലിക്കൺവാലിയിൽ സ്ഥാപിച്ചു. ആർട്ട് സ്കൂളിൽവച്ച് 'സ്വിസ് ടൈപ്പോഗ്രഫി (1957–1983)' എന്ന പഠനപ്രബന്ധം എഴുതിയ ആളാണെങ്കിലും കടലാസ് കൈകൊണ്ടു തൊടാതെ ലാപ്ടോപ്പിൽമാത്രം വായിക്കുന്നതായിരുന്നു ക്ലേയുടെ പരിപാടി. പക്ഷേ, തൊഴിൽ നഷ്ടപ്പെട്ടതോടെ കടലാസാണ് ക്ലേയെ രക്ഷിച്ചത്. ഇന്റർനെറ്റിലെ തൊഴിലവസരങ്ങൾ പ്രിന്റൗട്ട് എടുത്ത് അന്വേഷണം തുടർന്ന ക്ലേ ഒടുവിൽ തെരുവിൽനിന്ന് ജോലി കണ്ടെത്തി. 'മിസ്റ്റർ പെനംബ്രാസ് 24/അവർ ബുക് സ്റ്റോറിന്റെ ജനാലയിൽ എഴുതിത്തൂക്കിയിരുന്ന 'ഹെൽപ്പ് വാണ്ടഡ്' പരസ്യം കണ്ട് ഉള്ളിൽ കയറിയ ക്ലേയ്ക്ക് ആ പുസ്തകശാലയിൽ രാത്രി ഷിഫ്റ്റിൽ വില്പനക്കാരന്റെ ജോലി കിട്ടി. ഏണിപോലെ നീണ്ടുമെലിഞ്ഞ വൃദ്ധനായിരുന്നു പുസ്തകക്കടയുടെ ഉടമയായ അയാക്സ് പെനംബ്ര. ഇഷ്ടപ്പെട്ട ഒരു പുസ്തകത്തെപ്പറ്റി പറയാമോ എന്നുമാത്രമാണ് ജോലി നൽകുന്നതിനുവേണ്ടി ക്ലേയോട് പെനംബ്ര ചോദിച്ചത്. കുട്ടിക്കാലത്ത് നീൽഷായ്ക്കൊപ്പം താൻ വായിച്ചുരസിച്ച ക്ലാർക്ക് മൊഫത്തിന്റെ 'ദ ഡ്രാക്കൺ–സോങ് ക്രോണിക്കിൾ' എന്ന ഫാന്റസി നോവൽ പരമ്പരയാണ് ഇഷ്ടപുസ്തകമെന്ന് ക്ലേ മറുപടി നൽകുകയും ചെയ്തു.

രാപകൽ തുറന്നിരിക്കുമെങ്കിലും വലിയ തിരക്കൊന്നുമില്ല പെനംബ്രയുടെ പുസ്തകശാലയിൽ. കേടുപാടില്ലാത്ത സെക്കൻഡ് ഹാൻഡ് പുസ്തകങ്ങളാണ് അവിടെ വിൽക്കുന്നത്. ഇടുങ്ങിയ ആ കടയിൽ മൂന്നു നിലകളായി പുസ്തകങ്ങൾ അടുക്കിയിരിക്കുന്നതിനാൽ ഏണിവച്ചു കയറിവേണം മുകൾത്തട്ടിലുള്ളവ എടുക്കാൻ. സ്വർണലിപിയിൽ ഗ്രന്ഥകാരനാമം മാത്രമെഴുതിയ ബയൻഡിട്ട പുസ്തകങ്ങളാണു മുകൾത്തട്ടിലുള്ളത്. രണ്ടുതരം ആളുകളാണ് അവിടം സന്ദർശിക്കുന്നത്, പുസ്തകം വാങ്ങുന്നവരും കൊണ്ടുപോയി വായിച്ചു തിരിച്ചുകൊണ്ടുവരുന്നവരും. വൃദ്ധരും പണ്ഡിതലക്ഷണമുള്ളവരുമായ ചിലരാണ് ലൈബ്രറിയിലെന്നവണ്ണം മുകൾത്തട്ടിലെ ചട്ടയിട്ട പുസ്തകങ്ങൾ കൊണ്ടുപോകുന്നത്. ഒരു വായനക്കാരുടെ ക്ലബ്ബുപോലെയാണ് പുസ്തകക്കട പ്രവർത്തിക്കുന്നതെന്ന് ക്ലേ മനസ്സിലാക്കി. അത്തരക്കാരിൽ ചിലരായ ടിൻഡാൽ, ഫെഡറോവ്, മിസ് ലാവിൻ തുടങ്ങിയവരുമായി ക്ലേ പരിചയത്തിലാവുകയും ചെയ്തു. പുസ്തകക്കടയിൽ എത്തുന്നവരുടെ വേഷവിതാനം, പെരുമാറ്റരീതി തുടങ്ങിയവ ലോഗ്ബുക്കിൽ എഴുതുകയും ചട്ടയിട്ട പുസ്തകങ്ങൾ എടുക്കുന്നവർക്ക് അത് ബ്രൗൺപേപ്പറിൽ പൊതിഞ്ഞുകൊടുക്കലുമാണ് ക്ലേയുടെ പ്രധാന ജോലി. പുരാതനമായൊരു കമ്പ്യൂട്ടറിലെ ഡേറ്റാബേസിൽനിന്നാണ് ആ പുസ്തകങ്ങൾ ഇരിക്കുന്ന സ്ഥാനം കണ്ടെത്തേണ്ടത്.


സിനിമാസ്പെഷ്യൽ ഇഫക്റ്റുകളുണ്ടാക്കുന്ന ജോലി ചെയ്യുന്ന മാത്യു മിറ്റെൽ ബ്രാൻഡിനൊപ്പമാണ് ക്ലേ താമസിക്കുന്നത്. ചട്ടയിട്ട പുസ്തകങ്ങൾ വായിക്കാൻ പാടില്ല എന്നാണു നിയമമെങ്കിലും ക്ലേ ഒരെണ്ണം പരിശോധിച്ചു. പ്രത്യേകിച്ച് അർത്ഥമൊന്നുമില്ലാത്ത അക്ഷരക്കൂട്ടങ്ങളായിരുന്നു ആ പുസ്തകങ്ങളിലെല്ലാം. ഒരുതരം അക്ഷരപ്രഹേളികകളാണ് അവയെന്ന് ക്ലേയ്ക്കു തോന്നി. പുസ്തകക്കട സന്ദർശിച്ച സുഹൃത്തുക്കളായ നീൽഷായോടും മാത്യുവിനോടും ക്ലേ ആ വിവരം പങ്കുവച്ചു. പുസ്തകങ്ങൾ സ്കാൻ ചെയ്ത് ഇന്റർനെറ്റിൽ ഒരു പൈറേറ്റ് ലൈബ്രറി സ്ഥാപിച്ചിട്ടുള്ള അജ്ഞാതനായ ഗ്രംബിളിന്റെ ഒരു സൗജന്യപ്രോഗ്രാം ഉപയോഗിച്ച് പുസ്തകക്കടയുടെ ത്രീഡി മോഡൽ സൃഷ്ടിക്കാൻ ക്ലേ ശ്രമിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം അപരിചിതനായ ഒരാൾ ബ്രൗൺകടലാസിൽ പൊതിഞ്ഞ ഒരു പുസ്തകം ക്ലേയെ ഏല്പിച്ചു. പെനംബ്ര അനുസരണക്കേടു കാണിക്കുന്നതിനാൽ വലിയ കുഴപ്പത്തിലാണെന്ന് മുന്നറിയിപ്പു നൽകിയ അപരിചിതൻ ക്ലേയുടെ ത്രീഡി മോഡൽ കമ്പ്യൂട്ടറിൽ ഇളകിക്കളിക്കുന്നതും ശ്രദ്ധിച്ചു. പിറ്റേന്നു രാവിലെ കടയിലെത്തിയ പെനംബ്ര തലേന്ന് അപരിചിതന്റെ പുസ്തകം കിട്ടിയ വിവരമറിഞ്ഞ് ആഹ്ലാദവാനായി. 'ഫെസ്റ്റിനാ ലെന്റേ' ശേഖരത്തിൽ ഒരു പുസ്തകംകൂടിയായി എന്നായിരുന്നു പെനംബ്രയുടെ പ്രഖ്യാപനം.

ആ പുസ്തകം ഒരു നിധിയാണെന്നും അത് കൊർവീന കൊടുത്തയച്ചതാണെന്നും പെനംബ്ര വെളിപ്പെടുത്തി. ലൈബ്രറിപോലെ പ്രവർത്തിക്കുന്ന ഇതുപോലുള്ള ഒട്ടേറെ പുസ്തകക്കടകൾ ലോകത്തിന്റെ പലഭാഗങ്ങളിൽ ഉണ്ടെന്നും അവയുടെ രക്ഷാധികാരിയാണ് കൊർവീനയെന്നും പെനംബ്രയിൽനിന്നു ക്ലേ മനസ്സിലാക്കി. പക്ഷേ, ആ നിഗൂഢത അവനു തെളിഞ്ഞുകിട്ടിയില്ല. പുസ്തകങ്ങളുടെ സ്ഥാനവും അവ എടുത്തയാളിന്റെ വിവരവുമെല്ലാം വിവിധ വർണങ്ങളിൽ വെളിപ്പെടുത്തുന്ന തന്റെ ത്രിമാന മാതൃകയുടെ നിർമ്മാണത്തിൽ ക്ലേ മുഴുകി. ആയിടയ്ക്ക് ഒരു ദിവസം പുസ്തകം വാങ്ങാനെത്തിയ ഒരു യുവതിയുമായി ക്ലേ പരിചയപ്പെട്ടു. ഗൂഗിളിൽ ഡേറ്റാ വിഷ്വലൈസേഷൻ വിഭാഗത്തിൽ ജോലി ചെയ്യുന്ന കാറ്റ് പൊട്ടെൻറ്റേയായിരുന്നു അത്. ക്ലേയുടെ ത്രീഡി മോഡലിലുണ്ടായിരുന്ന ബഗ് അവൾ എളുപ്പം കണ്ടെത്തി പ്രശ്നം പരിഹരിച്ചു. ആ പുസ്തകക്കടയിലെ അതിവിചിത്രമായ ഡേറ്റാശേഖരം അവളെ ആകർഷിച്ചു. വൈകാതെ ക്ലേയും കാറ്റും വളരെ അടുത്ത സുഹൃത്തുക്കളായി മാറി. ലോഗ്ബുക്കുകളിലെ ഡേറ്റ അപഗ്രഥിച്ചാ

ൽ പുസ്തക്കടയുടെ സമ്പൂർണ്ണമാതൃകയുണ്ടാക്കാമെന്നും അതിനുവേണ്ടി ഒരു ലോഗ്ബുക്ക് ഗൂഗിളിൽ എത്തിച്ച് സ്കാൻ ചെയ്യണമെന്നും കാറ്റ് ആവശ്യപ്പെട്ടു. മാത്യുവിനെക്കൊണ്ട് ഒരു മാതൃകയുണ്ടാക്കി അലമാരയിൽവച്ചശേഷം ലോഗ്ബുക്ക് ക്ലേ കടത്തിക്കൊണ്ടുപോയി ഗൂഗിളിൽ എത്തിച്ചു. സ്കാനിങ് കഴിഞ്ഞ് ബുക്സ്റ്റോറിൽ അത് യഥാസ്ഥാനത്തുവയ്ക്കുകയും ചെയ്തു.

കൈപ്പടയിൽ എഴുതിയ പുസ്തകം സ്കാൻ ചെയ്ത് അച്ചടിയക്ഷരങ്ങളാക്കി മാറ്റുന്ന സാങ്കേതികവിദ്യയിലൂടെ ഗൂഗിൾ നൽകിയ ലോഗ്ബുക്ക് ഡേറ്റ തന്റെ ത്രീഡി മോഡലിലേക്കു സന്നിവേശിപ്പിച്ച് ജാനൺ ക്ലേ ബുക്സ്റ്റോറിന്റെ വിഷ്വലൈസേഷൻ പൂർത്തിയാക്കി. അലമാരകൾ, പുസ്തകങ്ങളുടെ സ്ഥാനം, അവ എടുത്ത ആളുകൾ തുടങ്ങിയവയെല്ലാം അനായാസം മനസ്സിലാക്കാവുന്ന ആ ത്രിമാനമാതൃക കറങ്ങിത്തിരിഞ്ഞ് ഒരു മനുഷ്യമുഖമായിത്തീരുന്നത് ക്ലേ കണ്ടു. ആ സമയത്ത് പെനംബ്ര ബുക്സ്റ്റോറിലെത്തി. താൻ ലോഗ്ബുക്ക് കടത്തിക്കൊണ്ടുപോയ വിവരം ക്ലേ വിവരിച്ചു. കമ്പ്യൂട്ടറുകളോടും കിൻഡിൽ ഉൾപ്പെടെയുള്ള വായനായന്ത്രങ്ങളോടും പ്രിയമുള്ള 'ഫൗണ്ടേഴ്സ് പബിൽ' പൂരിപ്പിച്ചതിന് അവനെ അഭിനന്ദിച്ചു. ക്ലേയ്ക്ക് കാര്യം പിടികിട്ടിയില്ല. 'വേബാക്ക് ലിസ്റ്റി'ലെ തുകൽച്ചട്ടയിട്ട പുസ്തകങ്ങളിൽ തന്നെ കണ്ടെത്താനായി വർഷങ്ങളായി ഒളിഞ്ഞുകഴിയുന്ന 'സ്ഥാപകൻ' വെറുമൊരു തുടക്കക്കാരനു സ്വയം വെളിപ്പെടുത്തിയത് ക്ലേയ്ക്കു മനസ്സിലായാലുമില്ലെങ്കിലും സുപ്രധാന സംഭവമാണെന്നുമാത്രമേ പെനംബ്ര പറഞ്ഞുള്ളൂ.

പിറ്റേന്നു രാത്രി ജോലിക്കെത്തിയ ക്ലേ കണ്ടത് ബുക്സ്റ്റോർ പൂട്ടിക്കിടക്കുന്നതാണ്. പെനംബ്രയെപ്പറ്റി ഒരു വിവരവുമില്ലായിരുന്നു. പെനംബ്രയുടെ മേൽവിലാസമറിയാത്തതിനാൽ ബുക്സ്റ്റാളിലെത്തി മടങ്ങിയ മിസ് ലാപിനെ പിന്തുടർന്ന് അവരുടെ വീട്ടിലെത്തി. തന്റെ ത്രീഡി മോഡൽ ക്ലേ അവരെ കാണിച്ചു. 'അദ്ദേഹത്തെ കണ്ടെത്തി'യതിൽ അത്ഭുതം പ്രകടിപ്പിച്ച ലാപിൻ ബുക്സ്റ്റോറിലെ അലമാരകളുടെയും പുസ്തകങ്ങളുടെ സ്ഥാനം രേഖപ്പെടുത്തുന്ന വരകൾ വരച്ചും മായ്ച്ചും നിറച്ച ഭൂപടംപോലുള്ള ഒരു വലിയ കടലാസ് ക്ലേയെ കാണിച്ചു. അപൂർണ്ണമായിരുന്നു അത്. ബുക്സ്റ്റോറുമായി ബന്ധപ്പെട്ട വിചിത്ര യാഥാർത്ഥ്യം മിസ് ലാപിൻ വെളിപ്പെടുത്തി. അഞ്ചു നൂറ്റാണ്ടു പഴക്കമുള്ള 'അൺബ്രോക്കൺ സ്പൈൻ' എന്ന പുസ്തകസംഘത്തെയും അതിലെ വായനക്കാരായ അംഗങ്ങളുടെ നൊവീസ്, അൺബൗണ്ഡ്, ബൗണ്ഡ് എന്നീ മൂന്ന് ഓർഡറുകളെയുംപറ്റി അവർ വിശദീകരിച്ചു. 'കോഡെക്സ് വിറ്റെ' എന്നറിയപ്പെടുന്ന തുകൽച്ചട്ടയിട്ട പുസ്തകങ്ങളിലെ കോഡുകൾ അഴിച്ചെടുത്ത് 'ഫൗണ്ടേഴ്സ് പസിളി'ന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നവരാണ് നൊവീസുകൾ. ഇത്രകാലം ലാപിൻ ഉൾപ്പെടെയുള്ള പലരും ശ്രമിച്ചിട്ടും നടക്കാത്ത കാര്യമാണ് ക്ലേ സാധിച്ചത്. ആ പുസ്തകക്കടതന്നെയാണ് 'സ്ഥാപക പ്രഹേളിക.' തുടക്കത്തിൽ ലഭിക്കുന്ന കീ ഉപയോഗിച്ച് ഒരു പുസ്തകം ഡീകോഡ് ചെയ്താൽ അടുത്ത പുസ്തകത്തിലേക്കുള്ള കീ ലഭിക്കും. അങ്ങനെ ബുക്ക്സ്റ്റോറിലെ പുസ്തകങ്ങളുടെ യഥാർഥ ക്രമം കണ്ടെത്തിയാൽ 'ഫൗണ്ടറു'ടെ രൂപത്തിന്റെ മാതൃക കണ്ടെത്താം. ആ പ്രഹേളികയാണ് ഡേറ്റാ വിഷ്വലൈസേഷനിലൂടെ ക്ലേ കണ്ടെത്തിയത്. ഈ സമയത്ത് മോറിസ് ടിൻഡാലും അവിടെയെത്തി. പെനംബ്രയെ 'ലൈബ്രറി'യിലേക്കു



*റോബിൻ സ്ലോവാൻ*

വിളിപ്പിച്ചിരിക്കുന്നുവെന്നും കൊർവീന കോപിഷ്ഠനായിരിക്കുന്നതിനാൽ ഇനി പെനംബ്ര മടങ്ങിവരവുണ്ടാവില്ലെന്നും അയാളുടെ പുസ്തകം 'തീയെരിക്ക'പ്പെടുമെന്നും ടിൻഡാൽ പറഞ്ഞു. ബുക്ക്സ്റ്റോറിലെ സഹപ്രവർത്തകനായ ഒലിവർ ഗ്രോണിന്റെ സഹായത്തോടെ രഹസ്യമായി അതിനുള്ളിൽ കടന്ന ക്ലേ ന്യൂയോർക്കിലേക്കാണ് പെനംബ്ര പോയതെന്നു മനസ്സിലാക്കി.

നീൽഷാ, കാറ്റ് പൊട്ടെന്റേ എന്നിവരെ ഒപ്പം കൂട്ടി ന്യൂയോർക്കിലെത്തിയ ജാനൺ ക്ലേ സാങ്കേതികവിദ്യയുടെ സഹായത്തോടെ 'അൺബ്രോക്കൺ സ്പൈൻ' എന്ന രഹസ്യസംഘടനയുടെ ആസ്ഥാനം കണ്ടെത്തി, അവിടേക്കു വരുന്ന പെനംബ്രയെയും. തന്നെ ശിക്ഷിക്കാൻ വിളിച്ചതല്ലെന്നും താൻ സ്വന്തം കേസ് അവതരിപ്പിക്കാൻ എത്തിയതാണെന്നും പെനംബ്ര പറഞ്ഞു. 'അൺബ്രോക്കൺ സ്പൈൻ' നൂറ്റാണ്ടുകളായി നടത്തുന്ന അന്വേഷണങ്ങൾക്ക് കമ്പ്യൂട്ടറുടെ സഹായം തേടുക എന്ന വാദം അവതരിപ്പിക്കാനാണ് പെനംബ്ര എത്തിയത്. അന്നു വൈകുന്നേരം ഡോൾഫിൻ & ആങ്കർ എന്ന റെസ്റ്റൊ





*ആൽഡസ് മനൂറ്റിയസിന്റെ ചിത്രം, പുസ്തകത്തിന്റെ ഒരു പുറം*

റന്റിൽവച്ച് ക്ലേയ്ക്കും സംഘത്തിനും 'അൺബ്രോക്കൺ സ്പൈൻ' എന്ന രഹസ്യ ലൈബ്രറിയെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ പെനംബ്ര പറഞ്ഞുകൊടുത്തു. അഞ്ചു നൂറ്റാണ്ടുമുമ്പ് ആൽഡസ് മനൂറ്റിയസ് സ്ഥാപിച്ച സംഘടനയാണത്. മനൂറ്റിയസ് തന്റെ സുഹൃത്തും സഹായിയുമായ ഗ്രിഫോ ഗെറിറ്റ്സൂൺ രൂപകല്പന ചെയ്ത 'ഗെറിറ്റ്സൂൺ' എന്ന ടൈപ്പ് ഫെയ്സ് ഉപയോഗിച്ചാണ്. ഇന്നും വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ആ അച്ചിന്റെ വില്പനയാണ് 'അൺബ്രോക്കൺ സ്പൈനി'ന്റെ വരുമാന മാർഗം. ഫെസ്റ്റിന ലെന്റേ കമ്പനി എന്ന അച്ചകം വഴിയാണ് വില്പന നടത്തുന്നത്. ആ കമ്പനിയുടെയും സംഘടനയുടെയും മേലധികാരിയായ 'ഫസ്റ്റ് റീഡർ' ആണ് കൊർവീന. നിഗൂഢസത്യങ്ങൾ അടങ്ങിയതാണ് പ്രാചീനരുടെ ഗ്രന്ഥങ്ങളെന്ന് മനൂറ്റിയസ് വിശ്വസിച്ചിരുന്നു. അമരത്വം നേടുന്നതിനുള്ള വഴിയേതെന്ന മനുഷ്യന്റെ ഏറ്റവും വലിയ ചോദ്യത്തിനുള്ള ഉത്തരവും അവരിലുണ്ട്. മനൂറ്റിയസ് മരിച്ചപ്പോൾ സുഹൃത്തുക്കളും ശിഷ്യരും അദ്ദേഹത്തിന്റെ ശവകുടീരം പുസ്തകങ്ങൾകൊണ്ടു നിറച്ചു. മനൂറ്റിയസിന്റെ മൃതദേഹം അപ്രത്യക്ഷമായതുകൊണ്ടാണത്രേ അങ്ങനെ ചെയ്തത്. കോഡ് ഭാഷയിൽ, അക്ഷരങ്ങൾ കൂട്ടിക്കുഴച്ച പ്രഹേളികയായി 'കോഡെക്സ് വിറ്റെ' അഥവാ 'ജീവന്റെ പുസ്തകം' എന്നൊരു പുസ്തകം മനൂറ്റിയസ് തയ്യാറാക്കിയിരുന്നു. ആ കോഡുകൾ അഴിച്ചെടുക്കാനുള്ള കീ മനൂറ്റിയസ് ഏല്പിച്ചത് അച്ചുകൊത്തിയായ ഗ്രിഫോ ഗെറിറ്റ്സൂണിനെയാണ്. അഞ്ചു നൂറ്റാണ്ടായി 'അൺബ്രോക്കൺ സ്പൈനി'ലെ മനൂറ്റിയസ് അനുചരർ ആ നിഗൂഢപുസ്തകം അഴിച്ചെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. നിത്യജീവന്റെ രഹസ്യം ഉൾപ്പെടെയുള്ള കാര്യങ്ങൾ അതിലുണ്ടെന്നാണ് അവരുടെ വിശ്വാസം. ആധുനികകാലത്ത് കമ്പ്യൂട്ടർ സഹായത്തോടെ 'കോഡെക്സ് വിറ്റെ'യുടെ 'കോഡ് ബ്രേക്കിങ്' നടത്തണമെന്നാണ് സംഘത്തിലെ പ്രധാനികളിലൊരാളായ പെനംബ്രയുടെ വാദം. കൊർവീനയാകട്ടെ അതിനെ എതിർക്കുന്നു. നൂറ്റാണ്ടുകളായി കോഡ് ബ്രേക്കിങ്ങിനു

ശ്രമിച്ചവരുടെ പുസ്തകങ്ങൾ ന്യൂയോർക്കിലെ രഹസ്യ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു.

ക്ലേയെയും സുഹൃത്തുക്കളെയും പെനംബ്ര രഹസ്യ ലൈബ്രറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. കമ്പ്യൂട്ടർ സഹായത്തോടെ 'കോഡെക്സ് വിറ്റെ'യുടെ കുരുക്കഴിക്കാമെന്ന പെനംബ്രയുടെ വാദം കൊർവീന തള്ളിക്കളഞ്ഞു. ലൈബ്രറിയിലെ റീഡിങ് റൂമിൽ ചങ്ങലയിൽ ബന്ധിച്ചു ഭദ്രമാക്കിയാണ് മനൂറ്റിയസിന്റെ 'കോഡെക്സ് വിറ്റെ' സൂക്ഷിച്ചിട്ടുള്ളത്. പെനംബ്രയുടെ ബുക്ക്സ്റ്റോറിൽ ക്ലേയെപ്പോലെ ഒരുകാലത്ത് ക്ലാർക്കായിരുന്ന എഡ്ഗർ ഡെക്കിൾ ഇപ്പോൾ ലൈബ്രേറിയനും 'അൺബ്രോക്കണി'ലെ രണ്ടാമനുമാണ്. അയാളുടെ സഹായത്തോടെ രാത്രിയിൽ ലൈബ്രറിയിൽ കടന്നുകയറിയ ക്ലേ 'കോഡെക്സ് വിറ്റെ' മുഴുവൻ സ്കാൻ ചെയ്തെടുത്തു. ഗ്രംബിൾ രൂപകല്പന ചെയ്ത ഒരു പോർട്ടബിൾ സ്കാനറിന്റെ സഹായത്തോടെയായിരുന്നു അത്. തന്റെ ഇഷ്ടപുസ്തകമായ 'ഡ്രാഗൺ-സോങ് ക്രോണിക്കിൾസ്' എഴുതിയ ക്ലാർക്ക് മൊഫാത്തിന്റെ 'കോഡെക്സ്' അവിടെ 'തീയെരിക്ക'പ്പെട്ടു സൂക്ഷിച്ചിരിക്കുന്നതും ക്ലേ കണ്ടെത്തി. 'അൺബ്രോക്കണി'ലെ അംഗമായിരുന്ന മൊഫാത്ത് സംഘടനയുടെ രഹസ്യം വെളിപ്പെടുത്തിയതിനാണ് അയാളുടെ 'കോഡെക്സ്' വായിക്കാനാവാത്തതും കരിപൂശി നശിപ്പിച്ചത്. മറ്റൊന്നുകൂടി ക്ലേ അവിടെ കണ്ടെത്തി—പെനംബ്രയുടെ 'കോഡെക്സ്.' അതും അവൻ സ്കാൻ ചെയ്തെടുത്തു. ആ തിരക്കിനിടയിൽ നേരം വെളുത്തത് ക്ലേ അറിഞ്ഞില്ല. ലൈബ്രറിയിലെ പതിവുകാർ വരാൻ തുടങ്ങി. ലൈബ്രേറിയൻ ഡെക്കിൾ അവനെ മറ്റൊരിടത്ത് ഒളിപ്പിച്ചു.

ഒരു അച്ചടിശാലയായിരുന്നു അത്. പല കാലഘട്ടങ്ങളിലെ അച്ചടിയന്ത്രങ്ങളും ഉപകരണങ്ങളും ബ്ലോക്കുകളും ജംഗമാച്ചുകളും സൂക്ഷിച്ചുവച്ചിരിക്കുന്ന ഒരു അച്ചകം അഥവാ ഛാപകം. അവിടത്തെ അറകൾ മുഴുവൻ ഗെറിറ്റ്സൂൺ ടൈപ്പുകളായിരുന്നു. ഇപ്പോൾ കമ്പ്യൂട്ടർ ഉൾപ്പെടെ എല്ലായിടവും ഉപയോഗിക്കുന്ന ഏറ്റവും പ്രചാരമുള്ള ആ ടൈപ്പിന്റെ ഒറിജിനൽ (അക്ഷം ലോഹത്തിൽ നിർമിച്ചെടുക്കാനുള്ള 'പഞ്ചു'കൾ) നഷ്ടപ്പെട്ടുപോയിരിക്കുന്നുവെന്ന് ഡെക്കിൾ പറഞ്ഞു. ആ ഒളിസങ്കേതത്തിലിരുന്ന് ക്ലേ 'ഫെസ്റ്റിനാ ലാന്റെ'യുടെ ഉന്നതാധികാരസമിതിയംഗങ്ങളുടെ (ബൗൺഡ്) യോഗത്തിനു ദൃക്സാക്ഷിയായി. സാൻഫ്രാൻസിസ്കോയിലെ ബുക്ക് സ്റ്റോറിൽനിന്ന് ഒരു ലോഗ്ബുക്ക് കാണാതായതിന്റെ ഉത്തരവാദിത്വം പെനംബ്രയ്ക്കായതിനാൽ അയാളുടെ 'കോഡെക്സ് വിറ്റെ' 'തീയെരിക്കാനു'ള്ള തീരുമാനം കൊർവീന പ്രഖ്യാപിക്കുന്നത് അവൻ കേട്ടു. കമ്പ്യൂട്ടറുകളുടെ സഹായം വേണ്ടെന്നും കൊർവീന പ്രഖ്യാപിച്ചു. പെനംബ്രയും ബുക്ക്സ്റ്റോറും തമ്മിലുള്ള ബന്ധം അവസാനിച്ചെന്നും ക്ലേ മനസ്സിലാക്കി. രാത്രിയിൽ അവിടെനിന്നു രക്ഷപ്പെട്ട അവൻ പെനംബ്രയെയും മറ്റുള്ളവരെയും സന്ധിച്ചു. ക്ലേ സ്കാൻ ചെയ്തുകൊണ്ടുവന്ന മനൂറ്റിയസിന്റെ പുസ്തകം ഗൂഗിളിന്റെ സഹായത്തോടെ കോഡ് ബ്രേക്കിങ് നടത്താൻ അവർ നിശ്ചയിച്ചു. കാറ്റ് പൊട്ടെൻറ്റേയുടെ നേതൃത്വത്തിൽ ഗൂഗിളിന്റെ ഡേറ്റാ വിഷ്വലൈസേഷൻ ആംഫി തിയേറ്ററിൽ ഒട്ടേറെ കമ്പ്യൂട്ടർ വിദഗ്ധർ ചേർന്നു നടത്തിയ ഡീ കോഡിങ് പക്ഷേ, പരാജയപ്പെട്ടു. പ്രത്യേകിച്ചൊരു കോഡുമില്ലാത്ത അക്ഷരക്കൂട്ടം മാത്രമാണ് മനൂറ്റിയസിന്റെ പുസ്തകമെന്ന് ഗൂഗിൾ വിധിയെഴുതി. നിരാശനായ പെനംബ്ര അപ്രത്യക്ഷനായി.




*ഗാരമൺഡ് ഫോണ്ട്*

പെനംബ്രയെ കണ്ടെത്തുന്നതിനായി ജാനൺ ക്ലേ 'അൺബ്രോക്കണി'ലെ എഡ്ഗർ ഡെക്കിളുമായി ബന്ധപ്പെട്ടു. 'ഡ്രാഗൺ-സോങ് ക്രോണിക്കിൾ' എഴുതിയ മൊഫാത്തിന്റെ നശിപ്പിക്കപ്പെട്ട കോഡെക്സിന്റെ കീ കൈവശമുള്ള പെനംബ്രയിൽനിന്ന് മനൂറ്റിയസിന്റെ പുസ്തകത്തിന്റെ കുരുക്കഴിക്കാമെന്നായിരുന്നു ക്ലേയുടെ വിശ്വാസം. ആ പുസ്തകത്തിലൂടെ 'അൺബ്രോക്കൺ' സംഘത്തിന്റെ രഹസ്യം വെളിപ്പെടുത്തിയതിനാണ് മൊഫാത്തിന്റെ കോഡെക്സ് 'തീയെരിച്ച'ത്. അച്ചടിച്ച 'ക്രോണിക്കിളും' അതിന്റെ മൊഫാത്ത്തന്നെ വായിച്ച ഓഡിയോബുക്കും തമ്മിൽ ഒരു ഭാഗത്തുള്ള വ്യത്യാസത്തിൽനിന്നാണ് ക്ലേ ആ അഭ്യൂഹത്തിൽ എത്തിയത്. പെനംബ്രയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിന് ഡെക്കിൾ ആവശ്യപ്പെട്ട പ്രതിഫലം വർഷങ്ങൾക്കുമുമ്പ് 'അൺബ്രോക്കണി'ൽനിന്നു മോഷ്ടിക്കപ്പെട്ട ഗെറിറ്റ്സൂൺ ടൈപ്പുകളുടെ ഒറിജിനൽ പഞ്ചുകൾ കണ്ടെത്തുക എന്നതായിരുന്നു. ലോകത്തെവിടെയുമുള്ള മ്യൂസിയങ്ങളിലെ ശേഖരങ്ങളുടെ ഡേറ്റാബേസായ 'അക്സഷൻ ടേബിൾ' ഉപയോഗിച്ച് (നൂലുകളെയും തയ്യലിന്റെയും ഒരു ചെറു മ്യൂസിയം വഴി) അവ എവിടെയുണ്ടെന്ന് ക്ലേ കണ്ടെത്തി. ഗെറിറ്റ്സൂണിന്റെ ആ പഞ്ചുകളിൽ ഓരോ അക്ഷരത്തിന്റെ വക്കുകളിലുള്ള കൊത്തുകളുടെ എണ്ണമുപയോഗിച്ച് അക്കസംഖ്യയെ അക്ഷരമായി എണ്ണി ക്ലേ ഒടുവിൽ മനൂറ്റിയസിന്റെ 'കോഡെക്സ് വിറ്റെ'യെ ഭാഷയിലേക്കു പരിവർത്തിപ്പിച്ചെടുത്തു. മനൂറ്റിയസ് തന്റെ നിഗൂഢപുസ്തകത്തിന്റെ കീ ഗെറിറ്റ്സൂണിനെ ഏല്പിച്ചുവെന്ന 'അൺബ്രോക്കൺ' സംഘത്തിന്റെ വിശ്വാസം തെറ്റായിരുന്നുവെന്ന് ഗെറിറ്റ്സൂൺ എന്ന ടൈപ്പ് ഫെയ്സ് തന്നെയായിരുന്നു കീയെന്നുമാണ് അവൻ തെളിയിച്ചത്.

അഞ്ചു നൂറ്റാണ്ടായി തങ്ങൾ നേടിയിരുന്ന രഹസ്യം വിപരീതദശയിൽ തെളിഞ്ഞുവന്നപ്പോൾ (മനൂറ്റിയസിന്റെ പുസ്തകം ആ മഹാപ്രസാധകന്റെ ജീവിതകഥയായിരുന്നു; ജീവന്റെ രഹസ്യമൊന്നും അതിലുണ്ടായിരുന്നില്ല) 'അൺബ്രോക്കൺ സ്പൈനി'ന്റെ താളം തെറ്റി. കൊർവീനയുടെ ഫസ്റ്റ് റീഡർ സ്ഥാനം എഡ്ഗർ ഡെക്കിളിനായി, ഫെസ്റ്റിന ലെന്റേ കമ്പനിയുടെ സി.ഇ.ഒ. ആയി കൊർവീന തുടർന്നു. നീൽഷായുടെ ചെറിയ കമ്പനി ഗൂഗിൾ വിലയ്ക്കെടുത്തു. ക്ലേയുടെ കാമുകിയായിക്കഴിഞ്ഞ കാറ്റ് പൊട്ടെൻറ്റേ ഗൂഗിളിലെ ഉയർന്ന പദവികളിലൊന്നിലെത്തി നഷ്ടപ്പെട്ട പുസ്തകങ്ങളുടെ പ്രോജക്ട് ആരംഭിച്ചു. ക്ലേയും പെനംബ്രയും ചേർന്ന് ഒരു കൊച്ചു കമ്പനി തുടങ്ങി-പുസ്തകങ്ങളും സാങ്കേതികവിദ്യയും

# ഇരുൾസന്ദർശനങ്ങൾ 13

> ഇ–പുസ്തകത്തിന്റെ കാലത്തെ അച്ചടിപ്പുസ്തകത്തെപ്പറ്റിയാണ്, അല്ലെങ്കിൽ, സാങ്കേതികവിദ്യയുടെ തിരതള്ളലിനിടയിലും പ്രാചീനമായൊരു പായ്ക്കപ്പൽപോലെ യാത്ര തുടരുന്ന പുസ്തകത്തെപ്പറ്റിയാണ് റോബിൻ സ്ലൊവാൻ 'പെനംബ്രയുടെ പുസ്തകക്കട'യിൽ പറയുന്നത്. സ്റ്റാർട്ടപ്പ് സംസ്കാരം, ടെക്നോളജി, ഗൂഗിളീകൃത ജീവിതം, ഗ്രാഫിക് ഡിസൈൻ, അച്ചുകൊത്തൽ, ഇ–വായന അങ്ങനെ ഒട്ടേറെ വിഷയങ്ങളിലൂടെ കടന്നുപോകുന്ന ഈ നോവൽ നിഗൂഢകഥയുടെ ചുഴിക്കുറ്റിയിലാണ് ഉറപ്പിച്ചിരിക്കുന്നത്.

തമ്മിലുള്ള കൂടിക്കലർത്തലിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള കൺസൾട്ടൻസി. പെനംബ്രയുടെ ബുക്സ്റ്റോർ പാട്ടത്തിനെടുത്ത ആഷ്‌ലി ആഡംസ് അതിനെ ഒരു ജിംനേഷ്യമാക്കി മാറ്റി.

ഇ–പുസ്തകത്തിന്റെ കാലത്തെ അച്ചടിപ്പുസ്തകത്തെപ്പറ്റിയാണ്, അല്ലെങ്കിൽ, സാങ്കേതികവിദ്യയുടെ തിരതള്ളലിനിടയിലും പ്രാചീനമായൊരു പായ്ക്കപ്പൽപോലെ യാത്ര തുടരുന്ന പുസ്തകത്തെപ്പറ്റിയാണ് റോബിൻ സ്ലൊവാൻ 'പെനംബ്രയുടെ പുസ്തകക്കട'യിൽ പറയുന്നത്. സ്റ്റാർട്ടപ്പ് സംസ്കാരം, ടെക്നോളജി, ഗൂഗിളീകൃത ജീവിതം, ഗ്രാഫിക് ഡിസൈൻ, അച്ചുകൊത്തൽ, ഇ–വായന അങ്ങനെ ഒട്ടേറെ വിഷയങ്ങളിലൂടെ കടന്നുപോകുന്ന ഈ നോവൽ നിഗൂഢകഥയുടെ ചുഴിക്കുറ്റിയിലാണ് ഉറപ്പിച്ചിരിക്കുന്നത്. രഹസ്യസംഘടന, രഹസ്യകോഡ്, ഗുപ്തരഹസ്യം എന്ന ത്രിത്വത്തിലൂന്നി മുന്നേറുന്ന സമകാലിക മിസ്റ്ററി നോവലുകളിൽനിന്നുള്ള 'പെനംബ്ര'യുടെ വ്യത്യാസം അതിൽ ഒരു ഗൂഢാലോചനാസിദ്ധാന്തമില്ല എന്നതാണ്. 'ജീവന്റെ രഹസ്യ'മടങ്ങിയിരിക്കുന്ന ഗൂഢഭാഷാപുസ്തകം അഴിച്ചെടുത്ത് മനൂറ്റിയസിനെ പുനർജീവിപ്പിക്കാൻ ശ്രമിക്കുന്ന ആ രഹസ്യപാരായണസംഘം (എല്ലാ വായനക്കാരും, മരണക്കിടക്കയിൽപ്പോലും പുസ്തകം വായിക്കുന്നവർപോലും അത്തരമൊരു സംഘത്തിൽപ്പെട്ടവർതന്നെയല്ലേ?) പുസ്തകത്തിന്റെ അതിജീവനത്തിനാണു ശ്രമിക്കുന്നത്, തങ്ങളുടെ മൂഢത്വങ്ങൾക്കൊപ്പം. അതുവഴി മനുഷ്യസംസ്കാരത്തിലെ ഏറ്റവും മഹത്തായ വിപ്ലവങ്ങളിലൊന്നായ അച്ചടിയെയും ജംഗമാച്ചിനെയും നിലനിർത്താനും അവർ ശ്രമിക്കുന്നു, ഡിജിറ്റൽ വിപ്ലവം അച്ചുകളെ കൊല്ലുകയല്ല അതിജീവിപ്പിക്കുകയാണെന്ന് അവർ ഓർക്കുന്നില്ലെങ്കിലും. അച്ചുനിർമാണത്തിന്റെയും അച്ചടിയുടെയും സാങ്കേതികവിപ്ലവത്തിന്റെ കാലാനുസാരിയായ വികാസമായാണ് നോവൽ ഡിജിറ്റൽ വിപ്ലവത്തെ അവതരിപ്പിക്കുന്നത്. മനൂറ്റിയസ് എന്ന യഥാർഥ പ്രിന്റർ & പബ്ലിഷർ അല്ല ഗ്രിഫോ ഗെറിറ്റ്സൂൺ എന്ന സാങ്കല്പിക ഡിസൈനറാണ് 'മിസ്റ്റർ പെനംബ്ര'യിലെ യഥാർഥ നായകൻ.

ഗെറിറ്റ്സൂൺ കൊത്തിയ അച്ച് (ഗെറിറ്റ്സൂൺ) അന്നുതൊട്ടിന്നോളവും ഇന്ന് മക്കിന്റോഷ് കമ്പ്യൂട്ടറിലും ആപ്പിൾ ലോഗോവരെയും പ്രത്യക്ഷപ്പെട്ട് അച്ചടിവിപ്ലവത്തെ അമരത്വത്തിലെത്തിച്ചുവെന്നാണ് നോവലിസ്റ്റിന്റെ വാദം. ഭാവനയും ചരിത്രവും കൂട്ടിക്കുഴച്ചുകൊണ്ടുള്ള ഈ കഥക്കെട്ട് നിഷ്കളങ്ക വായനക്കാരെ അബദ്ധത്തിൽ ചാടിക്കാനിടയുണ്ട്. 'ഗെറിറ്റ്സൂൺ' എന്ന ടൈപ്പ് ഫെയ്സും ഗ്രിഫോ ഗെറിറ്റ്സൂൺ എന്ന അച്ചുകൊത്തിയും നോവലിസ്റ്റിന്റെ ഭാവനാസൃഷ്ടികളാണ്. ചരിത്രപുരുഷനായ മനൂറ്റിയസിനുവേണ്ടി ടൈപ്പുകൾ കൊത്തിയുണ്ടാക്കിയ ഫ്രാൻസെസ്കോ ഗ്രിഫോയെ വേഷം മാറ്റിയെടുത്ത കഥാപാത്രമാണത്.

ഇന്നു പ്രചാരത്തിലുള്ള ഗാരമൺഡ് (Garamond), ടൈപ്പ് ആയിരിക്കാം 'ഗെറിറ്റ്സൂൺ' എന്ന സാങ്കല്പിക അച്ചിനുപിന്നിൽ. കമ്പ്യൂട്ടർ സാങ്കേതിക വിദ്യാകമ്പനിയായ ആപ്പിൾ വ്യാപകമായി ഉപയോഗിക്കുന്നത് ഗാരമൺഡ് ഫോണ്ടുകളാണ്. പുസ്തകങ്ങളിലും ഗാരമൺഡ് വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഗ്രിഫോയിലും മനൂറ്റിയസിലുംനിന്നു പ്രചോദനമുൾക്കൊണ്ട് രൂപകല്പന ചെയ്യപ്പെട്ട 'പലാറ്റിനോ' (Palatino) എന്ന ടൈപ്പ് ഫെയ്സുമാകാം നോവലിസ്റ്റ് ഉദ്ദേശിച്ചത്. ലോകത്തെവിടെയുമുള്ള മ്യൂസിയങ്ങളിലെ ശേഖരങ്ങളുടെ ഡേറ്റാബേസായ 'അക്സെഷൻ ടേബിളും' നോവലിസ്റ്റിന്റെ ഭാവനാസൃഷ്ടിയാണ്. ലൈബ്രറികളിലെ പുസ്തകങ്ങൾക്കും ആർട്ട്ഗാലറികളിലെ കലാവസ്തുക്കൾക്കും മ്യൂസിയങ്ങളിലെ ശേഖരങ്ങൾക്കുമുള്ള 'അക്സെഷൻ നമ്പറി'നെയാണ് റോബിൻ സ്ലോവാൻ 'അക്സെഷൻ ടേബിൾ' എന്ന ആഗോള ഡേറ്റാബേസാക്കിയത്. ഗ്രംബിളിന്റെ സ്കാനർ, ഹാഡ്രൂപ് എന്ന സോഫ്റ്റ്‌വേർ എന്നിവയും സാങ്കല്പികമാണ്.

ആൽഡസ് മനൂറ്റിയസിന്റെ ആൽഡൈൻ പ്രസിന്റെ ആദർസൂക്തം അഥവാ മുദ്രികാവചനമായിരുന്നു 'ഫെസ്റ്റിനാലെന്റേ'; മലയാളത്തിൽ 'പയ്യെത്തിന്നാൽ പനയും തിന്നാം' എന്ന് ഏകദേശാർഥം വരുന്ന ഈ ഗ്രീക്ക് വാക്യം റോമാചക്രവർത്തിയായിരുന്ന അഗസ്റ്റസ് ഉൾപ്പെടെ ഒട്ടേറെപ്പേർ തങ്ങളുടെ ആദർശസൂക്തമായി സ്വീകരിച്ചിരുന്നു. അതിനെ പ്രതീകവത്കരിക്കുന്ന ഒരു ഞണ്ടും ചിത്രശലഭവും കൊത്തിയ സ്വർണനാണയങ്ങൾ അഗസ്റ്റസ് ചക്രവർത്തി നിർമ്മിച്ചു. ഇതിന്റെ മറ്റൊരു രൂപമായി 'ഡോൾഫിനും നങ്കൂര'വുമാണ് മനൂറ്റിയസ് തന്റെ പ്രസാധകമുദ്ര (printer's mark)യായി സ്വീകരിച്ചത്. നോവലിൽ പെനംബ്ര ന്യൂയോർക്കിൽവച്ച് ഫെസ്റ്റിന ലെന്റേ കമ്പനിക്കടുത്തുള്ള 'ഡോൾഫിൻ & ആങ്കർ' എന്ന റെസ്റ്റോറന്റിൽവച്ചാണ് ക്ലേയെയും സംഘത്തെയും കണ്ടുമുട്ടുന്നത്. മനൂറ്റിയസിന്റെ പുസ്തകപ്രസാധനം, ഗ്രിഫോയുടെ അച്ചുകൾ, ടൈപ്പോഗ്രഫി, കുട്ടികൾക്കുവേണ്ടിയുള്ള നിഗൂഢകഥാപരമ്പരകൾ, ഗൂഗിൾ ബുക്സ് പദ്ധതി, ഓഡിയോബുക്ക്, ഇ ബുക്ക്, പാരായണഗ്രന്ഥങ്ങൾ, ഡിജിറ്റൽ സാങ്കേതികവിദ്യ, അച്ചടിച്ച പുസ്തകത്തിന്റെ ഭാവിയെപ്പറ്റിയുള്ള ആശങ്കകൾ തുടങ്ങിയവയെല്ലാം ഒരു നിഗൂഢപുസ്തകസംഘവുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കുന്ന 'മിസ്റ്റർ പെനംബ്രയുടെ 24 മണിക്കൂർ പുസ്തകശാല' പുസ്തകത്തോടും വായനയോടും അനുരാഗബദ്ധരായവർക്ക് ഉദ്യാനദൃശ്യമാണ്.

# മറുപടി

**വായനക്കാർ എഴുതൂ: E-mail: pachakuthira@dcbooks.com**

## പ്രൊഫ. എം. കുഞ്ഞാമന്റെ ആത്മകഥയും ഞങ്ങളുടെ ആത്മകഥകളും

- **ചന്ദ്രൻ കോമത്ത്, കോട്ടയം**

പ്രൊഫസർ. എം. കുഞ്ഞാമൻ സാറിന്റെ ആത്മകഥയിലെ ഒരു ഭാഗം ('പാണൻ കണ്ട സവർണ്ണ കേരളം', മെയ് 2020) കേരളത്തിലെ വലിയൊരു വിഭാഗം പാർശ്വവത്കൃത മനുഷ്യരുടെ സഹനങ്ങളെയും വേദനകളെയും അപമാനങ്ങളെയും ജീവിത സമരങ്ങളെയും അതിതീവ്രമായി അടയാളപ്പെടുത്തുന്നുണ്ട്.

ആ വാക്കുകളിലൊക്കെ രക്തം പൊടിയുന്നുണ്ട്, വേദനയുടെ കണ്ണീരുപ്പുകൾ ലയിച്ചതിന്റെ കടുത്ത നീറ്റലുണ്ട്.വർണജാതി വ്യവസ്ഥയിലടിയുറച്ച ഒരു സമൂഹത്തിൽ, ജീവനെയും ശരീരത്തെയും നിലനിർത്താൻ ആവശ്യമായ ഭക്ഷണംപോലും ഏറ്റവും വലിയ അപമാനവീകരണത്തിന്റെയും അപമാനത്തിന്റെയും ബന്ധങ്ങളെ ഉൾവഹിക്കുന്നത് എങ്ങനെയെന്ന് അനുഭവത്തിന്റെയും വിജ്ഞാനത്തിന്റെയും അഗാധമായ ഉൾക്കാഴ്ചയോടെ അദ്ദേഹം പറഞ്ഞുവെക്കുന്നുണ്ട്. മണ്ണിൽ കുഴികുത്തി മനുഷ്യർക്കും മൃഗങ്ങൾക്കും ഒരുപോലെ ഭക്ഷണം നൽകുന്ന ഒരു സാമൂഹികവ്യവസ്ഥ ലോകത്തിന്റെ മറ്റൊരു ഭാഗത്തും കാണാൻ കഴിയില്ല. റാഡിക്കലായ സാമൂഹികപരിഷ്കരണത്തിന്റെയും കമ്യൂണിസ്റ്റ് ഇടപെടലുകളുടെയും സമരങ്ങളുടെയും അനുഭവത്തിനുശേഷമുള്ള ഐക്യകേരളത്തിലാണ് കുഞ്ഞാമൻ സാറിനെപ്പോലുള്ള മനുഷ്യർക്ക് ഇതൊക്കെ അനുഭവിക്കേണ്ടിവന്നത്.

നവോത്ഥാനനന്തര കേരളത്തിൽ ജാതിയില്ല, സാമൂഹിക വിവേചനങ്ങളില്ല എന്ന പൊതുമണ്ഡല സമ്മതിയാണ് കേരളത്തിൽ വലത്, ഇടത്, പുരോഗമനപക്ഷത്തെ പലരും ഇപ്പോഴും പങ്കുവെക്കുന്നത്, പലപ്പോഴും വാദിച്ചുറപ്പിക്കാൻ ശ്രമിക്കുന്നത്. ജനറൽ കാറ്റഗറിയിലെ ജോലിഒഴിവിന് ദലിത് വിഭാഗത്തിൽപെട്ടവർ ഉയർന്ന യോഗ്യതകൾ ഉള്ളവരായാലും ഒന്നാം റാങ്കാരായാലും യോഗ്യരല്ല എന്ന അധീശബോധമാണ് സർവകലാശാലകൾ ഉൾപ്പെടെയുള്ള പല സ്ഥാപനങ്ങളും ഇപ്പോഴും പങ്കുവെക്കുന്നത്. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നിന്നും ഗവേഷണബിരുദം നേടിയിട്ടും മഹാത്മഗാന്ധി സർവകലാശാലയിലെ ഒരു താത്കാലിക അധ്യാപക അഭിമുഖത്തിൽ പങ്കെടുത്ത മുസ്‌ലിം വിഭാഗത്തിലെ ഉദ്യോഗാർത്ഥിയോട് നിങ്ങൾക്കു ഞങ്ങൾ നിശ്ചയിക്കുന്ന 'കട്ട് ഓഫ് മാർക്ക്' ഇല്ലാത്തതിനാൽ നി യമനത്തിന് യോഗ്യതയില്ല എന്ന് വിധിയെഴുതിയ പുരോഗമനപണ്ഡിതർ ഇപ്പോഴും കേരളത്തിലുണ്ട്. കുഞ്ഞാമൻ സർ എഴുതിയ അറുപതുകളിലെയും എഴുപതുകളിലെയും സാമ്പത്തിക സാമൂഹിക രാഷ്ട്രീയ വൈകാരിക അവസ്ഥകൾക്കു പല രൂപത്തിൽ ഇപ്പോഴും കേരളത്തിൽ തുടർച്ചകളുണ്ട്.

ഇതെഴുതുന്നയാൾ തൊണ്ണൂറുകളുടെ അവസാനം ഒരു ഗവണ്മെന്റ് ഹൈസ്കൂളിൽ പഠിക്കുമ്പോഴും ഏഴാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കു മാത്രമേ സ്കൂളിൽ ഉച്ചക്കഞ്ഞിയുണ്ടായിരുന്നുള്ളൂ. എട്ടിലേക്കു പാസ്സായാൽ പിന്നെ മൂന്ന് വർഷക്കാലം ദുരിതമാണ്. മനഃപൂർവം തോറ്റ് ഏഴാം ക്ലാസിൽതന്നെ ഇരുന്നാലോ എന്ന് ഞങ്ങളിൽ ചിലർ ആലോചിക്കുമായിരുന്നു. വീട്ടിൽനിന്നും ഭക്ഷണം കൊണ്ടുവരാൻ കഴിയാത്തവർക്കും പുറത്തുനിന്നും എന്തെങ്കിലും വാങ്ങിക്കഴിക്കാൻ കഴിയാത്തവർക്കും വലിയ പ്രതിസന്ധികളുടെയും അപമാനത്തിന്റെയും കാലം. പല ദിവസങ്ങളിലും ഒന്നും കഴിക്കാതിരിക്കും. സ്കൂളിലും ചുറ്റുവട്ടത്തെ വീടുകളിൽനിന്നും എപ്പോഴും കിണർവെള്ളം സുലഭം.



പ്രൊ. എം. കുഞ്ഞാമൻ

ചിലപ്പോൾ ചെറിയ മിഠായികൾ, സബർ ജില്ലി,നാരങ്ങ കഷണങ്ങൾ, പല്ല് തൊടാൻ പറ്റാത്ത ചെറുമാങ്ങകൾ, കശുവണ്ടി സമയമായാൽ അതിന്റെ പഴങ്ങൾ. അപൂർവ്വം ചില ദിവസങ്ങളിൽ ചില സുഹൃത്തുക്കൾ പുറത്തെ കടയിൽ കഞ്ഞികുടിക്കാൻ വിളിക്കും.

ഇങ്ങനെയിരിക്കെയാണ്, സ്കൂളിൽ കഞ്ഞിവെക്കുന്ന ദേവിയേച്ചി ഒരു ദിവസം എല്ലാവരും കഞ്ഞിവാങ്ങി പോയതിനുശേഷവും ഓലമേഞ്ഞ കഞ്ഞിപ്പുരയ്ക്ക് അടുത്തു ചുറ്റിപ്പറ്റി നിൽക്കുന്ന കുറച്ചുപേരെ കാണുന്നത്. അവർക്ക് അപ്പോൾതന്നെ കാര്യം മനസ്സിലായി. പിന്നെ എല്ലാവരും ക്ലാസിൽ കയറാൻ തയ്യാറെടുക്കുന്ന സമയമാകുമ്പോൾ നമ്മൾ ചെല്ലും.

പല ദിവസങ്ങളിലും അലൂമിനിയം ബക്കറ്റിലുള്ള അല്പം കഞ്ഞിയും ചിലപ്പോൾ ഇരുമ്പ് ചീനച്ചട്ടിയിൽ ബാക്കിയാവുന്ന കടലയോ പയറോ പങ്കുവെച്ചുകഴിക്കും. അതുകഴിഞ്ഞ് അടുക്കളയിലെ പാത്രങ്ങൾ കഴുകാൻ കിണറ്റിൽനിന്നും വെള്ളം കോരിക്കൊടുക്കും. അങ്ങനെ തിരിച്ചെത്തുമ്പോഴേക്കും അധ്യാപകർ വന്ന് ക്ലാസ് തുടങ്ങിയിരിക്കും. കാര്യം ക്രമേണ മനസ്സിലാക്കിയ ചിലർ നീരസത്തോടെയാണെങ്കിലും കയറിയിരിക്കാൻ പറയും. അല്ലാത്തവർ വഴക്കുപറയും, കൂടാതെ ക്ലാസിനു പുറത്ത് നിർത്തിക്കുകയും ചെയ്യും. ഇങ്ങനെയൊക്കെയായിരുന്നു ഞങ്ങൾ അഞ്ചാറുപേരുടെ രണ്ടു വർഷത്തോളമുള്ള സ്കൂളിലെ ഉച്ചജീവിതങ്ങൾ.

# പുസ്തകപ്പച്ച

### അരുവിപ്പുറത്തുനിന്ന് ശബരിമലയിലേക്ക്
അശോകൻ ചരുവിൽ
₹ 120 • സൈകതം ബുക്സ്



കഥാകൃത്തായ ഒരാൾ തന്റെ മുന്നിലൂടെ കടന്നുപോകുന്ന ആനുകാലിക സംഭവവികാസങ്ങളെ എങ്ങനെ നോക്കിക്കാണുന്നു എന്നതിന്റെ സാക്ഷ്യമാണ് ഈ പുസ്തകം. പ്രളയം, ശബരിമല സ്ത്രീപ്രവേശം തുടങ്ങി നിരവധി വിഷയങ്ങളിലുള്ള പ്രതികരണക്കുറിപ്പുകൾ.

### ഇ.എം.എസ്സിന്റെ പ്രസംഗങ്ങൾ
വി. സുരേഷ്കുമാർ
₹ 160 • മാതൃഭൂമി ബുക്സ്



പുതുകാലജീവിതങ്ങളെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന ആറു കഥകൾ. സമീപകാലത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട രചനകളാണിവ. വേദനകളും സഹനങ്ങളും മനുഷ്യനെ രാഷ്ട്രീയവൽകരിക്കുന്നു എന്നൊരു പാഠം ഈ കഥകളിലുണ്ടെന്ന് എൻ. ശശിധരൻ.

### കറുത്ത ചന്ദ്രൻ വെളുത്ത ചന്ദ്രൻ
ടി. കെ. ശങ്കരനാരായണൻ
₹ 150 • യെസ്പ്രസ് ബുക്സ്



ജ്യോതിഷം മുഖ്യ പ്രമേയമാകുന്ന മലയാളത്തിലെ ആദ്യകഥാസമാഹാരം. അറിയപ്പെടുന്ന ജ്യോതിഷികൂടിയായ കഥാകൃത്തിന്റെ ആ അനുഭവമണ്ഡലത്തിലെ സത്യാസത്യങ്ങളിലേക്കുള്ള രേഖപ്പെടുത്തലാണ് ഈ സമാഹാരത്തിലെ കഥകൾ.

---

### കവിതകളുടെ റിപ്പബ്ലിക്ക്
ബിനുരാജ് ആർ. എസ്.
₹ 90 • പെന്റോഗ്രാഫ് പബ്ലിക്കേഷൻസ്



കവിതകളുടെ റിപ്പബ്ലിക്ക്, മരം, മൂന്നു ബുദ്ധശിഷ്യന്മാർ, സ്കൂളിലേക്കുള്ള വഴി തുടങ്ങി ഇരുപത്തിരണ്ട് കവിതകളുടെ സമാഹാരം. പ്രമേയത്തിലും പരിചരണത്തിലും വേറിട്ടൊരു സ്വരം സംക്രമിപ്പിക്കാനുള്ള ശ്രമം ഈ കവിതകളിലുണ്ട്.

### ഷർമൺ ജാക്സൺ
എൻ. മുഹമ്മദ് ഖലീൽ
₹ 120 • അദർ ബുക്സ്



ബ്ലാക്കമേരിക്കൻ ഇസ്ലാമിക പണ്ഡിതനും ദൈവശാസ്ത്രകാരനുമായ ഷർമൺ ജാക്സണിന്റെ അന്വേഷണങ്ങളെ മദ്ഹബ്, കർമശാസ്ത്രം, ദൈവശാസ്ത്രം എന്നീ വിജ്ഞാന മേഖലകളുമായി ബന്ധിപ്പിച്ചുകൊണ്ട് വിമോചനത്തിന്റെ പുതിയ സാധ്യതകളെ തേടുന്ന പുസ്തകം.

### ഞാനും നീയും നമ്മളാകുന്നത്
അൻസാർ വർണന
₹ 100 • പരിധി പബ്ലിക്കേഷൻസ്




സൗഹൃദങ്ങളിലും ബന്ധങ്ങളിലും പൊതു ഇടങ്ങളിലും പരസ്പരം അപരിചിതരാവുന്ന മനുഷ്യകുലത്തിന്റെ പുതുകാല കാഴ്ചകൾ പരാവർത്തനം ചെയ്യുന്ന ഇരുപത്തിയഞ്ച് കവിതകൾ. കുരീപ്പുഴ ശ്രീകുമാറിന്റെ മുൻകുറി.

---

കാണാമറയത്തെ ഇന്ത്യ: *ഭാഷാ സിംഗ് / പരിഭാഷ: ചിഞ്ജു പ്രകാശ്*
*₹ 300 / ഒലിവ് ബുക്സ്*

## തോട്ടി എന്നത് ഒരു ജാതിപ്പേരോ?





ഇന്ത്യയിൽ അറിയപ്പെടുന്ന പത്രപ്രവർത്തകയും എഴുത്തുകാരിയും ആക്ടിവിസ്റ്റുമായ ഭാഷാ സിംഗിന്റെ *Unseen: The Truth About Indias Mannual Scavengers* എന്ന അന്വേഷണാത്മക പുസ്തകം വടക്കൻ സംസ്ഥാനങ്ങളിൽ ഇളക്കിവിട്ട കൊടുങ്കാറ്റിന്റെ അലകൾ ഇനിയും ശമിച്ചിട്ടില്ല. ഈ പുസ്തകത്തിനുള്ള വിവരശേഖരണത്തിനിടയിൽ ഭാഷാ സിംഗിന് സമൂഹത്തിലെ ഉയർന്നവിഭാഗക്കാരിൽനിന്ന് നേരിടേണ്ടിവന്ന ആക്രമണങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും പ്രതിസന്ധികളെക്കുറിച്ചുമുള്ള അറിവ് ഏതൊരു വായനക്കാരനെയും ഞെട്ടിക്കുന്നതാണ്. നിയമപരമായി ഇന്ത്യയിൽ നിർത്തലാക്കിയിട്ടും ഇന്നും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ തുടരുന്ന തോട്ടിപ്പണിയിലൂടെ ഒരു ദലിത് ജനതതി നേരിടുന്ന കലുഷജീവിതമാണ് ഈ പുസ്തകം വെളിച്ചത്തുകൊണ്ടുവന്നത്. സഫായി കർമ്മചാരി ആന്ദോളൻ ഇന്ത്യ എന്ന സംഘടനയുടെ പ്രവർത്തനവും ഭാഷയ്ക്കു കൂട്ടുണ്ട്.

# ഡി സി ബുക്സ് ഷെൽഫ്


## കഥകൾ പച്ചക്കുതിര / പല തലമുറ, പതിനാറ് കഥാകൃത്തുക്കൾ
## സി.വി. ബാലകൃഷ്ണൻ മുതൽ മജീദ് സെയ്ദ് വരെ

*₹ 150*




മലയാളത്തിൽ ഏറ്റവും സജീവവും ഊർജ്ജസ്വലവുമായ സാഹിത്യശാഖ ചെറുകഥയാണ്. സമകാലിക മലയാളകഥയുടെ ചൈതന്യം വെളിവാക്കുന്ന ഈ രചനകൾ *പച്ചക്കുതിര* മാസികയിൽ സമീപ വർഷങ്ങളിൽ പ്രസിദ്ധീകരിച്ചവയാണ്. വ്യത്യസ്ത തലമുറയിൽപ്പെട്ട എഴുത്തുകാരുടെ വ്യത്യസ്ത ആശയാവിഷ്ക്കാരങ്ങൾ തെളിമയോടെ ഇതിൽ ഇടംപിടിച്ചിട്ടുണ്ട്.
സി. വി. ബാലകൃഷ്ണൻ, ബെന്യാമിൻ, ഉണ്ണി ആർ., ഗ്രേസി, അയ്മനം ജോൺ, എം. എ. റഹ്മാൻ, എം. കെ. മനോഹരൻ, വിനോയ് തോമസ്, ലാസർ ഷൈൻ, സുസ്മേഷ് ചന്ത്രോത്ത്, പ്രമോദ് രാമൻ, പി. എസ്. റഫീഖ്, കെ. എൻ. പ്രശാന്ത്, ശ്രീജിത്ത് കൊന്നോളി, പ്രകാശ് മാരാഹി, മജീദ് സെയ്ദ് എന്നിവരുടെ മികച്ച കഥകൾ.
മുഖചിത്രമെഴുത്ത് സുനിൽ അശോകപുരവും അരുണ ആലഞ്ചേരിയും. കവർ രൂപകൽപ്പന വിശാഖ് രാജ്. എഡിറ്റർ: ജയ്ദേവ് കെ.വി.


### 21-ാം നൂറ്റാണ്ടിലേക്ക് 21 പാഠങ്ങൾ




*സാപ്പിയൻസിലൂടെ* മനുഷ്യവംശത്തിന്റെ ഭൂതകാലത്തെക്കുറിച്ചും *ഹോമോ ദിയൂസിലൂടെ* ഭാവിയെക്കുറിച്ചുമുള്ള വിശകലനങ്ങൾ നമ്മോട് പങ്കുവെച്ച യുവാൽ നോവാ ഹരാരി തന്റെ പുതിയ കൃതിയിലൂടെ മനുഷ്യന്റെ ഭാവിയെക്കുറിച്ച് നൽകുന്ന മുന്നറിയിപ്പുകൾ.

*വിവ: ഡെന്നി തോമസ്*
*യുവാൽ നോവാ ഹരാരി / ₹ 450*

### നാണ്വാരും മറ്റു നോവെല്ലകളും




സാമൂഹിക–രാഷ്ട്രീയ–സാംസ്കാരിക രംഗത്തെ പൊള്ളത്തരങ്ങളെ തുറന്നു കാട്ടുന്ന എഴുത്ത്. ചിരിപ്പിച്ചുകൊണ്ട് ചിന്തയും തിരിച്ചറിവും മലയാള സാഹിത്യത്തിന് പകർന്നു തന്ന വി. കെ. എൻ–ന്റെ നാണ്വാര്, ചിത്രകേരളം, പെൺപട, കുടിനീര് എന്നീ നാലു ലഘുനോവലുകളുടെ സമാഹാരം.

*വി കെ എൻ / ₹ 299*

### ഒരു ലൈംഗികത്തൊഴിലാളിയുടെ പ്രണയപുസ്തകം




*ഞാൻ ലൈംഗിക തൊഴിലാളി* എന്ന ആത്മകഥയിലൂടെ മലയാളിയുടെ കപട സദാചാര ബോധത്തെയും കൃത്രിമ കുടുംബ ജീവിതത്തെയും തുറന്നു കാട്ടിയ നളിനി ജമീല തന്റെ പ്രണയാനുഭവങ്ങളെക്കുറിച്ചും ആത്മകഥയ്ക്കുശേഷം ഉണ്ടായ സവിശേഷാനുഭവങ്ങളെക്കുറിച്ചും തുറന്നു പറയുകയാണ് ഇവിടെ.

*എഴുത്ത്: ശ്രീകല മുല്ലശ്ശേരി*
*നളിനി ജമീല / ₹ 150*

### എന്റെ ഗീത




ഭാരതീയ ഇതിഹാസങ്ങളെയും മിത്തുകളെയും തനതുശൈലിയിൽ പുനരാവിഷ്ക്കരിച്ച് വായനക്കാർക്കാരുടെ പ്രിയങ്കരനായിമാറിയ ദേവ്ദത്ത് പട്നായ്ക്കിന്റെ ഗീതാവ്യാഖ്യാനം. ഓരോ ശ്ലോകം ചൊല്ലുകയും പരിഭാഷപ്പെടുത്തുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന പരമ്പരാഗത രീതിയിൽ നിന്നു മാറി വിഷയങ്ങൾക്കനുസരിച്ച് വിശദീകരണങ്ങൾ നല്കിയിരിക്കുന്നു.

*വിവ: കെ.എസ്. വെങ്കിടാചലം*
*ദേവ്ദത്ത് പട്നായ്ക് / ₹ 150*

### ആത്മകഥ- അസ്സാറ്റ ഷാക്കൂർ




അമേരിക്ക തിരയുന്ന കൊടുംകുറ്റവാളിയായ അസാറ്റ ഷാക്കുറിന്റെ ആത്മകഥ. കറുത്തവർഗ്ഗക്കാരുടെ അവകാശങ്ങൾക്കായി പോരാടുന്ന ബ്ലാക്ക് പാന്തർ പാർട്ടിയുടെയും ബ്ലാക്ക് ലിബറേഷൻ ആർമിയുടെയും മുന്നണിപ്പോരാളിയായിരുന്നു അസാറ്റ.

*വിവ: സുരേഷ് എം.ജി*
*അസാറ്റ ഷാക്കുർ / ₹ 199*

ഇ-ബുക്കിനായി സന്ദർശിക്കൂ:
www.ebooks.dcbooks.com

### ഉള്ളിൽനിന്നുള്ള ഉറവകൾ




സാമൂഹിക പ്രവർത്തകയും കന്നട കഥാകൃത്തുമായ സുധാമൂർത്തിയുടെ ഓർമ്മക്കുറിപ്പുകളുടെ സമാഹാരം. സ്വജീവിതത്തിൽനിന്നും പകർത്തിയെഴുതിയ ഈ ഓർമ്മക്കൂട്ടിലെ ഓരോ വരിയും വായനക്കാരുടെയുള്ളിൽ പുതുചൈതന്യം നിറയ്ക്കാൻ പര്യാപ്തമാണ്. ലളിതസുന്ദരമായ ഭാഷാശൈലിയിൽ നൻമയുടെ മധുരത്തുള്ളികൾ.

*സുധാമൂർത്തി / ₹ 160*


**സുധീഷ് പൂക്കോം**
sudeeshpookkom@gmail.com

# കൊറോണമാലയും വസൂരിമാലയും

കൊവിഡ് 19 ന്റെ വ്യാപനവും സാമൂഹികജീവിതത്തിന്റെ അപ്രതീക്ഷിതമായ അടച്ചുപൂട്ടലുംമൂലം ഇത്തവണ കേരളത്തിൽ സ്തംഭിച്ചുപോയ തൊഴിലുകളിലൊന്നാണ് തെയ്യംകെട്ടുന്നവരുടെത്. പ്രധാനമായും ഫെബ്രുവരി മുതൽ മേയ് വരെയാണ് വടക്കെ മലബാറിലെ തെയ്യക്കാവുകളുടെയും തെയ്യംകലാകാരന്മാരുടെയും സജീവമായ സമയം. ഈ വർഷം 'സീസണൽ വരുമാനം നഷ്ടപ്പെടുത്തിയ' കൊറോണ വൈറസിനു മുന്നിൽ പകച്ചുനിൽക്കുന്ന വസൂരിമാലതെയ്യമാണ് ഈ ചിത്രം




Printed and published by Ravi Deecee at D C Press , Kottayam, India, www.onlinestore@dcbooks.com


ശശി തരൂർ
ഇപ്പോൾ വില്പനയിൽ
ശശി തരൂർ
സമീർ ശരൺ
നമ്മുടെ ലോകം നമ്മുടെ ഇന്ത്യ
THE NEW WORLD DISORDER AND THE INDIAN IMPERATIVE
നമ്മുടെ ലോകം
നമ്മുടെ ഇന്ത്യ
₹ 425
ശശി തരൂർ
സമീർ ശരൺ
വർത്തമാനകാല ലോകരാഷ്ട്രീയത്തിന്റെ സങ്കീർണ്ണതകളെ ആഴത്തിൽ വിശകലനം ചെയ്യുന്ന കൃതി.
An Era of Darkness
The British Empire in India
ശശി തരൂർ
ഇരുളടഞ്ഞ കാലം
കലാപം
riot
Shashi Tharoor
ഞാൻ എന്തുകൊണ്ട് ഒരു ഹിന്ദുവാണ്
WHY I AM A HINDU
ശശി തരൂർ
പ്രധാനമന്ത്രി
വൈരുധ്യങ്ങളുടെ നായകൻ
ശശി തരൂർ
ഇരുളടഞ്ഞ കാലം ₹ 110
കലാപം ₹ 290
ഞാൻ എന്തുകൊണ്ട് ഒരു ഹിന്ദുവാണ് ₹ 350
പ്രധാനമന്ത്രി വൈരുധ്യങ്ങളുടെ നായകൻ നരേന്ദ്രമോഡിയുടെ ഇന്ത്യ ₹ 580
ഇന്ത്യ ശാസ്ത്ര ₹ 625
ഇന്ത്യ: അർദ്ധരാത്രി മുതൽ അര നൂറ്റാണ്ട് ₹ 250
മഹാഭാരതകഥ ₹ 395
പുതുയുഗം പുതുഇന്ത്യ ₹ 210
ഒരു ചെറുകഥാകൃത്തിന്റെ ഏകാന്തത ₹ 125
ബോളിവുഡ് ₹ 175
ഇനി ഇന്ത്യ 21-ാം നൂറ്റാണ്ടിലെ ലോകം ₹ 295
ബാഗ്ദാദിലെ പുസ്തകത്തെരുവുകൾ ₹ 100
DC BOOKS
For online purchase, visit www.dcbookstore.com
DC Books, DC Kizhakemuri Edam, Good Shepherd Street, Kottayam, Kerala
98461 33336/ 0481-2563114
Email: customercare@dcbooks.com
Follow us on /dcbooks

Pachchakuthira Monthly. Published on June 1, 2020, **Rs. 20/-**, REGISTERED RNI. No. **KERMAL/2012/43308**
Reg. No. **KL/KTM/102/2019-21** Licence No. **KL/CR/KTM/WPP-07/2019-21.** Licence to post without prepayment

